# ക്രിസ്തുവിജ്ഞാനീയം

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# ക്രിസ്തുവിജ്ഞാനീയം

| | |
|---|---|
| **Title:** | Christology |
| **Published by:** | The Director, Alpha Institute, Archdiocese of Tellicherry,<br>Sandesa Bhavan, Tellicherry, 670 101, Kannur, Kerala<br>Ph: 0490 - 2344727, 2343707 |
| **Published on:** | 2014 September 8 (Nativity of Bl. Virgin Mary) |
| **Editorial Board:** | Rev. Dr. Joseph Pamplany<br>Rev. Dr. Thomas Kochukarottu |
| **Office Assistance:** | Rev. Sr. Celin Kunnel FCC<br>Mrs. Anitha Vijayan<br>Mrs. Jeshitha Vijesh<br>Miss. Bhavya K |
| **Design & Layout:** | Mr. Midhun Thomas |
| **Printing:** | Midas Offset, Kuthuparamba |
| **Copy Right:** | © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher |

# ഉള്ളടക്കം


1. ക്രിസ്തുവിജ്ഞാനീയം .......... 5
2. വാഗ്ദാനങ്ങളുടെ പൂർത്തീകരണമായ ക്രിസ്തു .......... 20
3. ക്രിസ്തു രഹസ്യങ്ങൾ ഒരു പഠനം .......... 26
4. ദൈവരാജ്യം: യേശുവിന്റെ സന്ദേശം .......... 39
5. യേശുവിന്റെ മരണം .......... 50
6. യേശുവിന്റെ ഉത്ഥാനം .......... 57
7. ക്രിസ്തുവിജ്ഞാനീയസത്യങ്ങൾ .......... 66
8. ക്രിസ്തുവിജ്ഞാനീയം - നൂറ്റാണ്ടുകളിലൂടെ .......... 70
9. യേശു പുതിയനിയമേതര സ്രോതസ്സുകളിൽ .......... 89
10. ക്രിസ്തുവിജ്ഞാനീയത്തിലെ നൂതനാഭിമുഖ്യങ്ങൾ .......... 109
11. യേശുക്രിസ്തു - ഒരു ചരിത്രാന്വേഷണം .......... 119
12. ഓംകാരത്തിൽനിന്ന് ഒമേഗയിലേക്ക് .......... 141

*Published for the use of the students of Alpha Institute of Theology and Science*

# 01

## ക്രിസ്തുവിജ്ഞാനീയം

യേശു ശ്ലീഹന്മാരോടു ചോദിച്ചു "ഞാൻ ആരാണന്നാണ് നിങ്ങൾ പറയുന്നത്" ഈ ഒരു ചോദ്യം എക്കാലവും എല്ലാ ജനതയോടും ആവർത്തിക്കപ്പെടുന്ന ഒന്നാണ്. ഈ ചോദ്യത്തിന് ഉത്തരം തേടി തുടങ്ങുമ്പോഴാണ് ക്രിസ്തു വിജ്ഞാനീയം അഥവാ Christology ആരംഭിക്കുക.

പോൾ ആറാമൻ മാർപ്പാപ്പ ഒരിക്കൽ പറഞ്ഞു. "ഒഴിച്ചു കൂടാനാവാത്തതും എന്നാൽ വളരെ ലളിതവുമായ രണ്ട് ചോദ്യങ്ങൾക്ക് നാം ഉത്തരം പറയേണ്ടിയിരിക്കുന്നു. "യേശു അവനിൽ ആരാണ്, യേശു എനിക്ക് ആരാണ്"? നിരവധി ദൈവശാസ്ത്രജ്ഞന്മാർ വിവിധ കാലഘട്ടങ്ങളിൽ, വിവിധ പാരമ്പര്യ പശ്ചാത്തലങ്ങളിൽ ശ്രമകരമായ ഈ അന്വേഷണപാത വെട്ടിത്തുറക്കാൻ ശ്രമിച്ചിട്ടുണ്ട്.

ഏതൊരു തലമുറയും, ഏതൊരു കാലഘട്ടവും യേശുവിനാൽ സ്വാധീനിക്കപ്പെടാതെ കടന്നു പോയിട്ടില്ല. കടന്നു പോവുകയുമില്ല. യേശു ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രബിന്ദുവാണ്. അതുകൊണ്ടു തന്നെ

ഏതൊരു ദൈവശാസ്ത്ര പഠനവും യേശു ആരാണെന്ന് ഗൗരവമായി പഠിക്കാതെ കടന്നു പോവുക സാദ്ധ്യമല്ല.

## ക്രിസ്തു വിജ്ഞാനീയത്തിന്റെ പ്രസക്തി

ഒരുവന്റെ യേശുവിലുള്ള വിശ്വാസത്തെ വിശദീകരിക്കുവാനും അവതരിപ്പിക്കുവാനും യേശുവിനെക്കുറിച്ചുള്ള അറിവ് ആവശ്യമാണ്. ഈ അറിവ് യേശുവിലുള്ള അവന്റെ സമർപ്പണത്തെ ഉറപ്പിക്കുകയും അവനെത്തന്നെ കണ്ടെത്താൻ സഹായിക്കുകയും ചെയ്യുന്നു. വിശുദ്ധ ആഗസ്തീനോസ് പറയുന്നു. "നാഥാ ഞാൻ എന്നെത്തന്നെ അറിയുവാൻ അങ്ങയെ അറിയട്ടെ." ഒരുവന്റെ അസ്തിത്വത്തെക്കുറിച്ചുള്ള അന്വേഷണം ദൈവത്തിന്റെ അസ്തിത്വത്തിൽ എത്തിച്ചേരും. യേശു എന്ന വ്യക്തിയെ അടുത്തറിയാൻ ശ്രമിക്കുന്ന ഏതൊരാളുടേയും ഉള്ളിൽ ഉദിക്കുന്ന നിരവധിയായ ചോദ്യങ്ങൾക്ക് ഉത്തരമാണ് യേശു വിജ്ഞാനീയം. വിശ്വാസ ജീവിതത്തിൽ അവൻ നേരിടുന്ന എല്ലാ പ്രതിസന്ധികൾക്കും ഉത്തരമാണ് യേശു. തത്വചിന്തകനായ ഇമ്മാനുവേൽ കാന്റിന്റെ ചിന്താസരണിയുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുമ്പോൾ പ്രസക്തമായ മൂന്നു ചോദ്യങ്ങളാണ് ക്രിസ്തുവിജ്ഞാനീയത്തിന്റെ ഉള്ളടക്കം. യേശു ക്രിസ്തുവിന്റെ വ്യക്തിപരമായ അനന്യതയെക്കുറിച്ച് എനിക്ക് എന്ത് അറിയാൻ സാധിക്കും? എന്ത് രക്ഷയാണ് എനിക്ക് യേശുവിൽ നിന്ന് പ്രതീക്ഷിക്കാൻ സാധിക്കുക? ദൈവപുത്രനും ലോകരക്ഷകനുമായ യേശു ക്രിസ്തുവിൽ എന്റെ അസ്തിത്വത്തെ പൂർണ്ണമായും സമർപ്പിക്കാൻ ഞാൻ എന്താണ് ചെയ്യേണ്ടത് ? ഈ ചോദ്യങ്ങൾക്ക് പൂർണ്ണമായും ഉത്തരം ലഭിക്കണമെങ്കിൽ യേശുവിനെക്കുറിച്ച് അറിഞ്ഞേ മതിയാവു. ഈ അറിവ് സമ്പാദിക്കുവാൻ രണ്ട് അടിസ്ഥാന ഘടകങ്ങൾ ആവശ്യമാണ്: 1) വിശ്വാസം 2) വിശുദ്ധി.

**വിശ്വാസം** - കഴിഞ്ഞ യേശു സംഭവങ്ങളെക്കുറിച്ചുള്ള ഏറ്റുപറച്ചിൽ
- യേശുവിലുള്ള സമ്പൂർണ്ണ സമർപ്പണം.
- യേശുവിലൂടെ രക്ഷ നേടാമെന്നുള്ള അടിയുറച്ച ഉറപ്പ്.

**വിശുദ്ധി**

"എന്റെ കർത്താവായ യേശു ക്രിസ്തുവിനെപ്പറ്റിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ സർവ്വവും നഷ്ടമായിത്തന്നെ ഞാൻ പരിഗണിക്കുന്നു. അവനെ പ്രതി ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടം പോലെ കരുതുകയുമാണ്. ഇത് ക്രിസ്തുവിനെ നേടുന്നതിനും അവനോടുകൂടെ ഒന്നായി കാണപ്പെടുന്നതിനും വേണ്ടിയത്രെ." (ഫിലി. 3:8-10).

## ക്രിസ്തുവിജ്ഞാനീയത്തിന്റെ ഉറവിടങ്ങൾ

ക്രിസ്തു വിജ്ഞാനീയത്തിന്റെ ഉറവിടങ്ങളെക്കുറിച്ച് വിശദമായ ഒരു പഠനത്തിന് ഇവിടെ പരിമിതി ഉള്ളതിനാൽ ഉറവിടങ്ങളെ മാത്രം പ്രതിപാദിച്ച് കടന്നുപോകാം: വി. ഗ്രന്ഥം, വിശുദ്ധപാരമ്പര്യം, പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾ, ആരാധനക്രമം, കലയും, സാഹിത്യരൂപങ്ങളും, സഭയുടെ ആനുകാലിക പ്രബോധനങ്ങൾ, ജീവിതാനുഭവങ്ങളിലൂടെയുള്ള വെളിപ്പെടുത്തലുകൾ മുതലായവ.

## ബൈബിളിലെ യേശുക്രിസ്തു

യേശു ആരാണ് എന്ന ചോദ്യത്തിന് കൃത്യതയോടെ ഉത്തരം നൽകാൻ കഴിയുന്ന ഏക ഉറവിടം ബൈബിളാണ്. ബൈബിളിന് പുറത്ത് ഈ ചോദ്യത്തിന് യുക്തിസഹമായി ഉത്തരം നൽകാൻ ആവുന്ന ഉറവിടങ്ങൾ വിരളമാണ്. ബൈബിൾ ജീവചരിത്രവിവരണങ്ങളല്ലാത്തതിൽ യേശുവിന്റെ വ്യക്തിത്വത്തെക്കുറിച്ചും, പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള വിവരണങ്ങൾ ക്രമാനുഗതമായി ബൈബിളിൽ കാണാനാവില്ല. പഴയനിയമത്തിൽ യേശുവിനെക്കുറിച്ചുള്ള വെളിപാടുകളും നാലു സുവിശേഷങ്ങളിലെ പ്രതിപാദനങ്ങളും ഒന്നിനോടൊന്ന് തുല്യമല്ലെങ്കിലും അവ പരസ്പര പൂരകങ്ങളാണ്. എങ്കിലും ഓരോ വി.ഗ്രന്ഥകാരന്മാരും യേശുവിനെ അവതരിപ്പിക്കുന്നതിന്റെ പ്രത്യേകതകൾ കൊണ്ട് മത്തായിയുടെ ക്രിസ്തുവിജ്ഞാനീയം, മർക്കോസിന്റെ ക്രിസ്തുവിജ്ഞാനീയം പൗലോസിന്റെ ക്രിസ്തുവിജ്ഞാനീയം എന്നിങ്ങനെ പരിഗണിക്കപ്പെടുന്നു.

യേശുവിജ്ഞാനീയത്തെ സമീപിച്ചിട്ടുള്ള ദൈവശാസ്ത്രജ്ഞന്മാർ പൊതുവേ സ്വീകരിച്ചിട്ടുള്ള പഠനരീതികളിൽ പ്രധാനമായി യേശുവിന് ലഭിച്ചിട്ടുള്ള വിവിധ സംജ്ഞകളെ ആധാരമാക്കിയാണ്. ഉദാഹരണമായി കർത്താവ്, മിശിഹാ, ദൈവപുത്രൻ, മനുഷ്യപുത്രൻ തുടങ്ങിയവ. ഇവയെക്കുറിച്ചുള്ള വിശദമായ പ്രതിപാദനം ചുവടെ ചേർക്കുന്നു.

## യേശുവിന്റെ അഭിധാനങ്ങൾ (Christological Titles)

**1. കർത്താവ്:** *അദോനായ്* (adonai) എന്ന ഹീബ്രു പദത്തിനു സമാനമായ *ക്യുറിയോസ്* (*Kyrios*) എന്ന ഗ്രീക്കു പദമാണ് യേശുക്രിസ്തുവിന്റെഅഭിധാനങ്ങളിലൊന്നായി പുതിയനിയമം ഉപയോഗിക്കുന്നത്. “യേശു കർത്താവാണ്” എന്നതാണ് സഭയിലെ ആദ്യത്തെ വിശ്വാസപ്രമാണം (അപ്പ 8:16; 19:5). പൗലോസിന്റെ ലേഖനങ്ങളിലുടനീളം ഈ വിശ്വാസപ്രഖ്യാപനം കാണാം (റോമാ 10:9;1 കോറി 7:22; 12:3;2 കോറി 4:5). പത്രോസിന്റെ പ്രസംഗത്തിലും

യേശുവിന്റെ കർത്തൃത്വം ഏറ്റുപറയുന്നുണ്ട് (അപ്പ 1:21; 2:36). അരമായ ഭാഷ ഉപയോഗിച്ചിരുന്ന സഭകളുടെ *മാറാനാത്താ* maranatha കർത്താവേ വന്നാലും (cfr.1 കോറി 16:22; വെളി 22:20) എന്ന പ്രാർത്ഥന യേശുവിന്റെ കർത്തൃത്വത്തെ ഏറ്റു പറയുന്നതാണ്. ഫിലി 2:6-11 ൽ കാണുന്ന ക്രിസ്തു രഹസ്യഗീതം, പൗലോസ് ലേഖനം രചിക്കുന്നതിനുമുമ്പേ ആദിമസഭയിൽ നിലവിലുണ്ടായിരുന്ന ക്രിസ്തു രഹസ്യഗീതങ്ങളിൽ (Christological hymns) ഒന്നായിരുന്നു എന്ന വാദം അംഗീകരിച്ചാൽ, പൗലോസിന്റെ കാലത്തിനു മുമ്പു തന്നെ യേശു കർത്താവാണെന്ന വിശ്വാസം രൂഢമൂലമായിരുന്നുവെന്നു കരുതാം. "കർത്താവിന്റെ അത്താഴം" എന്ന പദപ്രയോഗവും (1 കോറി 11:23) പൗലോസിന്റെ സ്വന്തമാകാനിടയില്ല.

'യേശു, കർത്താവാണ്' എന്ന വിശ്വാസപ്രഖ്യാപനത്തിലൂടെ യേശുവിന്റെ ദൈവികതയാണ് ആദിമസഭ ഏറ്റുപറയുന്നത് (അപ്പ 7:59-60; 1 കോറി 12:8; 16:22). തങ്ങളുടെ വിശ്വാസത്തിന് ആധാരമായ വ്യക്തി എന്ന നിലയിലും (അപ്പ 5:14; 9:42; 11:24) ദൈവത്തോടൊപ്പം സകല അധികാരങ്ങളിലും പങ്കുപറ്റുന്നവൻ എന്നയർത്ഥത്തിലും (അപ്പ. 2:34) ആദിമ ക്രൈസ്തവർ കർത്താവ് എന്ന പദം ഉപയോഗിച്ചിരുന്നു. പഴയനിയമത്തിലെ 'യാഹ്‌വെ'യ്ക്കു സമാനമായ കർത്താവ് (*kyrios*) എന്ന പേര് യഹൂദക്രൈസ്തവർ യേശുവിനെ അഭിസംബോധന ചെയ്യാൻ ഉപയോഗിച്ചിരുന്നുവെന്നത് ആദിമസഭയ്ക്ക് യേശുവിന്റെ ദൈവികതയിൽ ഉണ്ടായിരുന്ന അടിയുറച്ച വിശ്വാസത്തിന്റെ തെളിവാണ്. പഴയനിയമത്തിൽ നിന്ന് ഉദ്ധരിക്കുന്ന സന്ദർഭങ്ങളിൽ പുതിയനിയമഗ്രന്ഥകർത്താക്കൾ 'യാഹ്‌വെ' എന്നത് 'കർത്താവ്' എന്നാക്കി മാറ്റുന്നതിന്റെ പിന്നിലെ പ്രചോദനവും ഇതുതന്നെയാണ് (cfr. റോമാ 10:13; ഹെബ്രാ 1:10; 1 പത്രോ 2:3; 3:15).

'യേശു, കർത്താവാണ്' എന്ന പ്രഖ്യാപനത്തിലൂടെ ശക്തിയും ജ്ഞാനവും ബഹുമാനവും സ്വീകരിക്കാൻ അവിടുന്ന് യോഗ്യനാണ് (വെളി 5:12) എന്നും അർത്ഥമാക്കുന്നുണ്ട്. യേശുവിന് എല്ലാ അധികാരവുമുണ്ടെന്നും (മത്താ 28:18) അവന്റെ മുന്നിൽ എല്ലാ മുട്ടുകളും മടങ്ങുമെന്നും (ഫിലി 2:10) അവൻ സകല സൃഷ്ടികളുടെയും അധിനാഥനാണെന്നും (റോമാ 10:12; 14:9; ഫിലി 2:11) രാജാക്കന്മാരുടെ രാജാവും കർത്താക്കളുടെ കർത്താവുമാണെന്നു (വെളി 19:16) മുള്ള വിശ്വാസം ഇതിലൂടെ പ്രതിഫലിക്കുന്നു. കൂടാതെ, യേശു സഭയുടെയും കർത്താവാണ് (യോഹ 20:28; റോമാ 5:2 തിമോ 1:8). തങ്ങൾ ക്രിസ്തുവിന്റെ അടിമകളാണെന്ന് ആദിമക്രൈസ്തവർ ഏറ്റുപറ

യുമ്പോൾ യേശുവിന്റെ കർത്തൃത്വമാണ് പരോക്ഷമായി അവർ ഏറ്റു പറഞ്ഞിരുന്നത് (റോമാ 14:4;1 കോറി 7:21-24). മഹത്ത്വീകൃതനായ കർത്താവിന്റെ വചനം എന്ന നിലയിലാണ് ആദിമ ക്രൈസ്തവർ അപ്പസ്തോലന്മാരുടെ വാക്കുകളെ ശ്രവിച്ചിരുന്നത് (1 കോറി 14:37; വെളി 2:3 *ff*).

തങ്ങളുടെ വിശ്വാസത്തിന്റെ ശക്തിയും അടിസ്ഥാനവും എന്ന നിലയിലും കർത്താവ് എന്ന പദം ആദിമ ക്രൈസ്തവർ ഉപയോഗിച്ചിരുന്നു. യേശു, കർത്താവാണെന്ന് ഏറ്റു പറയുന്നതിലൂടെ, യേശു തങ്ങളുടെ ജീവിതം പണിതുയർത്താനുള്ള അടിസ്ഥാനമാണെന്നും അവർ പ്രഖ്യാപിക്കുന്നു. "കർത്താവിൽ" (In Kyrio) എന്ന പദ പ്രയോഗം ഈ അർത്ഥത്തിലാണ് (റോമാ 8:39; 1 കോറി 7:2).

തന്റെ മരണം, ഉത്ഥാനം, മഹത്ത്വീകരണം എന്നീ സംഭവങ്ങളിലൂടെയാണ് യേശുവിന്റെ കർത്തൃത്വം പൂർണ്ണമായും സഭയ്ക്കു വെളിപ്പെടുത്തപ്പെട്ടത് (cfr. മത്താ 28:18; 1 യോഹ 20:28; അപ്പ 2:36; റോമാ 10:9; ഫിലി 2:9-11). തന്മൂലം, ഉത്ഥാനത്തിനു മുമ്പ് യേശുവിനെ "കർത്താവ്" എന്നു വിളിക്കുന്ന സന്ദർഭങ്ങളിൽ ഗുരു, യജമാനൻ എന്നൊക്കെയേ പുതിയ നിയമം അർത്ഥമാക്കുന്നുള്ളു (മർക്കോ 10:51; മത്താ 20:33; ലൂക്കാ 6:46; 18:41; യോഹ 13:13). എന്നാൽ, യേശു തന്നെത്തന്നെ "കർത്താവ്" എന്ന് അഭിസംബോധന ചെയ്യുന്ന അവസരങ്ങളിൽ, *ക്യൂരിയോസ്* (കർത്താവ്) എന്ന പദത്തിൽ സകല അധികാരവും ഉള്ളവൻ, ദൈവസമാനൻ എന്നൊക്കെയാണർത്ഥം (മത്താ 7:21; മർക്കോ 12:35 ff). പുതിയ നിയമഗ്രന്ഥങ്ങളെല്ലാം ഉത്ഥാനാനന്തരം എഴുതപ്പെട്ടതാകയാൽ ഇപ്രകാരം ഒരു അർത്ഥവ്യതിയാനം വേർതിരിക്കുക ശ്രമകരമാണ്. തന്മൂലം, ചരിത്രപുരുഷനായ യേശുവിനെ സൂചിപ്പിക്കുവാനും കർത്താവ് (Kyrios) എന്ന പദം തന്നെയാണ് സുവിശേഷകന്മാർ ഉപയോഗിക്കുന്നത്.

ആദിമസഭ യേശുവിനെ കർത്താവായി ഏറ്റുപറയുമ്പോൾ അവിടുത്തെ ദൗത്യം ദൈവദത്തമായിരുന്നു എന്ന അവബോധം അവർക്കുണ്ടായിരുന്നു. എല്ലാം അവന് അധീനമായിക്കഴിയുമ്പോൾ അവൻ തന്നെത്തന്നെ ദൈവത്തിന് അധീനമാക്കുന്നു.

**2. ക്രിസ്തു** (Christ) മിശിഹാ: *ക്രിസ്തോസ്* എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് ക്രിസ്തു എന്ന മലയാളപദത്തിന്റെ ഉത്ഭവം. ഇതിനു സമാനമായ ഹീബ്രുപദം *മെഷിയാഹ്* ആണ്. ഈ വാക്കിന്റെ അർത്ഥം 'അഭിഷിക്തൻ' എന്നാണ്. യേശുവിന്റെ സംജ്ഞയായി സാധാരണ ഉപയോഗിക്കുന്ന വാക്കാണിത്.

**പഴയനിയമത്തിൽ:**

വരാനിരിക്കുന്ന രക്ഷകനെ സൂചിപ്പിക്കാൻ പഴയനിയമത്തിൽ ഉപയോഗിച്ച വാക്കാണിത്. രക്ഷകനെ രാജത്വവുമായി ബന്ധപ്പെട്ടാണ് യഹൂദർ കണ്ടത്. രാജാക്കന്മാർ സ്ഥാനം ഏൽക്കുമ്പോൾ അഭിഷിക്തരാകുന്ന പതിവുണ്ടായിരുന്നു (1 സാമു 16:16; 1 രാജാ 19:16). അതിനാൽ രാജാക്കന്മാരെ 'അഭിഷിക്തർ' എന്നു വിളിക്കുമായിരുന്നു. അതുപോലെ, പ്രവാചകരും പുരോഹിതരുടെ അഭിഷേകം സ്വീകരിച്ചവരായിരുന്നു (ലേവ്യ 4:3; ഏശ 45:1). രക്ഷയെക്കുറിച്ചുള്ള പ്രതീക്ഷ "രക്ഷകൻ" എന്ന വ്യക്തിയുമായി ബന്ധിപ്പിച്ചും "ദൈവത്തിന്റെ ഇടപെടൽ" എന്ന പൊതുവായ അർത്ഥത്തിലും മനസ്സിലാക്കുന്നുണ്ട്. പഴയനിയമത്തിൽ പഞ്ചഗ്രന്ഥിയിൽത്തന്നെ "ക്രിസ്തു"വുമായി ബന്ധിപ്പിച്ച് വ്യാഖ്യാനിക്കുന്ന ഭാഗങ്ങൾ ഉണ്ട്. (ഉൽപ 12:1 f; 49:10; സംഖ്യ 24:17-19). നിയ 18:15,16-ൽ രക്ഷകനെ മോശയെപ്പോലെ വലിയ പ്രവാചകനായി അവതരിപ്പിച്ചിരിക്കുന്നു. ദാവീദിന്റെ കുടുംബവുമായി ഇത് ബന്ധിപ്പിക്കപ്പെടുകയും "ക്രിസ്തു" എന്ന സംജ്ഞയ്ക്ക് പകരമായി "ദാവീദിന്റെ പുത്രൻ" എന്ന വാക്ക് ഉപയോഗിക്കുന്ന പാരമ്പര്യം വരുകയും ചെയ്തു. ദാവീദിന്, ദൈവം നാഥൻ പ്രവാചകൻ വഴി നൽകുന്ന വാഗ്ദാനമാണ് ദാവീദു വംശവുമായുള്ള രക്ഷകന്റെ ബന്ധത്തിന് അടിസ്ഥാനം (2 സാമു 7:13-14).

പ്രവാചകഗ്രന്ഥങ്ങളിൽ "ക്രിസ്തു"വിനെക്കുറിച്ചുള്ള പ്രതീക്ഷകൾ വ്യക്തമായ രൂപമെടുക്കുന്നു. രാജത്വത്തിന്റെ സ്ഥിരീകരണവും നിത്യമായ നിലനിൽപ്പും ഈ പ്രവചനങ്ങളിൽ പ്രതീക്ഷയുടെ ഭാഗമായി പ്രത്യക്ഷപ്പെടുന്നുണ്ട്. പ്രവാസത്തിന്റെ സാഹചര്യത്തിൽ രാജത്വത്തിന്റെ പുനർസ്ഥാപനം പ്രധാന വിഷയമായിരുന്നു. ഏശയ്യായുടെ ഗ്രന്ഥത്തിലാണ് ക്രിസ്തുവിനെക്കുറിച്ചുള്ള പ്രതീക്ഷ നൽകപ്പെടുന്നത്. ദാവീദിന്റെ വംശവുമായുള്ള ബന്ധം ഈ പ്രവചനങ്ങളുടെ ഒരു അടിസ്ഥാന മാനമാണ് (ഏശ 9-11). "രക്ഷകനും" "അഭിഷേകവും" തമ്മിലുള്ള ബന്ധം ഏശ 61:1f-ൽ വ്യക്തമാക്കുന്നു. ദൈവത്തിന്റെ ആത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടവനാണ് ക്രിസ്തു. ദരിദ്രർക്ക് സുവിശേഷം അറിയിക്കാൻ ദൈവത്താൽ നിയുക്തനാണ് അവൻ. ഏശ, 40:6f; 41:27;52:7 എന്നീ ഭാഗങ്ങളിലെ പ്രവചനങ്ങളുടെ വളർച്ചയെത്തിയ രൂപമാണ് 61:1f-ൽ കാണുന്നത്. ഇതോടൊപ്പം ദൈവദാസനെക്കുറിച്ചുള്ള കീർത്തനങ്ങളിൽ ക്രിസ്തുവും സഹനവും തമ്മിലുള്ള ബന്ധവും വ്യക്തമാക്കുന്നു (ഏശ 42-53). "രക്ഷകനെ" ദൈവത്തിന്റെ വിധിദിനവുമായി ബന്ധിപ്പിക്കുന്ന പ്രവചന

ങ്ങൾ ഉണ്ട് (ജോയേൽ, നാഹും, സെഫാനിയാ). ദൈവം നേരിട്ട് ഇടപെടും മുമ്പ് "ഏലിയ" വരുമെന്ന പ്രതീക്ഷ മലാക്കി 4:5 ൽ കാണുന്നു. വിധിയാളനായി വരുന്ന ദൈവത്തെ "മനുഷ്യപുത്രൻ" എന്നു വിശേഷിപ്പിച്ചിരിക്കുന്നു (1 ദാനി 7:13-14). ഖുംറാൻ സമൂഹ ത്തിലും വരാനിരിക്കുന്ന മിശിഹായെക്കുറിച്ചുള്ള പ്രതീക്ഷയുണ്ടാ യിരുന്നു (1 QS 9.11).

റോമൻ ആധിപത്യത്തിന്റെ സാഹചര്യത്തിൽ ഇസ്രായേലിന്റെ രക്ഷകനെക്കുറിച്ചുള്ള പ്രതീക്ഷ രാഷ്ട്രീയപരമായ ആശയത്തോട് ബന്ധപ്പെട്ടു മനസ്സിലാക്കുവാൻ തുടങ്ങി. രക്ഷകന്റെ ദൗത്യം ഇസ്രാ യേലിനെ റോമാക്കാരിൽ നിന്നും മോചിപ്പിക്കുകയാണ് എന്ന ആശ യത്തിനു പ്രാധാന്യം വന്നു. തീർച്ചയായും രാജത്വവും രാഷ്ട്രീയ വിമോചനവും ബന്ധപ്പെട്ടാണ് കിടന്നത്.

**സുവിശേഷങ്ങൾ**

മാർക്കോസിന്റെ സുവിശേഷത്തിൽ യേശു സ്വീകരിക്കാത്ത ഒരു സംജ്ഞയാണ് "ക്രിസ്തു" പ്രത്യേകിച്ച് സുവിശേഷത്തിന്റെ ആദ്യ ഭാഗത്ത് (1:1-8:30). യേശു തന്റെ അനന്യത ഒരു രഹസ്യമാക്കി മന സ്സിലാക്കുന്നു. മാർക്കോസിന്റെ ലക്ഷ്യം യേശുവിന്റെ മിശിഹാത്വവും സഹനവും തമ്മിലുള്ള ബന്ധം വെളിപ്പെടുത്തുകയാണ്. ഇസ്രാ യേലിൽ നിലനിൽക്കുന്ന പ്രതീക്ഷ അംഗീകരിച്ചാൽ സഹനത്തിന് സ്ഥാനമുണ്ടാകില്ല. ആദ്യ ഭാഗത്തിന്റെ അവസാന രംഗത്തിൽ, കേസ റിയാ ഫിലിപ്പിയിൽ പത്രോസ് നടത്തുന്ന പ്രഖ്യാപനം 'ക്രിസ്തു' എന്ന സംജ്ഞയാണ് ഉപയോഗിക്കുന്നത് (8:27-30). യേശു ആ സംജ്ഞ അംഗീകരിക്കുന്നുണ്ട്. പക്ഷേ, അതിന്റെ ഉള്ളടക്കം വ്യത്യ സ്തമായി മനസ്സിലാക്കുന്നു എന്നത് തുടർന്നുള്ള സംഭാഷണത്തിൽ വ്യക്തമാണ് (8:31-33). പിന്നീട് വരുന്ന പ്രബോധനങ്ങളിൽ ഈ പുനർ വ്യാഖ്യാനം വിവിധ മാനങ്ങളോടെ അവതരിപ്പിക്കപ്പെടുന്നു. മാർക്കോസിന്റെ വീക്ഷണത്തിൽ ക്രിസ്തു 'സഹിക്കുന്ന, മരിക്കുന്ന ദൈവപുത്രനാണ്'. കുരിശിൽ കിടക്കുന്ന യേശുവിനെ "ദൈവപു ത്രൻ" എന്ന് പ്രഖ്യാപി ക്കുമ്പോൾ ശതാധിപൻ ഈ സന്ദേശം വഹിക്കുന്നവനാകുന്നു.

'ക്രിസ്തു'വും "ദാവീദിന്റെ പുത്ര"നും തമ്മിലുള്ള ബന്ധവും പുനർവ്യാഖ്യാനം ചെയ്യപ്പെടുന്നു. യേശുവിനെ മറ്റുള്ളവർ "ദാവീദിന്റെ പുത്രാ" എന്ന് അഭിസംബോധന ചെയ്യുന്നുണ്ട് (10,46 -52) എന്നാൽ യേശുക്രിസ്തു ദാവീദിന്റെ പുത്രനേക്കാൾ ദൈവ ത്തിന്റെ പുത്രനാണെന്ന് സ്ഥാപിക്കുന്നു (12:35-37). 14:62-ൽ പ്രധാന

പുരോഹിതന്റെ ചോദ്യത്തിൽ രണ്ട് സംജ്ഞകളും ഒന്നിച്ച് ചേർക്കപ്പെടുന്നു.

മത്തായിയുടെ സുവിശേഷത്തിൽ, ശൈശവ വിവരണം മുതൽ ക്രിസ്തുവും ദാവീദിന്റെ വംശവും തമ്മിലുള്ള ബന്ധം പ്രാധാന്യമർഹിക്കുന്നു. യേശു, ക്രിസ്തുവാണ് എന്ന് പഴയനിയമത്തിന്റെ പൂർത്തീകരണമായി മത്തായി തെളിയിക്കുന്നു.

ലൂക്കായുടെ സുവിശേഷമനുസരിച്ച് ഏശയ്യായുടെ 61:1f ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പ്രവർത്തനത്തിന്റെ അർത്ഥം പരസ്യമായി പ്രഖ്യാപിക്കുന്നത് (4:16f). യേശു ദൈവത്തിന്റെ ആത്മാവിന്റെ അഭിഷേകം സ്വീകരിച്ച, ദരിദ്രരുടെ വിമോചകനായ ക്രിസ്തുവാണ്. യേശുവിലൂടെ യാഥാർത്ഥ്യമാകുന്ന രക്ഷ സമൂഹത്തിലെ അവഗണിക്കപ്പെട്ടവർക്ക് ലഭ്യമാകുന്നു, ശക്തി പ്രകടനത്തിലൂടെയല്ല ഈ രക്ഷ സാധിതമാകുന്നത്. മറിച്ച്, പാവപ്പെട്ടവർക്ക് വേണ്ടി ചെയ്യുന്ന കാരുണ്യത്തിന്റെ ചെറിയ പ്രവൃത്തികളിലൂടെയാണ് (ലൂക്കാ 7:18-23; മത്താ 11:2-6). കുരിശിൽ കിടക്കുന്ന യേശുവിനെ വെല്ലുവിളിക്കുന്ന യഹൂദ പ്രമാണികളും ഒരു വശത്തെ കള്ളനും "നീ ക്രിസ്തുവാണെങ്കിൽ" എന്നാണ് ചോദിക്കുന്നത്? പടയാളികളാകട്ടെ, "നീ രാജാവാണെങ്കിൽ" എന്നാണ് ചോദിക്കുന്നത്? പ്രാധാന്യം കൊടുക്കുന്നത് രാജത്വത്തിനാണ് എന്നതൊഴിച്ചാൽ വ്യത്യാസങ്ങളില്ല, എമ്മാവൂസ് സംഭവത്തിൽ സഹനവും മിശിഹാത്വവും തമ്മിൽ ശക്തമായ ബന്ധമുണ്ട് എന്ന് തെളിയിക്കുന്നു. യേശുവിന്റെ വാക്കുകൾ... "ക്രിസ്തു ഇതെല്ലാം സഹിച്ച് മഹത്വത്തിലേക്ക് പ്രവേശിക്കേണ്ടിയിരുന്നില്ലേ?" (23:26).

യോഹന്നാന്റെ സുവിശേഷത്തിൽ "യേശുക്രിസ്തു" എന്ന സംജ്ഞ സാധാരണയായി ഉപയോഗിക്കപ്പെടുന്നു. യേശുവിനെ അനുഗമിക്കുന്ന സ്നാപകന്റെ രണ്ടു ശിഷ്യരിൽ ഒരാളായ അന്ത്രയോസ്, ശിമയോനോട് പറയുന്നത് "ഞങ്ങൾ ക്രിസ്തുവിനെ കണ്ടു" എന്നാണ് (1:41). സമരിയാക്കാരി സ്ത്രീ യേശു 'ക്രിസ്തു' തന്നെയോ എന്ന് സംശയിക്കുന്നു (4:30). ക്രിസ്തു വരുമ്പോൾ എല്ലാം പഠിപ്പിക്കും എന്നു പറയുന്ന അവളോട് യേശു "നിന്നോട് സംസാരിക്കുന്ന ഞാൻ തന്നെയാണ് അവൻ" എന്നു പറയുമ്പോൾ ആ സംജ്ഞ സ്വയം അംഗീകരിക്കുന്നു എന്നു വ്യക്തം (4.26). ജനക്കൂട്ടം യേശുവിനെക്കുറിച്ച് തർക്കിക്കുമ്പോഴും "ക്രിസ്തുവാണോ?" എന്നതാണ് വിഷയം (7:31). മർത്താ യേശുവിനെ ക്രിസ്തുവായി പ്രഖ്യാപിക്കുന്നു (11:27). രാഷ്ട്രീയവും രാജകീയവുമായ അർത്ഥത്തിലല്ല മിശിഹാത്വം മനസ്സിലാക്കേണ്ടത് എന്ന് യേശു തന്റെ രാജ

കീയ പ്രവേശനവേളയിൽ തെളിയിക്കുന്നു ജനക്കൂട്ടത്തിന്റെ പ്രതീക്ഷയെ തിരുത്തിക്കൊണ്ട് യേശു കഴുതപ്പുറത്തു കയറി വന്നു (12:12 -19). ഉപസംഹാരത്തിൽ തന്റെ രചനയുടെ ഉദ്ദേശ്യം വിശദമാക്കുമ്പോൾ സുവിശേഷകൻ പറയുന്നത്, "യേശു ദൈവപുത്രനായ ക്രിസ്തു"വാണെന്ന് വിശ്വസിക്കാനാണ് എന്നാകുന്നു.

**സുവിശേഷതര ഗ്രന്ഥങ്ങളിൽ**

സുവിശേഷങ്ങൾക്ക് പുറത്തുള്ള പുസ്തകങ്ങളിലാണ് "ക്രിസ്തു" എന്ന സംജ്ഞ കൂടുതൽ ഉപയോഗിച്ചിരിക്കുന്നത്.

| മത്താ | മർക്കോ | ലൂക്കാ | യോഹ | അപ്പ | പൗലോ | മറ്റുപുസ്തകം |
|---|---|---|---|---|---|---|
| 17 | 7 | 12 | 19 | 25 | 379 | 70 |

ക്രിസ്തുവിജ്ഞാനീയത്തിന്റെ വളർച്ചയാണ് ഇത് കാണിക്കുന്നത്. യേശുവിന്റെ പ്രവർത്തന സമയത്ത് പ്രബോധനങ്ങളിലും പ്രവൃത്തികളിലും പരോക്ഷമായിരുന്നത് സഭയുടെ കാലഘട്ടത്തിൽ പ്രത്യക്ഷമായിത്തീർന്നു. സഭ യേശുവിനെ ക്രിസ്തുവാക്കി എന്ന് പറയുന്നത് അർത്ഥമില്ലാത്ത പ്രസ്താവനയാണ്. കാരണം, യേശുവിനെയും ക്രിസ്തുവിനെയും തമ്മിൽ വേർതിരിച്ചു കൂടാ. യേശുവാണ് ക്രിസ്തു. ചരിത്രവും ദൈവശാസ്ത്രവും രണ്ടായിക്കാണരുത്. നാം പ്രഖ്യാപിക്കുന്ന വിശ്വാസത്തിന്റെ വിഷയമായ ക്രിസ്തു ചരിത്രത്തിൽ ജീവിച്ച യേശു തന്നെയാണ്.

അപ്പസ്തോലപ്രവർത്തനങ്ങളിൽ, അപ്പസ്തോലന്മാരുടെ പ്രഭാഷണങ്ങളിൽ യേശു, ക്രിസ്തുവാണ് എന്നു പ്രഖ്യാപിക്കപ്പെടുന്നു. പൗലോസിന്റെ ലേഖനങ്ങളിൽ "ക്രിസ്തുവെന്നത് "യേശു" എന്ന പേരിനോട് ചേർത്തുവയ്ക്കുകയോ, ഒറ്റയ്ക്ക് ഉപയോഗിക്കയോ ചെയ്യാവുന്ന പേരാണ്. ക്രിസ്തു വിജ്ഞാനീയത്തിന്റെ വളർച്ചയുടെ പ്രധാനപ്പെട്ട നിമിഷങ്ങൾ ഇവിടെ കാണാം. യേശുവിന്റെ രണ്ടാം പേരായി "ക്രിസ്തു" മാറി എന്നതാണ് പൗലോസിന്റെ ലേഖനങ്ങളിലെ പ്രത്യേകത.

പൗലോസ് പ്രസംഗിച്ച സുവിശേഷം "ക്രൂശിതനായ ക്രിസ്തു" ആണ്. പൗലോസ് സ്വന്തം അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ലേഖനങ്ങൾ എഴുതുന്നത്. തന്റെ മാനസാന്തരവും പുതിയ ദൗത്യമേറ്റെടുക്കലും ഉത്ഥിതനായ ക്രിസ്തുവിനെ അനുഭവിച്ചതിന്റെ ഫലമാണ്. "യേശുക്രിസ്തുവിന്റെ വെളിപാടാണ്" ആ അനുഭവം

(ഗലാ1:12). രക്ഷാകരമായ അർത്ഥത്തിൽ പൗലോസ് ക്രിസ്തു എന്ന സംജ്ഞ ഉപയോഗിക്കുന്നു എന്ന് 1 കോറി 10:4; 15,22; 2 കോറി 5:10;11:2-3; ഫിലി 1:15,17; 3:7; റോമാ 1:2-4 മുതലായ വാക്യങ്ങളിൽ നിന്ന് വ്യക്തമാകുന്നു. ക്രൈസ്തവജീവിതത്തെ "ക്രിസ്തു"വിലുള്ള ജീവിതമായി പൗലോസ് കാണുന്നു. ക്രിസ്ത്വാനുഭൂതിയുള്ളവനാണ് ക്രൈസ്തവൻ; ക്രിസ്തുവിനോടൊപ്പം സഹിച്ച്, മരിച്ച്, ഉത്ഥാനം ചെയ്യുന്നവനാണ് അവൻ.

യേശുക്രിസ്തുവിൽ യാഥാർത്ഥ്യമായ രക്ഷയ്ക്ക് പ്രാപഞ്ചിക മാനമുണ്ട്. ഉത്ഥിതനായ ക്രിസ്തുവിലേക്ക് പ്രപഞ്ചം മുഴുവനും നീങ്ങിക്കൊണ്ടിരിക്കുന്നു (1 കോറി 15:27; ഫിലി 3:21). പ്രപഞ്ചം മുഴുവൻ സമ്പൂർണ്ണവിമോചനത്തിനായി കാത്തിരിക്കുന്നു (റോമാ 8:19-21). ക്രിസ്തുവിൽ എല്ലാം ഒന്നായിത്തീരുന്ന നിമിഷമാണ് അന്ത്യനിമിഷമായി നാം മനസ്സിലാക്കുന്നത്.

മറ്റു പുതിയ നിയമഗ്രന്ഥങ്ങളിലെ ക്രിസ്തുവിജ്ഞാനീയം സുവിശേഷങ്ങളിലെയും പൗലോസിന്റെ ലേഖനങ്ങളിലെയും ദൈവശാസ്ത്രത്തിൽ നിന്നും അടിസ്ഥാനപരമായി വ്യത്യസ്തമല്ല. ഹെബ്രായർ "ക്രിസ്തു" എന്ന സംജ്ഞ "പുരോഹിതന്റെ ധർമ്മത്തിന്റെ" അടിസ്ഥാനത്തിൽ വിശദീകരിക്കുന്നു. വെളിപാടിന്റെ പുസ്തകം 'ചരിത്രത്തെ നിയന്ത്രിക്കുന്ന ദൈവത്തിന്റെ ചരിത്രരഹസ്യങ്ങളുടെ ചുരുൾ നിവർത്താൻ അവകാശമുള്ള, ഉത്ഥിതനായ ക്രിസ്തുവിനെയാണ് സഹിക്കുന്ന സമൂഹത്തിന്റെ മുമ്പിൽ മാതൃകയായി വയ്ക്കുന്നത്. കാതോലിക ലേഖനങ്ങളിൽ ക്രിസ്തുവിജ്ഞാനീയം പ്രത്യേക പാഷണ്ഡതകളുടെയും വിഭിന്ന ചിന്തകളുടെയും പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കപ്പെടുന്നു.' യേശു ക്രിസ്തുവാകുന്നു എന്നതുതന്നെ അടിസ്ഥാന സന്ദേശം (***കർത്താവ്, മിശിഹാ*** കാണുക).

### 3. ദൈവപുത്രൻ

ഇസ്രായേലിനെ ദൈവത്തിന്റെ പുത്രനെന്നും (മത്താ 2: 13ff; cfr. ഹോസി 11:1) വിശ്വാസികളെ ദൈവപുത്രന്മാരെന്നും (ലൂക്കാ 20:36) പുതിയനിയമം വിശേഷിപ്പിക്കുന്നുണ്ടെങ്കിലും യേശുവിന്റെ ദൈവപുത്രസ്ഥാനത്തിന്റെ അനന്യശ്രേഷ്ഠത പുതിയ നിയമം ആവർത്തിച്ചു സമർത്ഥിക്കുന്നുണ്ട്. യേശുവിന്റെ അഭിധാനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് "ദൈവപുത്രൻ" എന്ന വിശേഷണം.

**a. മർക്കോസിന്റെ സുവിശേഷത്തിൽ:-** യേശുവിനെ ദൈവപുത്രനായാണ് മർക്കോസ് അവതരിപ്പിക്കുന്നത്. സുവിശേഷത്തിന്റെ

ആദ്യവാചകം തന്നെ ഈ വസ്തുത ഏറ്റുപറയുന്നുണ്ട് (1:1). യേശു ദൈവപുത്രനാണെന്നുള്ള ശതാധിപന്റെ എറ്റുപറച്ചിലോടുകൂടി യാണ് സുവിശേഷം അവസാനിക്കുന്നത് (15:39). ദൈവപുത്രൻ എന്ന പദത്തിന് മർക്കോസിന്റെ സുവിശേഷത്തിൽ വളരെയേറെ അർത്ഥതലങ്ങളുണ്ട്.

i. മാമ്മോദീസാവേളയിലും രൂപാന്തരീകരണവേളയിലും (1:11; 9:7) ദൈവപിതാവു തന്നെ യേശുവിന്റെ ദൈവപുത്രത്വം ഏറ്റുപറയു ന്നു.

ii. മനുഷ്യപുത്രനായിരിക്കവേ തന്നെ യേശു ദൈവപുത്രനാണ്. "മനുഷ്യപുത്രൻ പിതാവിന്റെ മഹത്ത്വത്തോടുകൂടിവരുമ്പോൾ.." (8:38) എന്ന പരാമർശം ഈ ആശയം വ്യക്തമാക്കുന്നു.

iii. മിശിഹായുടെ അഭിധാനമെന്ന നിലയിലും ദൈവപുത്രൻ എന്ന പദം മർക്കോസ് ഉപയോഗിക്കുന്നുണ്ട് (14:61).

iv. പിശാചുക്കൾ യേശുവിനെ ദൈവപുത്രൻ എന്നാണ് അഭി സംബോധന ചെയ്യുന്നത്. അതിഭൗതിക സത്തകളായ ദുഷ്ടാരു പികൾക്ക് യേശുവിന്റെ ദൈവികത ശിഷ്യന്മാരെക്കാൾ വേഗത്തിൽ മനസ്സിലാക്കാൻകഴിഞ്ഞു എന്നാണിതിന്റെയർത്ഥം (cfr. 1:24; 3:11).

v. പിതാവിന്റെ ഇഷ്ടത്തിന് മരണത്തോളം കീഴ്വഴങ്ങുന്ന യേശു വിന്റെ അനുസരണവും വിധേയത്വവും ഈ അഭിധാനത്തിലൂടെ പ്രസ്പഷ്ടമാകുന്നുണ്ട്. പിതാവും താനും തമ്മിലുള്ള അഭേദ്യബ ന്ധത്തെക്കുറിച്ച് യേശുവിന് നിരന്തരമായ അവബോധമുണ്ടായിരുന്നു (11:25; 13:42; 14:36).

**b. ലൂക്കായുടെ സുവിശേഷത്തിൽ:-** ദാവീദിന്റെ പുത്രനായി പിറ ക്കുന്ന യേശുവിന്റെ അഭിധാനമായിട്ടാണ് സുവിശേഷാരംഭത്തിൽ ലൂക്കാ ഇതുപയോഗിക്കുന്നത് (1:32-33). പരുശുദ്ധാത്മാവിന്റെ പ്രവർത്തിയിലൂടെയാണ് യേശു ദൈവപുത്രനാകുന്നത് (1:35). മിശി ഹാ, ദൈവപുത്രൻ എന്നീ നാമരൂപങ്ങൾ സമാനാർത്ഥത്തിലാണ് ലൂക്കാ ഉപയോഗിക്കുന്നത് (4;41). രൂപാന്തരീകരണവേളയിൽ പിതാവും (9:35), വിചാരണവേളയിൽ യേശുവും (22:69-70) തന്റെ ദൈവപുത്രത്വം ഏറ്റുപറയുന്നുണ്ട്. പിതാവുമായുള്ള യേശുവിന്റെ പുത്രസഹജമായ ബന്ധത്തെക്കുറിച്ച് പരാമർശിക്കുന്നതിൽ ലൂക്കാ പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ട് (2:49; 23:34).

**c. മത്തായിയുടെ സുവിശേഷത്തിൽ:-** ദൈവപുത്രൻ എന്ന അഭി ധാനത്തെക്കാൾ 'മനുഷ്യപുത്രൻ' എന്ന അഭിധാനമാണ് മത്തായി

യേശുവിനു നൽകുന്നത്. എന്നാൽ യേശുവിനു പിതാവുമായുള്ള പുത്രസഹജമായ ബന്ധത്തെക്കുറിച്ച് സുവിശേഷകൻ സവിസ്തരം പ്രതിപാദിക്കുന്നുണ്ട് (15:13; 16:17; 18:11, 19, 35; 25:34; 26:53). ഈ ബന്ധം ദൈവവുമായി വിശ്വാസികൾക്കുള്ള ബന്ധത്തിൽ നിന്ന് വ്യത്യസ്തമാണ്. "സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവ്....." എന്ന പരാമർശം (5:16; 6:1,4,6, 18; 18:14;23:9) ഈ വ്യത്യാസം എടുത്തു കാണിക്കുന്നു. ദുഷ്ടാരൂപികൾ യേശുവിന്റെ ദൈവപുത്രസ്ഥാനം ഏറ്റുപറയുന്നുണ്ട് (16:16). എന്നാൽ പ്രധാനാചാര്യനും (26:63) കുരിശിൻ ചുവട്ടിൽ നിന്നവരും (27:40) യേശുവിന്റെ ദൈവപുത്രസ്ഥാനത്തെ ചോദ്യം ചെയ്യുന്നുണ്ട്. ലൂക്കായുടെ സുവിശേഷത്തിലെന്നതുപോലെ മത്തായിയും മിശിഹാ, ദൈവപുത്രൻ എന്നിവ സമാനാർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്.

**d. പൗലോസിന്റെ ലേഖനങ്ങളിൽ:-** ആദ്യകാല ലേഖനങ്ങളിൽ വാനമേഘങ്ങളിൽ വരുന്ന യേശുവിനെ സൂചിപ്പിക്കാനാണ് പൗലോസ് ദൈവപുത്രൻ എന്ന പദം ഉപയോഗിച്ചിരുന്നത് (1 തെസ 1:10). പൗലോസ് പ്രസംഗിക്കുന്ന സുവിശേഷം ദൈവപുത്രനായ യേശുവിനെക്കുറിച്ചുള്ളതാണ് (റോമാ 1:2-3). ആദിയിൽ പിതാവിനോടൊത്തായിരുന്ന പുത്രന്റെ അസ്തിത്വത്തെക്കുറിച്ച് (pre-esxistence) പൗലോസിന് അവബോധമുണ്ടായിരുന്നു (റോമാ 8:3; ഗലാ 4:4).

പാപത്തിന്റെയും നിയമത്തിന്റെയും ആധിപത്യത്തിൻ കീഴിലായിരുന്ന മനുഷ്യനെ വീണ്ടെടുത്ത് ദൈവത്തിന്റെ ദത്തുപുത്രസ്ഥാനത്തേക്കുയർത്തുകയാണ് ദൈവപുത്രന്റെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യം (റോമാ 8:14-16; ഗലാ 4:4-6). സ്നേഹത്തിലും അനുസരണത്തിലും അധിഷ്ഠിതമായ ബന്ധമായിരുന്നു യേശുവും പിതാവും തമ്മിലുണ്ടായിരുന്നത് (കൊളോ 1:12-20).

**e. ഹെബ്രായ ലേഖനത്തിൽ:-** യേശുവിന്റെ ദൈവപുത്രസ്ഥാനത്തെ ലേഖനകർത്താവ് ഊന്നിപ്പറയുന്നുണ്ട്. ലോകം സൃഷ്ടിക്കപ്പെട്ടത് ദൈവപുത്രനിലൂടെയാണ് (1:1-2). പിതാവിന്റെ മഹത്ത്വത്തിന്റെ തേജസ്സും സത്തയുടെ മുദ്രയുമായ പുത്രൻ തന്റെ ശക്തിയുടെ വചനത്താൽ ലോകത്തെ താങ്ങിനിർത്തുന്നു (1:4). ദൈവപുത്രനായതിനാലാണ് യേശുവിന് ദൈവഭവനമായ സഭയുടെ മേൽ അധികാരം ലഭിച്ചത് (3:6). ദൈവപുത്രനായിരുന്നിട്ടും തന്റെ സഹനത്തിലൂടെ യേശു അനുസരണം അഭ്യസിച്ചു. അതുവഴി അവൻ നിത്യരക്ഷയുടെ ഉറവിടമായി (5:8-10). യേശുവിൽ വിശ്വസിക്കുന്നവർ ദൈവത്തിന്റെ മക്കളാണെന്ന വിശ്വാസവും ലേഖന കർത്താ

വിനുണ്ട് (2:10; 12:5-8).

**f. യോഹന്നാന്റെ സുവിശേഷത്തിൽ:-** യേശുവിന്റെ ഏറ്റവും ഉദാത്തമായ അഭിധാനമായാണ് യോഹന്നാൻ ദൈവപുത്രൻ എന്ന നാമത്തെ കാണുന്നത് (1:12-14, 18; 13:1-3). ലോകത്തെ രക്ഷിക്കുവാനാണ് പുത്രൻ അയയ്ക്കപ്പെട്ടത്. അവനിൽ വിശ്വസിക്കുന്നതു വഴിയാണ് നാം രക്ഷിക്കപ്പെടുന്നത് (3:16, 18, 35-36). പിതാവും പുത്രനും തുല്യരാണ് (3:35-36; 5:18; 10:18, 30, 34-36; 16:32; 17:10; 20:28). ദൈവപുത്രനായതിനാൽ വിധിക്കാനുള്ള അധികാരവും യേശുവിനുണ്ട് (5:33, 36-37,39). പിതാവിന്റെ പ്രവൃത്തികൾ ചെയ്തുകൊണ്ടാണ് പുത്രൻ ഇത് നിറവേറ്റുന്നത് (5:17; 19-30).

**g. യേശുവിന്റെ ദൈവപുത്രാവബോധം:-** യേശു തന്നെക്കുറിച്ച് പറയുമ്പോൾ ദൈവപുത്രൻ എന്ന അഭിധാനം ഉപയോഗിച്ചിരുന്നില്ല. മനുഷ്യപുത്രൻ എന്നാണ് അവിടുന്ന് സ്വയം വിശേഷിപ്പിച്ചിരുന്നത്. എന്നാൽ, പിതാവിന്റെ മുമ്പിൽ യേശുവിനുണ്ടായിരുന്ന പുത്രത്വാവബോധം താൻ ദൈവപുത്രനാണെന്നുള്ള യേശുവിന്റെ അവബോധത്തിനു തെളിവാണ് (മത്താ 5:44-48; 6:9; 7:11).

**4. മനുഷ്യപുത്രൻ (Son of Man)** യേശു സ്വയം വിശേഷിപ്പിക്കാൻ സുവിശേഷങ്ങളിൽ സാധാരണയായി ഉപയോഗിക്കുന്ന ഒരു സംജ്ഞ. യേശുവിന്റെ അധരങ്ങളിൽ നിന്നു മാത്രമേ ഈ സംജ്ഞ വരുന്നുള്ളു.

ഹീബ്രുഭാഷയിൽ ഈ പ്രയോഗത്തിന് മനുഷ്യൻ (*ബെൻ ആദാം*) എന്നാണ് അർത്ഥം. അരമായ ഭാഷയിൽ (*ബാർ നാഷാ/അനഷാ*) മനുഷ്യൻ എന്നർത്ഥമുണ്ടെങ്കിലും ഞാൻ എന്നതിനുപകരമായി ഉപയോഗിച്ചിരിക്കുന്ന രചനകളും കാണുന്നുണ്ട്. ഇതു സംബന്ധിച്ച് തർക്കമുണ്ട്. പക്ഷേ 'മനുഷ്യൻ' എന്ന അർത്ഥമേ അതിനുള്ളുവെങ്കിൽ എന്തുകൊണ്ട് ഗ്രീക്കിലാക്കിയപ്പോൾ അക്ഷരാർത്ഥത്തിൽ തർജ്ജമ ചെയ്ത് 'ഹിയോസ് തു അൻന്ത്രോപ്പ്' (= മനുഷ്യപുത്രൻ) എന്നാക്കി; "അൻന്ത്രോപ്പോസ്" (= മനുഷ്യൻ) എന്നുമാത്രം മതിയായിരുന്നല്ലോ.

യേശുവിന്റെ പ്രബോധനങ്ങളിൽ മൂന്നു വിഷയങ്ങളുമായി ബന്ധപ്പെട്ട് ഈ സംജ്ഞ ഉപയോഗിച്ചിരിക്കുന്നു. യേശുവിന്റെ ഭൗമികജീവിതം, സഹനം, മഹത്ത്വത്തോടെയുള്ള രണ്ടാം ആഗമനം എന്നിവയാണ് മൂന്നു വിഷയങ്ങൾ. ഇവ യേശുവിന്റെ മൂന്നു തലങ്ങളിലുള്ള ദൗത്യങ്ങളാണ് വിശദീകരിക്കുന്നത്. സമവീക്ഷണസുവിശേഷങ്ങളിൽ ഈ മൂന്നുതലങ്ങൾ വ്യക്തമാണ്.

1. “എന്നാൽ ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കാൻ മനുഷ്യപുത്രന് അധികാരമുണ്ടെന്ന് നിങ്ങൾ അറിയേണ്ടതിന്.....” (മർക്കോ 2:10). “മനുഷ്യപുത്രൻ” ഇവിടെ യേശുവിന്റെ രക്ഷാകര ദൗത്യത്തെ സൂചിപ്പിക്കുന്ന സംജ്ഞയാണ്. പാപം ക്ഷമിക്കുക - മിശിഹായുടെ, രക്ഷകന്റെ ധർമ്മമാണ്. “...... മനുഷ്യപുത്രൻ സാബത്തിന്റെ അതിനാഥനാണ്” (മർക്കോ. 2:28). ദൈവത്തിന്റെ അധികാരം ഉള്ളവനാണ് യേശു എന്നാണ് സൂചന. മുകളിൽ ഉദ്ധരിച്ച ഭാഗത്തും ഈ ആശയമുണ്ട്.

2. രണ്ടാമത്തെ തലം സഹനവുമായി ബന്ധപ്പെട്ടതാണ്. പീഡാസഹനവും ഉത്ഥാനവും പ്രവചിക്കുമ്പോൾ ‘മനുഷ്യപുത്രൻ’ എന്ന സംജ്ഞയാണ് യേശു ഉപയോഗിക്കുന്നത്. “മനുഷ്യപുത്രൻ വളരെയേറെ സഹിക്കുകയും......” (മർക്കോ 8:31; 9:31; 10:33).

3. യുഗാന്ത്യസംബന്ധമാണ് മൂന്നാമത്തേത്. “മനുഷ്യപുത്രൻ ശക്തിയുടെ വലതുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും....” (മർക്കോ 14:62). വിധിയാളനായ ദൈവത്തിന്റെ അധികാരമാണ് ഇതു സൂചിപ്പിക്കുന്നത്. അപ്പോൾ ദൈവത്തിന്റെ അധികാരം തന്നെയാണ് യേശുവിനും എന്നർത്ഥം.

യോഹന്നന്റെ സുവിശേഷത്തിൽ ഈ സംജ്ഞയുടെ പ്രയോഗത്തിന് അടിസ്ഥാനപരമായ വ്യത്യാസമില്ല. ക്രിസ്തുവും ദൈവപുത്രനുമായ യേശു മനുഷ്യപുത്രനുമാണ്. നഥാനയേൽ യേശുവിനെ “റബ്ബി, ദൈവപുത്രൻ, ഇസ്രായേലിന്റെ രാജാവ്” എന്നെല്ലാം അഭിസംബോധന ചെയ്യുന്നുണ്ടെങ്കിലും യേശു ‘മനുഷ്യപുത്രൻ’ എന്നാണ് സ്വയം വിശേഷിപ്പിക്കുന്നത് (1:51). സഹനവുമായി ബന്ധപ്പെടുത്തി യോഹന്നാൻ ഇത് ഉപയോഗിക്കുന്നു (3:14; 8:28; 12:32). വിധിയുമായി ബന്ധപ്പെടുത്തിയാണ് യോഹന്നാൻ ഇത് കൂടുതൽ ഉപയോഗിക്കുന്നത് (5:25f).

രക്ഷകൻ, ദൈവത്തെ വെളിപ്പെടുത്തുന്നവൻ, ക്രിസ്തു, ദൈവപുത്രൻ, ഇസ്രായേലിന്റെ രാജാവ്, വിധിയാളനായ ദൈവത്തിന്റെ അധികാരി തുടങ്ങിയ എല്ലാ സംജ്ഞകളിലുമുള്ള സന്ദേശങ്ങൾ “മനുഷ്യൻ” എന്ന വാക്കിൽ സുവിശേഷകർ ഒതുക്കുമ്പോൾ “മനുഷ്യത്വം” ദൈവികതയുടെ വെളിപാടിനുള്ള മാധ്യമമായി നൽകപ്പെടുകയാണ്.

പഴയനിയമത്തിലും ബൈബിളിനു പുറത്തുള്ള ഗ്രന്ഥങ്ങളിലും സമാന്തരപ്രയോഗങ്ങൾ തേടുമ്പോൾ ഈ പ്രയോഗം പ്രത്യക്ഷ

പ്പെടുന്ന ദാനി 7:13 ആണ് അടിസ്ഥാനഭാഗം. സ്വർഗ്ഗീയമായ പൂർവ്വാസ്തിത്വം, സഹിക്കുന്ന ജനങ്ങളുടെ പ്രതിനിധി, മഹത്ത്വത്തിലേക്ക് നയിക്കപ്പെട്ട് സർവ്വാധികാരങ്ങളുടെയും ഉടമയാകൽ എന്നീ ആശയങ്ങൾ ദാനിയേലിന്റെ 7-ാം അദ്ധ്യായത്തിലെ അപ്പോക്കലിപ്റ്റിക് വിവരണത്തിന്റെ പ്രധാന സന്ദേശമാണ്. ഇതുതന്നെയാണ് 'മനുഷ്യപുത്രൻ' എന്ന് സുവിശേഷങ്ങളിൽ ഉപയോഗിക്കുമ്പോഴും അർത്ഥം.

ഖുംറാൻ സമൂഹത്തിന്റെ രചനകളിലും, ഏനോക്കിന്റെ പുസ്തകത്തിലും ഈ സംജ്ഞയുടെ പ്രയോഗം കാണുന്നു. രക്ഷകന്റെ ദൗത്യവുമായി ബന്ധപ്പെടുത്തിയാണ് 'മനുഷ്യപുത്രൻ' ഉപയോഗിച്ചിരിക്കുന്നത്.

യേശു മിക്കവാറും ദാനി 7 പുനർവ്യാഖ്യാനം ചെയ്ത് തന്റെ ദൗത്യത്തിന്റെ അർത്ഥം അവതരിപ്പിച്ചിരിക്കണം. 'ക്രിസ്തു'വുമായി ബന്ധപ്പെട്ട മറ്റ് പഴയനിയമ ഭാഗങ്ങളും ഇതോടു ബന്ധപ്പെടുത്തി മനസ്സിലാക്കിയിരിക്കണം. ഉദാ: സങ്കീ 110; ഏശ 53. അങ്ങനെ ഭൂമിയിൽ യേശുവിന്റെ അധികാരം, സഹനം, യുഗാന്ത്യവിധി എന്നീ മൂന്ന് വിഷയങ്ങളും അതോടു ബന്ധപ്പെട്ട യേശുവിന്റെ അനന്യതയും വെളിപ്പെടുത്താൻ "മനുഷ്യപുത്രൻ" എന്ന സംജ്ഞ സഹായിച്ചു.

ഡോ. തോമസ് കൊച്ചുകരോട്ട്

# 02

## വാഗ്ദാനങ്ങളുടെ പൂർത്തീകരണമായ ക്രിസ്തു

ക്ലോക്ക് സ്വയം കറങ്ങിത്തുടങ്ങുന്നതോടെ നിർമ്മാതാവിന്റെ ജോലി അവസാനിക്കുന്നതുപോലെയല്ല സൃഷ്ടികർമ്മം പൂർത്തിയാക്കിയ ദൈവത്തിന്റെ അവസ്ഥ. ചരിത്രത്തിന്റെ നിർണ്ണായക മുഹൂർത്തങ്ങളിലെല്ലാം ദൈവം നേരിട്ടിടപെടുന്നു. ഇസ്രായേലിന്റെ തെരെഞ്ഞെടുപ്പും പരിപാലനവും ഈ ഇടപെടലുകളുടെ ഛായാചിത്രങ്ങളാണ്. കാലത്തിന്റെ നിമ്നോന്നതങ്ങളിൽ കണ്ണീർ വാർത്തപ്പോഴും ദൈവത്തിന്റെ സ്വന്തം ജനം ഒരു രക്ഷകനെ കാത്തിരുന്നു. പഴയനിയമ ജനത പ്രതീക്ഷിച്ചിരുന്ന അഭിഷിക്തനാണ് കാലത്തിന്റെ പൂർണ്ണതയിൽ അവതീർണ്ണനായ നസ്രത്തിലെ യേശു. പഴയനിയമ പ്രതീക്ഷകളുടെ സാക്ഷാത്കാരമായി യേശുവിനെ അവതരിപ്പിക്കുകയാണ് ഈ ലേഖനത്തിൽ

### ദൈവത്തിന്റെ ഇടപെടലുകൾ

യേശുവിന്റെ ജനനത്തിന് നൂറ്റാണ്ടുകൾക്കുമുമ്പു തന്നെ മനുഷ്യചരിത്രത്തിൽ ദൈവം സജീവനായിരുന്നു. മനുഷ്യരുമായി ഉടമ്പടി ഒപ്പുവയ്ക്കുന്ന ദൈവ

ത്തെയാണ് പഞ്ചഗ്രന്ഥി പരിചയപ്പെടുത്തുന്നത് (ഉല്പ 9-10; 15-17; 26:5; 28:12ff ; 35:9-12; പുറ 6:2-8; 19-34). ഉടമ്പടി ഒപ്പുവയ്ക്കുന്നവർ തുല്യനിരയിലുള്ളവരാവണമെന്നതായിരുന്നുചട്ടം. പരമോന്നതനായ ദൈവസങ്കല്പം വച്ചുപുലർത്തിയിരുന്ന ഇസ്രായേൽക്കാർക്ക് ഇങ്ങ നെയൊരു ഉടമ്പടിയെപ്പറ്റി ചിന്തിക്കാനേ സാധ്യമല്ലായിരുന്നെങ്കി ലും, സീനായ് ഉടമ്പടിയിൽ ദൈവം ഒരു മനുഷ്യനെന്നതുപോലെ പെരുമാറുന്നതു നാം കാണുന്നു (പുറ 19-34). പരസ്പരം അംഗീക രിച്ചുകൊണ്ടുള്ള ഒരു ഉടമ്പടി പത്രികക്കായിട്ടാണ് യാഹ്വേ മുൻകൈയെടുക്കുന്നത്.

ഇസ്രായേലിനെ തന്റെ സീമന്തപുത്രനായി അഭിസംബോധന ചെയ്യുമ്പോൾ (പുറ 4:22) യാഹ്വേ തന്റെ പിതൃസ്ഥാനം വെളിപ്പെ ടുത്തുന്നു. "അവിടുന്ന് അവനെ മരുഭൂമിയിൽ, ഓരിയിടുന്ന മണ ലാരണ്യത്തിൽ കണ്ടെത്തി; അവനെ വാരിപ്പുണർന്നു; താല്പര്യ പൂർവ്വം പരിചരിച്ച് തന്റെ കണ്ണിലുണ്ണിയായി സൂക്ഷിച്ചു" (നിയമാ 32:10) എന്ന് പറയുമ്പോഴും വത്സലനായ ഒരു പിതാവിന്റെ ചിത്ര മാണ് അനാവൃതമാകുന്നത്. "ഇസ്രായേൽ ശിശുവായിരുന്നപ്പോൾ ഞാനവനെ സ്നേഹിച്ചു; ഈജിപ്തിൽനിന്ന് ഞാൻ എന്റെ മകനെ വിളിച്ചു" (ഹോസി 11:1) വെന്നും, "ഞാൻ ഇസ്രായേലിനു പിതാ വാണ്; എഫ്രായിം എന്റെ ആദ്യജാതനും" (ജെറ 31:9) എന്നും പ്രവാ ചകന്മാരിലൂടെ ദൈവം സംസാരിക്കുമ്പോൾ വിടരുന്ന ചിത്രം വത്സ ലനിധിയായ ഒരു പിതാവിന്റേതുതന്നെ. ശാരീരികമായ പിതൃത്വ ത്തെക്കാളുപരി, ദൈവത്തിന്റെ സ്വതന്ത്രമായ തിരഞ്ഞെടുപ്പിൽനി ന്നുത്ഭവിക്കുന്ന പിതൃത്വമാണിവിടെ വിവക്ഷ. ഇസ്രായേല്യർ ദൈവത്തെ തങ്ങളുടെ പിതാവായി കരുതിയിരുന്നതിന് തെളിവു കൾ വേറെയുമുണ്ട് (ഉദാ: ഏശ 64:7; തോബിത് 13:3). രക്ഷയുമായി ബന്ധപ്പെടുത്തിയാണ് ഏശയ്യ (63:16) ദൈവത്തിന്റെ പിതൃത്വം നോക്കിക്കാണുന്നത്.

യാഹ്വേയും ഇസ്രായേലുമായുള്ള ഗാഢബന്ധം ദ്യോതിപ്പി ക്കുന്ന മറ്റൊരു പ്രതീകം വിവാഹബന്ധമാണ് അനുസരണമില്ലാത്ത മകനായും അവിശ്വസ്തയായ ഭാര്യയായും ജെറമിയ ഇസ്രായേ ലിനെ വിശേഷിപ്പിക്കുന്നു (63:19-22). മാനുഷിക ബന്ധങ്ങളുടെ ഏറ്റവും തീവ്രമായ പ്രകടനമാണ് വിവാഹബന്ധ (cf ഉല്പ 2:24) മെങ്കിൽ, കാമാന്ധയും അവിശ്വസ്തയുമായ ഒരു ഭാര്യയായിട്ടാണ് ഹോസിയ (1:1-3:5) ഇസ്രായേ ലിനെ ചിത്രീകരിക്കുന്നത് "ഞാനെന്റെ പ്രിയന്റേതാണ്, എന്റെ പ്രിയൻ എന്റേതു"മെന്ന് ഉത്ത മഗീതം (6:3) പറയുമ്പോൾ ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധത്തിന്റെ തീവ്രത നമുക്ക് ഗ്രഹിക്കാനാകും.

അർത്ഥം നഷ്ടപ്പെട്ട പഴയ ഉടമ്പടിക്കു പകരം ഹൃദയത്തിൽ എഴുതപ്പെട്ട പുതിയ ഉടമ്പടിയെക്കുറിച്ചുള്ള ജെറമിയായുടെ പ്രവചനം (31:33) മനുഷ്യാവതാരരഹസ്യവുമായി സഗാഢം ബന്ധപ്പെട്ടിരിക്കുന്നു. മേലിൽ നിയമങ്ങൾ വെളിയിൽനിന്ന് അടിച്ചേല്പിച്ചിരിക്കുന്നതാവില്ലെന്നും, അത് ഹൃയങ്ങളിൽനിന്ന് ഉദ്ദീപിക്കുമെന്നും പറയുമ്പോൾ മനുഷ്യഹൃദയങ്ങളിലേക്ക് ഇറങ്ങിവസിക്കുന്ന യാഹ്‌വേയുടെ ചിത്രമാണ് ജെറമിയ പങ്കുവയ്ക്കുന്നത്. ഉടമ്പടിയിലെ ഒരു കക്ഷിയായോ, ഒരു മകനായോ വധുവായോ മാത്രമല്ല, ദൈവാരൂപിയാൽ നിവേശിതനായ ഒരു പുതിയ മനുഷ്യനായാണ് എസെക്കിയേൽ പ്രവാചകൻ (36:26-27) ഇസ്രായേലിനെ കാണുന്നത്.

**ഇസ്രായേലിന്റെ പ്രതീക്ഷ**

വിശുദ്ധിയിൽ തന്നെ ആരാധിക്കുന്നതിനായി ഒരു ജനതയെ യാഹ്‌വേ പരിപാലിച്ചുപോന്നു. ഈ ജനതയുടെ ചരിത്രം മുഴുവൻ ദൈവത്തിന്റെ മനുഷ്യാവതാരത്തിനുള്ള ഒരുക്കമായിരുന്നു. ഈ പ്രതീക്ഷകളെല്ലാം സഫലമാവുന്നത് ദൈവം 'മനുഷ്യരോടുകൂടെ കൂടാരമടിക്കുമ്പോഴാണ്(യോഹ 1:14). 'പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും പിതാക്കന്മാരോട് സംസാരിച്ച ദൈവം അവസാനനാളുകളിൽ തന്റെ പുത്രൻവഴി നമ്മോടു സംസാരിച്ചിരിക്കുന്നു'വെന്നാണ് ഹെബ്രായ ലേഖകൻ (1:1-2) മനുഷ്യാവതാരത്തെക്കുറിച്ച് പറയുന്നത്.

***1. ഉടമ്പടിയിൽ വിരിയുന്ന പ്രതീക്ഷ***

ജലപ്രളയത്തിനുശേഷം നോഹയുമായും (ഉല്പ 9-10) പിന്നീട് പിതാവായ അബ്രാഹവുമായും (ഉല്പ 15-17) ദൈവം ഉടമ്പടികൾ ഉണ്ടാക്കുന്നു. മനുഷ്യകുലത്തിനാകമാനം അനുഗ്രഹം നല്കുന്നതായിരുന്നു അബ്രാഹവുമായുള്ള ഉടമ്പടി (ഉല്പ 12:3). ഈ ദൈവ-മനുഷ്യകൂട്ടായ്മയുടെ ശാശ്വതപ്രതീകമായിരുന്നു പരിച്ഛേദനം (ഉല്പ 17:11). പിന്നീട് ഇസഹാക്ക് (ഉല്പ 26:25), യാക്കോബ് (ഉല്പ 28:11; 35:9-12) എന്നിവരുമായും ദൈവം ഉടമ്പടിയുണ്ടാക്കുന്നുണ്ട്. എന്നാൽ ഇസ്രായേൽ ജനതയ്ക്ക് അനന്യശ്രേഷ്ഠത നല്കിയത് സീനായ് ഉടമ്പടിയാണ് (പുറ 19-34). അതോടെ അവർ "ഉടമ്പടിയുടെ ജനം" (people of the covenant) എന്നറിയപ്പെടാൻ തുടങ്ങി.

നാഥാന്റെ പ്രവചനം (2 സാമു 7) ഇസ്രായേലിന്റെ പ്രതീക്ഷകൾക്ക് ഒരു പുതിയ മാനം നല്കുന്നു. ദാവീദിന്റെ സിംഹാസനം എന്നും നിലനില്ക്കുമെന്ന (2 സാമു 7:16) പ്രവചനം, മിശിഹാ ദാവീ

ദിന്റെ ഗോത്രത്തിൽ പിറക്കുമെന്ന വിശ്വാസത്തിന് ആക്കംകൂട്ടി. "ബേത്‌ലെഹേം-എഫ്രാത്താ, യൂദാഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രായേലിനെ ഭരിക്കേണ്ടവൻ നിന്നിൽനിന്നു പുറപ്പെടുമെന്ന" മിക്കായുടെ പ്രവചനവും (5:2) ഏശയ്യായുടെയും (11:1) ജെറമിയായുടെയും (23:5) പ്രവചനങ്ങളും, മിശിഹാ ദാവീദിന്റെ ഗോത്രത്തിൽനിന്നാണെന്ന വിശ്വാസത്തിന് അടിവരയിട്ടു. ദൈവം നമ്മോടുകൂടെ-ഇമ്മാനുവേൽ-എന്നാണ് ഒന്നാം ഏശയ്യാ (7:11) ഇതിനെ വിശേഷിപ്പിച്ചത്. ചുരുക്കത്തിൽ ഉടമ്പടികളിലൂടെ വിരിയുന്ന പ്രതീക്ഷകളുടെ പരിസമാപ്തിയാണ് യേശുവിൽ സംഭവിക്കുക. പൂർണ്ണ ദൈവവും പൂർണ്ണമനുഷ്യനുമായുള്ള പരിപൂർണ്ണസമാഗമം-ഉടമ്പടി-യേശുവിന്റെ വ്യക്തിത്വത്തിൽ നമുക്ക് കാണാം.

### *2. യാഹ്‌വേയുടെ സഹിക്കുന്ന ദാസൻ*

രണ്ടാം ഏശയ്യായുടെ പ്രവചനങ്ങളിൽ ഏറ്റവും ശ്രദ്ധേയം സഹിക്കുന്ന ദാസന്റെ-എബെദ്-യാഹ്‌വേ-കീർത്തനങ്ങളാണ് (ഏശയ്യാ 42:1-7; 49:1-7; 50:4-9; 52:13-53:12). ഒന്നാം കീർത്തനത്തിൽ ദൈവത്തിന്റെ പ്രീതിപാത്രമായ ദാസനെ ചിത്രീകരിച്ചിരിക്കുന്നു. ദൈവാരൂപിയിൽ നിറഞ്ഞ് ഏവർക്കും നീതിനല്കുകയാണ് അവന്റെ ദൗത്യം. ദൈവദാസൻ ഇസ്രായേലുമായി തന്നെത്തന്നെ സാദൃശ്യപ്പെടുത്തുന്നു. ദാസന്റെ പരിപൂർണ്ണ നിഷ്കളങ്കതയാണു മൂന്നാം കീർത്തനത്തിന്റെ പ്രമേയം. നാലാം കീർത്തനത്തിലാണ് യേശുവിന്റെ സഹനങ്ങളെക്കുറിച്ച് വ്യക്തമായി വിവരിച്ചിട്ടുള്ളത് (ഏശ 52:12-53:13).

### *3. മനുഷ്യപുത്രൻ*

"ഇതാ മേഘങ്ങളിൽ മനുഷ്യപുത്രനെപ്പോലെ ഒരുവൻ വരുന്നു... എല്ലാ ജനതകളും ജനപദങ്ങളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് ആധിപത്യവും മഹത്വവും രാജത്വവും അവനു നല്കി. അവന്റെ ആധിപത്യം ശാശ്വതമാണ്, അതൊരിക്കലും ഇല്ലാതാവുകയില്ല. അവന്റെ രാജത്വം അനശ്വരമാണ്" (ദാനി 7:13-14) എന്ന ദർശനം, യുഗാന്ത്യോന്മുഖവും രാജകീയവുമായ ദൈവരാജ്യയാഥാർത്ഥ്യത്തിലേക്ക് വിരൽചൂണ്ടുന്നു. 'മനുഷ്യപുത്രൻ' എന്ന സംജ്ഞ യേശു തനിക്കുവേണ്ടി ഉപയോഗിക്കുന്നുണ്ടെങ്കിലും, ഇതിനെക്കാൾ, സഹനദാസനാ (എബെദ് യാഹ്‌വേ) യാണ് യേശു സ്വയം ചിത്രീകരിക്കുന്നത് (മർക്കോ 8:31; 9:31; 10:33).

### *4. രക്ഷകൻ, രാജാവ്, പുരോഹിതൻ*

ദാവീദിന്റെ ഗോത്രത്തിൽ പിറക്കുന്ന രാജാവാണ് മിശിഹാ (2

സാമു 7:12-16; ജെറെ 23:5; ഏശ 11:1; സങ്കീ 89:4). മംഗളവാർത്ത യിലും മാലാഖ ഈ സൂചന നല്കുന്നുണ്ട് (ലൂക്കാ 1:32-33). യൂദാ യുടെ ഭവനത്തിൽനിന്ന് ചെങ്കോൽ ഒഴിയില്ലെന്നുള്ള യാക്കോ ബിന്റെ അനുഗ്രഹവും (ഉല്പ 49:9-10). "യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും, ഇസ്രായേലിൽനിന്ന് ഒരു ചെങ്കോലുയരും" എന്ന ബാലാമിന്റെ പ്രവചനവും (സംഖ്യ 24:17) രാജകീയ മിശി ഹായെപ്പറ്റിയുള്ള പ്രതീക്ഷകൾ ഉണർത്തുന്നു. സങ്കീർത്തനങ്ങ ളിലും ഈ സൂചനകൾ കാണാം (ഉദാ. 2:89; 109).

യേശു, 'ക്രിസ്തു'വാണെന്ന് പത്രോസ് ഏറ്റുപറയുമ്പോൾ (മത്താ 16:16), അവൻതന്നെയാണ് ഇസ്രായേൽ പ്രതീക്ഷിച്ചിരുന്ന മിശിഹായെന്ന് വ്യക്തം. എമ്മാവൂസ് സംഭവത്തിലും (ലൂക്കാ 24:25-27) പിന്നീട് ശിഷ്യഗണത്തിനു പ്രത്യക്ഷപ്പെട്ടപ്പോഴും (ലൂക്കാ 24:44-46) "മോശയുടെ നിയമത്തിലും പ്രവാചകഗ്രന്ഥങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നതെല്ലാം പൂർത്തിയാകേണ്ടിയിരിക്കുന്നു" എന്ന് യേശു പറയുന്നു.

### *5. അപ്രമാണികഗ്രന്ഥങ്ങലിൽ*

പഴയനിയമഗ്രന്ഥത്തിലെന്നപോലെ അപ്രമാണികഗ്രന്ഥങ്ങളിലും (എനോക്ക്, എസ്ദ്രോസ്) മിശിഹായെക്കുറിച്ച് പ്രതിപാദിക്കുന്നു ണ്ട്. ഖുമ്രാൻ സമൂഹം (Qumran Communitty) ഒരു രാജമിശിഹാ യെയും പുരോഹിതമിശിഹായെയും പ്രതീക്ഷിച്ചിരുന്നു. രാഷ്ട്രീ യവിമോചകനായ ഒരു മിശിഹായെ കാത്തിരുന്നവരും കുറവല്ലാ യിരുന്നു (ലൂക്കാ 24:21). എവിടെനിന്നാണ് മിശിഹാ വരുന്ന തെന്നകാര്യം ആരും അറിയില്ലെന്ന വിശ്വാസം (യോഹ 7:27) നിഗൂ ഢമായൊരു മിശിഹാസങ്കല്പമാണ്.

### പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെടുന്നു

"നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനല്ല, പൂർത്തിയാക്കാനാണ് ഞാൻ വന്നത്" (മത്താ 5:17) എന്ന വചനം പ്രവചനങ്ങളുടെ പൂർത്തീകരണമാണ് യേശുവെന്നു വ്യക്തമാക്കു ന്നു. വി. പത്രോസിനോടൊപ്പം (1 പത്രോ 1:10-12) താഴെ വരുന്ന വാക്യങ്ങളും ഈ പൂർത്തീകരണ യാഥാർത്ഥ്യം വിളിച്ചോതുന്നു. മർക്കോ 14:61-62; 13:28; മത്താ 1:22; 2:15.17.23; 4:14; 8:17; 12:17; 13:15; 26:54.56; 27;7-10; ലൂക്കാ 4:21; 24:44; നട 1:16; 3:18; 13:27; യോഹ 12:38; 13:18; 15:25; 19:24.36. പഴയനിയമപ്രവചനങ്ങളെല്ലാം പുതിയനിയമ ത്തിൽ പൂർത്തീകരിക്കപ്പെടുന്നു; അഥവാ പുതിയനിയമ പശ്ചാത്ത ലത്തിലാണ് പഴയനിയമത്തിന് അർത്ഥപൂർണ്ണത കൈവരുന്നത്.

സഭാപഠനങ്ങളിലും മേൽപറഞ്ഞ അഭിപ്രായം ശക്തിയായി നിലഴിക്കുന്നുണ്ട്. പുതിയനിയമത്തിലാണ് പഴയനിയമ പൂർണ്ണത (N.D.253) യെന്ന് രണ്ടാംവത്തിക്കാൻ കൗൺസിൽ (D.V. 16) പഠിപ്പിക്കുന്നു. ക്രൈസ്തവ-യഹൂദ സംവാദത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ രേഖകളിലും (N.D.263) പഴയ-പുതിയ നിയമ ബന്ധത്തിന് അടിവരയിടുന്നുണ്ട്. പഴയനിയമജനത പ്രതീക്ഷിച്ചിരുന്ന പുരോഹിത-പ്രവാചക-രാജകീയ മിശിഹായാണ് യേശുവെന്ന് സാർവ്വത്രികവേദോപദേശം (Catechism of the Catholic Church) പഠിപ്പിക്കുന്നു (Nos. 431 & 436).

**ഉപസംഹാരം**

പഴയനിയമകാലം മുഴുവൻ ഒരു പരിണാമപ്രക്രീയയായിരുന്നുവെന്നു പറയാം. യേശുവിലാണ് അതെത്തിനില്ക്കുന്നത്. സർവ്വലോകത്തിനും പ്രകാശവും രക്ഷയുമായി യേശു ചരിത്രത്തിനു നടുവിൽ നിലകൊള്ളുന്നു. സഭയിലൂടെ യേശുവചനങ്ങൾ നിറവേറുകയാണിന്ന്. ദൈവികപദ്ധതികൾ കാലാകാലങ്ങളിൽ നിറവേറുന്നതിന്റെ ഭാഗമാണിതെല്ലാം. മാറാത്ത വാക്കിനുടമയായവൻ മനുഷ്യചരിത്രത്തിൽ നടത്തിയ ഇടപെടലുകളൊന്നും നമുക്കു ചരിത്രമായിക്കൂടാ. അനുദിനജീവിതത്തിലെ തനിമയാർന്ന അനുഭവങ്ങളിൽ ദൈവിക ഇടപെടലുകൾ നാമും സ്വന്തമാക്കണം. ഹൃദയം തുറക്കുകയാണ് ഇതിനുള്ള പോംവഴി. ജീവനുള്ള ദൈവത്തിന്റെ വലിയ പദ്ധതികൾക്കെല്ലാം പ്രയോജകർ നാംതന്നെയാണല്ലോ.

*(ജോസഫ് മാരാംപറമ്പിൽ)*

# 03

## ക്രിസ്തു രഹസ്യങ്ങൾ ഒരു പഠനം

അദൃശ്യനായ ദൈവത്തിന്റെ ദൃശ്യമായ അവതാരമാണ് യേശുക്രിസ്തു. ചരിത്രത്തിൽ ദൈവത്തിന്റെ സാന്നിധ്യമാണ് അവിടുന്ന്. ദൈവത്തിന്റെ സുതനായ അവിടുന്ന് പൂർണ്ണ മനുഷ്യനാണ്, ദൈവവുമാണ്. ദൈവം ആരാണെന്നു വെളിപ്പെടുത്തിയ യേശു, മനുഷ്യൻ എന്തായിരിക്കണമെന്ന് സ്വജീവിതത്തിലൂടെ കാണിച്ചുതന്ന യേശു, ദൈവത്തിന്റെയും മനുഷ്യന്റെയും പൂർണ്ണ രൂപമാണ്. ദൈവം ആര്? മനുഷ്യൻ ആര്? എന്നീ ചോദ്യങ്ങളുടെ പൂർണ്ണമായ ഉത്തരം യേശുതന്നെ.

ദൈവികതയിലേക്കു വളരേണ്ട മാനവികതയെക്കുറിച്ച് യേശുക്രിസ്തു പഠിപ്പിച്ചു; സ്വന്തം ജീവിതത്തിലൂടെ കാണിച്ചുതന്നു. 'അഹം' വെടിഞ്ഞ് പരോന്മുഖമായി ജീവിക്കേണ്ടതിന്റെ ആവശ്യകത ജീവിതത്തിലൂടെ അവിടുന്നു വ്യക്തമാക്കി. ഈ യേശുക്രിസ്തുവിനെ കൈവശംവച്ചാൽ, അവിടുത്തേക്ക് പിടികൊടുത്താൽ മറ്റൊന്നും കൈവശംവച്ചുകൂടെന്നുള്ള കഠിന ഭയവും നാം പൂജിക്കുന്ന പലതും കൈവിട്ടുപോകുമെന്നുള്ള ആശങ്കയും യേശുവിനെ ഉൾക്കൊള്ളുന്നതിൽനിന്നും പിൻതുടരുന്നതിൽനിന്നും നമ്മെ വിമുഖരാക്കുന്നു.

നമ്മെ സ്നേഹിക്കുന്നവൻ മനുഷ്യപുത്രനായ നമ്മെ ദൈവപുത്രരാക്കുന്നതിനുവേണ്ടി നമ്മിലേക്ക് ഇറങ്ങി ശ്രേഷ്ഠമായ മനുഷ്യദർശനം കാഴ്ചവച്ചു. ചരിത്രത്തിൽ അവതീർണ്ണനായ യേശുക്രിസ്തുവിനെ മനുഷ്യാവതാരത്തിനുമുമ്പുള്ള അവസ്ഥ, കന്യകയിൽ നിന്നുള്ള ജനനം, പരസ്യശുശ്രൂഷയ്ക്ക് കളമൊരുക്കുന്ന രംഗങ്ങളായ യേശുവിന്റെ ജ്ഞാനസ്നാനം, അവിടുത്തെ പ്രലോഭനങ്ങൾ എന്നീ ജീവിതരഹസ്യങ്ങളുടെ ദൈവശാസ്ത്രപരമായ ഉൾകാഴ്ചയും അവ നമുക്കു നല്കുന്ന സന്ദേശവും എന്തെന്ന് കണ്ടെത്താനുള്ള പരിശ്രമമാണ് ഈ ലേഖനം.

## യേശുവിന്റെ പൂർവ്വാസ്ഥിത്വം (pre existence)

യേശുക്രിസ്തുവിന്റെ മറ്റെല്ലാ പേരിനേയുംകാൾ പ്രാധാന്യമർഹിക്കുന്നതും ശ്രദ്ധേയവുമായ ഒന്നാണ് വചനം. വെളിപ്പെടുത്തപ്പെട്ട എല്ലാ ദൈവികസത്യങ്ങളുടേയും സത്തയും സമാഹാരവുമായിട്ടാണ് യോഹന്നാൻ സുവിശേഷകൻ വചനത്തെ കാണുന്നതും അവതരിപ്പിക്കുന്നതും. സൃഷ്ടിയുടെ ആരംഭംമുതലെ ദൈവത്തോടുകൂടെ കർമ്മനിരതനായിരുന്ന വചനത്തിന്റെ പൂർവ്വാസ്ഥിത്വം യോഹന്നാൻ വ്യക്തമാക്കുന്നുണ്ട് (യോഹ 1,1:17,5-24).

യോഹന്നാൻ തന്റ സുവിശേഷത്തിന്റെ ആമുഖഭാഗത്ത് (1,1-18) മാത്രമാണ് യേശുവിനെ വചന (ho Logos) മായി അവതരിപ്പിക്കുന്നത്. വചനം എന്ന പദം ചരിത്രപുരുഷനായ യേശുവിനായി ഉപയോഗിക്കുന്ന 1 യോഹ. 1,1 ഉം വെളി. 19,13 ഉം യോഹന്നാന്റെ തന്നെ പാരമ്പര്യത്തിൽനിന്നുള്ളതാണ് യോഹ. 1,1 ഉം 1 യോഹ. 1,1 ഉം യേശുവിന്റെ പൂർവ്വാസ്ഥിത്വം എടുത്തുപറയുന്നു. യോഹ. 1,1 പൂർവ്വാസ്ഥിത്വത്തിൽനിന്ന് ചരിത്രത്തിലുള്ള അവതാരത്തേയും കൂടി വ്യക്തമാക്കുന്നു (ലൂക്കാ. 1,14).

'വചനം' (Logos) എന്ന പദത്തിന്റെ ഉറവിടത്തെക്കുറിച്ചുള്ള ഗവേഷണം ഗ്രീക്കുസംസ്കാരത്തിലെത്തിനില്ക്കുന്നു. വിജാതീയരായ 'സ്റ്റോയിക്' തത്ത്വചിന്തകന്മാർ 'വചനം' കൊണ്ട് വിവക്ഷിക്കുന്നത് ഈ പ്രപഞ്ചത്തെ മുഴുവൻ ഉൾക്കൊള്ളുന്ന, അതിനെ ഭരിക്കുകയും നയിക്കുകയും ചെയ്യുന്ന ഒരു ദിവ്യചൈതന്യവിശേഷമെന്നാണ്. ഈ ചിന്തയുടെ വെളിച്ചത്തിൽ ചിലർ നാലാമത്തെ സുവിശേഷത്തിന്റെ ആമുഖത്തിന്റെ ജ്ഞാനവാദപശ്ചാത്തലം വിശദീകരിക്കുന്നു.

വളരെ ശ്രദ്ധിച്ചു പഠിച്ചാൽ ഗ്രീക്കുസംസ്കാരത്തിലെ 'വചന'ത്തെക്കുറിച്ചുള്ള ചിന്തയും യോഹന്നാന്റെ ആമുഖത്തിലെ കാഴ്ചപ്പാടും തമ്മിൽ കാര്യമായ അന്തരം കാണാം. ഗ്രീക്കു തത്വശാ

സ്ത്രത്തിൽ 'വചന'മെന്നത് ഈ ദൃശ്യപ്രപഞ്ചത്തിനാധാരമായ അതിഭൗതീക തത്വമാണ്. നിരന്തരം പ്രവർത്തന നിരതമായ ഒരു ക്രിയാത്മകശക്തിയായിട്ടാണ് വചനത്തെ അവർ കണ്ടിരുന്നത്. അല്ലാതെ യോഹന്നാനെപോലെ ചരിത്രാവതാരം ചെയ്ത വചന മായോ, വചനത്തിന്റെ വെളിപ്പെടുത്തപ്പെടൽ ചരിത്രത്തിലെ അദ്വിതീയ സംഭവമായോ കാണുന്നില്ല. ചുരുക്കത്തിൽ ഗ്രീക്കു തത്വ ചിന്തയിൽ 'വചനം' എന്നത് ദൈവത്തിനുള്ള മറ്റൊരു നാമമാണ്. യോഹന്നാനാകട്ടെ, ചരിത്രത്തിലെ അതുല്യസംഭവമായി അവ താരംചെയ്ത, മാംസം ധരിച്ച വചനമാകുന്ന യേശുവിനെക്കുറി ച്ചാണ് പ്രതിപാദിക്കുന്നത്. പൂർവ്വാസ്ഥിത്വത്തിലും മനുഷ്യാവതാര ത്തിലും വചനവും ദൈവവും ഒന്നാണെങ്കിലും, വചനമായ ദൈവം മാംസം ധരിച്ചതോടെ ചരിത്രപശ്ചാത്തലത്തിൽ രണ്ടാണ്. അതാ യത് സ്വഭാവത്തിൽ പിതാവും വചനവും ഒന്നാണെങ്കിലും, (യോ ഹ 10,50) വചനമായ ഈശോ പിതാവിൽനിന്നും വ്യത്യസ്തനായ ഒരു വ്യക്തിയാണ്.

മാംസംധരിച്ച് നമ്മുടെ ഇടയിൽ വസിച്ച 'വചന'ത്തെക്കുറിച്ചുള്ള യോഹന്നാന്റെ ചിന്തക്ക് നിദാനമായിട്ടുള്ളത് വിജാതിയസംസ്കാ രത്തേക്കാൾ പഴയനിയമത്തിലെ യഹൂദപാരമ്പര്യമാണെന്ന് വിശ കലനം ചെയ്താൽ നമുക്ക് മനസ്സിലാകും. പ്രബോധനഗ്രന്ഥങ്ങ ളായ സുഭാഷിതങ്ങൾ 8,22-30 ഉം പ്രഭാഷകൻ 1,1-10 ഉം ഭാഗങ്ങ ളിൽ പ്രതിപാദിക്കുന്ന വിജ്ഞാനത്തിന്റെ പൂർവ്വാസ്ഥിത്വം, വിജ്ഞാ നവും സൃഷ്ടിയും തമ്മിലുള്ള ബന്ധം തുടങ്ങിയ പ്രസക്തചിന്ത കളാണ് യോഹന്നാന്റെ വചനത്തിന് പശ്ചാത്തലം. "കർത്താവ് തന്റെ എല്ലാ സൃഷ്ടികളിലും ആദ്യത്തേതായി എന്നെ സൃഷ്ടിച്ചു. ഭൂമിയുടെ അടിത്തറ ഉറപ്പിച്ചപ്പോൾ വിദഗ്ദ്ധനായ ഒരു പണിക്കാര നെപ്പോലെ ഞാൻ അവിടുത്തെ അരികിലുണ്ടായിരുന്നു" എന്ന പ്രഭാ ഷകന്റെ വാക്കുകളിൽ (8, 22: 29-30) ജ്ഞാനത്തിന്റെ പൂർവ്വാസ്ഥി ത്വവും സൃഷ്ടിയിലുള്ള ഭാഗഭാഗിത്വവും വ്യക്തമാക്കുന്നു. എങ്കിലും ജ്ഞാനവും വചനവും തമ്മിൽ അന്തരമുണ്ട്. ജ്ഞാനത്തെ ഒരിടത്തും ദൈവത്തിന്റെ വചനം എന്നു പറയുന്നില്ല. പൂർവ്വാസ്ഥി ത്വമുണ്ടെങ്കിലും വിജ്ഞാനം സൃഷ്ടിക്കപ്പെട്ടതാണ്; വചനം സൃഷ്ടിയിൽ കർമ്മനിരതമാണെങ്കിലും സൃഷ്ടിക്കപ്പെട്ടതല്ല.

മേൽപറഞ്ഞതിലുമുപരിയായി ഉല്പത്തിപുസ്തകം 1-3 അധ്യായങ്ങളിലെ പ്രതീകങ്ങളും പ്രയോഗങ്ങളും (ആദിയിൽ, സൃഷ്ടി, വെളിച്ചം, ജീവൻ, അന്ധകാരത്തിൽനിന്ന് പ്രകാശം), സീനാ യ്മലയിലെ ദൈവസാന്നിധ്യവർണ്ണനയ്ക്കുപയോഗിക്കുന്ന പ്രയോ ഗങ്ങളും (കൂടാരം, മഹത്വം) യോഹന്നാന്റെ ആമുഖഭാഗത്തു നാം

കാണുന്നതും വ്യക്തമാക്കുന്നത് യോഹന്നാന്റെ 'വചന'ത്തിന് ആധാരം പഴയനിയമപശ്ചാത്തലമാണെന്നതാണ്.

**മനുഷ്യാവതാരം**

ദൈവമായിരുന്ന വചനം മാംസമായിത്തീർന്നത് നമ്മുടെ മധ്യേ കൂടാരമടിച്ചു. ഈ വചനത്തിൽ ദൈവത്തിന്റെ മഹത്വം നാം ദർശിച്ചു. വചനമായ യേശുവിന്റെ മാംസംധരിക്കൽ, മനുഷ്യന്റെ ഇടപെടലുകൾ ഒന്നുംകൂടാതെ, ദൈവം തന്നെ മുൻകൈഎടുക്കുന്ന, അവിടുത്തെ അത്യപൂർവ്വമായ അനുഗ്രഹത്തിന്റെ ഫലമായിരുന്നു. വാർദ്ധക്യത്തേയും വന്ധ്യതയേയും തോല്പിച്ച് രക്ഷാകരപദ്ധതിയിലെ കഥാപാത്രങ്ങൾ ജന്മം കൊള്ളുന്നതിന്റെ കഥകൾ വി. ഗ്രന്ഥത്തിലുടനീളമുണ്ട്. ഇസഹാക്ക്, യാക്കോബ്, സാമുവൽ, സ്നാപകൻ തുടങ്ങി ആ പരമ്പര നീളുന്നു.

ദൈവത്തിന്റെ അത്യപൂർവ്വമായ ഇടപെടലിലൂടെയാണ് യേശുവിന്റെ മനുഷ്യാവതാരം. ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫുമായി വിവാഹനിശ്ചയം ചെയ്യപ്പെട്ടിരുന്ന കന്യകാമറിയം നിയമാനുസൃതം വിവാഹവാഗ്ദാനം കഴിഞ്ഞിരുന്നെങ്കിലും ഭാര്യാഭർത്താക്കന്മാരെപ്പോലെ അവർ സഹവസിക്കാൻ തുടങ്ങിയിരുന്നില്ല (മത്താ. 1,18; ലൂക്കാ 1,27-34). സ്നാപകന്റെ ജനനം ദൈവത്തിന്റെ ദൂതൻ സഖറിയായെ അറിയിച്ച അതേ രീതിയിൽതന്നെയാണ് ഗബ്രീയേൽദൂതൻ മംഗലവാർത്ത മറിയത്തെ അറിയിച്ചത്: "ദൈവകൃപനിറഞ്ഞവളേ സ്വസ്തി, കർത്താവ് നിന്നോടുകൂടെ... ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും, നീ അവന് യേശു എന്നു പേരിടണം (ലൂക്കാ 1,28-31). മനുഷ്യന്റെ ഇടപെടലുകൾ ഒന്നും കൂടാതെ ദൈവാത്മാവിന്റെ സൃഷ്ട്യന്മുഖശക്തിവഴിയാണ് കന്യകാമറിയത്തിൽനിന്നുള്ള യേശുവിന്റെ ജനനം യോഹന്നാൻ 1,13-ൽ എടുത്തുപറയുന്നതുപോലെ, 'അവൻ ജനിച്ചത് രക്തത്തിൽനിന്നോ ശാരീരികാഭിലാഷത്തിൽനിന്നോ അല്ല, ദൈവത്തിൽനിന്നത്രെ' (1,13). ആകയാൽ മറിയത്തിൽനിന്ന് ജനിക്കുന്ന ശിശു പരിശുദ്ധനായിരിക്കും, ദൈവപുത്രനായിരിക്കും. ദൈവപുത്രനായ അവിടുന്ന് പൂർണ്ണമനുഷ്യനാണ്, ദൈവമാണ്. പരിശുദ്ധാത്മാവിലൂടെ യേശുവിന്റെ കന്യകാജനനം (മത്താ 1,18) യേശു എപ്രകാരം ദൈവപുത്രനായി ഭവിച്ചു എന്നതെടുത്തുകാണിക്കുന്നു.

ശിശുവിന്റെ ദൈവികമായ ഉത്ഭവരഹസ്യം ദൂതൻ ജോസഫിനും വെളിപ്പെടുത്തുന്നുണ്ട് (മത്താ 1,20-24). "ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ടാ.

അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം" (മത്താ 1,20-21). മാലാഖയുടെ ഈ വാക്കുകളിലൂടെ, മറിയത്തെ ഭാര്യയായി സ്വീകരിച്ചു വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി വിവാഹകർമ്മങ്ങൾ പൂർത്തിയാക്കാനും പിറക്കാൻപോകുന്ന ശിശുവിനെ നാമകരണംചെയ്ത് പിതൃത്വം നിയമാനുസൃതം ഏറ്റെടുക്കാനുമാണ് ഇവിടെ ആവശ്യപ്പെടുന്നത്. ജോസഫിന്റെ നൈയാമിക പിതൃത്വംവഴി യേശു ദാവീദിന്റെ പുത്രനായിത്തീർന്നു. മിശിഹാ ദാവീദിന്റെ പുത്രനായിത്തീർന്നു. മിശിഹാ ദാവീദിൻന്റെ പുത്രനായിരിക്കുമെന്ന യഹൂദവിശ്വാസവും പ്രതീക്ഷയും (2 സാമു 7; ലൂക്കാ 1, 32-33) ഇവിടെ സഫലമാകുന്നു.

ജോസഫിലൂടെ ദാവീദിന്റെ പുത്രനും പരിശുദ്ധാത്മാവിലൂടെ ദൈവപുത്രനുമായ യേശുവിലൂടെ ദൈവം ചരിത്രത്തിൽ പ്രത്യക്ഷപ്പെട്ടു. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേലായി, ദാവീദിന്റെ നഗരമായ യൂദായിലെ ബേത്‌ലെഹെമിൽ ആണ് യേശുവിന്റെ ജനനം. അഗസ്റ്റസ്സീസറിന്റെ കല്പന അനുസരിച്ച്, ദാവീദിന്റെ കുടുംബത്തിലും വംശത്തിലുംപെട്ട ജോസഫ്, പേരെഴുതിക്കാനായി ഗലീലിയിലെ പട്ടണമായ നസ്രത്തിൽനിന്ന് യൂദയായിലെ ബെത്‌ലെഹെമിൽ ഗർഭിണിയായ ഭാര്യ മറിയത്തോടുകൂടെ എത്തി (ലൂക്കാ 2,1-5) ലോകരക്ഷകന് പിറന്നുവീഴാൻ സത്രത്തിൽ സ്ഥലം ലഭിച്ചില്ല. ആട്ടിടയർക്ക് ലഭിച്ച സന്ദേശം പുൽത്തൊട്ടിലിലാണ് ജനനം എന്നു വ്യക്തമാക്കുന്നു. നമ്മോടുകൂടിയുള്ള ദൈവമായ അവിടുന്ന് കല്ലും മണ്ണുംകൊണ്ട് പണിതുയർത്തിയ സത്രത്തിൽ മുറിയെടുത്തു വസിക്കുന്ന സഞ്ചാരിയല്ല. നമുക്കുവേണ്ടി നമ്മോടൊന്നാകാൻ വന്നവൻ, പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ശിശു, എല്ലാ ജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയാണ്. അതിർവരമ്പുകളില്ലാതെ, ഉള്ളവനും ഇല്ലാത്തവനും എന്ന വ്യത്യാസമില്ലാതെ, യൂദയായിലെ ആട്ടിടയർക്കും, പൗരസ്ത്യദേശത്തെ ജ്ഞാനികൾക്കും എന്നുവേണ്ട സകലർക്കുംവേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയാണ് (ലൂക്കാ 2,10).

സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന മനുഷ്യപുത്രനല്ലാതെ ആരും സ്വർഗ്ഗരാജ്യത്തിൽ കയറിയിട്ടില്ല എന്ന യേശുവിന്റെ വാക്കുകൾ (യോഹ 3,13) നിത്യമായി സ്വർഗ്ഗത്തിലായിരുന്ന ഏകവ്യക്തി, ദൈവത്തെ വെളിപ്പെടുത്തുന്ന ഏകവ്യക്തി താനാണെന്നതിനു തെളിവാണ്. ദൈവമായ അവിടുന്ന് മനുഷ്യനായി അവതരിച്ചത് എല്ലാ ജനതകളെയും ദൈവീകതയിലേക്ക് ഉയർത്താൻവേണ്ടിയാണ്. ഇതാണ് മനുഷ്യാവതാരം എന്ന മഹാസംഭവം.

**യേശുവിന്റെ ജ്ഞാനസ്നാനം**

യേശുവിന്റെ രഹസ്യജീവിതത്തിൽനിന്ന് പരസ്യശുശ്രൂഷയ്ക്ക് കളമൊരുക്കുന്ന രംഗമാണ് ജ്ഞാനസ്നാനം. യേശുവിന് വഴിയൊരുക്കാൻവന്ന സ്നാപകയോഹന്നാൻ യൂദായായിലെ മരുഭൂമിയിൽവന്നു പ്രസംഗിച്ചു: "മാനസാന്തരപ്പെടുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (ലൂക്കാ 3,2). ആന്തരികജീവിതത്തിൽ അടിസ്ഥാനപരമായ മാറ്റം വരുത്താതെ ജ്ഞാനസ്നാനംപോലുള്ള ശുദ്ധികർമ്മങ്ങളിൽ മുഴുകരുതെന്ന് അദ്ദേഹം മുന്നറിയിപ്പു നല്കുന്നു. ജനം അവന്റെ അടുത്തെത്തി പാപങ്ങൾ ഏറ്റുപറഞ്ഞ് ജോർദ്ദാൻ നദിയിൽവച്ച് അവനിൽ നിന്ന് സ്നാനം സ്വീകരിച്ചു (ലൂക്കാ 3,6).

യോഹന്നാനിൽനിന്ന് സ്നാനം സ്വീകരിക്കാനാണ് യേശു ഗലീലിയിൽനിന്ന് യോർദ്ദാനിലേക്ക് വന്നത്. ദൈവപുത്രനായ യേശുവിന് വഴിയൊരുക്കാൻ വന്നവനിൽനിന്ന് അനുതാപത്തിന്റെ ജ്ഞാനസ്നാനം സ്വീകരിക്കേണ്ട ആവശ്യമുണ്ടായിരുന്നോ? യേശു ആരാണെന്ന് തിരിച്ചറിഞ്ഞ സ്നാപകൻ പാപികൾക്കു നല്കപ്പെടുന്ന ജലംകൊണ്ടുള്ള സ്നാനം യേശു സ്വീകരിക്കാതിരിക്കാൻ ശ്രമിക്കുന്നു. "ഞാൻ നിന്നിൽനിന്ന് സ്നാനം സ്വീകരിക്കേണ്ടിയിരിക്കെ, നീ എന്റെ അടുത്തേക്ക് വരുന്നുവോ എന്നു ചോദിച്ചുകൊണ്ട് യോഹന്നാൻ യേശുവിനെ തടഞ്ഞു" (ലൂക്കാ 3,14). സ്നാപകന്റെ തടസ്സവാദങ്ങൾക്കൊന്നും ചെവികൊടുക്കാതെ യേശു പറഞ്ഞു: "ഇപ്പോൾ ഇതു സമ്മതിക്കുക: അങ്ങനെ സർവ്വനീതിയും പൂർത്തിയാക്കുക നമുക്ക് ഉചിതമാണ്" (ലൂക്കാ 3,15). രക്ഷാകരമായ ദൈവതിരുമനസ്സ് നിറവേറ്റാൻ യോഹന്നാനിൽനിന്നുള്ള തന്റെ സ്നാനം ആവശ്യമാണെന്ന് യേശു വ്യക്തമാക്കുന്നു.

ഒരു ദൈവിക ദർശനത്തോടെയാണ് യേശുവിന്റെ ജ്ഞാനസ്നാനരംഗം അവസാനിക്കുന്നത്. സ്നാനവേളയിൽ "അവൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെമേൽ ഇറങ്ങിവന്നു. സ്വർഗ്ഗത്തിൽനിന്ന് ഒരു സ്വരവും ഉണ്ടായി: നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (ലൂക്കാ 3,21-22). ദൈവപുത്രനെന്ന യേശുവിന്റെ വ്യതിരിക്തത പരസ്യമായി അംഗീകരിക്കപ്പെടുന്ന ധന്യമുഹൂർത്തമാണിത്. പരസ്യശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെടുന്ന യേശു പരിശുദ്ധാത്മാവിനാൽ അഭിഷിക്തനാകുന്ന അനുഗ്രഹീതവേളയായിരുന്നിത്. ഈ ജ്ഞാനസ്നാനത്തിന്റെ അദ്വിതീയ പ്രാധാന്യം അപ്പസ്തോലപ്രവർത്തനങ്ങളിൽ എടുത്തു പറയുന്നുണ്ട്; "യോഹന്നാൻ പ്രസംഗിച്ച സ്നാനത്തിനുശേഷം ഗലീലി

യിൽ ആരംഭിച്ച് യൂദയാമുഴുവനിലും സംഭവിച്ചകാര്യങ്ങൾ നിങ്ങൾക്ക് അറിവുള്ളതാണല്ലോ. നസ്രായനായ യേശുവിനെ പരിശുദ്ധാത്മാവിനാലും ശക്തിയാലും ദൈവം എങ്ങനെ അഭിഷേകം ചെയ്തുവെന്നും അവൻ എപ്രകാരം നന്മ പ്രവർത്തിച്ചുകൊണ്ടും പിശാചിനാൽ പീഡിപ്പിക്കപ്പെട്ടവരെ സുഖപ്പെടുത്തിക്കൊണ്ടും ചുറ്റു സഞ്ചരിച്ചുവെന്നും നിങ്ങൾക്ക് അറിയാം" (അപ്പ 10,37-38). അതെ, പരിശുദ്ധാത്മാവിനാൽ അഭിഷിക്തനാകുന്ന യേശു ദൈവപുത്രനായ മിശിഹാ (രക്ഷകൻ) ആയി മുദ്രകുത്തപ്പെടുന്നു. രക്ഷാകരമായ പരസ്യശുശ്രൂഷയ്ക്ക് ജ്ഞാനസ്നാനവും തുടർന്നുണ്ടായ സ്വശരീര പ്രഖ്യാപനവും വഴി യേശു ഒരുക്കപ്പെട്ടു.

**യേശുവിന്റെ പ്രലോഭനങ്ങൾ**

യേശുവിന്റെ ജ്ഞാനസ്നാനവും മരുഭൂമിയിലെ പരീക്ഷണങ്ങളും സമവീക്ഷണ സുവിശേഷങ്ങളിൽ പരസ്പരം ബന്ധിതമാണ്. നാല്പതുതവണ നീണ്ടുനിന്ന പ്രലോഭനങ്ങൾ യേശുവിനുണ്ടായി എന്നുമാത്രമേ മർക്കോസ് (1,12-13) പരാമർശിക്കുന്നുള്ളൂ. മത്തായിയും (4,1-11) ലൂക്കായും (4, 1-13) പ്രലോഭനങ്ങളുടെ സ്വഭാവം വിശദമാക്കുന്നുണ്ട്. മത്തായിയുടെ ദൃഷ്ടിയിൽ മരുഭൂമിയിൽ നാല്പതു രാവും നാല്പതു പകലും ചിലവഴിച്ചതിനുശേഷം മാത്രമാണ് യേശു പ്രലോഭിതനാകുന്നത്. എന്നാൽ മർക്കോസും ലൂക്കായും രേഖപ്പെടുത്തുന്നത് യേശു 40 ദിവസവും പിശാചിനാൽ പരീഷിക്കപ്പെട്ട് മരുഭൂമിയിൽ കഴിഞ്ഞുകൂടി എന്നാണ്. എന്നാലും പ്രലോഭനങ്ങളെ വിശദമായി പറയുന്ന മത്തായി – ലൂക്കാ സുവിശേഷങ്ങളിലെ വിശദാംശങ്ങൾ ഒന്നുതന്നെ.

ജ്ഞാനസ്നാനവേളയിൽ യേശുവിൽ ആവസിച്ച പരിശുദ്ധാത്മാവുതന്നെയാണ് അവിടുത്തെ പരീക്ഷിക്കപ്പെടാനായി മരുഭൂമിയിലേക്ക് ആനയിക്കുന്നത് (മത്താ 4,1 ലൂക്കാ 4,1). പരസ്യശുശ്രൂഷയ്ക്കുമുമ്പ് ദൈവത്തിന്റെ അറിവോടെ സാത്താന്റെ ഭാഗത്തുനിന്നുള്ള പ്രവേശനപരീക്ഷയാണ് പ്രലോഭനങ്ങൾ. അതിലൂടെ മനുഷ്യന്റെ സ്വാഭാവികാഭിലാഷങ്ങളെ തകിടംമറിക്കുകയായിരുന്നില്ല ലക്ഷ്യം. മറിച്ച്, ജ്ഞാനസ്നാനവേളയിൽ പ്രഖ്യാപിക്കപ്പെട്ട യേശുവിന്റെ ദൈവപുത്രത്വം പിശാച് പരീക്ഷണവിധേയമാക്കുകയാണ്. അവിടുത്തെ ദിവ്യദൗത്യവും രക്ഷാകരവേലകളും അവഗണിക്കാനുള്ള അഭ്യർത്ഥനയായിരുന്നു അത്. ലഭിച്ച അംഗീകാരമുദ്ര, (ദൈവപുത്രസ്ഥാനം) പ്രകടമാക്കാൻ പിശാച് യേശുവിനെ വെല്ലുവിളിക്കുന്നു. ആത്മാവിന്റെ ശക്തിയാൽ നിറഞ്ഞ യേശു പ്രലോഭനങ്ങളുടെ ഉറവിടമായ പൈശാചികശക്തിയെ നേരിടുന്ന രംഗമാണിത്.

“പ്രലോഭനത്തിൽ ഞങ്ങളെ ഉൾപ്പെടുത്തരുതേ” (ലൂക്കാ 11,4) എന്ന് പ്രാർത്ഥിക്കാൻ പഠിപ്പിച്ച യേശുതന്നെ പരസ്യജീവിതകാലത്തും പലവട്ടം പ്രലോഭിതനായിട്ടുണ്ട്. പരസ്യശുശ്രൂഷയുടെ ആരംഭത്തിലും തുടർന്നുള്ള ജീവിതത്തിലും ഉണ്ടായ പ്രലോഭനങ്ങൾ യോഹന്നാൻതന്നെ ഒന്നാം ലേഖനത്തിൽ എടുത്തുപറയുംപോലെ ക്രൈസ്തവരുടെ ജീവിതത്തിലും പ്രകടമാണ്. ജഡത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത (2,16) ഇവയൊന്നും പിതാവിന്റേതല്ല, ലോകത്തിന്റേതാണ്. ശുശ്രൂഷയുടെ ആരംഭത്തിലേ ഉണ്ടായ പ്രലോഭനങ്ങളെ യേശു എപ്രകാരം നേരിട്ടു, അതിജീവിച്ചു എന്നത് നമ്മുക്ക് പാഠമാണ്. പ്രലോഭനങ്ങളെ അവതരിപ്പിച്ചതിലുള്ള നാടകീയതക്കോ, അതിശയോക്തിക്കോ അല്ല, മറിച്ച് അവയുടെ അന്തരാർത്ഥത്തിനാണ് നാം പ്രധാന്യം കല്പിക്കുന്നത്.

ജ്ഞാനസ്നാനവേളയിൽ യേശുവിന്റെമേൽ ഇറങ്ങിവന്ന പരിശുദ്ധാത്മാവ് അവിടുത്തെ നയിച്ചത് മരുഭൂമിയിലേക്കാണ്. പഴയ ഇസ്രായേൽ ഈജിപ്തിലെ അടിമത്തത്തിൽനിന്ന് മോചിതരായി വാഗ്ദാനഭൂമിയിലേക്കുള്ള യാത്രയിൽ മരുഭൂമിയിലൂടെ അലഞ്ഞു നടന്നത് 40 കൊല്ലമായിരുന്നല്ലോ (നിയമ 8,2). പരീക്ഷിക്കപ്പെടാനായി ഇസ്രായേലിനെ മരുഭൂമിയിലേക്ക് ആനയിച്ചത് ദൈവംതന്നെയാണ്. പുതിയ ഇസ്രായേലും ദൈവപുത്രനുമായ യേശുവും പൂർവ്വികരെ പിൻതുടർന്ന് ഈജിപ്തിലെത്തി. ഇപ്പോഴിതാ അവരെപ്പോലെ മരുഭൂമിയിൽ എത്തിയിരിക്കുന്നു. പഴയ ഇസ്രായേൽ ജനതയ്ക്ക് ദൈവത്തോടുള്ള തങ്ങളുടെ വിശ്വസ്തത തെളിയിക്കേണ്ടിയിരുന്ന സ്ഥലമാണ് മരുഭൂമി. പഴയ ഇസ്രായേലിൽനിന്ന് വ്യത്യസ്തമായി ദൈവത്തോട് വിശ്വാസവഞ്ചനകാട്ടാനുള്ള എല്ലാ പ്രലോഭനങ്ങളും യേശുനാഥൻ അതിജീവിക്കുന്നു.

പ്രപഞ്ചത്തേയും അതിലുള്ളവയേയും സൃഷ്ടിച്ച ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലുമാണ് അവനെ സൃഷ്ടിച്ചത്. താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്നു ദൈവം കണ്ടു (ഉല്പ 1,31). ദൈവത്തിന്റെ കല്പന ലംഘിച്ച മനുഷ്യൻ ദൈവനിഷേധം പ്രകടമാക്കിയത് മനുഷ്യനിഷേധത്തിലാണ്. ആദം ഹവ്വായിൽനിന്ന് അകന്നു (ഉല്പ. 3, 12-13); കായേൻ ആബേലിനെ നിഷ്ക്കരുണം വധിച്ചു (ഉല്പ 4, 8-16): തിന്മയുടെ ശക്തികൾ നന്മയെ കീഴ്പ്പെടുത്തുന്നതു കണ്ടപ്പോൾ, മനുഷ്യൻ തന്റെ ഛായയും സാദൃശ്യവും വികലമാക്കുന്നതുകണ്ടപ്പോൾ, “ഭൂമുഖത്തു മനുഷ്യനെ സൃഷ്ടിച്ചതിൽ കർത്താവ് പരിതപിച്ചു. അത് അവിടുത്തെ ഹൃദ

യത്തെ വേദനിപ്പിച്ചു" (ഉല്പ 6,6). വി. ഗ്രന്ഥത്തിലെ ഏറ്റവും വേദനാജനകമായ വാക്കുകളാണിവ.

നഷ്ടപ്പെടുത്തിയ ഛായയും സാദൃശ്യവും എന്തെന്ന് കാണിച്ചു തരുവാൻ ദൈവം വീണ്ടും മനസ്സായി. അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപം എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യ ജാതനുമായ (കൊളോ. 2, 15) യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലൂടെ അവിടുന്ന്, അതു സാധിച്ചു. പൂർവ്വാസ്ഥിത്വത്തിൽ ദൈവത്തോടു കൂടി ആയിരുന്ന യേശുവിലൂടെയാണ് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ദൃശ്യവും അദൃശ്യവുമായ എല്ലാ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടത് (കൊളോ.2, 19) ജ്ഞാനസ്നാനവേളയിൽ പരിശുദ്ധാത്മാവിൽ അഭിഷിക്തനായി മുദ്രകുത്തപ്പെട്ടു. തുടർന്ന് കർമ്മഭൂമിയിലേക്ക് ഇറങ്ങുംമുമ്പ് യേശുവിനു തന്റെ ദൈവപുത്രത്വം തെളിയിക്കാൻ അവസരം ലഭിച്ചു. ആദിമാതാപിതാക്കളും പഴയ ഇസ്രായേലും പ്രലോഭനങ്ങൾക്ക് അടിപ്പെട്ടപ്പോൾ താൻ ആരാണെന്ന് അവബോധമുണ്ടായ യേശുനാഥൻ എല്ലാ പ്രലോഭനങ്ങളേയും ദൈവഹിതം ആരാഞ്ഞ്, അതിലാശ്രയിച്ചു കീഴ്പ്പെടുത്തി, താൻ ദൈവപുത്രനാണെന്നു തെളിയിച്ചു. പ്രവേശനപരീക്ഷയിൽ നൂറു ശതമാനവും യോഗ്യതനേടി കർമ്മഭൂമിയിലേക്ക് ഇറങ്ങി. ജീവിതം ഒരു വെല്ലുവിളിയാക്കി. ആരേയും മാറ്റുവാൻ പരിശ്രമിച്ചില്ലെങ്കിലും, കണ്ടുമുട്ടിയവരെല്ലാം മാനസാന്തരത്തിലൂടെ ദൈവരാജ്യത്തിലെ അംഗങ്ങളായി. പുതുയുഗപിറവിക്ക് തുടക്കം കുറിച്ചു.

## യേശുവിന്റെ അഭിധാനങ്ങൾ

യേശുവിനെ വിശേഷിപ്പിക്കുവാനായി അനേകം അഭിധാനങ്ങൾ (titles) പുതിയനിയമം ഉപയോഗിക്കുന്നുണ്ട്. ഓസ്കർ കൂൾമാൻ, ഫെർഡിനാന്റ് ഹാൻ തുടങ്ങിയ പണ്ഡിതന്മാർ ഈ അഭിധാനങ്ങളെ നാലുവിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്.

1. യേശുവിന്റെ പരസ്യജീവിതകാലത്തെ ദൗത്യത്തിനു പ്രാധാന്യം നൽകുന്ന അഭിധാനങ്ങൾ: പ്രവാചകൻ, ദാസൻ, പ്രധാനപുരോഹിതൻ.... തുടങ്ങിയവ.

2. യേശുവിന്റെ ഇന്നും തുടരുന്ന ദൗത്യത്തിനു പ്രാധാന്യം നല്കുന്ന അഭിധാനങ്ങൾ: കർത്താവ്, രക്ഷകൻ.... തുടങ്ങിയവ.

3. യേശുവിന്റെ പുനരാഗമനത്തിലെ ദൗത്യത്തെ സൂചിപ്പിക്കുന്ന അഭിധാനങ്ങൾ: മിശിഹാ, മനുഷ്യപുത്രൻ..... തുടങ്ങിയവ.

4. യേശുവിന്റെ പൂർവ്വാസ്തിത്വത്തെ (Preexistence) സൂചിപ്പിക്കുന്ന അഭിധാനങ്ങൾ: വചനം, ദൈവപുത്രൻ, ദൈവം.

യേശു എന്ന പേര് "ദൈവം രക്ഷിക്കുന്നു" എന്ന് അർത്ഥമുള്ള "യഹോഷുഅ" എന്ന ഹീബ്രുപദത്തിന്റെ ഗ്രീക്കു ലിപ്യന്തരണമായ "യേസൂ" എന്ന പദത്തിൽനിന്ന് ഉത്ഭവിച്ചതാണ്

* നസ്രായനായ ഈശോ - മർക്കോ 1:24; 10:47
* ഗലീലിയനായ ഈശോ - മത്താ 26:69
* മരപ്പണിക്കാരനായ ഈശോ - മർക്കോ 6:3
* ജോസഫിന്റെ പുത്രനായ ഈശോ - ലൂക്കാ 3:24; യോഹ 1:45; 6:42; തച്ചന്റെ മകൻ - മത്താ 13:55; മറിയത്തിന്റെ പുത്രൻ - മർക്കോ 6:3; cf മത്താ 13:55, തുടങ്ങിയ വിശേഷണങ്ങളും യേശുവിന് നൽകപ്പെട്ടിരിക്കുന്നു.

പുതിയ നിയമത്തിലെ ക്രിസ്തുശാസ്ത്രത്തിൽ ആരംഭംമുതലേ കാണുന്ന ഒരു സംജ്ഞയാണ് കർത്താവ് (Lord). ഈ പദത്തിന് പൊതുവേ ഒരു വ്യാപകാർത്ഥമാണുള്ളത്. പഴയനിയമത്തിൽ അതിന് അഭിഷിക്ത സൂചനയുണ്ടായിരുന്നു ദാവീദ് രാജാവിനെ ഉദ്ദേശിച്ച് 'കർത്താവ്' (നാഥൻ) എന്ന പദം പ്രയോഗിച്ച് കാണാം. അതേസമയം ദൈവനാമത്തിനു പകരം ഇതേപദം പഴയനിയമത്തിൽ ഉപയോഗിച്ചു പോന്നു. ദൈവത്തിന് തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനതയുടെ മേലുള്ള ആധിപത്യമാണ് ഇതിൽ പ്രകടമായിരുന്നത്. ഈ പ്രത്യേകാർത്ഥത്തിലാണ് പുതിയനിയമ ദൈവശാസ്ത്രത്തിൽ ഈ പദം ക്രിസ്തുവിനെപ്പറ്റി ഉപയോഗിച്ചിരിക്കുന്നത്. ഉത്ഥാനാനുഭവത്തിന്റെ വെളിച്ചത്തിലും തിരഞ്ഞെടുക്കപ്പെട്ട ജനതയുടെ മേൽ ദൈവത്തിനുള്ള അധികാരം മഹത്വീകൃതനായ ക്രിസ്തുവിനുണ്ടെന്നും അവിടുന്നത് പ്രയോഗിക്കുന്നുണ്ടെന്നും വ്യക്തമായി. അങ്ങനെ ആദ്യകാല ക്രിസ്തുശാസ്ത്രത്തിൽ കർത്താവ് എന്ന സംജ്ഞ ക്രിസ്തുവിന്റെ ദൈവത്വം വ്യഞ്ജിപ്പിക്കാനുള്ള സുവിശേഷപദമായിത്തീർന്നു. യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കുകവഴി ദൈവം തനിക്ക് തന്റെ ജനതയുടെമേലുണ്ടായിരുന്ന അധികാരം യേശുവിന് ഏല്പിച്ചുകൊടുത്തു. "യേശു കർത്താവാകുന്നു" എന്ന വാക്യം ആദിമ വിശ്വാസപ്രഖ്യാപനങ്ങളിൽ ശ്രദ്ധേയമാണ്.

ആദിമസഭ "ദൈവ"മെന്ന സംജ്ഞ ക്രിസ്തുവിനെപ്പറ്റി ഉപയോഗിച്ചുവോ എന്നതിനെക്കുറിച്ച് കൂടുതൽ സംശയത്തിനിടയുണ്ട്. ഇതിന്റെ സൂചനകൾ വി. പൗലോസിന്റെ ലേഖനങ്ങളിലുണ്ടോ

എന്നത് പണ്ഡിതരുടെ ഇടയിലെ ഒരു വിവാദപ്രശ്നമാണ്. അദ്ദേഹത്തിന്റെ ലേഖനങ്ങളിലെ ചിലഭാഗങ്ങൾ ഈ വിശദീകരണത്തെ അനുകൂലിക്കുന്നുണ്ടെങ്കിലും (ഉദാ. റോമാ 9:5) അവ ക്രിസ്തുവിന്റെ പിതാവായ ദൈവത്തെ ഉദ്ദേശിച്ചുള്ളതായും വ്യാഖ്യാനിക്കാവുന്നതാണ്. കൊറീന്ത്യർക്കുള്ള പ്രഥമ ലേഖനത്തിൽ പൗലോസ് പ്രയോഗിച്ച പഥങ്ങൾ സ്ഥിരമായി അദ്ദേഹം തന്റെ മറ്റുലേഖനങ്ങളിലും ഉപയോഗിച്ചിരുന്നുവെന്ന് കരുതാം. അവിടെ ദൈവം എന്ന പദം പിതാവിന്റെ സംജ്ഞാ നാമമായും കർത്താവെന്ന പദം ക്രിസ്തുവിനുള്ള സവിശേഷ സ്ഥാനമായുമാണ് അദ്ദേഹം പ്രയോഗിച്ചിരുന്നത്. “പിതാവായ ഏകദൈവമേ നമുക്കുള്ളു... യേശുക്രിസ്തുവാകുന്ന ഏകകർത്താവും” (1 കോറി 8:6). വി. യോഹന്നാന്റെ കൃതികളിലാകട്ടെ, ദൈവം എന്ന പദം ക്രിസ്തുവിനെ ഉദ്ദേശിച്ചുതന്നെയാണ് പ്രയുക്തമായിരിക്കുന്നത് (യോഹ 1:1,18; 20:28). അതിനുള്ള വിശദീകരണം ഇതത്രേ. പുതിയനിയമ ദൈവശാസ്ത്രത്തിന്റെ ആരംഭംമുതൽ മറ്റുപല പദങ്ങളിലൂടെ ക്രിസ്തുവിന്റെ ദൈവത്വം സൂചിപ്പിക്കപ്പെട്ടിരുന്നുവെങ്കിലും ദൈവമെന്ന സംജ്ഞ ക്രിസ്തുവിനെ ഉദ്ദേശിച്ച് പ്രയോഗിക്കുവാൻ ദൈവശാസ്ത്രവിചിന്തനം കുറേക്കൂടി പുരോഗമിക്കേണ്ടിയിരിക്കുന്നു.

വിശുദ്ധ യോഹന്നാൻ ക്രിസ്തുവിനെപ്പറ്റി ഉപയോഗിക്കുന്ന മറ്റൊരുപദമാണ് ‘വചനം’. ക്രിസ്തുവിന് പിതാവിനോടൊപ്പം നിത്യമായുണ്ടായിരുന്ന അസ്തിത്വത്തെ സൂചിപ്പിക്കുന്നതാണിത് (യോഹ 1:1,14; 1 യോഹ 1:1; വെളി 19:13 കാണുക). ഈ പദപ്രയോഗത്തിനും കുറേ ദൈവശാസ്ത്രവിചിന്തനങ്ങൾ നടക്കേണ്ടിയിരുന്നു. ആരംഭംമുതലേ ഇത് ഉപയോഗിച്ചിരുന്നില്ല. പഴയനിയമത്തിൽ ക്രിയാത്മകമായി സ്വയംവെളിപ്പെടുത്തുന്ന ദൈവത്തെയാണ് ‘വചനം’ സൂചിപ്പിച്ചിരുന്നത്. ദൈവപ്രത്യക്ഷത്തിന് വൈയക്തിക സ്വഭാവം നൽകിയിരുന്നത് ചില സാഹിത്യ സങ്കേതങ്ങളുടെ സഹായത്താലായിരുന്നു. ദൈവത്തിന്റെ ആത്മാവിഷ്കാരം ഉദാത്തവും അപ്രതീക്ഷിതവുമായ രൂപത്തിൽ യേശുവിൽ സാക്ഷാത്കൃതമായെന്ന് യോഹന്നാൻ ഗ്രഹിച്ചു. മർത്യനായിത്തീർന്ന ദൈവസുതൻ പിതാവിൽനിന്നും വ്യതിരിക്തനാണെങ്കിലും മനുഷ്യാവതാരംവഴി മനുഷ്യർക്കുവേണ്ടിയുള്ള പിതാവിന്റെ പരിപൂർണ്ണമായ ആവിഷ്കാരമായിത്തീർന്നു. അങ്ങനെ വചനം തികച്ചും പുതിയൊരർത്ഥത്തിൽ അവിടുത്തേയ്ക്ക് യോജിച്ചു. മനുഷ്യാവതാരത്തിൽ യേശുവിന് ലോകത്തിലുണ്ടായിരുന്ന ദൗത്യവും ദൈവികാവസ്ഥയിലെ അവിടുത്തെ സ്വഭാവവും വിശദീകരിക്കുവാൻ ഇതിലും പര്യാപ്തമായ മറ്റൊരുപദം ലഭിക്കുമായിരുന്നില്ല. മനുഷ്യാവതാരത്തിൽ ദൈവം

മനുഷ്യനോട് ഉച്ചരിച്ച വചനമായിത്തീർന്നു അവിടുന്ന്. കാരണം, അവിടുന്ന് ആദ്യംമുതലേ പിതാവായ ദൈവം ഉച്ചരിച്ച നിത്യവചനമായിരുന്നു.

പുതിയനിയമത്തിൽ ക്രിസ്തുവിനെപ്പറ്റി പ്രയോഗിക്കുവാൻ തുടങ്ങിയതോടെ 'ഇമ്മാനുവൽ' (ദൈവം നമ്മോടുകൂടെ) എന്ന പദത്തിനും അഭൂതപൂർവ്വമായൊരു അർത്ഥം കൈവന്നു (മത്താ 1:23 കാണുക). മോശയ്ക്ക് ലഭിച്ച വെളിപാടിന്റെ സമയംമുതൽ ദൈവജനത്തെ ഉദ്ദേശിച്ചുള്ള ദൈവത്തിന്റെ വിമോചനവും വികാസജനകവുമായ സാന്നിദ്ധ്യം ഇസ്രായേൽ ജനതയുടെ മതാത്മകാനുഭവത്തിന്റെ കേന്ദ്രബിന്ദുവായിരുന്നു. കാലത്തിന്റെ പൂർണ്ണതയിൽ ഈ സാന്നിദ്ധ്യം നിഗൂഢമായ രീതിയിൽ പൂർണ്ണമായി സാക്ഷാത്കൃതമാകുമെന്ന് പ്രവാചകന്മാർ അറിയിച്ചിരുന്നു. യേശുക്രിസ്തുവിലാകട്ടെ എല്ലാ പ്രവചനങ്ങൾക്കും പ്രതീക്ഷകൾക്കും അതീതമായി ഈ സാന്നിദ്ധ്യം യാഥാർത്ഥ്യമായിത്തീർന്നു. അവിടുത്തെ വ്യക്തിത്വരഹസ്യം ഇസ്രായേൽക്കാരുടെ ദൈവപ്രചോദിത പ്രതീക്ഷകൾക്കെല്ലാം അതീതമായിരുന്നു. അതുല്യവും അനിർവചനീയവുമായ ഒരു ഗാഢസൗഹൃദം സൃഷ്ടിച്ചുകൊണ്ട് മനുഷ്യനായ ദൈവസുതൻ മനുഷ്യരുടെ മദ്ധ്യേ പ്രത്യക്ഷനായി. യേശുവിൽ ദൈവം, തനിക്കും മനുഷ്യർക്കും ഇടയിലുള്ള അനന്തദൂരം ഇല്ലാതാക്കി, മനുഷ്യരെ അവരുടെ നിലയിലേക്ക് ഇറങ്ങിവന്നുകൊണ്ട് അഭിമുഖീകരിച്ചു. കൂടാതെ, യേശുവിനെ സൂചിപ്പിക്കുവാനായി അനേകം സംജ്ഞകൾ പുതിയനിയമത്തിലുടനീളം കണ്ടെത്താം. ചുവടെ ചേർക്കുന്ന പട്ടികയിൽനിന്ന് അവയുടെ ഏകദേശരൂപം ലഭിക്കും:

1. മനുഷ്യപുത്രൻ: 82 തവണ (മത്തായി - 30 തവണ, മർക്കോസ് - 14, ലൂക്കാ - 25 , യോഹന്നാൻ - 13)
2. ദാവീദിന്റെ പുത്രൻ: (മർക്കോസ് - 3, മത്തായി - 10, ലൂക്കാ - 4)
3. ദൈവത്തിന്റെ പരിശുദ്ധൻ: (മർക്കോ 1:24; ലൂക്കാ 4:34; യോഹ 6:69; നടപടി 2:27; 13:35; 1 യോഹ 2:20; വെളി 3:7; 16:5).
4. മറിയത്തിന്റെ പുത്രൻ: (മർക്കോ 6:3; cf മത്താ 13:55)
5. പ്രവാചകൻ: (മർക്കോ 6:14-16; 8:28; മത്താ 21:11; ലൂക്കാ 7:16; 24:19; യോഹ 6:14)
6. റബ്ബി, റബ്ബൂനി, ഗുരു (മർക്കോസ് - 12, മത്തായി - 12, ലൂക്കാ - 17, യോഹന്നാൻ - 8)
7. ദൈവത്തിന്റെ കുഞ്ഞാട്: (യോഹ 1:29,36; cf. നടപടി 8:32; 1 പത്രോ 1:19)

8. സഹനദാസൻ, ദാസൻ: (ഏശ 42:1-4; 49:1-6; 50:4-9; 52:13-53:12; മർക്കോ 9:35; 10:42-45; യോഹ 13:1-20;നട 3:13-26; മത്താ 12:18-21; നട 3:13,26; 4:27,30)
9. ശ്രേഷ്ഠപുരോഹിതൻ: (ഹെബ്രാ 4:14)
10. മണവാളൻ: (മർക്കോ 2:19-20; മത്താ 9:15; ലൂക്കാ 5:34-35; യോഹ 3:29)
11. അബ്രാഹത്തിന്റെ പുത്രൻ: (മത്താ 1:1)
12. ജീവിക്കുന്നവരുടെയും മരിച്ചവരുടെയും വിധിയാളൻ: (നട 10:42)
13. ആത്മീയ പാറ: (1 കോറി 10:1)
14. മൂലക്കല്ല്: (എഫേ 2:20)
15. സഭയുടെ തലവൻ: (എഫേ 5:23)
16. അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപം: (കൊളോ 1:15)
17. സൃഷ്ടിയുടെ ആദ്യഫലം: (കൊളോ 1:15)
18. രാജാക്കന്മാരുടെ രാജാവ്: (1 തിമോ 6:15; വെളി 19:16)
19. നമ്മുടെ വിശ്വാസത്തിന്റെ ആരംഭവവും പൂർത്തീകരണവും: (ഹെബ്രാ 12:2)
20. ദൈവജനത്തിന്റെ ഇടയനും ആത്മാക്കളുടെ സംരക്ഷകനും: (1 പത്രോ 2:25; യോഹ 10:11-14)
21. ആമ്മേൻ: (വെളി 3:14; 3:7)
22. യൂദായുടെ സിംഹം ദാവീദിന്റെ വേര്: (വെളി 5:5)
23. പ്രഭാതനക്ഷത്രം: (വെളി 22:16)
24. ഇടയൻ, നല്ലയിടയൻ: യോഹ 10:11-16; ഹെബ്രാ 13:20; 1 പത്രോ 2:25; 5:4; വെളി 7:17
25. സഹായകൻ: 1 യോഹ 2:1
26. ആൽഫായും ഒമേഗയും: വെളി 1:8,17; 2:8; 21:6; 22:13
27. യാഹ്‌വേ എന്ന പദത്തിന്റെ അർത്ഥമായ "ഞാൻ ആകുന്നു" എന്ന അഭിധാനം യേശുവിനെ സൂചിപ്പിക്കുവാനായി പുതിയനിയമം ഉപയോഗിക്കുന്നുണ്ട്: യോഹ 6:35,41,48,51; 8:12; 9:5; 10:7,9,11,14; 11:25; 14:6; 15:1,5
28. രക്ഷകൻ: ലൂക്കായിൽ മൂന്നുതവണയും അജപാലനലേഖനങ്ങളിൽ 25 തവണയും ഉപയോഗിച്ചിരിക്കുന്നു.

ഈ സംജ്ഞകളോരോന്നും യേശുവിന്റെ വ്യക്തിത്വത്തിന്റെ വിവിധ സവിശേഷതകളെയും അവിടുത്തെ ദൗത്യത്തിന്റെ പ്രത്യേകതകളെയും കുറിച്ചാണ് വെളിപ്പെടുത്തുന്നത്.

*(ഡോ.വിൻസെന്റ് ആലപ്പാട്ട്)*

# 04

## ദൈവരാജ്യം: യേശുവിന്റെ സന്ദേശം

ഒരു നല്ല നാളെയെക്കുറിച്ചുള്ള പ്രതീക്ഷ മനുഷ്യവ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതത്തിന്റെ ഭാഗമാണ്. വിശുദ്ധഗ്രന്ഥം ഇതിനു സാക്ഷ്യം നല്കുന്നുണ്ട്. സ്വാതന്ത്ര്യം, സമത്വം, സ്നേഹം, നീതി, സമാധാനം എന്നീ മൂല്യങ്ങൾ യാഥാർത്ഥ്യമാകുന്നതുകാണാൻ കാത്തിരിക്കുന്ന ജനസമൂഹത്തെക്കുറിച്ചാണ് പഴയനിയമം പറയുന്നത്. അതേസമയംതന്നെ, ഇവയെല്ലാം കേവലം ജനത്തിന്റെ ആഗ്രഹങ്ങളായിട്ടല്ല, പ്രത്യുത, ദൈവം മനുഷ്യനുവച്ചുനീട്ടുന്ന വാഗ്ദാനങ്ങളുടെ ഭാഗമായിട്ടാണ് വിശുദ്ധഗ്രന്ഥം അവതരിപ്പിക്കുന്നത്. ദൈവത്തിന്റെ ഛായാചിത്രംതന്നെ ഈ നന്മകൾ എണ്ണിപ്പറഞ്ഞുകൊണ്ടാണ് വിശുദ്ധഗ്രന്ഥം വരച്ചുകാട്ടുന്നത്.

**വിമോചനത്തിന്റെ ദൈവം**

മർദ്ദിതർക്ക് നീതിനടത്തിക്കൊടുക്കുകയും ബന്ധിതരെ മോചിപ്പിക്കുകയും അനാഥരെ സംരക്ഷിക്കുകയും ചെയ്യുന്ന ദൈവത്തെക്കുറിച്ചാണ് വിശുദ്ധഗ്രന്ഥം പറയുന്നത്. ദൈവത്തിന്റെ രാജത്വവും ആധിപത്യവും നന്മയുടെ സ്രോതസ്സായി സങ്കീർത്തനങ്ങൾ വർണ്ണിക്കുന്നതു ശ്രദ്ധേയമാണ്.

അവിടുത്തെ രാജത്വം ശാശ്വതമാണ്;
അവിടുത്തെ ആധിപത്യം തലമുറകളോളം നിലനില്ക്കുന്നു;
കർത്താവ് വാഗ്ദാനങ്ങളിൽ വിശ്വസ്തനും
പ്രവർത്തികളിൽ കാരുണ്യവാനുമാണ്.
കർത്താവ് വീഴുന്നവരെ താങ്ങുന്നു,
നിലംപറ്റിയവരെ എഴുന്നേൽപ്പിക്കുന്നു.

(*സങ്കീ 145:13-14*)

മർദ്ദിതർക്ക് അവിടുന്ന് നീതിനടത്തിക്കൊടുക്കുന്നു,
വിശക്കുന്നവർക്ക് അവിടുന്ന് ആഹാരം നല്കുന്നു.
കർത്താവ് ബന്ധിതരെ മോചിപ്പിക്കുന്നു
കർത്താവ് അന്ധരുടെ കണ്ണുകൾ തുറക്കുന്നു;
അവിടുന്ന് നിലംപറ്റിയവരെ എഴുന്നേല്പിക്കുന്നു;
അവിടുന്ന് നീതിമാന്മാരെ സ്നേഹിക്കുന്നു.
കർത്താവ് പരദേശികളെ പരിപാലിക്കുന്നു;
വിധവകളെയും അനാഥരെയും സംരക്ഷിക്കുന്നു;

(*സങ്കീ 146:7-9*)

അവിടുന്ന് ഹൃദയം തകർന്നവരെ സൗഖ്യപ്പെടുത്തു
കയും അവരുടെ മുറിവുകൾ വച്ചുകെട്ടുകയും ചെയ്യുന്നു
കർത്താവ് എളിയവരെ ഉയർത്തുന്നു; ദുഷ്ടരെ തറപറ്റിക്കുന്നു

(*സങ്കീ 147:3-5*)

ആദർശലോകവും യഥാർത്ഥലോകവും തമ്മിലുള്ള അന്തരം വിശുദ്ധഗ്രന്ഥത്തിന്റെ പ്രത്യേക വിഷയമായിരുന്നു. ഈ ലോകം ആയിരിക്കേണ്ടതുപോലെയല്ല എന്നതു ബൈബിൾ അംഗീകരിച്ച് പറയുന്നു. ദൈവംതന്നെ ഈ അന്തരം ഇല്ലാതാക്കാൻ ചരിത്രത്തിൽ ഇടപെടുന്നു എന്നതാണ് രക്ഷാകര സംഭവങ്ങൾ തെളിയിക്കുന്നത്. അനീതിയും അടിമത്തവും വാഴുന്നിടത്തു ദൈവം ഇടപെട്ടു നീതി നടപ്പാക്കുന്നു എന്നതാണ് ഇസ്രയേൽ ജനത്തിന്റെ ഈജിപ്തിൽനിന്നുള്ള വിമോചനവും ഉടമ്പടിയും അർത്ഥമാക്കുന്നത്. ദൈവത്തിന്റെ സമ്പൂർണ്ണമായ ഇടപെടലിൽ മാത്രമേ ഭാവിയിൽ സാമൂഹികവും രാഷ്ട്രീയവുമായ എല്ലാ തിന്മകൾക്കും അന്ത്യമുള്ളു എന്നതത്രേ പഴയനിയമത്തിലെ ഉറച്ചവിശ്വാസം. മാർട്ടിൻ ബൂബർ പറയുന്നതുപോലെ ദൈവത്തിന്റെ സാർവ്വത്രികമായ ഭരണത്തിന്റെ സാക്ഷാത്കാരമായിരുന്നു ഇസ്രായേലിന്റെ പ്രതീക്ഷയുടെ ഉള്ളടക്കം. ദൈവം ഭരിക്കുന്നിടത്ത് എല്ലാവർക്കും സമാധാനവും ഐശ്യ

ര്യവും കൈവരുന്നു എന്നതാണ് ബൈബിൾ ദർശനം. ഏശയ്യാ, ജറമിയ പ്രവാചകരിലൂടെ ഇത് ഏറ്റം വ്യക്തമായി കാണാം. ഇസ്രാ യേൽ സമൂഹത്തിന്റെ അതിർത്തിവരമ്പുകൾക്കപ്പുറം പോകുന്ന, എല്ലാ ജനസമൂഹങ്ങളെയും ഉൾക്കൊള്ളുന്ന ഒരു "പുതിയ ആകാ ശവും പുതിയ ഭൂമിയും" (ഏശ 65:17) സൃഷ്ടിക്കുന്ന ദൈവത്തെ ക്കുറിച്ചാണ് പ്രവാചകസന്ദേശം. ദരിദ്രരും പീഡിതരും ദുഃഖിതരും ഇല്ലാത്ത നല്ലനാളിലേയ്ക്ക് വിരൽചൂണ്ടിക്കൊണ്ടാണ് പ്രവചനങ്ങ ളെല്ലാം അവസാനിക്കുന്നത്.

**യേശുവിന്റെ ദൈവരാജ്യപ്രഘോഷണം**

വിശുദ്ധ മർക്കോസ് സുവിശേഷകൻ യേശുവിന്റെ സുവിശേഷ പ്രഘോഷണത്തെ ഒറ്റവാക്യത്തിൽ സമാഹരിക്കുന്നതിങ്ങനെയാണ്: "സമയം സമാഗതമായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു. പശ്ചാ ത്തപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1:15). സമ വീക്ഷണസുവിശേഷങ്ങളിലാണ് "ദൈവരാജ്യം" എന്ന പദപ്ര യോഗം ഏറ്റവും കൂടുതൽ കാണുന്നത്. മർക്കോസിന്റെ സുവിശേ ഷത്തിൽ പതിനാലു പ്രാവശ്യവും ലൂക്കായുടെ സുവിശേഷത്തിൽ മുപ്പതുപ്രാവശ്യവും "ദൈവരാജ്യം" എന്ന പദപ്രയോഗം കാണാം. മത്തായിയുടെ സുവിശേഷത്തിൽ അധികവും "സ്വർഗ്ഗരാജ്യം" എന്ന പദമാണ് പ്രയോഗിച്ചിരിക്കുന്നത്. മൂന്നുപ്രാവശ്യം മാത്രമേ അവിടെ ദൈവരാജ്യം എന്ന പദപ്രയോഗം കാണുന്നുള്ളു. യഹൂദപാരമ്പ ര്യത്തിൽ ദൈവരാജ്യത്തോടടുത്തുള്ള ബഹുമാനമാണ് ദൈവരാ ജ്യത്തിനു പകരം "സ്വർഗ്ഗരാജ്യം" എന്നു പ്രയോഗിക്കാന് വിശുദ്ധ മത്തായിയെ പ്രേരിപ്പിച്ചത്.

യോഹന്നാന്റെ സുവിശേത്തിലും പൗലോസിന്റെ ലേഖനങ്ങ ളിലും അധികവും ദൈവരാജ്യത്തിന്റെ ആശയം മറ്റു വാക്കുകളിൽ നല്കുവാനാണ് ശ്രമിച്ചിരിക്കുന്നത്. യോഹന്നാന്റെ സുവിശേഷ ത്തിൽ, ആകെ രണ്ടുപ്രാവശ്യം മാത്രമേ "ദൈവരാജ്യം" എന്ന പ്രയോഗം കാണുകയുള്ളു. പൗലോസിന്റെ ലേഖനങ്ങളിൽ ആകെക്കൂടി പത്തുപ്രാവശ്യവും. "പുതിയ സൃഷ്ടി", "അരൂപിയി ലുള്ള ജീവിതം", "വരുവാനിരിക്കുന്ന യുഗം", "നിത്യജീവൻ", "പുതിയ ആകാശം പുതിയ ഭൂമി" തുടങ്ങിയ പ്രയോഗങ്ങളാണ് സമാന്തരസുവിശേങ്ങൾക്കു പുറമേയുള്ള പുതിയനിയമഗ്രന്ഥങ്ങ ളിൽ നാം കാണുന്നത്. "നിത്യജീവൻ" യോഹന്നാന്റെ ഏറ്റം ഇഷ്ട പ്പെട്ട പ്രയോഗമാണ്. പതിനേഴുപ്രാവശ്യം സുവിശേഷത്തിലും ആറു പ്രാവശ്യം ലേഖനത്തിലും ഈ പ്രയോഗം കാണാം.

## വിമോചനത്തിന്റെ സദ്വാർത്ത

"ദൈവരാജ്യം സമാഗതമായി" എന്നു പ്രഖ്യാപിച്ചപ്പോൾ യേശുവിന്റെ ശ്രോതാക്കളായ പലസ്തീൻ നിവാസികൾക്ക് അതിന്റെ അർത്ഥം വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. സകല മനുഷ്യർക്കും സന്തോഷവും സമാധാനവും വാഗ്ദാനംചെയ്യുന്ന തന്റെ പദ്ധതി ദൈവം നടപ്പിൽവരുത്തുന്നു എന്നാണത് അർത്ഥമാക്കിയത്. ഇന്നു നാം ഉപയോഗിക്കുന്ന "ദൈവരാജ്യം" എന്ന മലയാളപദവും "Kingdom" എന്ന ഇംഗ്ലീഷ് പദവും തെറ്റിദ്ധാരണയ്ക്ക് എളുപ്പം ഇടനല്കുന്നതാണ്. "രാജ്യം" (Kingdom) എന്ന പദം രാജാവ് ഭരണം നടത്തുന്ന പ്രദേശമാണ് അർത്ഥമാക്കുന്നത്. ഈ അർത്ഥത്തിലല്ല "ദൈവരാജ്യം" എന്ന പദം ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നത്. ഗ്രീക്കു ഭാഷയിലെ "Basileia" എന്ന പദവും ഹീബ്രു ഭാഷയിലെ "Malkuth" എന്ന പദവും അതിർത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്ന ഒരു പ്രദേശത്തെയല്ല ദൈവത്തിന്റെ ഭരണത്തെ അഥവാ രാജത്വത്തെയാണ് അർത്ഥമാക്കുന്നത്. അതുകൊണ്ട് ബൈബിളിൽ "ദൈവരാജ്യം" എന്നു കാണുമ്പോൾ ദൈവത്തിന്റെ ഭരണവും അതുവഴി സംജാതമാകുന്ന അവസ്ഥാവിശേഷവുമാണ് നാം മനസ്സിലാക്കേണ്ടത്.

യേശു ദൈവരാജ്യം പ്രഘോഷിച്ചപ്പോൾ വിമോചനത്തിന്റെയും വിജയത്തിന്റെയും ആവേശമാണ് അത് ജനങ്ങൾക്കു പകർന്നുകൊടുത്തത്. അടിമത്തത്തിന്റെയും അനീതിയുടെയും കാലഘട്ടത്തിനു തിരശ്ശീല വീഴുന്നതായും നീതിയുടെയും സമാധാനത്തിന്റെയും പുതിയൊരു യുഗം ഉദയംചെയ്യുന്നതായും അതിന്റെ പ്രഖ്യാപനം അവരെ വിളിച്ചറിയിച്ചു. സാമൂഹികവും രാഷ്ട്രീയവുമായ തലങ്ങളിൽ സമൂലപരിവർത്തനം സൃഷ്ടിക്കുവാൻ പര്യാപ്തമായ ഒരു വിപ്ലവത്തിന്റെ കാഹളമായിരുന്നു, "ദൈവരാജ്യം സമാഗതമായിരിക്കുന്നു" എന്ന് യേശു പ്രസംഗിച്ചപ്പോൾ ജനങ്ങൾ മനസ്സിലാക്കിയത്. ദൈവരാജ്യത്തിന്റെ അർത്ഥം ആധുനിക മനുഷ്യന്റെ ഭാഷയിലേക്കു തർജ്ജിമ ചെയ്താൽ അതിനെ "ദൈവത്തിന്റെ വിപ്ലവം" (God's Revolution) അഥവാ "ദൈവത്തിന്റെ വിമോചന പ്രസ്ഥാനം" (God's Liberation) എന്നു വിളിക്കേണ്ടിയിരിക്കുന്നു. ഈ വിപ്ലവത്തിന്റെ പ്രഘോഷണം ആയിരങ്ങളെ ആകർഷിക്കുന്നതായിരുന്നു സുവിശേഷങ്ങൾ അതു വ്യക്തമാക്കുന്നുണ്ട് (മർക്കോ 1:12; മത്താ 7:28-29; ലൂക്കാ 4:32; യോഹ 7:16). യേശുവിന്റെ സന്ദേശത്തിന്റെ ആകർഷിണീയതയ്ക്കു കാരണം യേശു ദൈവരാജ്യം പ്രസംഗിച്ചതായിരുന്നു. സമകാലികരായിരുന്ന റബ്ബിമാരും നിയമജ്ഞരും ദൈവ

രാജ്യം എന്ന പ്രയോഗം പ്രഭാഷണങ്ങളിൽനിന്ന് ഒഴിവാക്കുകയാണു ചെയ്തത്. യേശുവിന്റെ സവിശേഷതയായ ദൈവരാജ്യപ്രഘോഷണം അർത്ഥമാക്കിയതെന്താണെന്നു നോക്കാം. പ്രധാനമായി നാലു വസ്തുതകൾ ദൈവരാജ്യത്തിന്റെ അർത്ഥം എന്തെന്നു ചർച്ച ചെയ്യുമ്പോൾ പരിഗണിക്കേണ്ടതായിട്ടുണ്ട്. 1) ദൈവിക-മാനുഷിക മാനങ്ങൾ. 2) ഐഹിക-പാരത്രിക തലങ്ങൾ. 3) വൈയക്തിത-സാമൂഹിക വശങ്ങൾ. 4) വർത്തമാന-ഭാവി സവിശേഷതകൾ.

*1)* ***ദൈവിക-മാനുഷിക മാനങ്ങൾ***: യേശുവിന്റെ ദൈവരാജ്യപ്രഘോഷണത്തിൽ മുഴങ്ങിക്കേട്ടത് പരിവർത്തനത്തിലേയ്ക്കുള്ള വിളിയാണ്. "ദൈവരാജ്യം സമീപിച്ചിരിക്കുന്നു, പശ്ചാത്തപിക്കുവിൻ" (മർക്കോ 1:15). ദൈവത്തിന്റെ സനേഹജന്യമായ പ്രവർത്തനത്തിന് മനുഷ്യൻ വാതിൽ തുറന്നിടണം. ദൈവത്തിന്റെ വിളിയും മനുഷ്യന്റെ പ്രത്യുത്തരവുമുണ്ടിവിടെ. ഹൃദയപരിവർത്തനവും ജീവിതനവീകരണവും കൂടാതെ ദൈവരാജ്യത്തിനുവേണ്ടി നിലകൊള്ളാൻ മനുഷ്യർക്കു സാധിക്കുകയില്ല. അഹങ്കാരത്തിൽനിന്നും സ്വാർത്ഥതാത്പര്യത്തിൽനിന്നും വിമോചിതരായി ദൈവികപദ്ധതിയ്ക്കുള്ള സമർപ്പണം ആവശ്യമാണെന്ന് യേശു പഠിപ്പിച്ചു. സുവിശേങ്ങൾ ഇതിനു ധാരാളം ഉദാഹരണങ്ങൾ നല്കുന്നുണ്ട്. ഹൃദയപരിവർത്തനത്തിനു വിധേയമായി പിതാവിന്റെ ഭവനത്തിലേയ്ക്കു മടങ്ങിവരുന്ന ധൂർത്തപുത്രനും (ലൂക്കാ 15:11 -32) പശ്ചാത്താപപൂർണ്ണമായ മനസ്സോടെ ദേവാലയത്തിൽ പ്രാർത്ഥിക്കുന്ന ചുങ്കക്കാരനും (ലൂക്കാ 18:10-14) കണ്ണീരൊഴുക്കി മാപ്പപേക്ഷിക്കുന്ന പാപിനിയായ സ്ത്രീയും (ലൂക്കാ 7:36-50) മാനസാന്തരപ്പെട്ട് പരസ്നേഹത്തിന്റെ ജീവിതത്തിന് തുടക്കമിടുന്ന സക്കേവൂസും (ലൂക്ക 19:1-10) ഇതിനുദാഹരണങ്ങളാണ്.

2) ***ഐഹിക-പാരത്രിക മാനങ്ങൾ:*** യേശുവിന്റെ ദൈവരാജ്യദർശനത്തെ പലരും ആത്മീയവത്കരിച്ച് അതിനെ ലൗകികമാനത്തെ തികച്ചും ശുഷ്ക്കമാക്കാറുണ്ട്. സ്വർഗ്ഗീയ ഭൗമിക യാഥാർത്ഥ്യങ്ങളെ സമന്വയിപ്പിക്കുന്നതാണ് യേശുവിന്റെ വീക്ഷണം. ദൈവം എല്ലാറ്റിലും എല്ലാമാകുന്ന സ്ഥിതിവിശേഷമാണ് ദൈവരാജ്യം (1 കൊറി 15:28). മനുഷ്യന്റെ ലൗകികജീവിതത്തിന്റെ എല്ലാ വശങ്ങളെയും അതു രൂപാന്തരപ്പെടുത്തുന്നു. രാഷ്ട്രീയസംവിധാനങ്ങളെയും സാമ്പത്തികക്രമത്തെയും അതു നിർണ്ണായകമായി സ്വാധീനിക്കുന്നു.

ദൈവരാജ്യത്തിനുവേണ്ടി എടുക്കുന്ന നിർണ്ണായകമായ തീരുമാനം ലൗകിക ഉത്തരവാദിത്വങ്ങളിൽനിന്ന് ഒരുവനേയും പിന്തിരി

പ്പിക്കുന്നില്ല. അതു ലോകത്തെയും മനുഷ്യസമൂഹത്തെയും ഒരു പുതിയ കാഴ്ചപ്പാടിൽ കാണുവാനും അതിന്റെ വെളിച്ചത്തിൽ പുതിയൊരു പ്രവർത്തനശൈലി സ്വീകരിക്കുവാനുമാണ് പ്രേരിപ്പിക്കുന്നത്. ആശ്രമഭിത്തികൾക്കുള്ളിൽ അഭയം തേടുവാനോ ജീവിതത്തിന്റെ ലൗകിക വശങ്ങൾ നിഷേധിക്കുവാനോ അല്ല യേശു ആവിശ്യപ്പെട്ടതെന്നു സുവിശേഷങ്ങളിൽനിന്നു വ്യക്തമാണ്. യേശുവിന്റെ കാലത്തുതന്നെ ലോകത്തിന്റെ തിന്മകളിൽനിന്ന് ഓടി ഒളിക്കുവാൻ ശ്രമിച്ചിരുന്ന "ആത്മീയസമൂഹങ്ങൾ" ഉണ്ടായിരുന്നു. അവയുടെ മാതൃകയിൽ ദൈവരാജ്യത്തിനുവേണ്ടി സമർപ്പിക്കുവാൻ യേശു ആരെയും ഉപദേശിച്ചില്ല. നിസ്വാർത്ഥ സ്നേഹത്തിന്റെയും സേവനത്തിന്റെയും അരൂപിയിൽ ലോകത്തെ അഭിമുഖീകരിക്കുവാനാണ് യേശു ആവശ്യപ്പെട്ടത്.

3) ***വൈയക്തിക-സാമൂഹിക തലങ്ങൾ:*** ദൈവരാജ്യത്തിനു വൈയക്തികവും-സാമൂഹികവുമായ മാനങ്ങളുണ്ട്. വ്യക്തിയെയും സമൂഹത്തെയും ഒപ്പം ഉന്നംവയ്ക്കുന്നതാണ് ദൈവരാജ്യത്തിന്റെ നവീകരണപദ്ധതി. ലോകം നന്നാവാൻ വ്യക്തിയിൽ തുടങ്ങണമോ സമൂഹത്തിൽ തുടങ്ങണമോ എന്ന പ്രശ്നത്തിന് യേശുവിന്റെ ഉത്തരം വ്യക്തിയും സമൂഹവും ഒപ്പം നവീകരിക്കപ്പെടേണ്ടിയിരിക്കുന്നു എന്നാണ്. പല വിപ്ലവപ്രസ്ഥാനങ്ങളും എന്നപോലെ യേശുവിന്റെ കാലത്തെ യഹൂദ തീവ്രവാദികളുടെ (Zealots) വിപ്ലവവും സമൂഹത്തിന്റെ ഘടനയെ അഥവാ രാഷ്ട്രീയസംവിധാനത്തെ മാത്രം ഉന്നംവയ്ക്കുന്നതായിരുന്നു. വ്യക്തിയുടെ ആന്തരികതലത്തിൽ പരിവർത്തനമുളവാക്കാത്ത സാമൂഹ്യപരിഷ്കാരങ്ങൾ സ്ഥായിയായ ഫലങ്ങളുളവാക്കുകയില്ല. ഇതു മനസ്സിലാക്കിക്കൊണ്ടാണ് യേശുവിന്റെ ദൈവരാജ്യപ്രസ്ഥാനം വ്യക്തികളുടെ നവീകരണത്തിന് പ്രാധാന്യം നല്കുന്നത്. പക്ഷെ ഇത് സമൂഹത്തിന്റെ രൂപാന്തരീകരണവും ഒപ്പം സാധ്യമാക്കിയിരുന്നു. യേശുവിന്റെ സമീപനരീതിതന്നെ സമൂഹത്തിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങളെ മറിച്ചുകടക്കുന്നതായിരുന്നു. യേശു എല്ലാവരെയും വിളിച്ചു. സമൂഹത്തിലെ മേൽനിരക്കാരെ മാത്രം പരിഗണിക്കുന്ന സ്വഭാവം യേശുവിനില്ലായിരുന്നു. ചുങ്കക്കാരും പാപികളും യഹൂദേതരും- എല്ലാവരും യേശുവിന്റെ സാർവ്വത്രികാഹ്വാനത്തിനു പാത്രമായി. മുഖംനോക്കാത്തതും, അതേസമയം ദരിദ്രരോടും ദു:ഖിതരോടും പ്രത്യേക പരിഗണനയുള്ളതുമായ ഈ സമീപനം സമൂഹത്തിന്റെ ഘടനയിൽത്തന്നെ ചലനങ്ങൾ സൃഷ്ടിക്കുന്നവയായിരുന്നു. സമൂഹത്തിന്റെ താഴേക്കിടയിലുള്ളവരെ അതുയർത്തി എളിയവരും പരിത്യക്തരുമായവരെ പ്രത്യേകം പരിഗണിച്ചു. മറിയത്തിന്റെ കീർത്ത

നത്തിൽ പറയുന്നതുപോലെ ഹൃദയസങ്കല്പങ്ങളിൽ അഹങ്കരിച്ചിരുന്നവരെ അവിടുന്നു ചിതറിച്ചു. ബലവാന്മാരെ അവരുടെ സിംഹാസനങ്ങളിൽനിന്നു താഴെയിറക്കി. വിനീതഹൃദയരെ അവിടുന്നുയർത്തി. വിശക്കുന്നവരെ അവിടുന്നു സദ്‌വിഭവങ്ങൾകൊണ്ടു നിറച്ചു. സമ്പന്നരെ വെറുംകൈയായി പറഞ്ഞയച്ചു (ലൂക്കാ 1:51-53).

യേശു ആഗ്രഹിച്ച സാഹോദര്യം വലുപ്പചെറുപ്പവ്യത്യാസമില്ലാതെ സമൂഹത്തിലെ എല്ലാവരെയും ഒരു മേശയ്ക്കുചുറ്റും കൊണ്ടുവരുന്നതായിരുന്നു (മർക്കോ 2:15-17). വിലയില്ലാത്ത മനുഷ്യർക്കു വിലനല്കുന്ന യേശുവിന്റെ സമീപനം സുവിശേഷത്തിലുടനീളം കാണാം. ദരിദ്രരും വികലാംഗരും കുരുടരും മുടന്തരുമായവർക്ക് യേശുവിന്റെ പഠനങ്ങളിൽ പ്രഥമസ്ഥാനമുണ്ട് (ലൂക്കാ 14:13,21). നീതിമാൻ, പാപി, യഹൂദർ, വിജാതീയർ തുടങ്ങിയ സാമൂഹ്യവേർതിരിവുകളെ യേശു നിരസിച്ചു. മനുഷ്യനായി ജനിച്ച എല്ലാവരുടെയും അന്തസ്സ് അംഗീകരിക്കുന്ന വീക്ഷണമാണ് യേശുവിൽ തെളിഞ്ഞുനിന്നത്. യഹൂദർ പരമോന്നത മൂല്യമായിക്കണ്ട ദൈവസ്നേഹത്തോട് പരസ്നേഹത്തെ ബന്ധിക്കുകയാണ് യേശു ചെയ്തത് (മർക്കോ 12:28-34). സഹജീവികൾക്കുവേണ്ടി സ്വജീവിതം സമർപ്പിക്കുന്നതിലാണ് വ്യക്തിയുടെ ജീവിതസാഫല്യം എന്ന ഉന്നതദർശനം യേശു നല്കി (യോഹ 15:13).

4) ***വർത്തമാന-ഭാവി സവിശേഷതകൾ:*** ദൈവരാജ്യം എവിടെ? എപ്പോൾ? എന്ന ചോദ്യങ്ങൾക്കു യേശു വ്യക്തമായ ഉത്തരം നല്കുന്നുണ്ട്. "ഇതാ ഇപ്പോൾ ദൈവരാജ്യം നിങ്ങളോടൊപ്പമുണ്ട്". എന്നാൽ യേശു കൂട്ടിച്ചേർത്തു: "ദൈവരാജ്യത്തിന്റെ വരവിനായി പ്രാർത്ഥിക്കണം" (മത്താ 6:10; ലൂക്കാ 11:20; 11:2). യേശുവിന്റെ സുവിശേഷപ്രഘോഷണത്തിലും പ്രവർത്തനങ്ങളിലും പ്രത്യക്ഷമായത് ദൈവരാജ്യത്തിന്റെ സാന്നിദ്ധ്യമാണ്. തിന്മയുടെ ആധിപത്യം അവസാനിച്ചു; നന്മയുടെ സാർവ്വത്രികമായ വ്യാപനം ആരംഭിച്ചു എന്ന് ഏശയ്യാപ്രവാചകനെ ഉദ്ധരിച്ചുകൊണ്ട് യേശു പ്രഖ്യാപിച്ചു. "കർത്താവിന്റെ ആത്മാവ് എന്നിലുണ്ട്. അവിടുന്ന് എന്നെ അഭിഷേചിച്ചിരിക്കുന്നു. ദരിദ്രരോടു സുവിശേഷം പ്രസംഗിക്കുവാനും ഹൃദയവ്യഥ അനുഭവിക്കുന്നവരെ ആശ്വസിപ്പിക്കുവാനും കുരുടർക്കു കാഴ്ചനല്കുവാനും മർദ്ദിതരെ സ്വതന്ത്രരാക്കുവാനും കർത്താവിനു സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കുവാനും അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19). യേശുവിലൂടെ സംഭവിച്ചതിന് സുവിശേഷങ്ങൾ സാക്ഷ്യം നല്കുന്നുണ്ട്: "കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു; മരിച്ചവർ ഉയിർക്കുന്നു; ദരിദ്രർക്കു സുവിശേഷം അറി

യിക്കപ്പെടുന്നു" (മത്താ 11:4-5; ലൂക്കാ 7:22). യേശു പ്രവർത്തിച്ച തെല്ലാം, പ്രത്യേകിച്ച് അത്ഭുതങ്ങൾ ദൈവരാജ്യത്തിന്റെ സാന്നി ദ്ധ്യത്തിനു സാക്ഷ്യം വഹിക്കുന്ന അടയാളങ്ങളായിരുന്നു. ഈജി പ്തിലെ അടിമത്തിൽനിന്ന് ഇസ്രായേൽ ജനത്തെ മോചിപ്പിച്ച ദൈവം അവസാനമായി എല്ലാ തിന്മകളുടെയും ബന്ധന ങ്ങളിൽനിന്നും മോചിപ്പിച്ച് ദൈവത്തിന്റെ ഭരണം ശാശ്വതമായി സ്ഥാപിക്കുന്നു എന്നതിന്റെ സുവ്യക്തമായ ലക്ഷണങ്ങളായിരുന്നു സുവിശേഷങ്ങളിലെ അത്ഭുതങ്ങൾ.

യേശുവിൽ ദൈവരാജ്യത്തിന്റെ ദാനം തിരിച്ചറിഞ്ഞ് അത് സ്വീക രിക്കുന്നവർ അതിന്റെ ഭാഗമായിത്തീരുകയാണ്. യേശു പഠിപ്പിച്ച തെല്ലാം ഉൾക്കൊള്ളുകയും അവ ജീവിക്കുകയും ചെയ്യുന്നവർ ദൈവ രാജ്യത്തിന്റെ മനുഷ്യരാകുന്നു. അതുകൊണ്ടാണ്, യേശു പറഞ്ഞത് "ദൈവരാജ്യം നിങ്ങൾക്കിടയിലുണ്ട്" എന്ന്. പക്ഷെ ദൈവരാജ്യ ത്തിന്റെ വളർച്ച ഇനിയും പൂർണ്ണമായിട്ടില്ല. സുവിശേഷങ്ങളിലെ ഉപമകളെല്ലാം ദൈവരാജ്യത്തിന്റെ സാന്നിദ്ധ്യവും അതിന്റെ വരാ നിരിക്കുന്ന ഭാവിപൂർണ്ണതയും വ്യക്തമാക്കുന്നതാണ്. ഈ ഭൂമിയിൽ ദൈവം പ്രവർത്തിക്കുന്നുണ്ട്. പക്ഷെ മനുഷ്യർ ദൈവത്തോടൊപ്പം കർമ്മരംഗത്തിറങ്ങണം. ഇതാണ് ദൈവരാജ്യം മനുഷ്യരുടെ മുമ്പിൽവയ്ക്കുന്ന വെല്ലുവിളി.

**ദൈവരാജ്യത്തിന്റെ പ്രകടനപത്രിക**

ദൈവരാജ്യത്തിന്റെ ദൗത്യവാഹകർ എന്തുപറയണം? എങ്ങനെ പ്രവർത്തിക്കണം? ഈ ചോദ്യങ്ങൾക്ക് ഉത്തരം ഗിരിപ്രഭാഷണ ത്തിലൂടെ യേശു നല്കി (മത്താ 5:3-10). ഇവിടെ പ്രശസ്തമായ അഷ്ടഭാഗ്യങ്ങളാണ് നമ്മുടെ സവിശേഷമായ പരിഗണനയ്ക്കു വിധേയമാകേണ്ടത്. അഷ്ടഭാഗ്യങ്ങളുടെ വിപുലീകരണമാണ് സുവി ശേഷത്തിൽ പറയുന്ന കാര്യങ്ങൾ മുഴുവൻതന്നെ. അഷ്ടഭാഗ്യങ്ങളെ എട്ടുവിധ ഭാഗ്യങ്ങളായി കാണരുത്. ഒരേയൊരു ദൈവരാജ്യസി ദ്ധിയുടെ എട്ടുസവിശേഷതകളാണവ. സ്വർഗ്ഗരാജ്യാവകാശികളുടെ മുഖമുദ്രയാണ് അതിൽ ഓരോന്നും. ആദ്യത്തേതിനോടും അവ സാനത്തേതിനോടും ചേർത്ത് യേശു പറഞ്ഞു: "സ്വർഗ്ഗരാജ്യം അവ രുടേതാകുന്നു" (മത്താ 5:3,10). അഷ്ടസൗഭാഗ്യങ്ങളെ ഇവിടെ ഹ്രസ്വമായി അവലോകനം ചെയ്യാം.

**1) *"ആത്മനാ ദരിദ്രർ"*....** ഈ വാക്യത്തെക്കുറിച്ച് വ്യത്യസ്ത ങ്ങളായ വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു കാര്യം തീർച്ച, ദരി ദ്രരെ പാരത്രികവാഗ്ദാനങ്ങളിൽ മയക്കി ദാരിദ്ര്യത്തിൽ തളച്ചിടു കയല്ല യേശുവിന്റെ ലക്ഷ്യം. ദാരിദ്ര്യത്തിന്റെ അർത്ഥം യേശുവിന്റെ

ജീവിതത്തിൽനിന്നും വ്യക്തമാണ്. യേശു തന്റെ പരസ്യജീവിതത്തിലേക്കു പ്രവേശിക്കുന്നത്. നാടും-ഉണ്ടായിരുന്നതെല്ലാം ഉപേക്ഷിച്ചിട്ടാണ്. യേശുവിന്റെ ഈ പുറപ്പാടിനുള്ള ലക്ഷ്യം പാവപ്പെട്ടവനിൽ-ദരിദ്രനിൽ-ഒരുവനാവുക എന്നതായിരുന്നു. അങ്ങനെ ആയിത്തീർന്നതുകൊണ്ട് അവരുടെ വിമോചനത്തിനായി സ്വയം അർപ്പിക്കുകയായിരുന്നു യേശു ചെയ്തത്. ഇതിന്റെ അനിവാര്യഭാഗമായിരുന്നു സഹനം. നീതിക്കുവേണ്ടി സഹിക്കുന്നവരോടൊപ്പം (മത്താ 5:10) യേശുവിന്റെ സാന്നിദ്ധ്യമുണ്ട്. അനീതി പ്രവർത്തിക്കുന്നവർക്ക് ഇഹത്തിലും പരത്തിലും ദൈവത്തെ അറിയുവാനോ സമാധാനം കണ്ടെത്തുവാനോ സാധിക്കയില്ല.

2) ***വിലപിക്കുന്നവർ***.... ലൗകികജീവിതത്തിലെ സാധാരണയുള്ള ബുദ്ധിമുട്ടുകളുടെ ഫലമായി വിലപിക്കുന്നവരല്ല, ഇവിടെ പരാമർശിക്കപ്പെട്ടിട്ടുള്ളത്. സ്വന്തം തെറ്റുകളെയും സമൂഹത്തിന്റെ സംഘാതമായ തിന്മകളെയും ഓർത്തുള്ള സങ്കടമാണ് ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്നത്. ജീവിതത്തിലെ തെറ്റുകളെക്കുറിച്ചും പാപങ്ങളെക്കുറിച്ചും സങ്കടപ്പെട്ടു കരഞ്ഞ്, നീതിയുടെയും സ്നേഹത്തിന്റെയും മാർഗ്ഗത്തിലേക്കു വരുന്നവരാണ് ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്നത്.

3) ***ശാന്തശീലർ***..... ഒന്നും ചെയ്യാതെ നിഷ്ക്രീയരായി നിലകൊള്ളുന്നവർ എന്ന അർത്ഥത്തിലല്ല ശാന്തശീലരെക്കുറിച്ച് സുവിശേഷം പറയുന്നത്. ദൈവത്തിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് ഏതു പ്രതികൂല സാഹചര്യങ്ങളിലും പ്രതിസന്ധിഘട്ടങ്ങളിലും സമചിത്തതയോടെ യേശുവിന്റെ പിൻഗാമികളായി സധൈര്യം മുമ്പോട്ടു പോകുന്നവരെയാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്.

4) ***നീതിതേടുന്നവർ***..... ദൈവത്തോടും സഹജീവികളോടും കുറ്റമറ്റ ബന്ധത്തിന്റെ ഉടമകളാണ് "നീതി"യുള്ള മനുഷ്യരായി ബൈബിളിൽ പരാമർശിച്ചിട്ടുള്ളത്. ദൈവം ആഗ്രഹിക്കുന്ന ക്രമം ലോകത്തിൽ നടപ്പിൽ വരുന്നതിനായി സേവനം കാഴ്ചവയ്ക്കുന്നവരാണ് നീതിതേടുന്നവർ.

5) ***കരുണാർദ്രർ***....... ദൈവംതന്നെ മനുഷ്യരോടു കാണിക്കുന്ന കാരുണ്യം, മനുഷ്യർ തമ്മിൽതമ്മിലും പ്രയോഗത്തിൽ വരുത്തണം. ദൈവകൃപ സ്വീകരിക്കുന്നവന്റെ ജീവിതത്തിലെ ഉത്തരവാദിത്വമാണ് അപരനു കൃപകാണിക്കുകയെന്നത്. "ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ". ഇതാണു ശരിയായ അപേക്ഷ. പ്രതികാരചിന്തയ്ക്കു ദൈവസ്നേഹിയിൽ യാതൊരു സ്ഥാനവുമില്ല. ശത്രു

ക്കളെപ്പോലും സ്നേഹിക്കാൻ അവൻ വിളിക്കപ്പെട്ടവനാണ് (മത്താ 5:39,47).

**6) *ഹൃദയശുദ്ധിയില്ലവർ.....*** ബാഹ്യമായ ശുദ്ധിയിൽമാത്രം ശ്രദ്ധ ചെലുത്തിയിരുന്ന ഫരിസയരെ യേശു വിമർശിച്ചത് സുവിശേഷത്തിൽനിന്നും വ്യക്തമാണ്. ചിന്തകളും ആഗ്രഹങ്ങളും വാക്കുകളും പ്രവർത്തികളും ശുദ്ധമാകുമ്പോഴാണ് യഥാർത്ഥത്തിൽ ഒരുവൻ ദൈവസന്നിദ്ധിയിൽ സ്വീകാര്യനാവുക. ആചാരാനുഷ്ഠാനങ്ങളുടെ ബാഹുല്യമല്ല ആത്മാർത്ഥതയുള്ള ഹൃദയമാണ് ദൈവസന്നിധിയിൽ നില്ക്കുന്ന മനുഷ്യനാവശ്യം.

**7) *സമാധാനസംസ്ഥാപകർ........*** എല്ലാവരും ആഗ്രഹിക്കുന്നതാണ് സമാധാനം. സംഘർഷവും വൈര്യവും നീക്കാതെ സമാധാനം സ്ഥാപിക്കാനാവില്ല. എങ്കിലും ഇവ നീക്കിയാൽമാത്രം സമാധാനം ഉണ്ടാവില്ല. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും വളർച്ചയിലൂടെ മാത്രമേ സമാധാനം വളർത്തിയെടുക്കാനാവൂ.

**8) *നീതിക്കുവേണ്ടി സഹിക്കുന്നവർ......*** നീതിക്കുവേണ്ടിയുള്ള ഏതു പരിശ്രമവും സഹനം അനിവാര്യമാക്കുന്നു. ദൈവരാജ്യത്തിന്റെ വിരോധികൾ യേശുവിന്റെ അനുഗാമിയുടെ മുമ്പിൽ പ്രതിബന്ധങ്ങൾ സൃഷ്ടിക്കും; പീഡനങ്ങൾ അഴിച്ചുവിടും. ഇവയെല്ലാം അവഗണിച്ച് മുമ്പോട്ടുപോകുന്നവരാണ് ദൈവരാജ്യത്തിനു യോജിച്ചവൻ.

**ദൈവരാജ്യത്തിന്റെ ശിഷ്യസമൂഹം**

യേശു പ്രസംഗിച്ച ദൈവരാജ്യത്തിന്റെ വളർച്ച സാധിക്കുന്നത് ചരിത്രത്തിലൂടെയാണ്. ദൈവരാജ്യത്തിന്റെ ആരംഭവും പൂർണ്ണതയ്ക്കുമിടയിൽ സഭ നിലകൊള്ളുന്നു. ക്രിസ്തുവിനെ സ്വീകരിച്ചവരുടെ സമൂഹമാണ് സഭ. സഭമുഴുവനും വിളിക്കപ്പെട്ടിരിക്കുന്നത് ഒരു ദൗത്യനിർവ്വഹണത്തിനാണ്. സഭ എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന "Ekklesia" എന്ന ഗ്രീക്കുപദത്തിന്റെ വിവക്ഷതന്നെ വിളിക്കപ്പെട്ടവരുടെ സമൂഹം എന്നാണല്ലോ. ക്രിസ്തുവിലൂടെ ലോകത്തിൽ പ്രത്യക്ഷമായ ദൈവത്തിന്റെ ഭരണം പ്രഘോഷിക്കുകയും അതിനോട് സദാ-ആഭിമുഖ്യം പുലർത്തുകയുമാണ് സഭയുടെ ദൗത്യം. ആ നിലയിൽ ദൈവരാജ്യത്തിന്റെ ശിഷ്യസമൂഹമാണ് സഭ. തിരുസ്സഭയെക്കുറിച്ചുള്ള വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖ ഇതു വ്യക്തമായി രേഖപ്പെടുത്തുന്നുണ്ട്: "തന്നെ സ്ഥാപിച്ചവന്റെ ദാനങ്ങളാൽ അലംകൃതയായ സഭ അവിടുത്തെ കല്പനകൾ സ്നേഹത്തിന്റെയും വിനയത്തിന്റെയും ആത്മത്യാഗത്തിന്റെയും

കല്പനകൾ- വിശ്വസ്തതയോടെ പാലിക്കുകയും ദൈവത്തിന്റെയും ക്രിസ്തുവിന്റെയും രാജ്യം പ്രസംഗിക്കാനും എല്ലാ ജനപദങ്ങളിലും അവ സ്ഥാപിക്കാനുമുള്ള ദൗത്യം ശിരസ്സാവഹിക്കുകയും ചെയ്തു".

ദൈവരാജ്യത്തിന്റെ ആരംഭത്തിനും അതിന്റെ പൂർണ്ണതയ്ക്കും മദ്ധ്യേയുള്ള കാലഘട്ടത്തിൽ ജീവിക്കുന്ന സഭ ദൈവരാജ്യത്തെ അതിന്റെ ആരംഭദിശയിൽനിന്നും ക്രമേണ പൂർണ്ണതയിലേക്ക് വളരുന്നതിന് സഹായിക്കുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ സഭയുടെ ദൗത്യം ദൈവരാജ്യത്തിന്റെ ശുശ്രൂഷി എന്നനിലയിലാണ് മനസ്സിലാക്കേണ്ടത്. വചനത്തിലൂടെയും പ്രവർത്തിയിലൂടെയും ദൈവരാജ്യത്തിന്റെ സന്ദേശത്തിന് സദാ സാക്ഷിയായിരിക്കുക എന്നതാണ് സഭ ഭരമേറ്റിരിക്കുന്ന ഉത്തരവാദിത്വം.

*(ഡോ.ജോർജ്ജ് കാരക്കുന്നേൽ)*

# 05

## യേശുവിന്റെ മരണം: അന്ധകാരമറ ഉയർത്തിയ മരണവെളിച്ചം

മൂന്നുമണിക്കൂർ നീണ്ട അന്ധകാരമറ ഉയർത്തിക്കൊണ്ട് "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു" എന്നു കരഞ്ഞ യേശു വീണ്ടും ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് ജീവൻ വെടിഞ്ഞു. അവൻ ഇപ്രകാരം മരിക്കുന്നതു കണ്ടുകൊണ്ട് കുരിശിന്റെ മുമ്പിൽ നിന്നിരുന്ന ശതാധിപന്, ഇതിനുമുമ്പ് പല കുരിശുമരണങ്ങൾക്കും സാക്ഷ്യംവഹിച്ചതുകൊണ്ടാവാം, ഈ മരണത്തിൽ അസാധാരണത്വവും അസാമാന്യതയും കാണാൻ സാധിച്ചത്. അസാധാരണധൈര്യവും ശാന്തതയും പ്രകടിപ്പിച്ചുകൊണ്ട് മരണത്തെപ്പോലും വരിക്കാനുള്ള കഴിവ് അസാധാരണവും അമാനുഷികവുമായ വ്യക്തത്വത്തിന്റെ സൂചനയായി മധ്യധരണ്യ സംസ്കാരം കണക്കാക്കിയിരുന്നു എന്നത് ശതാധിപന്റെ അനുഭവജ്ഞാനത്തിന്റെ ഭാഗമായിരിക്കണം. യേശു തന്റെ മരണസമയത്ത് അമാനുഷികമായ ധൈര്യവും ശാന്തതയും പ്രകടിപ്പിച്ചു എന്ന് ലൂക്കാ വിവരിക്കുന്നു: പീഡിപ്പിക്കുന്നവർക്കുവേണ്ടി മാപ്പുചോദിച്ച് പിതാവിനോട് പ്രാർത്ഥിക്കുകയും ആ പിതാവിന്റെ കരങ്ങളിൽ

ആത്മാവിനെ അർപ്പിക്കുകയും ചെയ്യുന്ന യേശു മധ്യധരണ്യസംസ്കാരത്തിൽനിന്ന് ഉരുത്തിരിഞ്ഞ ഏറ്റം വലിയ വ്യക്തിത്വത്തിന്റെ മകുടപ്രതീകമാണ് (മർക്കോ 15,33-39; ലൂക്കാ 23,34-46). ശതാധിപൻ ആ അനുഭവം വാക്കുകളിലൂടെ ഉച്ചരിച്ചപ്പോൾ ഇപ്രകാരമായി: "ഈ മനുഷ്യൻ സത്യമായും ദൈവപുത്രനായിരുന്നു" (മർക്കോ 15,39). ആ വാക്കുകളാകട്ടെ ഒരു അമാനുഷികന്റെ അനുഭവത്തിൽനിന്നുയർന്ന വാക്കുകൾക്കതീതമായി ഒരു ദൈവശാസ്ത്രത്തിന്റെ ആമുഖമായിരുന്നു. മരണമാണ് അന്ധകാരമറ നീക്കുന്ന വെളിച്ചം എന്നും മരിച്ച യേശുവിലാണ് ദൈവം പൂർണ്ണരൂപത്തിൽ മനുഷ്യർക്ക് പ്രത്യക്ഷീകരിച്ചതെന്നും വ്യക്തമാക്കുന്നതാണ് ഈ ദൈവശാസ്ത്രം. വൈരുദ്ധ്യാത്മകതയാണല്ലോ പരിമിതിനിറഞ്ഞ മനുഷ്യഭാഷയിൽ സത്യത്തെ സമൂലതയിലും നഗ്നതയിലും അവതരിപ്പിക്കാനുള്ള മാധ്യമം.

ഈ വൈരുദ്ധ്യം ഒരു ഭാരമായിക്കണ്ട് ചുമലിൽനിന്നും തള്ളിമാറ്റുകയും മരണത്തിനുമുൻപേ വയ്ക്കുന്ന ഒരു ഉത്ഥാനത്തിൽ ആധാരമമിടുകയും അത്തരം മഹത്വലബ്ധിക്കായി ആണിപ്പഴുതുകൾ ഇല്ലാത്ത കൈകളും പിളർക്കപ്പെട്ട പാർശ്വവുമില്ലാത്ത യേശുവിന്റെ ചിത്രത്തിനുപിന്നിൽ ഉപഭോഗമനോഭാവവും ലാഭേച്ഛയും ശീലമാക്കിയ ഒരു "ക്രൈസ്തവികത"യുടെ മദ്ധ്യത്തിൽനിന്ന് മേൽപ്പറഞ്ഞ വൈരുദ്ധ്യാത്മകത ദൈവശാസ്ത്രത്തിന്റെ ചില മാനങ്ങൾ വിചിന്തനവിഷയമാക്കുകയാണ്, ഈ ലേഖനത്തിന്റെ ലക്ഷ്യം.

### മരണത്തിൽ ജീവൻ കണ്ട/കൊണ്ട ആദിമസമൂഹം

ആദിമക്രൈസ്തവസമൂഹം മരണത്തിലാണ് ജീവൻ കണ്ടതും, മരണത്തിൽ നിന്നാണ് ജീവൻ കൊണ്ടതും. പത്രോസിന്റെ പ്രസംഗത്തിൽ ക്രൂശിതനായ യേശുവാണ് പ്രധാന വിഷയം. "ജീവന്റെ നാഥനെ (archegos) നിങ്ങൾ കുരിശിൽ തറച്ചു" എന്നാണ് പറയുന്നത് (നട 3,15). പക്ഷെ കുരിശിൽ തറയ്ക്കപ്പെട്ട യേശു മരിച്ച് ഇല്ലാതാവുകയല്ല, മറിച്ച് മരിച്ച് ജീവിക്കുകയാണ്. അവിടുന്ന് ജീവന്റെയും രക്ഷയുടെയും നാഥനായി (archegose) അവരോധിക്കപ്പെട്ടു (നട 5,31). മരണത്തിലൂടെ യേശു മനുഷ്യർക്കു പാത തുറക്കുകയായിരുന്നു, പിതാവിലേക്ക്. പത്രോസിന്റെ ഒന്നാം ലേഖനത്തിലും ഈ ആശയം വ്യക്തമായി പ്രത്യക്ഷപ്പെടുന്നു. നമ്മൾ പാപത്തിന് മരിക്കാനും നീതിയിലേക്ക് ജീവിക്കാനുമായി യേശു നമ്മുടെ പാപങ്ങൾ വഹിച്ചു, സഹിച്ചു, മരിച്ചു. അവന്റെ മുറിവുകളാൽ നാം രക്ഷിക്കപ്പെട്ടിരിക്കുന്നു (1 പത്രോ 2,21-24).

"…. യേശുവിനെക്കുറിച്ചല്ലാതെ അതും ക്രൂശിതനായവനെയ

ല്ലാതെ മറ്റൊന്നിനെക്കുറിച്ചും അറിയേണ്ടതില്ല" (1 കൊറി 2,2) എന്നു പറഞ്ഞ പൗലോസ് "നീ പീഡിപ്പിക്കുന്ന യേശുവാണ് ഞാൻ" എന്നു പറഞ്ഞ് സ്വയം പരിചയപ്പെടുത്തിയ ഉത്ഥിതനെയാണ് ദമാസ്ക സിലേക്കു പോകുംവഴി അനുഭവിച്ചത് (നട 9,5). യേശുവിനോടൊപ്പം ക്രൂശിതരാണ് നാം എന്ന് എഴുതുമ്പോൾ പൗലോസ്, തന്റെ ഉള്ളിൽ നിറഞ്ഞുനില്ക്കുന്നത് കവിഞ്ഞൊഴുകാൻ അവരെ അനുവദിക്കുക മാത്രമാണ് ചെയ്യുന്നത് (ഗലാ 5,24). വിജാതീയർക്കും യഹൂദർക്കും വിഡ്ഢിത്തവും ഇടർച്ചയുമായ കുരിശ് പൗലോസിന് ജീവന്റെ സുവിശേഷമാണ് (1 കൊറി 1.22-24). ശൂന്യവത്കരണത്തിന്റെ കീർത്തനമാലപിക്കുമ്പോൾ കുരിശുമരണംവരെ അനുസരണയുള്ള വനായി ജീവിച്ച ദൈവമായിരിക്കെ അതിൽ കടിച്ചുതൂങ്ങാതെ നമ്മി ലൊരുവനായി സ്വയം ഇല്ലാതാക്കിയ യേശുവിനെയാണല്ലോ പൗലോസ് അവതരിപ്പിക്കുക (ഫിലി 2,6-11). മാത്രമല്ല, യേശുവിന്റെ മരണം ജീവിതാന്ത്യത്തിൽ നടന്ന, ഏതാനും നിമിഷങ്ങളിൽ ഒതു ങ്ങുന്ന ഒരു സംഭവമല്ലെന്നും മനുഷ്യാവതാരസംഭവങ്ങൾ എല്ലാം ഉൾക്കൊള്ളുന്ന ഒരു പ്രക്രീയയാണ് അതെന്നും വ്യക്തമാക്കപ്പെടു ന്നു.

ആദിമസമൂഹം യേശുവിന്റെ മരണത്തെ ഒറ്റപ്പെട്ട ഒരു സംഭവ മായോ ഒരു അസാധാരണ മനുഷ്യന്റെ അനുഭവമായോ അല്ല കണ്ടത്, പ്രത്യുത, ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ഉള്ളിൽ കൃത്യമായി തീരുമാനിച്ച് നടപ്പാക്കപ്പെട്ട ഒരു സംഭവമായിട്ടാണ്. പിതാവിന്റെ പദ്ധതിയുടെ പൂർത്തീകരണമാണ് കുരിശുമരണ ത്തിന്റെ അടിസ്ഥാനമെങ്കിലും അത് യേശുവിന്റെമേൽ അടിച്ചേ ല്പിക്കപ്പെട്ടതല്ല; യേശു പിതാവിന്റെ പദ്ധതിയോട് സ്വയം താദാ ത്മ്യപ്പെടുകയും പിതാവിന്റെ ഹിതത്തോട് പൂർണ്ണമായി അനുരൂപ പ്പെടുകയും ചെയ്തതിനാൽ അത് സ്വയാർപ്പണമാണ് (യോഹ 10,16-17).

### പ്രവചനങ്ങൾ അറിയിച്ചത്

യേശുവിന്റെ മരണം പ്രവചനങ്ങളുടെ പൂർത്തീകരണമാണ്. ദൈവത്തിന്റെ സ്വരം മനുഷ്യരെ അറിയിച്ച പ്രവാചകർ വരാനിരി ക്കുന്ന രക്ഷകനെക്കുറിച്ച് പറയുമ്പോൾ സഹനവും മരണവും രക്ഷ കന്റെ ജീവിതഭാഗമാണെന്ന് സ്പഷ്ടമാക്കപ്പെടുന്നു. ജറമിയാപ്ര വാചകന്റെ ജീവിതംതന്നെ ഇതിന്റെ സാക്ഷ്യമാകുമ്പോൾ ഏശ യ്യാപ്രവാചകന്മാർ സഹിക്കുന്ന ദൈവദാസനെക്കുറിച്ച് പാടുമ്പോ ഴെല്ലാം ഈ ആശയം നിറഞ്ഞുനില്ക്കുന്നു (ഏശയ്യാ 42-ാം അദ്ധ്യായം മുതൽ).

### പീഡാസഹനവും മരണവും: യേശുവിന്റെ പ്രബോധനങ്ങളിൽ

സമവീക്ഷണ സുവിശേഷങ്ങളിൽ യേശു തന്റെ സഹനവും മരണവും പ്രവർത്തനത്തിന്റെ രണ്ടാംഘട്ടത്തിൽ മാത്രമേ പ്രബോധനവിഷയമാക്കുന്നുള്ളു. കാരണം, സഹനവും മരണവും മിശിഹാത്വവുമായി ബന്ധിപ്പിച്ചു മനസ്സിലാക്കാൻ ശിഷ്യന്മാർക്കോ മറ്റു യഹൂദർക്കോ സാധ്യമല്ലായിരുന്നു. അവരുടെ വീക്ഷണത്തിൽ രണ്ടും നിഷേധാത്മകമായ യാഥാർത്ഥ്യങ്ങളാണ്. രാഷ്ട്രീയതലത്തിൽ രാജത്വത്തിന്റെയും ശക്തിയുടെയും മഹത്വത്തിന്റെയും രൂപത്തിലാണ് അവർ മിശിഹാത്വത്തെയും രക്ഷയേയും സ്വപ്നംകണ്ടിരുന്നത്.

എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിന്റെ പ്രവർത്തനത്തിന്റെ ആരംഭംമുതൽ സഹനവും മരണവും പ്രബോധനവിഷയങ്ങളാണ്. കാനായിൽ കല്യാണവിരുന്നിന്റെ വിവരണത്തിൽ “എന്റെ സമയം ഇനിയും സമാഗതമായില്ല” എന്ന് യേശു സൂചിപ്പിക്കുമ്പോൾ “സഹനവും മരണവും” ഉദ്ദേശിക്കുന്നു (2,1-12). വീണ്ടും ജറുസലേം ദേവാലയത്തിൽ “നിന്റെ ഭവനത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങും” എന്നും “ഈ ദേവാലയം നശിപ്പിക്കുക” എന്നു പറയുമ്പോൾ സഹനവും മരണവുമാണ് സൂചന (2,13-21).

### പീഡാസഹനപ്രവചനങ്ങൾ

സമവീക്ഷണ സുവിശേഷങ്ങളിൽ യേശുവിന്റെ പീഡാസഹന പ്രവചനങ്ങൾ കാണാം. ശുശ്രൂഷയുടെ രണ്ടാംഭാഗത്താണ് മൂന്നു പ്രവശ്യം യേശു ഇത് പറയുക (മർക്കോ 8,31; 9,31; 10,32 മത്തായി ലൂക്കാ സമാന്തരഭാഗങ്ങൾ). ആദിമസമൂഹത്തിന്റെ വിശ്വാസപ്രഖ്യാപനത്തിന്റെ സംഗ്രഹമാണ് ഇവിടെ ലഭ്യമാകുന്നത്. യേശു സഹിച്ച്, മരിച്ചു എന്നത് ആ വിശ്വാസത്തിന്റെ അവിഭാജ്യഘടകമാണ്. യേശു തന്റെ പ്രവർത്തസാഹചര്യത്തിൽ, ചരിത്രപശ്ചാത്തലത്തിൽ തന്റെ മരണത്തെക്കുറിച്ച് സൂചിപ്പിച്ചിരിക്കുമോ? മാത്രമല്ല, യേശുവിന് തന്റെ മരണത്തെക്കുറിച്ച് അറിയാൻ കഴിഞ്ഞിട്ടുണ്ടാകുമോ?

എല്ലാ പ്രവാചകരുടെയും ഭാഗധേയം അക്രമവും മരണവുമായിരുന്നു എന്ന് രക്ഷാകരചരിത്രത്തിൽ വ്യക്തമാണ്. സത്യത്തിനും നീതിക്കുംവേണ്ടി നിലകൊള്ളുകയും ദൈവത്തിന്റെ സ്വരമായി ചരിത്രത്തെ വ്യാഖ്യാനിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പ്രവാചകന്മാർക്കെല്ലാം ഇതേ അന്ത്യമാണ് ഉണ്ടാകുക എന്നും ആർക്കും അനുമാനിക്കാവുന്നതാണ്. കൂടാതെ, വരാനിരിക്കുന്ന രക്ഷകനെക്കുറിച്ചുള്ള പ്രവചനങ്ങളിൽ സഹനവും മരണവും സൂചിപ്പിച്ചിട്ടുണ്ട് എന്ന്

മേൽപ്പറഞ്ഞതാണല്ലോ. പഴയനിയമം, പ്രത്യേകിച്ചും പ്രവാചകവാക്യങ്ങൾ തന്റെ ജീവിതവുമായി ബന്ധിപ്പിച്ച് പുനർവ്യാഖ്യാനം ചെയ്താണ് യേശു തന്റെ ദൗത്യം വിശദീകരിച്ചത്. അതിനാൽ, സഹനത്തിന്റെ ആവശ്യകത വ്യക്തമായും യേശു അറിഞ്ഞിരിക്കണം.

പീഡാസഹന പ്രവചന ഫോർമുല സമൂഹത്തിന്റെ വിശ്വാസപ്രഖ്യാപനത്തിന്റെ സംഗ്രഹരൂപമായി പുനർവ്യാഖ്യാനം ചെയ്യപ്പെട്ടതാണെങ്കിലും അതിന്റെ അന്ത:സത്ത ചരിത്രപരമാണ് എന്ന് വ്യക്തം.

**യേശുവിന്റെ മറ്റു പ്രബോധനങ്ങളിൽ മരണസൂചനകൾ**

പീഡാസഹന മരണ പ്രവചനങ്ങൾക്ക് പുറത്ത് യേശു തന്റെ പ്രബോധനങ്ങളിൽ മരണത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. മാത്രമല്ല, യേശുവിന്റെ ജീവിതത്തിലെ ചില സംഭവങ്ങളിൽ ഇത് വ്യക്തവുമാണ്. രൂപാന്തരീകരണ വേളയിൽ സ്വർഗ്ഗത്തിൽ നിന്നുള്ള സ്വരം "ഇവനെ ശ്രവിക്കുവിൻ" എന്നു പറയുന്നുണ്ട്. രൂപാന്തരീകരണത്തിന് തൊട്ടുമുൻപാണ് സഹനത്തെയും മരണത്തെയും കുറിച്ച് യേശു പറഞ്ഞത്. ആ യേശുവിനെ ശ്രവിക്കാൻ ആവശ്യപ്പെടുമ്പോൾ സഹനവും മരണവും ഏറ്റെടുക്കുന്ന യേശുവാണ് "താൻ പ്രസാദിച്ചിരിക്കുന്ന പ്രിയ മകൻ" എന്നു വ്യക്തമാക്കുന്നു (മർക്കോ 9,1-8).

നിലത്ത് വീണ് അഴിയുന്ന ഗോതമ്പുമണിയെക്കുറിച്ച് പറയുന്ന യേശു, തന്റെ മരണമല്ലാതെ ഒന്നുമല്ല വിഷയമാക്കുന്നത്. തന്റെ മരണം ജീവന്റെ സ്രോതസ്സാകുമെന്നാണ് സൂചന.

യേശു മരിച്ചവരെ ഉയർപ്പിക്കുന്ന രംഗങ്ങൾ (ജായ്റോസിന്റെ മകൾ, നായിമിലെ വിധവയുടെ മകൻ, ലാസർ, മർക്കോ 5,21-43; ലൂക്കാ 7,11f, യോഹ 11,1f). സ്വന്തം മരണത്തിന്റെയും ഉത്ഥാനത്തിന്റെയും മുന്നോടികളാണ്.

ഇവയും മറ്റ് പ്രബോധനങ്ങളും സംഭവങ്ങളും "സ്വയം നിഷേധിക്കുക" എന്ന അടിസ്ഥാനചിന്തയിൽ അധിഷ്ഠിതമാണ്.

**യേശുവിന്റെ മരണം: പാപപരിഹാരബലിയും വിമോചനമാർഗ്ഗവും**

സെബദിപുത്രന്മാർ, വരാനിരിക്കുന്ന രാജ്യങ്ങളിൽ യേശുവിന്റെ ഇടത്തും വലത്തും ഇരിക്കാനുള്ള ആഗ്രഹവുമായി അവന്റെ അടുക്കലെത്തുമ്പോൾ ദേഷ്യപ്പെടുന്ന പത്തു ശിഷ്യന്മാരോട് യേശു പറയുന്നുണ്ട്: "മനുഷ്യപുത്രൻ വന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും തന്റെ ജീവൻ അനേകർക്ക് മോചനദ്രവ്യമായി നല്കാനുമാണ്" (മർക്കോ 10,45). "അനേകർക്ക് മോചനദ്രവ്യമായി

നല്കുക" എന്ന പ്രയോഗത്തിൽ യേശു തന്റെ മരണം പാപപരിഹാരാർത്ഥമായുള്ള ബലിയായി കണ്ടിരുന്നു എന്ന് സൂചിപ്പിക്കപ്പെടുന്നു.

അന്തിമത്താഴവേളയിൽ ഇത് വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. യേശു പാനപാത്രമെടുത്ത് വാഴ്ത്തി ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട് അത് പുതിയ ഉടമ്പടിക്കായി ചിന്തപ്പെടുന്ന തന്റെ രക്തമെന്ന് പ്രഖ്യാപിക്കുന്നു (മർക്കോ 14,22-26). തന്റെ മരണത്തിലൂടെ സാധിതമാകുന്നത് പുതിയ ഉടമ്പടിയുടെ സ്ഥിരീകരണത്തിനുള്ള ബലിയർപ്പണം-രക്തംചിന്തൽ-ആണ് എന്ന് വ്യക്തം.

ലാസിനെ ഉയർപ്പിച്ച യേശുവിലേക്ക് അനേകർ ആകർഷിക്കപ്പെടുന്നതുകണ്ട് അവനെ നശിപ്പിക്കാൻ മാർഗ്ഗംതേടുന്ന യഹൂദപ്രമാണികൾ കയ്യിഫാസിൽനിന്നും കേൾക്കുന്നത് മേൽപറഞ്ഞ ദൈവശാസ്ത്രമാണ്. "രാജ്യത്തിന്റെ രക്ഷയ്ക്കുവേണ്ടി ഒരുവൻ മരിക്കുന്നതാണ് നല്ലത്" (യോഹ 11,50-51). യേശുവിന്റെ മരണത്തിന്റെ രക്ഷാകരവശം ശത്രുവായ കയ്യഫാസിന്റെ അധരങ്ങളിലൂടെ വരുമ്പോൾ അത് വിരോധാഭാസരൂപേണ ശക്തമായി അവതരിപ്പിക്കപ്പെടുന്നു.

യേശുവിന്റെ മരണം പാപപരിഹാരമാണ് എന്ന് പൗലോസും ഒരിക്കൽ സൂചിപ്പിക്കുന്നുണ്ട് (റോമാ 3,25). എന്നാൽ ഹെബ്രായർക്കെഴുതിയ ലേഖനത്തിന്റെ പ്രധാന വിഷയമാണിത്. 8-10 അധ്യായങ്ങളിൽ മഹാപുരോഹിതനായ യേശു എപ്രകാരമാണ് പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായി സ്വരക്തംചിന്തി മരണത്തിലൂടെ ബലിയർപ്പിച്ച് പിതാവിന്റെ സാന്നിദ്ധ്യത്തിലെത്തുകയും അങ്ങോട്ടു പോകാൻ മനുഷ്യർക്ക് വഴിയൊരുക്കുകയും ചെയ്തത് എന്ന് വളരെ ശക്തമായി അവതരിപ്പിക്കുന്നു. മനുഷ്യന്റെ പാപപരിഹാരവും രക്ഷയും(മനസാക്ഷിയുടെ ശുദ്ധീകരണം) ആണ് യേശുവിന്റെ മരണത്തിന്റെ ഉദ്ദേശ്യം. പഴയനിയമബലികളെയും പൗരോഹിത്യത്തെയും യേശു തന്റെ സ്വയാർപ്പണത്തിലൂടെ അതിശയിച്ചു എന്ന് സ്ഥാപിക്കപ്പെടുന്നു. അതിന്റെ അടിസ്ഥാനം ദൈവഹിതം അനുഷ്ഠിക്കാൻ സ്വന്തം ജീവൻ പൂർണ്ണമായി അർപ്പിച്ചു എന്നതാണ്.

യോഹന്നാന്റെ സുവിശേഷത്തിൽ "എല്ലാം പൂർത്തിയായി" എന്നു പ്രഖ്യാപിക്കുകയും "ദാഹിക്കുന്നു" എന്ന് പറഞ്ഞ് "ജീവൻ അർപ്പിക്കുക"യും ചെയ്യുന്ന യേശുവിന്റെ പിളർക്കപ്പെട്ട പാർശ്വത്തിൽനിന്നും രക്തവും ജലവും ഒഴുകുകയും ചെയ്യുമ്പോൾ (യോഹ 19,28-34) ഈ ബലിയർപ്പണവും തത്ഫലമായി മനുഷ്യർക്ക് ലഭ്യമാകുന്ന ജീവനും വ്യക്തമാക്കപ്പെടുന്നു. യേശു നമ്മുടെ സമാധാന

മാണെന്ന് പൗലോസ് പറയുമ്പോഴും (എഫേ 2,14), ബലികഴിക്കപ്പെട്ട കുഞ്ഞാടിന്റെ രക്തത്തിൽ കഴുകിയാണ് മനുഷ്യർക്ക് രക്ഷ അനുഭവിക്കാൻ സാധിക്കുക എന്ന് വെളിപാടിന്റെ പുസ്തകം അവതരിപ്പിക്കുമ്പോഴും (വെളി 7,9,13-14) സന്ദേശം വ്യത്യസ്തമല്ല.

യേശുവിന്റെ മരണവും പെസഹാകുഞ്ഞാടും തമ്മിലുള്ള ബന്ധവും ശ്രദ്ധിക്കേണ്ടതാവിശ്യമാണ്. സ്നാപകൻ യേശുവിനെ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി അവതരിപ്പിക്കുമ്പോൾ പെസഹാകുഞ്ഞാടും സഹിക്കുന്ന ദൈവദാസനുമാണ് പശ്ചാത്തലചിത്രങ്ങൾ (യോഹ 1,29). പെസഹാകുഞ്ഞാടിന്റെ ബലിയാണ് ഇസ്രായേല്യരെ ഈജിപ്തിൽനിന്നും സ്വാതന്ത്ര്യത്തിലേക്ക് ഇറക്കി വിട്ടത്: ആ കുഞ്ഞാടിന്റെ രക്തം പുരണ്ടതിനാലാണ് സംഹാരദൂതൻ ആ വീടുകളെ "ചാടി" (പസാഹ്) പോയത്. ആ ചാട്ടമാണ് അവരെ മരണത്തിൽനിന്നും രക്ഷിച്ചത്. അതായത് കുഞ്ഞാടിന്റെ മരണമാണ് അവരെ ജീവനിലേക്കു നയിച്ചത്.

യേശുവിന്റെ മരണം പുതിയ പുറപ്പാടിന് ഒരുക്കമായുള്ള കുഞ്ഞാടിന്റെ രക്തംചിന്തലാണ്. ഇത് നിർണ്ണായകവും അന്തിമവുമായുള്ള പുറപ്പാടാണ്. മനുഷ്യന്റെ സ്വാതന്ത്ര്യത്തിലേക്കുള്ള പ്രയാണത്തിന്റെ ഉദ്ഘാടനവും പാതയുടെ തുറക്കലുമാണ് യേശുവിന്റെ മരണം. ഈ പുതിയ യുഗമാണ് "അപ്പോകാലിപ്റ്റിക്" ഭാഷയിൽ യേശുവിന്റെ മരണവും ബന്ധപ്പെട്ട സംഭവങ്ങളും വിവരിച്ചുകൊണ്ട് മത്തായി സ്പഷ്ടമാക്കുന്നത് (മത്താ 27 ). "ഞാൻ വഴിയും സത്യവും ജീവനുമാകുന്നു. എന്നിലൂടെയല്ലാതെ ആരും പിതാവിൽ എത്തുന്നില്ല" (യോഹ 14,6) എന്ന വാക്യം നല്ലൊരു സംക്ഷേപമാണ്.

**ക്രൈസ്തവന്റെ മരണം**

ക്രൈസ്തവന് ജീവിതം നിരന്തര മരണമാണ്, സ്വയം നിഷേധമാണ്, രക്തം ചിന്തലാണ്, സ്വയം ബലിയർപ്പിക്കലാണ്, സ്വയം ഇല്ലാതായി ജീവൻ പകരലാണ്. ചുരുക്കത്തിൽ യേശുവിനെ അനുഗമിക്കുന്നവന് ഈ വൈരുദ്ധ്യത്തിന്റെ, വിരോധാഭാസത്തിന്റെ മാർഗ്ഗമേയുള്ളൂ ജീവൻ അനുഭവിക്കാനും കൊടുക്കാനും. സഭ അടിമുതൽ മുടിവരെ ശുശ്രൂഷയുടെ അടിസ്ഥാനമനോഭാവമണിഞ്ഞ് അനേകർക്ക് മോചനദ്രവ്യമാകുമ്പോൾ ഇന്നും പുറപ്പാട് നടക്കും, സ്വാതന്ത്ര്യത്തിലേക്ക്; നമ്മുടെ ജീവിതയാത്ര തീർത്ഥാടനമാകും, സ്വർഗ്ഗനാട്ടിലേക്ക്. അന്ധകാരമറനീങ്ങി വെളിച്ചമുദിക്കുകയും ചെയ്യും.

*(ഡോ.അഗസ്റ്റിൻ മുള്ളൂർ OCD)*

# 06

## യേശുവിന്റെ ഉത്ഥാനം

യേശുവിന്റെ ഉത്ഥാനമാണ് ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം. അതുകൊണ്ടുതന്നെ ഉത്ഥാനത്തെപ്പറ്റി പ്രതിപാദിക്കുക എന്നത് ക്രൈസ്തവവിശ്വാസത്തിലെ ഏതെങ്കിലും ഒരിനത്തെപ്പറ്റിയുള്ള പഠനമല്ല, പ്രത്യുത വിശ്വാസത്തെപ്പറ്റിത്തന്നെയുള്ള ചർച്ചയാണ്. ദൈവശാസ്ത്രത്തിൽ വളരെയധികം ചർച്ചചെയ്യപ്പെട്ടിട്ടുള്ള ഈ വിഷയത്തെപ്പറ്റി ഏതാനും ചില കാര്യങ്ങൾ സൂചിപ്പിക്കുക മാത്രമാണ് ഇവിടെ ലക്ഷ്യമാക്കുന്നത്.

കുരിശിൽ തറയ്ക്കപ്പെട്ട നസ്രായനായ യേശു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്ന സന്ദേശത്തോടെയാണ് ക്രിസ്തുമതം ആരംഭിച്ചത് (നട 2,22-24; 1 കൊറി 15,3-5). പുതിയനിയമം മുഴുവൻ എഴുതപ്പെട്ടത് ഈ വിശ്വാസത്തിന്റെ പശ്ചാത്തലത്തിലാണ്.ആദിമസഭ ദൈവത്തെ വിഭാവനം ചെയ്തതുതന്നെ യേശുവിന്റെ ഉത്ഥാനത്തോടു ബന്ധപ്പെടുത്തിയാണ്: മരിച്ചവരിൽനിന്നും യേശുവിനെ ഉയർപ്പിച്ചവനാണ് അവരെ സംബന്ധിച്ചിടത്തോളം ദൈവം (1 കൊറി 15,15). തങ്ങളുടെ ഈ വിശ്വാസം അടിസ്ഥാനരഹിതമാണെങ്കിൽ ലോകത്തിൽവച്ച് ഏറ്റം നിർഭാഗ്യരായ മനുഷ്യർ തങ്ങളാണെന്ന് അവർക്കറിയാമായിരുന്നു (1 കൊറി 15,19).

മാത്രവുമല്ല, മറ്റു മനുഷ്യരിൽനിന്നും തങ്ങളെ വ്യത്യസ്തരാക്കുന്നതും യേശുവിന്റെ പുനരുത്ഥാനത്തിലുള്ള വിശ്വാസമാണെന്ന് അവർക്കു ബോദ്ധ്യമുണ്ടായിരുന്നു. യേശു മരിച്ചവരിൽ നിന്നും ഉയർത്തിട്ടില്ലെങ്കിൽ, പ്രത്യാശയില്ലാത്ത മറ്റു മനുഷ്യരുടേതിൽനിന്നും വ്യത്യസ്തമല്ല തങ്ങളുടെയും അവസ്ഥ (1 തെസ്സ 4,13).

## വേദപുസ്തകസാക്ഷ്യം

കാനോനിക സുവിശേഷങ്ങളനുസരിച്ച് അപ്പസ്തോലന്മാർ ആരും യേശുവിന്റെ ഉയിർപ്പിന് ദൃക്സാക്ഷികളല്ല. എങ്കിലും യേശുവിന്റെ കുരിശുമരണം കഴിഞ്ഞ് അധികനാൾ കഴിയുന്നതിനുമുമ്പു തന്നെ, അവിടുന്ന് മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടിരിക്കുന്നുവെന്നും മിശിഹായും രക്ഷകനും ദൈവപുത്രനുമായി ഉയർത്തപ്പെട്ടിരിക്കുന്നുവെന്നും അവർ പ്രഘോഷിക്കാൻ തുടങ്ങി (നട 2,36; ഫിലി 2,9-11; റോമ 1,3-4). യഹൂദരെ സംബന്ധിച്ചിടത്തോളം കുരിശുമരണത്തിനു വിധിക്കപ്പെട്ട വ്യക്തി ശപിക്കപ്പെട്ടവനായിരുന്നു (നിയമാ 2,23; ഗലാ 3,13; 1 കൊറി 1,23). ക്രൂശിതനായ മിശിഹാ എന്ന ആശയം അവർക്ക് അചിന്തനീയമായിരുന്നു എന്നതാണ് വാസ്തവം.

### *1. യേശുവിന്റെ പ്രത്യക്ഷീകരണങ്ങൾ*

ഉത്ഥിതനായ യേശുവുമായുള്ള കണ്ടുമുട്ടലുകളാണ് ഉത്ഥാനത്തിൽ വിശ്വസിക്കാൻ അപ്പസ്തോലന്മാർക്ക് കാരണമായിത്തീർന്നത്. ഉത്ഥാനംചെയ്ത യേശു പല വ്യക്തികൾക്കും സമൂഹങ്ങൾക്കും കാണപ്പെട്ടു (1 കൊറി 15,5-8; ലൂക്കാ 24,34; മർക്കോ 16,7; നട 10,40; 13,30; യോഹ 20,11-18). ഈ പ്രത്യക്ഷപ്പെടലിനെ സൂചിപ്പിക്കാൻ വി. പൗലോസ് ഉപയോഗിച്ചിരുന്നത് ഓപ്തേ എന്ന ഗ്രീക്കു പദമാണ്. ഹെറാവോ (കാണുക) എന്ന ഗ്രീക്കു ധാതുവിന്റെ കർമ്മിണി പ്രയോഗമാണിത്. ഏതെങ്കിലും ഒരു വ്യക്തിയെയോ വസ്തുവിനെയോ കാണുകമാത്രമല്ല ഇതുകൊണ്ടുദ്ദേശിക്കുക; ഒരു യാഥാർത്ഥ്യവുമായുള്ള കണ്ടുമുട്ടലിന്റെ ആശയമുണ്ടിവിടെ (encounter with a reality). പുറപ്പാട് 3,2 -ൽ മോശ യാഹ്വെയുമായി കണ്ടുമുട്ടുന്നതിനെ സൂചിപ്പിക്കാൻ ഈ പദമാണുപയോഗിക്കുന്നത്.

സമവവീക്ഷണസുവിശേഷങ്ങളിലും (മത്താ 28,9-10; മർക്കോ 16,9-18; ലൂക്കാ 24,12-35) യോഹന്നാന്റെ സുവിശേഷത്തിലും (യോഹ 20,11-18) കാണുന്ന ഉത്ഥിതന്റെ പ്രത്യക്ഷപ്പെടലിന് പൊതുവായ ചില പ്രത്യേകതകളുണ്ട്. അപ്രതീക്ഷിതമായിട്ടാണ് കണ്ടുമുട്ടൽ നട

ക്കുക. ആദ്യമേതന്നെ സംശയവും അവ്യക്തതയും ബന്ധപ്പെട്ട വർക്കുണ്ടാകുന്നു. യേശുതന്നെ അവരുടെ സംശയം ദൂരീകരിച്ച് അവർക്ക് ഉറപ്പ് പ്രദാനംചെയ്യുന്നു. ഇത്രയുമായാൽ യേശുവിലുള്ള വിശ്വാസം ഏറ്റുപറയലാണ് അടുത്തപടി. യേശുവിനെ വിശ്വസിച്ച് ഏറ്റുപറഞ്ഞതുകൊണ്ടായില്ല. യേശുവിനെ ഉദ്ഘോഷിക്കാനുള്ള ഒരു ദൗത്യം ഏല്പിക്കൽകൂടി അവിടെ നടക്കുന്നുണ്ട്. വിവരണ ങ്ങളിൽ അല്പസ്വല്പം വ്യത്യാസമുണ്ടെങ്കിലും അവയുടെയെല്ലാം ലക്ഷ്യമിതാണ്: "അങ്ങനെ അവൻ അവർക്കു വേണ്ടത്ര തെളിവു കൾ നല്കിക്കൊണ്ട് ജീവിക്കുന്നവനായി പ്രത്യക്ഷപ്പെട്ടു" (നട 1,3).

യേശു പ്രത്യക്ഷപ്പെടുന്നതാകട്ടെ തികച്ചും സ്വാഭാവികമായ രീതി യിലാണ്. വേദപുസ്തകത്തിന്റെ ഇതരഭാഗങ്ങളിൽ ദൈവത്തിന്റെ വെളിപ്പെടുത്തലുകളോടനുബന്ധിച്ച് കാണുന്ന പ്രത്യേകതക ളൊന്നും ഇവിടെയില്ല. ഹർഷപാരവശ്യമോ (നടപടി 10,9; 2 കൊറി 12,2-4; വെളി 1,10) സ്വപ്നമോ (മത്താ 1,20; 2,12-19-23) ചിലപ്പോൾ ദൈവീക വെളിപാടിന് പശ്ചാത്തലമായി വരാറുമുണ്ട്. ജീവിതത്തിന്റെ സാധാരണ ചുറ്റുപാടിലാണ് ഉത്ഥിതൻ ശിഷ്യന്മാർക്ക് പ്രത്യക്ഷ പ്പെടുക. വഴിയാത്രക്കിടയിലും (ലൂക്കാ 24,36-49) മീൻ പിടിച്ചുകൊ ണ്ടിരിക്കുമ്പോഴും (യോഹ 21,1-14) ഭാവിയെക്കുറിച്ച് ചൂടുപിടിച്ച ചർച്ചകൾ നടന്നുകൊണ്ടിരിക്കുമ്പോഴും (യോഹ 20,19-23) യേശു അവർക്ക് പ്രത്യക്ഷനാകുന്നു.

പീഡാനുഭവത്തെയും മരണത്തെയും പറ്റിയുള്ള മൂന്നു പ്രസ്താ വനകളിലും ഉത്ഥാനസംബന്ധിയായ സൂചനകളുണ്ട് (മർക്കോ 8,31; 9,31; 10,33-34). ഈ വചനങ്ങൾ (texts) യേശുവിന്റെ പുനരുത്ഥാന ത്തിന്റെ വെളിച്ചത്തിൽ പുനർനിർവ്വചിക്കപ്പെട്ടിട്ടുള്ളവയാണെങ്കിലും യേശുവിന്റെ പരസ്യജീവിതകാലത്തെ പ്രഭാഷണങ്ങളുമായി അവയ്ക്ക് ബന്ധമുണ്ടെന്നാണ് പണ്ഡിതമതം. നീതിക്കുവേണ്ടി യാതനസഹിക്കുന്ന വ്യക്തി മഹത്വം പ്രാപിക്കും എന്ന് യേശുവിന് ബോധ്യമുണ്ടായിരുന്നു. അപമാനവും വേദനയും നിറഞ്ഞ ഒരു ജീവി തത്തിന് താൻ വിധേയനാകുമെന്നും, എങ്കിലും ദൈവം തന്നെ കൈവിടുകയില്ലെന്നും അവിടുത്തേക്ക് അറിയാമായിരുന്നു. ത്യാഗ പൂർണ്ണമായ തന്റെ അന്ത്യത്തിന്റെ പരിസമാപ്തി പിതാവിൽനിന്നു മുള്ള മഹത്വീകരണമാണെന്നും ആ മഹത്വത്തിൽ തന്റെ ശിഷ്യ ന്മാരും പങ്കുകൊള്ളുമെന്നും യേശു വിശ്വസിച്ചു (മർക്കോ 14,25).

### *2. ശൂന്യമായ കല്ലറ*

ശൂന്യമായ കല്ലറയാണ് ഉത്ഥാനത്തിലുള്ള വിശ്വാസത്തിലേയ്ക്ക് അപ്പസ്തോലന്മാരെ നയിച്ച രണ്ടാമത്തെ സംഗതി (മർക്കോ 16,1-8;

യോഹ 20,1-2). കല്ലറ ശൂന്യമായി കാണപ്പെട്ടത് ഒരടയാളമായി അവർ പരിഗണിച്ചു എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. ഞായറാഴ്ച രാവിലെതന്നെ പ്രേതാലയത്തിങ്കലേക്ക് പോയ ഭക്തസ്ത്രീകൾ കണ്ട ശൂന്യമായ കല്ലറ, മതങ്ങളുടെ ചരിത്രത്തിൽത്തന്നെ അനന്യമായ ഒരു സംഗതി നിലകൊള്ളുന്നു. ഇത് വിശ്വസ്നമായമാണോ എന്നതാണ് പ്രസക്തമായ ചോദ്യം.

സമവീക്ഷണ സുവിശേഷങ്ങളും യോഹന്നാന്റെ സുവിശേഷവും അസന്നിഗ്ദ്ധമായി പറയുന്ന കാര്യമാണ്, പ്രേതാലയം ശൂന്യമായിരുന്നു എന്നത്. ഇതുകണ്ടു സാക്ഷ്യപ്പെടുത്തിയ വ്യക്തികളാണ് പത്രോസും യോഹന്നാനും മഗ്ദലനമറിയവുമെല്ലാം. യേശുവിന്റെ ഉത്ഥാനത്തെപ്പറ്റിയുള്ള ആദ്യകാലത്തെ വിവാദം സൂചിപ്പിക്കുക, അവിടുത്തെ കല്ലറ ശൂന്യമായിരുന്നു എന്ന കാര്യം എല്ലാവർക്കും അറിയാമായിരുന്നു എന്നതാണ്. ശിഷ്യന്മാർ യേശുവിന്റെ ശരീരം മോഷ്ടിച്ചുകൊണ്ടുപോയി എന്നാണ് അവിടുത്തെ പ്രതിയോഗികൾ അതിനു നല്കിയ വിശദീകരണം എന്നുമാത്രം (മത്താ 28,11-15). ശൂന്യമായ കല്ലറയെപ്പറ്റി സാക്ഷ്യം നല്കുന്നത് സ്ത്രീകളാണ് എന്നതും ശ്രദ്ധേയമാണ്. സ്ത്രീകളുടെ സാക്ഷ്യത്തിന് വിലനല്കാത്ത ഒരു സമൂഹത്തിലാണ് ഇതു നടന്നത് എന്നോർക്കണം. യേശുവിന്റെ ഉയിർപ്പ് ഒരു കല്പിതകഥയാണെങ്കിൽ, അതു മെനഞ്ഞുണ്ടാക്കിയവർ വിശ്വാസ്യത നല്കുന്ന വിശദാംശങ്ങൾ അതിൽ ചേർക്കുക സ്വഭാവികമായിരുന്നല്ലോ.

**ഉയിർപ്പിലുള്ള വിശ്വാസം**

നീതിമാന്മാരായ മനുഷ്യർ മരണാനന്തരം നിത്യസൗഭാഗ്യമനുഭവിക്കാനായി ഉയർപ്പിക്കപ്പെടുമെന്നത് യഹൂദരെ സംബന്ധിച്ചിടത്തോളം ബാബിലോണിയൻ അടിമത്തിത്തിനു ശേഷംമാത്രം കൈവന്ന വിശ്വാസമാണ്. അതുകൊണ്ടുതന്നെ മരണാനന്തരജീവിതത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് പേർഷ്യൻ മതങ്ങളിൽനിന്നും ഇസ്രായേൽ സ്വീകരിച്ചതാണെന്ന് വാദിക്കുന്ന പണ്ഡിതന്മാരുണ്ട്. യാഹ്വേയുടെ അനന്തമായ ശക്തിയും വിശ്വസ്തതയും ദീർഘനാളായി അനുഭവിച്ചറിഞ്ഞ യഹൂദവിശ്വാസത്തിന്റെ സ്വഭാവിക പരിണാമമായിരുന്നു ഉത്ഥാനത്തിലുള്ള വിശ്വാസം എന്നാണ് പണ്ഡിതന്മാർ അധികപങ്കും ഇന്ന് അഭിപ്രായപ്പെടുന്നത്.

ജീവന്റെ നാഥനും നീതിമാനുമായ ദൈവം നീതിയെപ്രതി പീഡയേറ്റു മരിക്കുന്നവരെ അവസാനദിവസം ഉയിർപ്പിക്കും (ദാനി 12,1-4); ദൈവകല്പനകളെ ലംഘിക്കാതിരിക്കാൻവേണ്ടി മരണം വരിക്കുന്ന രക്തസാക്ഷികളെ അവിടുന്ന് പുനർജീവിപ്പിക്കും (2 മക്ക 7) എന്നത്

ഇസ്രായേലിന്റെ ഉറച്ച ബോധ്യമായിരുന്നു. നീതിമാൻമാരായ മനുഷ്യർക്കു മരണാനന്തരം ലഭിക്കാനിരിക്കുന്ന സൗഭാഗ്യത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ ഗ്രീക്കു ദർശനത്തിലെ "ആത്മാവും ശരീരവും" തമ്മിലുള്ള വേർതിരിവിന്റെ ഭാഷ വിജ്ഞാനത്തിന്റെ പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നതു കാണാം (3,1-4.7-8; 5,15-6,21). എന്നാൽ മനുഷ്യാത്മാവിന്റെ അമർത്യത എന്ന ആശയത്തെക്കാൾ കൂടുതലായി നീതിമാന്മാർക്കു ലഭിക്കുന്ന നിത്യജീവന്റെ ദാനത്തിനാണ് പഴയനിയമത്തിന്റെ വീക്ഷണത്തിൽ പ്രാമുഖ്യമുള്ളത്.

യേശുവിന്റെ പ്രഘോഷണത്തിലും മരണാനന്തരജീവിതത്തെപ്പറ്റി വ്യക്തമായ പരാമർശമുണ്ട്. "ദക്ഷിണദേശത്തെ രാജ്ഞി വിധിദിനത്തിൽ ഈ തലമുറയെ ജനങ്ങളോടൊപ്പം ഉയിർപ്പിക്കപ്പെടുകയും ഇതിനെ കുറ്റംവിധിക്കുകയും ചെയ്യും" (ലൂക്കാ 11,31-32; മർക്കോ 3,43-48). സ്വർഗ്ഗീയവിരുന്നിനെപ്പറ്റിയുള്ള യേശുവിന്റെ ഉപമയിൽ പൂർവ്വപിതാക്കന്മാർ ഉയിർപ്പിക്കപ്പെടുന്നതിനെപ്പറ്റി സൂചനയുണ്ട് (മർക്കോ 8,11). സ്വർഗ്ഗത്തിൽ മാത്രം പൂർത്തീകരിക്കപ്പെടുന്നതും പൂർണ്ണഭാഗ്യം കൈവരുന്നതുമായ ഒന്നാണ് മനുഷ്യജീവിതമെന്ന് അവിടുത്തെ പ്രബോധനങ്ങളിൽനിന്നും വ്യക്തമാണ് (ലൂക്കാ 8,20-23). പുനരുത്ഥാനത്തിൽ വിശ്വാസമില്ലാതിരുന്ന സദുക്കായരുമായുള്ള ചർച്ചയിൽ യേശു വെളിപ്പെടുത്തിയ ഒരു സത്യമുണ്ട്. മരണാനന്തരജീവിതമെന്നത്, ഐഹികജീവിതകാലത്തുള്ള അവസ്ഥാവിശേഷമല്ല; ജീവിക്കുന്ന ദൈവത്തിന്റെ ശക്തിയിലും വിശ്വസ്തതയിലും മനുഷ്യനു ലഭിക്കുന്ന ജീവനാണത് (മർക്കോ 12,24-27). മരിച്ചവരിൽനിന്നും ഉത്ഥാനം ചെയ്ത യേശുവിനെപ്പറ്റിയുള്ള വിചിന്തനത്തിലും ഈവക കാര്യങ്ങൾ ഉപകാരപ്രദങ്ങളാണ്.

യേശു മരിച്ചവരിൽനിന്നും ഉയിർത്തു എന്നത് വിശ്വസിക്കാൻ എളുപ്പമുള്ള കാര്യമല്ല. ആരംഭംമുതലേ കേൾവിക്കാർക്ക് ഇടർച്ചനല്കുന്നതായിരുന്നു അവ എന്നതാണ് വാസതവം. ദൈവം യേശുവിനെ മരിച്ചവരിൽനിന്നും ഉയിർപ്പിച്ചു എന്ന് വി. പൗലോസ് ആഥൻസുകാരോട് പ്രസംഗിക്കുമ്പോൾ അവരുടെ പ്രതികരണം എന്തായിരുന്നുവെന്നു നോക്കുക: "ചിലർ അവനെ പരിഹസിച്ചു. എന്നാൽ ചിലർ പറഞ്ഞു: ഇവയെക്കുറിച്ച് നിന്നിൽനിന്ന് ഞങ്ങൾ പിന്നീടൊരിക്കൽ കേട്ടുകൊള്ളാം" (നടപടി 17, 32).

ശാസ്ത്രദൃഷ്ട്യാ, കൂടുതൽ അസംബന്ധമായിത്തോന്നാവുന്ന കാര്യമാണ് മരിച്ചവരുടെ ഉയിർത്തെഴുന്നേൽപ്പ്. ജീവശാസ്ത്രപരമായ പരിണാമവികാസങ്ങളുടെ അന്ത്യമാണു മരണം. അതിനപ്പുറ

മുള്ള ഒരു യാഥാർത്ഥ്യവും അംഗീകരിക്കാൻ സന്നദ്ധതയില്ലാത്ത ഭൗതികശാസ്ത്രജ്ഞന്മാർക്കും അവരുടെ ചിന്താഗതികൾ പിന്തുടരുന്നവർക്കും യേശുവിന്റെ പുനരുത്ഥാനം സ്വീകാര്യമായിരിക്കുകയില്ല.

"മരിച്ചവരിൽനിന്നുള്ള ഉയിർപ്പ്" എന്ന ആശയം വിവിധതരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. ചിലരെസ്സംബന്ധിച്ചിടത്തോളം യേശുവിന്റെ "ഉയിർത്തെഴുന്നേൽപ്പ്" അടങ്ങിയിരിക്കുന്നത് ജനം അവിടുത്തെ ബഹുമാനിക്കുകയും അവിടുത്തെ ഉപദേശങ്ങൾ സ്വീകരിച്ച് അതനുസരിച്ച് ജീവിക്കുവാൻ തുടരുകയും ചെയ്തു എന്നതിലാണ്. അതായത് മരണംകൊണ്ടവസാനിക്കുന്നതായിരുന്നില്ല യേശുവിന്റെ സാന്നിദ്ധ്യവും സ്വാധീനവും. യേശുവിനെ ആരാധ്യപുരുഷനായി സ്വീകരിക്കുന്നതിലൂടെ യേശു ജീവിക്കുന്നു.

മന:ശാസ്ത്രപരമായ ഒരു വിശദീകരണം നല്കാൻ വേറൊരു കൂട്ടർ ശ്രമിക്കുന്നുണ്ട്. പുനരുത്ഥാനമെന്നു പറയുന്നത് യേശുവിന്റെ ശിഷ്യന്മാരിൽ വന്ന വീക്ഷണവ്യത്യാസമാണ്. യേശുവിൽ വന്ന മാറ്റത്തിലുപരി അവിടുത്തെ ശിഷ്യന്മാരുടെ കാഴ്ചപ്പാടിൽ വന്ന മാറ്റമാണത്. ശിഷ്യന്മാരുടെ മാനസികവിഭ്രാന്തിയിൽനിന്നും ഉരുത്തിരിഞ്ഞ ഒരു സങ്കല്പമാണ് യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പ്.

സുവിശേഷങ്ങൾ നല്കുന്ന വിവരണമനുസരിച്ച് ഈ കാഴ്ചപ്പാടുകൾക്കൊന്നും നിലനില്പില്ല. ഭൗതികതലത്തിനുമപ്പുറമുള്ള യാഥാർത്ഥ്യങ്ങളൊന്നും അംഗീകരിക്കാത്ത മനോഭാവത്തോടു ചർച്ച ചെയ്തിട്ടു കാര്യമില്ല. വളരുന്ന ശാസ്ത്രം കൂടുതലായി മനസ്സിലാക്കുന്ന ഒരു കാര്യമാണിത്, യാഥാർത്ഥ്യത്തിന്റെ തലത്തെ ദൃശ്യമേഖലകളിൽ ഒതുക്കാനാവുകയില്ല.

യേശുവിന്റെ ഉയിർപ്പ് മനുഷ്യമനസ്സുകളിലാണെന്നുള്ള സമീപനരീതിയും സുവിശേഷങ്ങളോടു നീതിപുലർത്തുന്നില്ല. അടയാളങ്ങൾവഴി താൻ ജീവിച്ചിരിക്കുന്നവനായി അവർക്കു സ്വയം കാണിച്ചുകൊടുത്ത യേശുവിനെയാണ് പുതിയനിയമം അവതരിപ്പിക്കുന്നത് (നടപടി 1,3). അതുപോലെ തന്നെ അത്യാഹ്ലാദത്താൽ എല്ലാം മറന്ന് യാഥാർത്ഥ്യബോധം നഷ്ടപ്പെട്ട അപ്പസ്തോലന്മാർ ചമച്ചുണ്ടാക്കിയതുമല്ല അവിടുത്തെ ഉത്ഥാനത്തെപ്പറ്റിയുള്ള വാർത്ത. ആഹ്ലാദത്താൽ എല്ലാം മറന്ന് പരിസരബോധം നഷ്ടപ്പെട്ട മനുഷ്യരായല്ല അപ്പസ്തോലന്മാർ സുവിശേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. അനുദിനജീവിതത്തിന്റെ തിക്താനുഭവങ്ങളുടെ ചൂളയിൽ ശുദ്ധീകരിക്കപ്പെട്ടവരാണവർ. സ്വപ്നജീവികൾ എന്ന വിശേഷണത്തിന് അവരിലാരും അർഹരല്ല എന്നതാണ് വാസ്തവം.

## ഉത്ഥാനാനുഭവത്തിന്റെ സവിശേഷതകൾ

ഉയിർത്തെഴുന്നേറ്റ കർത്താവിനെ ദർശിച്ചവരായ പത്രോസും പൗലോസും മറ്റപ്പസ്തോലന്മാരും ഒരു പ്രത്യേക ദൗത്യവാഹകരായിത്തീരുകയാണ്. യേശു മരിച്ചവരിൽനിന്നും ഉത്ഥാനം ചെയ്തെന്നും അവന്റെ നാമത്തിൽ രക്ഷയും പ്രത്യാശയും മനുഷ്യനു കൈവന്നിരിക്കുന്നു എന്നുമുള്ള സദ്വാർത്ത മറ്റുള്ളവരെ അറിയിക്കാനുള്ള ചുമതല അവർക്കു ലഭിക്കുകയാണ്. ഇങ്ങനെ യേശുവിന്റെ ഉയിർപ്പിൽ വിശ്വസിച്ച് ഒരുമിച്ചു കൂട്ടപ്പെടുന്നവരുടെ കൂട്ടായ്മയാണ് സഭ. ഇതുപോലുള്ള സഭാ സമൂഹങ്ങൾക്ക് രൂപംകൊടുക്കുകയാണ് അപ്പസ്തോലന്മാരുടെ ജോലി. ആ സമൂഹങ്ങളുടെ അടിസ്ഥാനം നിലനില്ക്കുന്നത് അപ്പസ്തോലന്മാരുടെ സാക്ഷ്യത്തിന്മേലാണ്. പുതിയൊരടിസ്ഥാനമിടാൻ ആർക്കുമാവില്ല. അപ്പസ്തോലന്മാർ തുടങ്ങിവച്ച ദൗത്യം ചരിത്രത്തിൽ മുമ്പോട്ടുകൊണ്ടുപോകാൻ കടപ്പെട്ടവരാണവർ. അതുകൊണ്ടാണ് സഭ പണിയപ്പെട്ടിരിക്കുന്നത് അപ്പസ്തോലന്മാരാകുന്ന അടിസ്ഥാനത്തിന്മേലാണ് എന്ന് പറയുക.

ഉത്ഥിതനായ യേശുവിനെ കണ്ടുമുട്ടിയപ്പോൾ അപ്പസ്തോലന്മാർക്കുണ്ടായ അനുഭവം അനന്യമാണ്. അത് ആവർത്തിക്കപ്പെടാനാവാത്തതാണ്. എന്നാൽ യേശുവിൽ വിശ്വസിക്കുന്നവർക്കും അവിടുത്തെ അനുഭവിക്കാൻ മാർഗ്ഗങ്ങളുണ്ട്. വചനത്തിലും കൂദാശകളിലും അവിടുന്ന് സന്നിഹിതനാണ് (ലൂക്കാ 24:30) സഭാസമൂഹത്തിലും (മത്താ 18,20; 1 കൊറി 1,27) വേദന അനുഭവിക്കുന്നവരിലും (മത്താ 25, 3) അവിടുത്തെ കണ്ടുമുട്ടാൻ കഴിയും.

രക്ഷാകരസംഭവത്തിന്റെ പൂർത്തീകരണമാണ് യേശുവിന്റെ പുനരുത്ഥാനം. യേശുവിനുമുമ്പുള്ള പ്രവാചകന്മാർ രക്ഷയുടെ സന്ദേശവാഹകരായിരുന്നു. എന്നാൽ യേശുവിൽ ആ രക്ഷ മനുഷ്യർക്കു കൈവന്നു. അവിടുത്തെ വരവോടു കൂടിയാണ് സമയം സമാഗതമായത് (മർക്കോ 1,15). ജനത്തിനുവേണ്ടി സഹിച്ചു മരിക്കുന്ന ദൈവദാസനെപ്പറ്റി ഏശയ്യാ പറഞ്ഞത് (ഏശയ്യാ 53, 1-12) യേശുവിൽ പൂർത്തിയായി. അവന്റെ മുറിവിനാൽ നമ്മൾ സൗഖ്യമാക്കപ്പെട്ടു (ഏശയ്യാ 53,6). ദൈവഹിതമനുസരിച്ച് ജീവിച്ചു മരിച്ച യേശുവിന്റെ ജീവിതത്തിനും സന്ദേശത്തിനും പ്രവൃത്തികൾക്കും ദൈവം നല്കുന്ന അംഗീകാരമുദ്രയാണ് പുനരുത്ഥാനം. അതുകൊണ്ടു തന്നെ യേശുവിന്റെ ജീവിതം മനുഷ്യകുലത്തിനു മാതൃകയും വെല്ലുവിളിയുമായി അവശേഷിക്കുന്നു. പിതാവായ ദൈവം തന്റെ അംഗീകാരത്തിന്റെ മുദ്ര ചാർത്തുന്നത് യേശുവിനെപ്പോലെ ജീവിച്ചു മരി

ക്കുന്ന മനുഷ്യജീവിതങ്ങളിന്മേലാണ്.

പുനരുത്ഥാനംവഴി യേശു നാഥനും കർത്താവുമായിത്തീർന്നു. പഴയനിയമത്തിൽ യാഹ്വേയ്ക്ക് നല്കിയിരുന്ന കിരിയോസ് എന്ന സ്ഥാനത്തിന് — യാഹ്വേയുടെ സ്ഥാനത്തിന്— യേശു നിയുക്തനാകുന്നു. "എന്തെന്നാൽ, മരിച്ചവരുടെയും ജീവിക്കുന്നവരുടെയും കർത്താവാകുന്നതിനുവേണ്ടിയാണ് ക്രിസ്തു മരിച്ചതും പുനർജീവിച്ചതും" (റോമ 14,9). സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും അവിടുന്നു കയ്യാളുന്നു (മത്താ 28,18) എന്നാൽ ഈ അധികാരം ഈ ലോകത്തിന്റേതല്ല. തന്റെ ജീവൻ വിലയായി നല്കി മനുഷ്യനെ രക്ഷിക്കാൻ വന്നതാണ് അവിടുന്ന്. സ്വയം ശൂന്യവല്ക്കരിക്കുന്ന ഈ സ്നേഹമാണ് യേശുവിന്റെ ജീവിതത്തിന്റെ വിരോധാഭാസം (Paradox). ബലഹീനതയിൽ വെളിപ്പെടുന്ന ബലമാണത്. അധികാരത്തിന്റെ മുമ്പിൽ ദുർബ്ബലം; ഭൗതികശക്തികൾക്കു മുന്നിൽ നിഷ്പ്രഭം; അനീതിക്കും അക്രമത്തിനും മുമ്പിൽ നിസ്സഹായം. എങ്കിലും ഇതിനെയെല്ലാം അതിജീവിക്കുകയും ഇവയുടെമേലെല്ലാം വിജയംനേടുകയും ചെയ്തു ആ ജീവിതം. തോല്പിക്കപ്പെടാൻ പറ്റാത്ത സ്നേഹത്തിന്റെ വിജയവും ആഘോഷവുമാണ് യേശുവിന്റെ പുനരുത്ഥാനം.

മരണത്തിനുമപ്പുറം നിലനില്ക്കുന്ന ഒരു ജീവിതത്തെപ്പറ്റിയുള്ള ലോകമതങ്ങളുടെ സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയാണ് യേശുവിന്റെ പുനരുത്ഥാനത്തിൽ. കല്ലറയ്ക്കുമപ്പുറം കാത്തിരിക്കുന്ന ജീവിതം മിഥ്യയല്ല എന്ന് അതു കാണിക്കുന്നു. സഫലമാകാത്ത ഒരാഗ്രഹമല്ലത്. പൂർത്തിയാകാനിരിക്കുന്ന ഒരു വാഗ്ദാനമത്രേ. ഈയർത്ഥത്തിലാണ് വി. പൗലോസ് കൊറീന്ത്യരോട് ചോദിച്ചത്, "ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർക്കപ്പെട്ടതായി പ്രഘോഷിക്കപ്പെടുന്നെങ്കിൽ മരിച്ചവർക്ക് പുനരുത്ഥാനം ഇല്ല എന്ന് നിങ്ങളിൽ ചിലർ പറയുന്നത് എങ്ങനെ?" (1 കൊറി 15,12).

മനുഷ്യനു കൈവരാനിരിക്കുന്ന രക്ഷയെപ്പറ്റിയുള്ള സങ്കല്പത്തിന്റെ കാര്യത്തിലും യേശുവിന്റെ ഉത്ഥാനം വെളിച്ചം വീശുന്നുണ്ട്. കണ്ണുനീരും വേദനയും നിറഞ്ഞ ഈലോകജീവിതത്തിൽനിന്നുമുള്ള വിമുക്തിയല്ല രക്ഷ. പാപവും വേദനയും നിറഞ്ഞ ഈ പ്രപഞ്ചത്തിനു കൈവരുന്ന ഒരു മാറ്റമാണത്. അതിന്റെ തുടക്കം യേശുവിന്റെ കല്ലറയിൽ ആരംഭിച്ചുകഴിഞ്ഞു. ഈ പ്രപഞ്ചത്തിനും മനുഷ്യവർഗ്ഗം മുഴുവനും വരാനിരിക്കുന്ന മാറ്റത്തിന്റെ നാന്ദിയാണ് യേശുവിന്റെ ശൂന്യമായി കല്ലറയിൽ തുടങ്ങിവച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ക്രൈസ്തവന്റെ പ്രത്യാശയുടെ അടിസ്ഥാനമാണത്.

കുരിശിൽ മരിച്ച യേശുവിനെ പിതാവായ ദൈവം സ്വീകരിച്ച് അംഗീകരിച്ച് മഹത്വപ്പെടുത്തിയതാണ് യേശുവിന്റെ പുനരുത്ഥാനം. ദുഃഖവെള്ളിയാഴ്ച യേശു മരിച്ചപ്പോൾതന്നെ നടന്ന ഒരു കാര്യമാണത്. അതിന്റെ ബാഹ്യമായ അടയാളങ്ങളായിരുന്നു ശൂന്യമായ കല്ലറയും ഉത്ഥിതന്റെ പ്രത്യക്ഷപ്പെടലുകളും.

**ഉപസംഹാരം**

മരിക്കുകയും പുനർജ്ജീവിക്കുകയും ചെയ്യുന്ന ദേവീദേവന്മാരെക്കുറിച്ചുള്ള കഥകളാൽ സമ്പന്നമായിരുന്ന പ്രാചീനലോകത്തിന്, ഒരു മനുഷ്യൻ കുരിശിൽത്തറയ്ക്കപ്പെട്ട് മരിച്ചതിനുശേഷം ജീവൻപ്രാപിച്ചു തിരിച്ചുവരിക എന്ന കാര്യം സ്വീകരിക്കാവുന്നതിലും അധികമായിരുന്നു. യഹൂദർക്ക് ഇടർച്ചയും വിജാതീയർക്ക് ഭോഷത്തവുമായിരുന്ന ഈ സത്യമാണ് യേശുശിഷ്യർക്ക് ലോകത്തെ അറിയിക്കാനുണ്ടായിരുന്നത്.

യേശുവിന്റെ ഉയിർപ്പിൽ വിശ്വസിക്കാൻ കഴിയുക ദൈവകൃപയുടെ ഫലമാണ്. അതിന് വിശ്വാസ്യത പകരുന്ന ഘടകങ്ങളെ ബുദ്ധിയുടെ തലത്തിൽ വേർതിരിച്ചെടുക്കാം. എങ്കിലും, അടിസ്ഥാനപരമായി അതു നിലകൊള്ളുക ഉത്ഥിതനെ കണ്ടുമുട്ടിയവരുടെ സാക്ഷ്യത്തിന്മേലാണ്. യേശുവിൽ വിശ്വസിച്ചവരുടെ ജീവിതങ്ങളിൽ വന്നിട്ടുള്ള രചനാപരമായ മാറ്റങ്ങൾ അവരുടെ വിശ്വാസത്തിലേക്കു കടന്നുവരാനുള്ള ആഹ്വാനമാകാം. ജീവിതത്തിന്റെ വേദനയിലും മരണത്തിന്റെ അർത്ഥമില്ലായ്മയിലും അർത്ഥം പകർന്നു തരുന്ന യാഥാർത്ഥ്യമായി യേശുവിന്റെ പുനരുത്ഥാനം നിലകൊള്ളുന്നു. മനുഷ്യന് ഉത്തരം നല്കാൻ കഴിയാത്ത ചോദ്യങ്ങൾക്കുമുമ്പിൽ യേശുശിഷ്യനു ഗതിമുട്ടി നില്ക്കേണ്ടിവരുന്നില്ല.

*(ഡോ.ജോസഫ് തൊണ്ടിപ്പറമ്പിൽ)*

07

# ക്രിസ്തുവിജ്ഞാനീയസത്യങ്ങൾ

മനുഷ്യാവതാര രഹസ്യവുമായി ബന്ധപ്പെട്ടു രൂപംകൊണ്ട അബദ്ധധാരണകളെയും പാഷണ്ഡതകളെയും തിരുത്തി ക്രിസ്തു വിജ്ഞാനീയത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ ആധികാരികമായി പഠിപ്പിച്ചത് എ.ഡി. 451 ൽ കാൽസിഡോണിൽ ചേർന്ന സാർവ്വത്രിക സൂനഹദോസാണ്. നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ, കാൽസിഡോൺ, സൂനഹദോസുകൾ അബദ്ധ പ്രബോധനങ്ങളെ തിരുത്തിക്കൊണ്ട് നൽകിയ പ്രധാന പഠനങ്ങൾ ഇവയാണ്.

**1. യേശു സത്യദൈവത്തിന്റെ ഏക പുത്രനാണ്:** മനുഷ്യാവതാരം ചെയ്ത ഈശോ ത്രിത്വത്തിലെ രണ്ടാമത്തെ ആളല്ല ദൈവത്തിന്റെ ദത്തുപുത്രൻ മാത്രമാണെന്നു പഠിപ്പിച്ച തെയോഡോട്ടസിന്റെ പഠനങ്ങളെ (adoptionism) വിക്ടർ ഒന്നാമൻ മാർപാപ്പായും സൂനഹദോസുകളും തള്ളിക്കളഞ്ഞു. ദൈവത്തിന്റെ ഏക പുത്രനും പൂർണ്ണ ദൈവവുമായ പുത്രൻ തമ്പുരാനാണ് മനുഷ്യനായി അവതരിച്ചത് എന്ന് കൗൺസിൽ പഠിപ്പിച്ചു.

**2. പുത്രൻ പിതാവുമായി സത്തയിൽ ഏകനാണ്:** മനുഷ്യാവതാരം ചെയ്ത ഈശോ ദൈവത്തിനു തുല്യനല്ല; അവിടുന്ന് ദൈവത്തിന്റെ ആദ്യ സൃഷ്ടി മാത്ര

മാണെന്ന് (logos) എ.ഡി. 318 ൽ പഠിപ്പിച്ച ആരിയൂസ് എന്ന അല ക്സാണ്ട്രിയൻ വൈദികന്റെ പാഷണ്ഡതാ പ്രബോധനത്തെ (Arianism) നിഖ്യാ സൂനഹദോസ് തള്ളിക്കളഞ്ഞു. പുത്രൻ തമ്പു രാൻ ജനിച്ചവനെങ്കിലും സൃഷ്ടിക്കപ്പെടാത്തവനും പിതാവുമായി സത്തയിൽ ഏകനുമാണെന്ന് സൂനഹദോസ് പഠിപ്പിച്ചത് ആര്യൻ പാഷണ്ഡതയെ ഖണ്ഡിച്ചുകൊണ്ടാണ്.

**3. ഈശോ പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനുമാണ്:** ക്രിസ്തു വിന്റെ മനുഷ്യത്വം പൂർണ്ണമല്ലെന്നും അവിടുത്തെ ആത്മാവായ "ലോഗോസ്" ആണ് യഥാർത്ഥത്തിൽ അവിടുത്തെ വ്യക്തിത്വത്തെ നിയന്ത്രിക്കുന്നത് എന്നും പഠിപ്പിച്ച ലാവോദീസിയായിലെ അപ്പോ ളിനാരീയൂസിന്റെ പഠനങ്ങളെ (Apollianarianism) 381 ൽ ചേർന്ന കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് തള്ളിക്കളഞ്ഞു. യേശുവിന്റെ മനുഷ്യത്വം പൂർണ്ണമല്ലാത്തതുകൊണ്ട് അവിടുത്തെ ജനനത്തി ന്റെയും കുരിശുമരണത്തിന്റെയും ആധികാരികതയെ നിഷേധിച്ച ഡൊസേറ്റിസം എന്ന പാഷണ്ഡതയ്ക്കെതിരേ യേശുവിന്റെ "പൂർണ്ണദൈവത്വവും പൂർണ്ണമനുഷ്യത്വവും" എന്ന വിശ്വാസസത്യം സഭ ഏറ്റു പറഞ്ഞു. യേശുവിന്റെ ആത്മാവ് മാത്രമല്ല യേശു മുഴുവ നായും പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാണ് എന്നാണ് സഭ യുടെ പ്രബോധനത്തിന്റെ അർത്ഥം.

**4. ഈശോയിൽ ഒരു വ്യക്തിത്വം മാത്രമേയുള്ളൂ:** മനുഷ്യാവ താരം ചെയ്ത ഈശോയുടെ അമ്മയെ ദൈവമാതാവ് (Theotokos) എന്നു വിളിക്കാനാവില്ലെന്നും ക്രിസ്തുവിന്റെ അമ്മ (Christotokos) എന്നു മാത്രമേ വിളിക്കാനാവൂ എന്നും പഠിപ്പിച്ച മൊപ്സ്വേസ്തി യായിലെ അനസ്താസിയൂസിന്റെ പഠനങ്ങളാണ് നെസ്തോറിയൻ പാഷണ്ഡത എന്ന് അറിയപ്പെടുന്നത്. ക്രിസ്തുവിൽ ദൈവിക വ്യക്തിത്വവും മാനുഷിക വ്യക്തിത്വവുമുണ്ടെന്നും മനുഷ്യവ്യക്തി ത്വത്തിന്റെ മാത്രം മാതാവാണ് മറിയം എന്നതുമായിരുന്നു ഈ പാഷണ്ഡതയുടെ പ്രമേയം. കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാ നായ നെസ്തോറിയൂസിന്റെ പിന്തുണ അനസ്താസിയൂസിനുണ്ടാ യിരുന്നു എന്ന തെറ്റിദ്ധാരണമൂലമാണ് ഈ പാഷണ്ഡതയ്ക്ക് നെസ്തോറിയനിസം എന്ന പേരു ലഭിച്ചത്. എന്നാൽ ഈശോ യുടെ ദൈവികവ്യക്തിത്വത്തിൽ അവിടുത്തെ മാനുഷിക വ്യക്തിത്വം വേർതിരിക്കാനാവാത്ത വിധം സമഞ്ജസമായി ഒന്നു ചേർന്നിരി ക്കുന്നതിനാൽ (hypostatic union) അവിടുന്നിൽ ഒരേഒരു വ്യക്തിത്വം (person) മാത്രമേ ഉള്ളൂവെന്നും ആ ദൈവികവ്യക്തി ത്വത്തിന്റെ മാതാവാകയാൽ മറിയം ദൈവമാതാവാണെന്നും സഭ പ്രഖ്യാപിച്ചു.

**5. ഈശോയിൽ രണ്ടു സ്വഭാവങ്ങൾ (ദൈവസ്വഭാവവും മനുഷ്യസ്വഭാവവും) ഉണ്ട്:** ഈശോയിൽ ഒരു വ്യക്തിത്വം മാത്രമുള്ളതിനാൽ അവിടുന്നിൽ ഒരു സ്വഭാവം മാത്രമേ ഉള്ളൂ എന്ന് കോൺസ്റ്റാന്റിനോപ്പിളിലെ എവുത്തിക്കസ് എന്ന സന്യാസി പഠിപ്പിച്ചിരുന്നു (Monophysitism) യേശുവിൽ ദൈവസ്വഭാവം മാത്രമേയുള്ളൂ എന്നും അവിടുത്തെ മനുഷ്യസ്വഭാവം "കടലിൽവീണ ഒരു തുള്ളി വെള്ളംപോലെ" ദൈവസ്വഭാവത്തിൽ അലിഞ്ഞില്ലാതായെന്നും അദ്ദേഹം വാദിച്ചു. എന്നാൽ കാൽസിഡോൺ കൗൺസിൽ ഈ പ്രബോധനത്തെ തിരുത്തിക്കൊണ്ട് യേശുവിൽ പൂർണ്ണമായ ഐക്യത്തിലുള്ളതും എന്നാൽ വ്യതിരിക്തവുമായ രണ്ടു സ്വഭാവങ്ങളുണ്ടെന്ന് പഠിപ്പിച്ചു.

**6. ഈശോയിൽ ദൈവികവും മാനുഷികവുമായ മനസ്സും പ്രവർത്തനശേഷിയുമുണ്ട്:** ക്രിസ്തുവിൽ ഒരു മനസ്സും ഒരു പ്രവർത്തനശേഷിയും മാത്രമേയുള്ളൂ എന്ന് കോൺസ്റ്റാന്റിനോപ്പിളിലെ സെർജിയൂസ് പാത്രിയാർക്കീസ് പഠിപ്പിച്ചിരുന്നു (monotheletism). എന്നാൽ മനസ്സും പ്രവർത്തനശേഷിയും ഇല്ലാത്ത മനുഷ്യസ്വഭാവം അപൂർണ്ണമാകും എന്നതിനാൽ ക്രിസ്തുവിൽ ദൈവികവും മാനുഷികവുമായ സ്വഭാവവും പ്രവർത്തനശേഷിയുമുണ്ടെന്ന് 649 ലെ ലാറ്ററൻ കൗൺസിലിൽ മാർട്ടിൻ ഒന്നാമൻ മാർപാപ്പാ പ്രഖ്യാപിച്ചു. റോമൻ ചക്രവർത്തിയുടെ നിലപാടിന് (monotheletism) എതിരായ പ്രഖ്യാപനമാണ് മാർപാപ്പ നടത്തിയത് എന്നതിനാൽ മാർട്ടിൻ പാപ്പായ്ക്കു രക്തസാക്ഷിത്വം വരിക്കേണ്ടി വന്നു.

**7.** മനുഷ്യാവതാര രഹസ്യത്തെ വിശദീകരിച്ചുകൊണ്ട് കാൽസിഡോൺ കൗൺസിൽ നൽകുന്ന പ്രബോധനം ഇപ്രകാരമാണ്.

"വിശുദ്ധ പിതാക്കൻമാരെ അനുകരിച്ചു ഞങ്ങൾ ഏകസ്വരത്തിൽ നമ്മുടെ കർത്താവായ യേശുക്രിസ്തു എന്ന ഒരേയൊരു പുത്രനെ ഏറ്റുപറയുകയും അവിടുത്തെക്കുറിച്ചു പഠിപ്പിക്കുകയും ചെയ്യുന്നു. അവിടുന്ന് ദൈവത്വത്തിൽ പൂർണനാണ്. അവിടുന്ന് മനുഷ്യത്വത്തിലും പൂർണനാണ്. ശരീരവും യുക്തിസഹമായ ആത്മാവും ഉള്ള അവിടുന്ന് യഥാർത്ഥ ദൈവവും യഥാർത്ഥ മനുഷ്യനുമാണ്. അവിടുത്തെ ദൈവപ്രകൃതിയെ സംബന്ധിച്ച് അവിടുന്നു പിതാവിനോട് സത്തൈക്യം (consubstantial) ഉള്ളവനാണ്. മനുഷ്യപ്രകൃതിയെ സംബന്ധിച്ച് അവിടുന്നു നമ്മോടു സത്തൈക്യമുള്ളവനാണ്; "പാപമൊഴികെ എല്ലാക്കാര്യങ്ങളിലും അവിടുന്നു നമ്മെപ്പോലെയാണ്". ദൈവത്വത്തിൽ, യുഗങ്ങൾക്കുമുൻപുതന്നെ, അവിടുന്നു പിതാ

വിൽനിന്നു ജനിച്ചു; എന്നാൽ ഈ അവസാന നാളുകളിൽ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും മനുഷ്യത്വത്തിൽ, ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിൽനിന്നു ഭൂജാതനായി.

കർത്താവും ഏകജാതനുമായ ഒരേയൊരു ക്രിസ്തു, അന്യോന്യ മിശ്രണമോ പരിവർത്തനമോ വിഭജനമോ വിയോഗമോ ഇല്ലാത്ത രണ്ടു പ്രകൃതികളോടുകൂടിയവനാണെന്ന് അംഗീകരിക്കപ്പെടണമെന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ദൈവ-മനുഷ്യ പ്രകൃതികളുടെ സംയോഗംമൂലം, പ്രകൃതികൾക്കു തമ്മിലുള്ള വ്യത്യാസം നഷ്ടമായില്ല; മറിച്ച്, ഏകവ്യക്തി (prosopon) യിലും ഏക ഉപസ്ഥിതി (hypostasis) യിലും പ്രകൃതികൾ ഒരുമിച്ചുചേരുമ്പോഴും ഓരോ പ്രകൃതിയും അതതിന്റേതായ സവിശേഷത നിലനിറുത്തുന്നു.

ഡോ. ജോസഫ് പാംപ്ലാനി

# 08

## ക്രിസ്തുവിജ്ഞാനീയം – നൂറ്റാണ്ടുകളിലൂടെ

പൂർണ്ണമായും മനസ്സിലാക്കാനാവാത്തതാണ് രഹസ്യം. കാരണം, അത് മനുഷ്യബുദ്ധിക്ക് അതീതമാണ്. യേശു എന്ന രഹസ്യത്തെ മനസ്സിലാക്കാൻ ശ്രമിക്കുമ്പോഴും ഈ പ്രസ്താവന പ്രസക്തമാണ്.യേശു രഹസ്യത്തിന്റെ അന്തസത്ത പൂർണ്ണമായും ഉൾക്കൊള്ളാൻ മനുഷ്യനു കഴിയുകയില്ല. വിശ്വാസവും എളിമയും സമ്മേളിക്കുമ്പോൾ, 'ഇതെങ്ങിനെ സംഭവിക്കും?' എന്ന മറിയത്തിന്റെ അന്വേഷണത്വര ഉടലെടുക്കും. മറിയത്തിന്റെ വിനയാന്വിതമായ ഈ അന്വേഷണത്വരയും "ദൈവത്തിന് എല്ലാം സാധ്യമാണ്" എന്ന മാലാഖയുടെ ഉത്തരത്തിനു മുന്നിൽ അവൾ പ്രകടിപ്പിച്ച സമർപ്പണമനോഭാവവുമാണ് ഈ അന്വേഷണപ്രക്രീയയിൽ നാമോരോരുത്തരും സ്വന്തമാക്കേണ്ടത്. കേവലം ബൗദ്ധികാപഗ്രഥനത്തിലൂടെ ക്രിസ്തുരഹസ്യം ഗ്രഹിക്കാൻ ആർക്കും കഴിയുകയില്ല. കാരണം ബുദ്ധിക്കും യുക്തിക്കും അതീതമാണത്.

### യേശു യഥാർത്ഥ മനുഷ്യൻ:

#### *യേശു മനുഷ്യത്വത്തെ പ്രശോഭിപ്പിക്കുന്നു*

മനുഷ്യന്റെ സാഹചര്യങ്ങളെയും ബാധ്യതകളേയും പുതിയ കാഴ്ചപ്പാടുകളിലൂടെ ദർശിക്കുവാൻ യേശു

വിന്റെ മനുഷ്യത്വം നമ്മെ വെല്ലുവിളിക്കുന്നു. യഥാർത്ഥത്തിൽ മനുഷ്യനായിരിക്കുക എന്നാൽ എന്തെന്നാണെന്ന് യേശുവിന്റെ മനുഷ്യത്വം നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന്റെ സാദൃശ്യത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ. അതാണ് മനുഷ്യനെ മൃഗങ്ങളിൽനിന്നും മറ്റു സൃഷ്ടികളിൽനിന്നും വ്യതിരിക്തനാക്കുന്നത്. ഈ സാദൃശ്യം അടങ്ങിയിരിക്കുന്നത് എല്ലാത്തിന്മേലുമുള്ള അധിശത്വത്തിലാണ് എന്നു ചിന്തിക്കുന്നവരുണ്ട്. മനുഷ്യബുദ്ധിയിലാണ് ദൈവത്തിന്റെ സാദൃശ്യം കുടികൊള്ളുന്നത് എന്നു കരുതുന്നവരുണ്ട്. എന്നാൽ ദൈവത്തിന്റെ അരൂപിയിലും അതിലൂടെ ദൈവവും മനുഷ്യനും തമ്മിൽ കൈവന്ന പ്രത്യേകബന്ധത്തിലുമാണ് ദൈവത്തിന്റെ സാദൃശ്യം അടങ്ങിയിരിക്കുന്നത്. ഈ ഛായയ്ക്ക് മങ്ങലേല്ക്കാതെ യേശുവിൽ അതിന്റെ പൂർണ്ണതയിൽ നാം ദർശിക്കുന്നു. യഥാർത്ഥ മനുഷ്യനായിരിക്കുക എന്നതിനർത്ഥം ദൈവരൂപിയിൽ നിറഞ്ഞ് ദൈവത്തോട് ബന്ധപ്പെട്ടിരിക്കുക എന്നതാണെന്ന് യേശുവിന്റെ മഹത്വം നമ്മെ ഓർമ്മിപ്പിക്കുന്നു.

***യേശുവിന്റെ മനുഷ്യസ്വഭാവം അനന്യമാണ്***

നമ്മുടെ മനുഷ്യസ്വഭാവത്തിൽനിന്നും വ്യതിരിക്തമായി നിലകൊള്ളുന്നതാണ് യേശുവിന്റെ മനുഷ്യസ്വഭാവം. മനുഷ്യനെന്ന നിലയിൽ ദൈവം എന്തായിരിക്കുന്നു, എങ്ങനെ പ്രവർത്തിക്കുന്നു എന്ന് അത് നമുക്ക് ബോധ്യപ്പെടുത്തിത്തരുന്നു. ദൈവത്തിന്റെ മാനുഷികമുഖമാണ് യേശു (2 കൊറി 4,6). യേശുവിന്റെ മനുഷ്യജീവിതത്തിലൂടെ ദൈവം അനന്യമായ രീതിയിൽ സന്നിഹിതനും പ്രവർത്തനനിരതനുമാണ്. യേശുവിന്റെ മനുഷ്യസ്വഭാവത്തിൽ ദൈവം മനുഷ്യനെ കണ്ടുമുട്ടുന്നു, ദൈവം ചരിത്രത്തിൽ കടന്നുവരുന്നു, വ്യക്തിപരമായി സന്നിഹിതനാകുന്നു.

***മനുഷ്യനോടു താദാത്മ്യപ്പെട്ടവൻ***

യേശുവിന്റെ മനുഷ്യസ്വഭാവത്തിലൂടെ അവിടുന്ന് എല്ലാ മനുഷ്യരോടും താദാത്മ്യപ്പെടുന്നു. മനുഷ്യനായിരിക്കുന്നതിന്റെ മഹത്വം നമ്മെ ഓർമ്മപ്പെടുത്തുന്നു. മനുഷ്യനായിരിക്കുന്നതിൽ അഭിമാനിക്കാതെ, മനുഷ്യരോട് യേശു ബന്ധപ്പെട്ടിരിക്കുന്നതുപോലെ താദാത്മ്യപ്പെടാനും യേശുവിന്റെ മനുഷ്യസ്വഭാവം നമ്മോടാവശ്യപ്പെടുന്നു.

**യേശു യഥാർത്ഥ ദൈവം:**

പിതാവായ ദൈവത്തിന് നല്കുന്ന എല്ലാ വിശേഷണങ്ങളും പുത്രനും നല്കണമെന്ന വിശ്വാസമാണ് യേശു യഥാർത്ഥ ദൈവ

മായിരുന്നു എന്നുള്ള പ്രഖ്യാപനത്തിലൂടെ കാൽസിഡോൺ സൂന ഹദോസിൽ കാണുക. ദൈവത്തെക്കുറിച്ചുള്ള മനുഷ്യന്റെ കാഴ്ച പ്പാടുകൾ അവൻ ജീവിക്കുന്ന സാംസ്കാരിക സാഹചര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

പൗരാണിക ഗ്രീക്ക്-റോമൻ സംസ്കാരത്തിൽ ദൈവം മാറ്റ ങ്ങൾക്കെല്ലാം അതീതനും പ്രപഞ്ചത്തിന്റെ നിയതാവുമാണ്. പ്രപ ഞ്ചത്തിന്റെ മാറ്റത്തിന്റെ മാനദണ്ഡം ദൈവമാണെങ്കിൽ അടിമ ത്തത്തിനും ചൂഷണത്തിനും ദാരിദ്ര്യത്തിനും വിധേയനായ മനു ഷ്യനെ സംബന്ധിച്ചിടത്തോളം ദൈവം വിമോചകനാണ്. തന്റെ പരിതാപകരമായ അവസ്ഥകളിൽനിന്ന് തന്നെ മോചിപ്പിക്കാൻ കഴി യുന്നവനാണവിടുന്ന്. ഇവിടെയും ജീവിതത്തെക്കുറിച്ചുള്ള പ്രതീ ക്ഷകൾ പൂവണിയിക്കാൻ കഴിവുള്ള വ്യക്തിയായിട്ടാണ് ഇവർ ദൈവത്തെ ദർശിക്കുന്നത്.

അസ്ഥിത്വവാദികളെ സംബന്ധിച്ചിടത്തോളം ദൈവം ചരിത്ര ത്തിന് അതീതനോ അധീനനോ അല്ല. മനുഷ്യനോടുകൂടിയായി രുന്നുകൊണ്ട് അവനെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ശക്തിയാണ്. മനസ്സാക്ഷിയിൽ ദൈവത്തെ കണ്ടെത്തുന്നവരാണീ ക്കൂട്ടർ.

ചരിത്രത്തിലും വ്യക്തിജീവിതത്തിലും നിർണ്ണായകസ്വാധീനം ചെലുത്തുന്ന വ്യക്തിയാണ് ദൈവം എന്ന് ഈ ദർശനങ്ങളോ രോന്നും സാക്ഷ്യപ്പെടുന്നു. ഈ അർത്ഥത്തിൽ യേശു യഥാർത്ഥ ദൈവമാണെന്നു പറയുമ്പോൾ നമ്മുടെ ജീവിതത്തെ അടിമുടി നിർണ്ണായകമായി സ്വാധീനിക്കുന്ന വ്യക്തിയാണ് യേശു, എന്നു പ്രഖ്യാപിക്കുകയാണ്. പിതാവിനോട് ഏകസത്തയായിരിക്കുന്ന പുത്രൻ യഥാർത്ഥത്തിൽ ദൈവമാണ്. ആരാധനാക്രമത്തിൽ പിതാ വിനോടും പരി. ആത്മാവിനോടും ബന്ധപ്പെടുത്തിയാണ് പുത്രന്റെ ദൈവത്വത്തെ വീക്ഷിക്കുന്നത്.

**യേശുവിന്റെ വ്യക്തിത്വം** (One Personhood)

യേശുവിന്റെ വ്യക്തിത്വം (Personhood) എന്തിലാണ് അടങ്ങി യിരിക്കുന്നത് എന്നതിനെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളുണ്ട്. അവബോ ധവും അനുഭവവുമാണ് വ്യക്തിത്വത്തിന്റെ അവിഭാജ്യഘടകങ്ങൾ എന്നാണ് വി. അഗസ്റ്റീനോസിന്റെ അഭിമതം. ബൗദ്ധികസ്വഭാവമുള്ള വൈയക്തിക സത്തയാണ് ബോയേതിയൂസിന്റെ (480-524) നിർവ്വ ചനത്തിൽ വ്യക്തി. ബുദ്ധിക്കും വൈയക്തികതയ്ക്കും പ്രാധാന്യം നല്കുന്ന ഇത്തരം സമീപനരീതിതന്നെയാണ് മധ്യശതകങ്ങളിലും

നിലനിന്നിരുന്നത്. മനുഷ്യനെ മനുഷ്യനാക്കുന്നത് സ്വയാവബോധമാണെന്ന് ഡെക്കാർട്ട് (1596-1650) പഠിപ്പിക്കുന്നതിന്റെ (Cogito Ergo sum. I Think There for Iam) പിന്നിലെ ചിന്താധാരയും ഇതു തന്നെയാണ്. ഇമ്മാനുവൽ കാന്റിന്റെ (1724-1804) ദൃഷ്ടിയിലാവട്ടെ വ്യക്തിത്വത്തിന്റെ പ്രതിമാനങ്ങൾ മനുഷ്യമനസ്സും അതിന്റെ സ്വാതന്ത്ര്യവുമാണ്.

ആധുനിക വീക്ഷണത്തിൽ വ്യക്തിത്വത്തിന്റെ അടിസ്ഥാനം അപരനുമായി ബന്ധപ്പെടാനുള്ള കഴിവാണ്. അപരനുമായി ബന്ധപ്പെടുന്നതിലൂടെയാണ് ഒരുവൻ തന്റെ അനന്യത മനസ്സിലാക്കുന്നത്. ബുദ്ധി, സ്വയാവബോധം, അപരനുമായി ബന്ധപ്പെടാനുള്ള കഴിവ് ഇവയൊക്കെ വ്യക്തിത്വത്തിന്റെ അനുപേക്ഷണീയ ഘടകങ്ങളാണ്.

യേശുക്രിസ്തുവിൽ ഒരാൾ (one Person) മാത്രമേയുള്ളൂ എന്നും പ്രസ്തുത ആൾ ദൈവികആൾ (Divine Person) ആണെന്നുമാണ് സഭ പഠിപ്പിക്കുന്നത്. യേശുവിൽ മാനുഷികവ്യക്തിത്വം (Personhood) നിഷേധിക്കുന്നതിലൂടെ യേശുവിന്റെ മനുഷ്യത്വത്തിന് ഭംഗം വരുന്നില്ലേ എന്ന സംശയം ഇവിടെ പ്രസക്തമാണ്. എന്നാൽ, മാനുഷികപൂർണ്ണതകളും പ്രത്യേകതകളും സ്വഭാവത്തിന്റെ തലത്തിലാണ് നിലകൊള്ളുന്നത്. യഥാർത്ഥമനുഷ്യസ്വഭാവം യേശുവിനുണ്ടായിരുന്നതിനാൽ യേശുവിന്റെ മനുഷ്യത്വം അഭംഗുരവും അന്യൂനവുമായി പ്രശോഭിക്കുന്നു. യേശുവിന്റെ വ്യക്തിത്വം (Personhood) മനസ്സിലാക്കേണ്ടത് അവിടുത്തെ ബന്ധങ്ങളുടെ പശ്ചാത്തലത്തിലാണ്. പിതാവുമായുള്ള ബന്ധത്തിലൂടെയാണ് തന്റെ വൈയക്തികത യേശു അനുഭവിക്കുന്നത്. ഈ അർത്ഥത്തിലാണ് യേശുവിന്റെ വൈയക്തികത ദൈവികമായിരുന്നു എന്നു പറയുന്നത്.

ക്രിസ്തുരഹസ്യത്തെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ വി. തോമസ് അക്വിനാസിന്റെ ഭാഷ്യം ഉപയുക്തമാണ്. സൃഷ്ടിക്കപ്പെട്ട ഒരോ ജീവിക്കും അടിസ്ഥാനപരമായി രണ്ടു ഘടകങ്ങളുണ്ട്: ഉൺമയും സത്തയും (being and essence). സത്തയാണ് സ്വഭാവം. മനുഷ്യന്റെ സത്തയിൽ ആത്മാവും ശരീരവും മാത്രമല്ല നിരവധി ആഗന്തുകങ്ങളും (accidents) അന്തർലീനമാണ്. ഓരോ വ്യക്തിയിലും ഇത്തരത്തിൽ നിരവധി ആഗന്തുകങ്ങൾ ദൃശ്യമാണ് (ഉദാ. നിറം,വണ്ണം, ഉയരം മുതലായവ).

ഓരോ സത്തയ്ക്കും (സ്വഭാവത്തിനും) തുല്യമായൊരു സ്വത്വ (ഉൺമ-being) മുണ്ട്. തത്ഫലമായി മനുഷ്യസ്വഭാവമുണ്ടെങ്കിൽ മനു

ഷ്യവ്യക്തിത്വം ഉണ്ടാകേണ്ടതാണ്. എന്നാൽ യേശുക്രിസ്തുവിൽ മാനുഷിക സ്വത്വത്തിന്റെ സ്ഥാനത്ത് അതിനേക്കാൾ മഹത്തായ വചനമാണ് നിലകൊള്ളുന്നത്.സർവ്വശക്തനായ ദൈവത്തിന് ഇതു സാധ്യമാണല്ലോ. അതായത് യേശുവിന്റെ മാനുഷികതയ്ക്കാധാരം വചനമാണെന്ന് വ്യക്തം.

യേശുവിന്റെ വ്യക്തിത്വത്തിന്റെ ഈ രഹസ്യാത്മകത അംഗീകരിക്കുമ്പോൾ സ്വാഭാവികമായും ഉയരുന്ന ചോദ്യങ്ങളാണ് യേശുവിന്റെ അറിവ്, സ്വാതന്ത്ര്യം, നിഷ്കളങ്കത തുടങ്ങിയവയെക്കുറിച്ചുള്ളവ.

**യേശുവും പാപവും**

യേശുവിൽപാപമില്ലായിരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. “ആർക്ക് എന്നിൽ പാപം ആരോപിക്കാൻ കഴിയും” (യോഹ 8:46); കറയോ കുറവോ ഇല്ലാത്ത കുഞ്ഞാടാണ് അവിടുന്ന് (1 പത്രോ 1:19); “ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും എല്ലാ കാര്യത്തിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടവനാണവിടുന്ന്” (ഹെബ്രാ 4:15); “എന്തെന്നാൽ അവനിൽ നാമെല്ലാവരും ദൈവത്തിന്റെ നീതിയാകേണ്ടതിന് പാപമറിയാത്തവനെ ദൈവം നമുക്കുവേണ്ടി പാപമാക്കി” (2 കൊറി 5:21).

സഭ പഠിപ്പിക്കുന്നതും യേശുവിൽ പാപമില്ലായിരുന്നു എന്നാണ്. ഒരാൾ രണ്ടു സ്വഭാവത്തിൽ ചെയ്യുന്ന പ്രവർത്തിയുടെ ഉത്തരവാദിത്വം വ്യക്തിക്കാണ്. യേശുവിലെ വ്യക്തിത്വം ദൈവികമാകയാൽ യേശുവിൽ പാപമുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം ദൈവത്തിനായിരിക്കും. തന്മൂലം യേശുവിൽ പാപമില്ല എന്നുമാത്രമല്ല, പാപംചെയ്യാനുള്ള സാധ്യതയുമില്ല എന്നാണ് ദൈവശാസ്ത്ര നിഗമനം.

**യേശുവും സ്വാതന്ത്ര്യവും**

ഒരാളുടെ പ്രവർത്തികളെ നിയന്ത്രിക്കാനുള്ള സാധ്യതയാണ് സ്വാതന്ത്ര്യം (the faculty to determine once action). ബാഹ്യമായ സമ്മർദ്ദങ്ങളോ, ആന്തരികമായ ആവശ്യകതകളുടെ നിർബന്ധത്താലോ ഉള്ള പ്രവർത്തികൾ സ്വതന്ത്രമല്ല.

നന്മയോട് ഏറ്റവും അടുത്തിരിക്കുന്ന വ്യക്തിക്ക് നന്മയും തിന്മയും തിരിച്ചറിഞ്ഞ് വേഗത്തിൽ തിരഞ്ഞെടുപ്പ് നടത്താൻ സാധിക്കും. നന്മചെയ്യുന്നവർ സ്വാതന്ത്ര്യത്തിലാണ്. ദൈവം നന്മതന്നെയായതുകൊണ്ട് പൂർണ്ണമായും സ്വതന്ത്രനാണ്. പാപത്തിനടിമയായ

മനുഷ്യന് തെരഞ്ഞെടുപ്പ് ഏറെ ദുഷ്കരമാണ്. കാരണം തിന്മയുടെ ശക്തികളായിരിക്കും അവനെ നിയന്ത്രിക്കുക. തന്മൂലം പാപിയായ മനുഷ്യൻ യഥാർത്ഥത്തിൽ അടിമയാണ്.

യേശുവിൽ പാപമില്ലായിരുന്നതുകൊണ്ടും അവിടുന്ന് ദൈവം തന്നെയായതുകൊണ്ടും സ്വാതന്ത്ര്യം അതിന്റെ പൂർണ്ണതയിൽ യേശുവിലുണ്ടായിരുന്നു. നന്മതന്നെയായ പിതാവിന്റെ ഹിതത്തിന് യേശു സ്വയം സമർപ്പിക്കുകയായിരുന്നു. യേശു തന്റെ ജീവിതകാലത്ത് ഒരിക്കലും സ്വന്തം താത്പര്യങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതായി നാം കാണുന്നില്ല. മാത്രമല്ല ബാഹ്യമായ ശക്തികളൊന്നും അവിടുത്തെ പ്രവർത്തനങ്ങളെ സ്വാധീനിച്ചിരുന്നില്ല. ഇതിന്റെ അർത്ഥം യേശു പരിപൂർണ്ണ സ്വാതന്ത്ര്യം അനുഭവിച്ചിരുന്നു എന്നാണ്.

**യേശുവിന്റെ അറിവും അജ്ഞതയും**

ക്രിസ്തുവിൽ രണ്ടുസ്വഭാവങ്ങളുണ്ടായിരുന്നതുകൊണ്ട് രണ്ടു തരം (modes) അറിവുകളും ഉണ്ടായിരുന്നു എന്ന് നമുക്ക് തീർച്ചപ്പെടുത്താം. മാനുഷിക ജ്ഞാനത്തിൽ യേശു വളർന്നു എന്ന് സുവിശേഷം സാക്ഷ്യംനല്കുന്നു (ലൂക്കാ 2:52). ത്രിത്വത്തിലെ മൂന്നാളുകൾക്കും സ്വന്തമായിട്ടുള്ള ദൈവികമായ അറിവും യേശുവിനുണ്ടായിരുന്നു. അനുഭവങ്ങളിലൂടെ സ്വായത്തമാക്കുന്ന അറിവും (acquired knowledge) ദൈവനിവേശിതമായ അറിവും (infuseds knowledge) ദൈവികമായ അന്തർജ്ഞാനവും (infinitive knowledge) ദൈവമായതുകൊണ്ട് യേശുവിനുണ്ടായിരുന്നുവെന്ന് ദൈവശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. യേശുവിൽ ദൈവികമായ അറിവ് നിഷേധിക്കുന്നത് ത്രിത്വത്തിലെ മൂന്നാളുകൾതമ്മിലുള്ള ഐക്യത്തെ നിഷേധിക്കുന്നതിനു തുല്യമാണ്.

"ആ മണിക്കൂറിനെക്കുറിച്ച്", "ഇടതും വലതും ഇരിക്കുന്നത് ആരൊക്കെയാണ്" തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് യേശുവിന്റെ അജ്ഞതയെ പലരും വ്യത്യസ്തമായി വ്യാഖ്യാനിക്കാറുണ്ട്. സഭാപിതാക്കന്മാരുടെ അഭിപ്രായത്തിൽ തെറ്റായ അറിവ് (error), അജ്ഞത (ignorance), അറിവില്ലായ്മ (not knowing) എന്നിവയെ മൂന്നായി തിരിച്ച് മനസ്സിലാക്കണം.

തെറ്റായ അറിവ് (error) എന്നുവച്ചാൽ ശരിയെ തെറ്റായും, തെറ്റിനെ ശരിയായും കാണുന്നതാണ്. അജ്ഞത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അറിയേണ്ട കാര്യങ്ങളെക്കുറിച്ച് ഒരാൾക്കുള്ള അറിവുകേടാണ്. അറിവില്ലായ്മ എന്നുവെച്ചാൽ അറിഞ്ഞിരിക്കണ

മെന്ന് നിർബന്ധമില്ലാത്ത കാര്യങ്ങളെക്കുറിച്ചുള്ള അജ്ഞതയാണ്. ഈ അർത്ഥത്തിൽ തെറ്റായ അറിവിനും അജ്ഞതയ്ക്കും യേശുവിന്റെ ജീവിതത്തിൽ സ്ഥാനമില്ല. തന്റെ വ്യക്തിത്വത്തെക്കുറിച്ചും ദൗത്യത്തിനാവിശ്യമായ കാര്യങ്ങളെക്കുറിച്ചും യേശുവിന് യഥാർത്ഥമായ അറിവുണ്ടായിരുന്നു.

**യേശുവും വിശ്വാസവും**

വിശ്വാസം എന്നത് പ്രത്യാശിക്കുന്നത് ലഭിക്കും എന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ് (ഹെബ്രാ 11:1). യേശുവിനെ സംബന്ധിച്ചിടത്തോളം നിയതാർത്ഥത്തിൽ വിശ്വാസം ഇല്ലായിരുന്നു. കാരണം യേശുവിനെ സംബന്ധിച്ചിടത്തോളം കാണപ്പെടാത്തവ ഒന്നും ഇല്ലായിരുന്നു. തോമസ് അക്വീനാസ് പറയുന്നു: വിശ്വാസം എന്ന പുണ്യം യേശുവിലില്ലായിരുന്നു എങ്കിലും വിശ്വാസത്തിന്റെ യോഗ്യത അവിടുന്നിലുണ്ടായിരുന്നു. വിശ്വാസത്തിന്റെ യോഗ്യത അടങ്ങിയിരിക്കുന്നത് ദൈവത്തിന് സ്വമനസ്സോടെ വിധേയപ്പെടുന്നതിലാണ്. യേശുക്രിസ്തു പിതാവിന് പൂർണ്ണമായി വിധേയപ്പെട്ടവനാണ് എന്നതിൽനിന്നും ഇത് വ്യക്തമാണ്.

ശിഷ്യന്മാരുടെ വിശ്വാസമല്ല യേശുവിന്റെ വിശ്വാസം. നമ്മുടെ വിശ്വാസം യേശുക്രിസ്തുവിലാണ്. എന്നാൽ യേശുവിനു തന്റെ ദൈവത്തെക്കുറിച്ച് ഉറപ്പുണ്ടായിരുന്നു. ശിഷ്യരുടെ വിശ്വാസം രൂപപ്പെടുന്നതുതന്നെ പിതാവിനെക്കുറിച്ചുള്ള അറിവ് പങ്കുവെയ്ക്കുന്നതിലൂടെയാണ്. നമ്മുടെ വിശ്വാസത്തിന്റെ വിഷയവും വിശ്വാസത്തിന്റെ ദാതാവും ക്രിസ്തുവാണ്. യേശുവിനെപ്പോലെ വിശ്വസിക്കുന്നത് ഒരിക്കലും യേശുവിൽ വിശ്വസിക്കുന്നതിന് വിഘാതമല്ല.

**ഉപസംഹാരം**

വാഗ്വാദങ്ങൾക്കും വിശദീകരണങ്ങൾക്കും ശേഷം ക്രിസ്തുരഹസ്യം മനുഷ്യബുദ്ധിക്ക് അതീതമായൊരു സമസ്യയായി നിലകൊള്ളുന്നു. ആദിമനൂറ്റാണ്ടുകളിലെന്നപോലെ ക്രിസ്തുരഹസ്യത്തിന്റെ ചുരുളഴിയിക്കാൻ യത്നിക്കുന്നവർ അനേകരാണ്. ചിലതൊക്കെ ഔദ്യോഗിക ദൃഷ്ടിയിൽ അബദ്ധസിദ്ധാന്തങ്ങളായിരുന്നു. ക്രിസ്തു തന്നെത്തന്നെ വെളിപ്പെടുത്തിയത് അപ്പസ്തോലന്മാർക്കാകയാൽ അപ്പസ്തോലിക പിന്തുടർച്ചയുള്ള സഭയ്ക്കാണ് ക്രിസ്തുരഹസ്യം ആധികാരിമായി വ്യാഖ്യാനിക്കാനുള്ള അവകാശം.

അന്തിമവിശകലനത്തിൽ രഹസ്യം വ്യാഖ്യാനിക്കപ്പെടാനുള്ളതല്ല വിശ്വസിക്കാനുള്ളതാണെന്ന് നാം കണ്ടെത്തുന്നു. ക്രിസ്തു

എന്ന വ്യക്തിയുടെ അന്തസത്തയെ തലനാരിഴകീറി വിശകലനം ചെയ്യുന്നതിലല്ല അവനെ കർത്താവും ദൈവവുമായി ഏറ്റുപറയുന്നതിലാണ് ക്രിസ്തീയത കുടികൊള്ളുന്നത്.

## ക്രിസ്തുവിജ്ഞാനീയത്തിലെ പാഷണ്ഡതകൾ

ദൈവശാസ്ത്രത്തിന്റെ വളർച്ചയിൽ പൊതുവെയും ക്രിസ്തുവിജ്ഞാനീയത്തിന്റെ പുരോഗതിയിൽ വിശേഷിച്ചും, ശ്രദ്ധേയമായ കാലഘട്ടമാണ് ആദ്യനൂറ്റാണ്ടുകൾ. യേശുവിന്റെ വ്യക്തിത്വത്തെയും ദൗത്യത്തെയും മനസ്സിലാക്കാനുള്ള ശ്രമങ്ങൾ അക്കാലത്ത് വ്യത്യസ്തഭാവങ്ങൾ കൈക്കൊണ്ടു. യേശുവിന്റെ മനുഷ്യത്വത്തിന് ഊന്നൽനല്കാൻ ശ്രമിച്ചപ്പോൾ അവിടുത്തെ ദൈവത്വം വിസ്മൃതമായി. ദൈവത്വത്തെ ഉറപ്പിച്ചുപറഞ്ഞപ്പോഴാകട്ടെ മനുഷ്യത്വത്തിന്റെ ഒളിമങ്ങിപ്പോയി. വിവിധ അബദ്ധസിദ്ധാന്തങ്ങൾ ഉടലെടുക്കുന്നത് ഈ പശ്ചാത്തലത്തിലാണ്.

### ഡൊസേറ്റിസിസം

മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടിയാണ് ഈ അബദ്ധസിദ്ധാന്തം രൂപംകൊണ്ടത്. ഇക്കൂട്ടരുടെ ദൃഷ്ടിയിൽ യേശു യഥാർത്ഥ മനുഷ്യനായിരുന്നില്ല; മറിച്ച്, മനുഷ്യനെപ്പോലെ കാണപ്പെട്ടു എന്നേയുള്ളു. വി. ഗ്രന്ഥത്തിൽ ഇതിനു തെളിവുണ്ടെന്നും അവർ വാദിച്ചു.1 യോഹ 4:1-3; 2 യോഹ 7 എന്നിവയാണ് അവർ നിരത്തിയ തെളിവുകൾ. ശരീരം അതിനാൽത്തന്നെ തിന്മയാണെന്ന ചിന്താഗതിയാണ് ഈ പഠനത്തിനാധാരം. അരൂപിയും ശരീരവും തമ്മിൽ ഗ്രീക്കു ചിന്തയിലുള്ള വൈരുദ്ധ്യവും ഈ അബദ്ധസിദ്ധാന്തത്തിന് പ്രചോദകമായിട്ടുണ്ട്. ഈ അബദ്ധസിദ്ധാന്തത്തിനെതിരെ ശക്തിയായി പ്രതികരിച്ചത് അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് (+c. 107) ആണ്.

### അഡോപ്ഷനിസം അഥവാ ദത്തുപുത്രവാദം

യേശുവിന്റെ മനുഷ്യത്വം സ്ഥാപിക്കാനുള്ള വ്യഗ്രത അവിടുത്തെ ദൈവത്വം നിഷേധിക്കുന്ന പ്രവണതയാണ് ഈ അബദ്ധസിദ്ധാന്തത്തിൽ നാം കാണുന്നത്. ഇവരുടെ ദൃഷ്ടിയിൽ യേശു ഒരു സാധാരണ മനുഷ്യനായിരുന്നു. ദൈവം മനുഷ്യനായി എന്ന മനുഷ്യാവതാരത്തെ നിഷേധിച്ചുകൊണ്ട് ദൈവം ഒരു മനുഷ്യനെ തിരഞ്ഞെടുത്ത് തന്റെ ശക്തിയാൽ നിറച്ച് ദൈവികസ്ഥാനത്തെക്കുയർത്തിയതാണ് യേശു. സാമസോട്ടായിലെ പോളുംതെയൊഡേ

ഷ്യസുമാണ് ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാക്കളിൽ പ്രമുഖർ.

ഇരണേവൂസും തെർത്തുല്യനും ഈ അബദ്ധസിദ്ധാന്തത്തെ ശക്തിയായി എതിർക്കുന്നുണ്ട്. യേശു യഥാർത്ഥ ദൈവവും യഥാർത്ഥ മനുഷ്യനുമാണ് എന്നവർ പഠിപ്പിച്ചു. മനുഷ്യരക്ഷ സാധിക്കാൻ ദൈവത്തിനുമാത്രമേ സാധിക്കൂ എന്നതിനാൽ അവിടുന്ന് യഥാർത്ഥ ദൈവമാണെന്നും; തന്റെ തെറ്റുകൾക്ക് പരിഹാരംചെയ്യാൻ മനുഷ്യൻ കടപ്പെട്ടവനാകയാൽ അപ്രകാരം ചെയ്യുകവഴി യേശു യതാർത്ഥ മനുഷ്യനാണെന്നും അവർ വാദിച്ചു. യേശു നമ്മെ രക്ഷിച്ചു എന്ന പ്രസ്താവ്യം ശരിയാണെങ്കിൽ യേശു യഥാർത്ഥത്തിൽ ദൈവവും മനുഷ്യനുമാണ്.

### ആര്യനിസം

ഒന്നാമത്തെ സൂനഹദോസു വഴിയൊരുക്കിയ പാഷണ്ഡതയാണ് ആര്യനിസം. ആരിയൂസ് (250-336) എന്ന വൈദികൻ യേശുവിന്റെ ദൈവത്വം നിഷേധിച്ചു. അദ്ദേഹത്തിന്റെ പഠനങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം: പിതാവിനോട് ഏകസത്തയായിരിക്കുന്നവനല്ല യേശു. യേശു ഒരു പരിപൂർണ്ണ സൃഷ്ടിയാണ്. സാധാരണഭാഷയിൽ പറഞ്ഞാൽ യേശു പകുതി ദൈവമാണ്. പരി. ത്രിത്വത്തിലെ പുത്രൻ സ്വഭാവത്താൽ ദൈവമല്ല. ദൈവകൃപകൊണ്ടാണ് അവന് ദൈവത്വം ലഭിച്ചത്. ഈ അർത്ഥത്തിൽ പിതാവു മാത്രമാണ് യഥാർത്ഥ ദൈവം. യേശുവിന്റെ ദൈവത്വത്തിനു മാത്രമല്ല മനുഷ്യത്വത്തിനും പൂർണ്ണതയില്ല. കാരണം യേശുവിൽ മനുഷ്യാത്മാവ് ഇല്ലായിരുന്നു. പരി. ത്രിത്വത്തിൽ മൂന്നാളുകളുണ്ടെന്ന് നിയാതാർത്ഥത്തിൽ പറയാനാവില്ല. കാരണം പുത്രൻ യഥാർത്ഥ ദൈവമല്ല.

ഈ അബദ്ധസിദ്ധാന്തത്തെ 325-ൽ നിഖ്യായിൽകൂടിയ സൂനഹദോസ് ശപിച്ചുതള്ളി. യേശു പിതാവുമായി ഏകസത്തയാണെന്ന് വ്യക്തമാക്കാൻ വി. യോഹന്നാന്റെ സുവിശേഷത്തിന്റെ ഉപോദ്ഘാതത്തിലെ 'വചനം ദൈവമായിരുന്നു' എന്ന തിരുവചനത്തിന്റെ വ്യാഖ്യാനമാണ് കൗൺസിൽ പിതാക്കന്മാർ നല്കിയത്.

### അപ്പോളിനാരിയൻ പാഷണ്ഡത

ലാവോദീഷ്യായിലെ മെത്രാനായിരുന്ന അപ്പോളിനാരിയൂസ് (310-390) ആണ് ഈ വികലവീക്ഷണത്തിന്റെ പ്രാരംഭകൻ. ഒരു വ്യക്തിയിൽ ശരീരം, ആത്മാവ്, അരൂപി എന്നീ മൂന്നു ഘടകങ്ങളുണ്ടെന്ന് അദ്ദേഹം കരുതി. യേശുവിന് മനുഷ്യാരൂപിയില്ലായിരുന്നു എന്ന് പഠിപ്പിക്കുകവഴി യേശുവിന്റെ മനുഷ്യത്വത്തെയാണ് അദ്ദേഹം നിഷേധിച്ചത്. അദ്ദേഹത്തിന്റെ വാദഗതിയനുസരിച്ച് വ്യക്തിത്വ

ത്തിന്റെ ആധാരം ആത്മാവാണ്. മനുഷ്യാത്മാവും ദൈവാത്മാവും യേശുവിനുണ്ടായിരുന്നു എന്നു പറയുന്നത് യേശുവിൽ രണ്ടു വ്യക്തികൾ ഉണ്ടെന്നു പറയുന്നതിനു തുല്യമാണ്. എന്നാൽ ഇത് അസാധ്യമാണ്. തന്നെയുമല്ല യേശുവിന് മനുഷ്യാത്മാവുണ്ടായിരുന്നു എന്നു പഠിപ്പിക്കുന്നതിലൂടെ ദൈവത്തിൽ പാപം ആരോപിക്കുകയാണെന്നും അദ്ദേഹം വാദിച്ചു. മനുഷ്യാത്മാവിന് പകരം യേശുവിലുണ്ടായിരുന്നത് 'വചന'മാണ്. യേശുവിലുള്ള ഐക്യം (unity) ആവിഷ്കരിച്ചപ്പോൾ അത് സ്വഭാവത്തിലുള്ള ഐക്യമായിട്ടാണ് അദ്ദേഹം കണ്ടെത്തിയത്.

362-ൽ അത്തനേഷ്യസിന്റെ നേതൃത്വത്തിൽ അലക്സാണ്ഡ്രിയായിൽ നടന്ന സിനഡ് അപ്പോളിനാരിയൻ പാഷണ്ഡതയെ ശപിച്ചു. യേശു വന്നത് ശരീരത്തെയും ആത്മാവിനെയും രക്ഷിക്കുവാനാണ്. വചനം സ്വീകരിക്കാത്തതൊന്നും രക്ഷപെട്ടിട്ടില്ല. ക്രിസ്തു മനുഷ്യാത്മാവിനെ സ്വീകരിച്ചിട്ടില്ലെങ്കിൽ ആത്മാവിന്റെ രക്ഷ സാധിതമായിട്ടില്ല. ഈ തത്വത്തിന്റെ പിൻബലത്തിൽ യേശുവിൽ മനുഷ്യാത്മാവുണ്ടായിരുന്നു എന്ന് സിനഡ് പഠിപ്പിച്ചു. അപ്പോളിനാരിയൂസ് ഈ പ്രഖ്യാപനത്തിൽ ഒപ്പുവച്ചെങ്കിലും തുടർന്നും ആദ്യം പറഞ്ഞ പാഷണ്ഡതയുടെ ചുവടുപിടിച്ചൊരു വ്യാഖ്യാനമാണ് കൗൺസിൽ പഠനത്തിന് നല്കിയത്.

377-ൽ റോമിൽ കൂടിയ സിനഡ്, അപ്പോളിനാരിയൂസിനെ സഭയിൽനിന്നു പുറത്താക്കി. 381-ലെ കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് റോമൻ തീരുമാനത്തെ അംഗീകരിച്ചതോടുകൂടി ഈ അബദ്ധസിദ്ധാന്തത്തിനു വിരാമമായി.

**നെസ്തോറിയനിസം**

ക്രിസ്തുരഹസ്യത്തെ സംബന്ധിച്ച ഒരു വലിയ തർക്കമാണ് നെസ്തോറിയനിസം. ഈ തർക്കത്തിന്റെ പൊരുളറിയാൻ അതിന്റെ പശ്ചാത്തലംകൂടി മനസ്സിലാക്കേണ്ടതുണ്ട്. സഭാപിതാക്കന്മാരുടെ കാലത്ത് രണ്ടു പ്രധാന വിദ്യാലയകേന്ദ്രങ്ങളായിരുന്നു നിലവിലുണ്ടായിരുന്നത്: അലക്സാണ്ഡ്രിയായും അന്ത്യോക്യായും. ഈ രണ്ടു പഠനകേന്ദ്രങ്ങളുടെ ചിന്താധാരയിൽ വ്യക്തമായ വ്യതിരിക്തത നിലനിന്നിരുന്നു. അലക്സാണ്ഡ്രിയൻ ക്രിസ്തുവിജ്ഞാനീയം അവരോഹണ (descending christology) ക്രിസ്തുവിജ്ഞാനീയമായിരുന്നു. ഒരിജൻ, വി. സിറിൽ തുടങ്ങിയ മഹാരഥന്മാരായിരുന്നു ഈ ചിന്താധാരയുടെ പ്രണേതാക്കൾ. ആദിയിലേ ഉണ്ടായിരുന്ന വചനത്തിന് പ്രാധാന്യം നല്കുന്ന സമീപനരീതിയാണിവർക്കുണ്ടായിരുന്നത്.

തന്മൂലം യേശുവിന്റെ ദൈവത്വത്തിനാണിവിടെ പ്രാധാന്യം. വിശ്വാസത്തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞ അലക്സാണ്ട്രിയൻ സ്കൂൾ യേശുക്രിസ്തുവിലെ ഐക്യത്തിനും (unity) ദൈവത്വത്തിനും അമിതപ്രാധാന്യം നല്കിയപ്പോൾ അവിടുത്തെ മനുഷ്യത്വം അവഗണിക്കപ്പെട്ടു.

അന്ത്യോക്യൻ ചിന്താധാരളാകട്ടെ യേശുവിന്റെ മനുഷ്യത്വത്തിനും ഇരുസ്വഭാവങ്ങൾക്കും പ്രാധാന്യം നല്കുന്ന ഒന്നായിരുന്നു. മൊപ്സുസ്ത്യായിലെ തെയഡോർ, നെസ്തോരിയസ് തുടങ്ങിയവരായിരുന്നു ഈ പഠനകേന്ദ്രത്തിലെ പ്രമുഖർ. അലക്സാണ്ട്രിയൻ സ്കൂളിന് വിരുദ്ധമായി ആരോഹണ ക്രിസ്തുവിജ്ഞാനീയ (Ascending christology) ത്തിനായിരുന്നു ഇവർ രൂപം നല്കിയത്. ചരിത്രത്തിനും മനുഷ്യബുദ്ധിക്കും ഊന്നൽ നല്കുന്ന ദൈവശാസ്ത്രവിശകലനരീതിയാണ് ഇവിടെ നാം ദർശിക്കുന്നത്. എന്നാൽ രണ്ടു സ്വഭാവങ്ങളും ഏകവ്യക്തിയിൽ എങ്ങിനെ ഐക്യപ്പെട്ടിരിക്കുന്നു എന്നു വ്യക്തമാക്കുന്നതിൽ ഇക്കൂട്ടരും വിജയിച്ചില്ല.

വ്യത്യസ്തമായ ചിന്താധാരകൾ പുലർത്തിയിരുന്ന ഈ ദൈവശാസ്ത്ര കേന്ദ്രങ്ങളെ ആധാരമാക്കിയാണ് വിവധ സിദ്ധാന്തങ്ങൾ രൂപംകൊണ്ടത്. ഇതിൽ പ്രഥമഗണനീയം നെസ്തോറിയൻ പാഷണ്ഡതയാണ്.

യേശുക്രിസ്തുവിലെ ദൈവ-മനുഷ്യ ഐക്യം നിഷേധിച്ച് യേശുവിൽ രണ്ടു വ്യക്തിത്വങ്ങളുണ്ടായിരുന്നു എന്നു പഠിപ്പിക്കുന്ന ഒരു അബദ്ധസിദ്ധാന്തമാണ് നെസ്തോറിയൻ പാഷണ്ഡത. രണ്ടു സ്വഭാവങ്ങളുടെ പ്രത്യേകതകളും പ്രാധാന്യവും വ്യക്തമാക്കിവന്നപ്പോൾ അവ രണ്ടു വ്യക്തിത്വങ്ങളായി വ്യാഖ്യാനിക്കപ്പെട്ടു എന്നതാണ് സത്യം. "മറിയം ദൈവമാതാവല്ല" (Theothokos) എന്ന നെസ്തോറിയസിന്റെ വാദത്തെ ക്രിസ്തുശാസ്ത്രസംബന്ധിയായ ഒരു അബദ്ധസിദ്ധാന്തമായിട്ടാണ് അലക്സാണ്ട്രിയൻ സ്കൂൾ പരിഗണിച്ചത്. ദൈവം എന്ന സംജ്ഞ പിതാവായ ദൈവത്തെ കുറിക്കുന്നതാണെന്നും ദൈവത്തിന്റെ അമ്മ എന്ന് മറിയത്തെ അഭിസംബോധന ചെയ്യുമ്പോൾ പിതാവായ ദൈവത്തിന്റെ അമ്മ എന്നാണ് ധ്വനിയെന്നും നെസ്തോറിയസ് കരുതി. തന്മൂലം "ക്രിസ്തുവിന്റെ അമ്മ" എന്നതാണ് മറിയത്തിന് അനുയോജ്യമായ അഭിധാനം എന്ന് നെസ്തോറിയസ് വാദിച്ചു. എന്നാൽ അലക്സാണ്ട്രിയൻ ചിന്തകരുടെ ദൃഷ്ടിയിൽ ഇത് പാഷണ്ഡതയായി. മറിയത്തിന്റെ ദൈവമാതൃത്വം നിഷേധിക്കുന്നതിലൂടെ യേശുവിൽ രണ്ടു വ്യക്തിത്വങ്ങളുണ്ടെന്നും അതിൽ മനുഷ്യത്വത്തിന്റെ മാത്രം മാതാ

വാണ് മറിയം എന്നും സ്ഥാപിക്കാനാണ് നെസ്തോറിയസ് ശ്രമിക്കുന്നതെന്ന് അവർ വാദിച്ചു. വേദപുസ്തകംതന്നെ മറിയത്തെ ദൈവമാതാവെന്ന അഭിസംബോധന ചെയ്യുന്നത് അവർ ചൂണ്ടിക്കാട്ടി (ലൂക്കാ 1:43). അത്തനേഷ്യസ്, ഗ്രിഗറി നസ്യാൻസൻ തുടങ്ങിയ സഭാപിതാക്കന്മാരും മറിയത്തെ ദൈവമാതാവെന്ന് അഭിസംബോധന ചെയ്തിട്ടുണ്ട്. കൂടാതെ മൂന്നാം നൂറ്റാണ്ടിലുള്ള പ്രാർത്ഥനകളിൽ മറിയത്തെ ദൈവമാതാവെന്ന് പലപ്പോഴും അഭിസംബോധന ചെയ്തിരുന്നു. ഈ തെളിവുകളുടെ പിൻബലത്തോടെയാണ് അലക്സാണ്ട്രിയൻ ചിന്തകർ നെസ്തോറിയസിനെഎതിർത്തത്.

ക്രിസ്തുവിന്റെ അമ്മ എന്ന് മറിയത്തെ ആദ്യം വിളിച്ചെങ്കിലും തർക്കംമൂത്തപ്പോൾ ദൈവത്തിന്റെ അമ്മ എന്ന അഭിധാനം അംഗീകരിക്കാൻ നെസ്തോറിയസ് തയ്യാറായി. എന്നാൽ അത് വൈകിയുദിച്ച വിവേകമായിപ്പോയി. രണ്ടു സ്വഭാവങ്ങൾ യേശുവിലുണ്ട് എന്ന വാദത്തിലൂടെ പരമ്പരാഗത ദൈവശാസ്ത്രത്തിലെ ഏകാശയസംവാദനവാദത്തെ (communicatia-idiomatism) യാണ് നെസ്തോറിയസ് അപകടത്തിലാക്കിയതത്രേ. (ഒരു വ്യക്തിയിൽ രണ്ടു സ്വഭാവങ്ങളും ഉള്ളതിനാൽ മനുഷ്യസ്വഭാവത്തിൽ ചെയ്ത കാര്യങ്ങൾ ദൈവികവ്യക്തി ചെയ്തു എന്നു പറയുന്നതിൽ തെറ്റില്ല എന്നതാണ് ആ തത്വത്തിന്റെ അന്തസത്ത). രണ്ടു സ്വഭാവങ്ങളെ രണ്ടു വ്യക്തികളായാണ് നെസ്തോറിയസ് പരിഗണിച്ചതെന്ന് അലക്സാണ്ട്രിയൻ ചിന്തകരിൽ പ്രമുഖനായ സിറിലും കൂട്ടരും വാദിച്ചു.

നെസ്തോറിയസിന്റെ അബദ്ധസിദ്ധാന്തം തിരുത്തുവാനായിട്ടാണ് A.D 431-ൽ കൂടിയ എഫേസൂസ് സൂനഹദോസ് ശ്രമിച്ചത്. അലക്സാണ്ട്രിയായിലെ സിറിലിന്റെ അധ്യക്ഷതയിൽക്കൂടിയ സൂനഹദോസിന്റെ പഠനങ്ങളെ ഇപ്രകാരം സംഗ്രഹിക്കാം: "നിത്യതയിൽ പിതാവിൽനിന്ന് ജനിച്ചവൻ തന്നെയാണ് സമയത്തിന്റെ പൂർണ്ണതയിൽ കന്യകാമറിയത്തിൽനിന്ന് ശരീരമെടുത്ത് മനുഷ്യനായി പിറന്നത്. തന്മൂലം മറിയം നിശ്ചയമായും ദൈവത്തിന്റെ അമ്മയാണ്."

പരസ്പരമുള്ള പുറത്താക്കലിലൂടെ സിറിലിന്റെ പക്ഷക്കാരും നെസ്തോറിയസിന്റെ പക്ഷക്കാരും തമ്മിൽ അകന്നു. ഈ പശ്ചാത്തലത്തിലാണ് അന്ത്യോക്യായിലെ ജോൺ "ഐക്യത്തിന്റെ പ്രതീകം" (symbol of union) എന്ന ഒത്തുതീർപ്പു പ്രമാണം മുന്നോട്ടുവച്ചത്. രണ്ടു ചിന്താധാരകളെയും സമന്വയിപ്പിക്കുന്ന ഈ പ്രമാണത്തിൽ യേശുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നും എന്നാൽ ഒരു വ്യക്തി (person) മാത്രമേയുള്ളുവെന്നുമാണ് പഠിപ്പിക്കുന്നത്.

പദപ്രയോഗങ്ങളിലെ അവ്യക്തതയാണ് ഒരു പരിധിവരെ അബദ്ധസിദ്ധാന്തങ്ങൾക്ക് വഴിമരുന്നിട്ടത്. അധികാരത്തർക്കങ്ങൾ അവയെ ഊതിവീർപ്പിച്ചു. നെസ്തോറിയസ് യഥാർത്ഥത്തിൽ നെസ്തോറിയൻ പാഷണ്ഡത പഠിപ്പിച്ചിരുന്നില്ല എന്നു കരുതുന്നവർ ധാരാളമുണ്ട്. അദ്ദേഹത്തെ തെറ്റായി വ്യാഖ്യാനിച്ചതിന്റെ ഫലമായി പാഷണ്ഡത അദ്ദേഹത്തിന്റെമേൽ ആരോപിക്കപ്പെട്ടതാണ് എന്നാണിക്കൂട്ടരുടെ വാദം. രാഷ്ട്രീയകാരണങ്ങളും ഈ തർക്കങ്ങൾക്ക് ആക്കം കൂട്ടാൻ സഹായിച്ചിട്ടുണ്ട് എന്നതും സത്യമാണ്.

വാസ്തവം എന്തുതന്നെയായിരുന്നാലും ക്രിസ്തുവിജ്ഞാനീയത്തിലെ വ്യക്തവും നിയതവുമായ നിർവ്വചനങ്ങളുടെ രൂപീകരണത്തിന് ഈ തർക്കങ്ങൾ കാരണമായി. ഇത് പാഷണ്ഡതകളുടെ ക്രിയാത്മകമായ പ്രയോജനമാണ്.

**ഏകസ്വഭാവവാദം** (Monophysitism)

എവുത്തിക്കോസ് എന്ന വൈദികൻ ക്രിസ്തുവിൽ സ്വഭാവങ്ങളുടെ ഐക്യം ഉണ്ടായിരുന്നു എന്ന ധാരണ പ്രചരിപ്പിച്ചു. മനുഷ്യാവതാരത്തിനുശേഷം ക്രിസ്തുവിന് ഏകസ്വഭാവമേ ഉണ്ടായിരുന്നുള്ളു എന്നതാണ് ഈ വാദത്തിന്റെ അന്തസത്ത. മനുഷ്യർക്കു സദൃശ്യമായ മനുഷ്യസ്വഭാവം യേശുവിൽ നിഷേധിച്ച എവുത്തിക്കോസ് സഭയിൽനിന്നും പുറത്താക്കപ്പെട്ടു. എവുത്തിക്കോസ് മാർപാപ്പയെ സമീപിച്ചെങ്കിലും അദ്ദേഹത്തിനു ലഭിച്ച ശിക്ഷയെ മാർപാപ്പ ശരിവയ്ക്കുകയാണുണ്ടായത്. എന്നാൽ തെയോഡേഷ്യസ് ചക്രവർത്തിയുടെ സംരക്ഷണയിൽ അലക്സാണ്ട്രിയായിലെ എഫേസൂസിൽ ചേർന്ന സൂനഹദോസ് എവുത്തിക്കൂസിനെ സഭയിലേക്ക് തിരിച്ചെടുത്തു. ഈ സൂനഹദോസിനെ "വ്യാജസിനഡ്" എന്നാണ് മാർപാപ്പ വിശേഷിപ്പിച്ചത്. തർക്കം അന്തമില്ലാതെ നീളുന്നതുകണ്ടപ്പോൾ പുതുതായി സ്ഥാനമേറ്റ മാർസിയോൺ ചക്രവർത്തി 541-ൽ കാൽസിഡോണിയായിൽ ഒരു സൂനഹദോസ് വിളിച്ചുചേർത്തു.

**കാൽസിഡോൺ സൂനഹദോസ്**

ക്രിസ്തുവിജ്ഞാനീയ ചരിത്രത്തിലെ സുപ്രധാനമായൊരു നാഴികക്കല്ലാണ് 451-ൽ നടന്ന ഈ സൂനഹദോസ്. അന്നുവരെയുണ്ടായിരുന്ന എല്ലാ തർക്കങ്ങൾക്കും സമാപ്തികുറിച്ചുകൊണ്ട് കാൽസിഡോൺ സൂനഹദോസ് അസന്നിഗ്ദമായി പഠിപ്പിച്ചു: "യേശുവിൽ രണ്ട് സ്വഭാവങ്ങളുണ്ട്. എന്നാൽ ഒരു വ്യക്തി മാത്രമേയുള്ളൂ. ക്രിസ്തു യഥാർത്ഥ ദൈവവും യഥാർത്ഥ മനുഷ്യനുമാണ്. തന്റെ

പിതാവുമായും മാനുഷികതയുമായും സത്താപരമായി ഐക്യപ്പെട്ടവനാണവിടുന്ന്. മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന് മനുഷ്യശരീരവും ബൗദ്ധികാത്മാവും ഉണ്ടായിരുന്നു. ദൈവമാതാവായ കന്യകാമറിയത്തിൽനിന്നാണ് അവൻ മനുഷ്യശരീരമെടുത്തത്."

മനുഷ്യാവതാരത്തിലൂടെ രണ്ടു സ്വഭാവങ്ങളും അലിഞ്ഞില്ലാതാകുന്നില്ല എന്ന് കൗൺസിൽ അടിവരയിട്ട് പഠിപ്പിച്ചു. ഇത് കൂടുതൽ വ്യക്തമാക്കാനാണ് "രണ്ടു സ്വഭാവത്തിൽനിന്ന്" (ek = from) എന്നതിനു പകരം "രു സ്വഭാവത്തിൽ" (en = in ) എന്ന് കാൽസിഡോൺ വിശ്വാസപ്രമാണത്തിൽ ഉപയോഗിച്ചിരിക്കുന്നത്. 'രണ്ടു സ്വഭാവത്തിൽനിന്ന്' (ek) എന്നു പറയുമ്പോൾ മനുഷ്യാവതാരത്തിനുശേഷം ഒരുസ്വഭാവമായി ചുരുങ്ങി എന്ന് വ്യാഖ്യാനിക്കപ്പെടാനിടയുള്ളതുകൊണ്ടാണിത്. 'രണ്ടുസ്വഭാവത്തിൽ' (en) എന്നു പയോഗിച്ചതിലൂടെ രണ്ടുസ്വഭാവങ്ങളും മനുഷ്യാവതാരത്തിനു ശേഷവും മങ്ങലേല്ക്കാതെ യേശുവിൽ നിലനിന്നിരുന്നു എന്ന് കൗൺസിൽ പഠിപ്പിക്കുന്നു.

യേശുവിന്റെ വ്യക്തിത്വരഹസ്യത്തെ വ്യക്തമാക്കാൻ 'സത്താപരമായ ഐക്യം' (Hypostatic union) എന്ന പദമാണ് കൗൺസിൽ ഉപയോഗിച്ചിരിക്കുന്നത്. രണ്ടുസ്വഭാവങ്ങൾ ഒരുമിച്ച് ഒരേസമയം ഒരു വ്യക്തിയിൽ നിലകൊള്ളുന്നു എന്ന രഹസ്യമാണ് ഈ പദത്തിലൂടെ വിവക്ഷിക്കപ്പെടുന്നത്.

**ഏകചിത്തവാദം** (Monothelitism)

കാൽസിഡോണിയൻ സൂനഹദോസിനുശേഷം ക്രിസ്തുവിജ്ഞാനീയത്തിലെ അബദ്ധസിദ്ധാന്തങ്ങൾ പലതും അവസാനിച്ചെങ്കിലും ഏകസ്വഭാവവാദത്തിന്റെ ചുവടുപിടിച്ചു വളർന്നുവന്ന ഒരു സിദ്ധാന്തമാണ് ഏകചിത്തവാദം. ക്രിസ്തുവിൽ ദൈവികമനസ്സ് മാത്രമേയുള്ളൂ എന്ന് ഇക്കൂട്ടർ വാദിക്കുന്നു.

ഏകസ്വഭാവവാദം അംഗീകരിക്കുന്നവരും കാൽസിഡോൺ കൗൺസിലിന്റെ ദ്വിസ്വഭാവവാദം സ്വീകരിച്ചവരും തമ്മിലുള്ള പൊരുത്തക്കേടുകൾ അവസാനിക്കാൻ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസായിരുന്ന സെർജിയൂസ് ഒരു പുതിയ സിദ്ധാന്തം മുന്നോട്ടുവച്ചു: ക്രിസ്തുവിൽ രണ്ടുസ്വഭാവങ്ങളും ഏകശക്തിയു (energy) മാണ് നിലവിലുണ്ടായിരുന്നത്. ഇക്കാര്യത്തിൽ സെർജിയൂസും ഹൊണോറിയൂസ് മാർപാപ്പയുംതമ്മിൽ നടത്തിയ കത്തിടപാടുകൾ ഇന്നും വിവാദവിഷയമാണ്. ഈ കത്തുകളിൽ ക്രിസ്തുവിന് ഏകമനസ്സാണ് ഉണ്ടായിരുന്നതെന്ന് മാർപാപ്പ പഠിപ്പിച്ചതായി പലരും

ആരോപിക്കുന്നുണ്ട്; എന്നാൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവുംതമ്മിൽ പൂർണ്ണമായ ഐക്യം ഉണ്ടായിരുന്നു എന്നാണ് മാർപാപ്പ ഉദ്ദേശിച്ചിരുന്നതത്രേ. ഏതായാലും ക്രിസ്തുവിന്റെ സ്വഭാവങ്ങളുടെ വിവിധ കഴിവുകളെ സംബന്ധിച്ചുള്ള ഈ തർക്കം അവസാനിക്കുന്നത് 680-ൽ കൂടിയ മൂന്നാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസിലാണ്.

ക്രിസ്തുവിൽ രണ്ടു മനസ്സുകളുണ്ടെന്ന് കൗൺസിൽ അസന്നിഗ്ദമായി പഠിപ്പിച്ചു. "അന്യോന്യം പൂർണ്ണമായി ഐക്യപ്പെട്ടിരുന്ന ദൈവമനസ്സിന്റെയും ഉടമയായിരുന്നു യേശു. രണ്ടുമനസ്സുകൾ മാത്രമല്ല യേശുവിന്റെ രണ്ടു ശക്തികൾ (two energies) അഥവാ രണ്ടു പ്രവർത്തന ചൈതന്യങ്ങളും (natural operations) ഉണ്ടായിരുന്നു. ഈ ശക്തികൾ പരസ്പരപൂരകങ്ങളായിരുന്നെങ്കിലും ഒന്നായിരുന്നില്ല. യേശുവിന് മനുഷ്യമനസ്സില്ലെങ്കിൽ അവിടുത്തേയ്ക്ക് മനുഷ്യനോട് താദാത്മ്യപ്പെടാനാവില്ല. മാത്രമല്ല, നമുക്കുവേണ്ടി തന്റെ രക്ഷാകരദൗത്യം നിറവേറ്റുവാൻ യേശുവിന് മനുഷ്യമനസ്സ് അനിവാര്യവുമാണ്.

**കാൽസിഡോൺ ക്രിസ്തുവിജ്ഞാനീയം ഒരു ഭാഷ്യം**

യേശു ഏക കർത്താവും (subject) ഏക വ്യക്തിയുമാണെന്നാണ് കാൽസിഡോൺ കൗൺസിൽ പഠിപ്പിച്ചത്. ദൈവമനുഷ്യസ്വഭാവങ്ങളുടെ ഐക്യം സൂചിപ്പിക്കുന്ന ഈ പ്രസ്താവന പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തിനു സമാനമാണ് (മത്താ 16:16).

ദൈവമനുഷ്യസ്വഭാവങ്ങൾ യേശുവിൽ ഐക്യപ്പെട്ടിരിക്കുന്നു എന്ന് അക്ഷരാർത്ഥത്തിൽ വ്യക്തമാക്കുന്ന പരാമർശങ്ങളൊന്നും വി. ഗ്രന്ഥത്തിലില്ല. എന്നാൽ, ചില വാചകങ്ങളിൽ ഇതിന്റെ അനുരണനങ്ങൾ കാണാം. യോഹ 1:1 -ൽ വചനം മാംസമായി എന്ന് പ്രഖ്യാപിക്കുമ്പോൾ വചനത്തിന്റെ ദൈവസ്വഭാവം ഉപേക്ഷിച്ചു എന്നല്ല ദൈവസ്വഭാവവും മനുഷ്യസ്വഭാവവും വചനത്തിൽ ഐക്യപ്പെട്ടു എന്നാണ് സുവിശേഷകൻ അർത്ഥമാക്കിയത്. യോഹ 3:19-ൽ നിക്കോദേമൂസുമായുള്ള സംഭാഷണത്തിലും ഇതു വ്യക്തമാണ്. സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്നവനല്ലാതെ ആരും സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തിട്ടില്ലെന്ന് യേശു പറയുന്നു. സ്വർഗ്ഗത്തിലേക്കു കയറുന്നവൻ സ്വർഗ്ഗത്തിലേക്കിറങ്ങുന്നവനാണെന്നും അവൻ സ്വർഗ്ഗത്തിലുള്ളവനായിരുന്നെന്നുമാണ് യേശു അർത്ഥമാക്കിയത്.

യോഹ 17:5-ൽ "ലോകസൃഷ്ടിക്കുമുൻപ് എനിക്ക് അവിടുത്തോടുകൂടിയുണ്ടായിരുന്ന മഹത്വത്തിൽ ഇപ്പോൾ അവിടുത്തെ സന്നി

ധിയിൽ എന്നെ മഹത്വപ്പെടുത്തണേ" എന്ന് യേശു പ്രാർത്ഥിക്കുന്നു. എനിക്ക് അവിടുത്തോടുകൂടിയുണ്ടായിരുന്ന മഹത്വം എന്നുപറയുമ്പോൾ യേശുവിന്റെ ദൈവികസ്വഭാവത്തെയും എന്നെ മഹത്വപ്പെടുത്തണം എന്നു പറയുമ്പോൾ അവിടുത്തെ മനുഷ്യസ്വഭാവത്തെയുമാണ് വിവക്ഷിക്കുന്നത്. ഫിലി 2:6-11-ലെ ക്രിസ്തുഗീതവും ഇതേ ആശയമാണ് പ്രതിഫലിപ്പിക്കുന്നത്.

സഭാപിതാക്കന്മാരും ഈ രീതിയിൽ ചിന്തിച്ചവരായിരുന്നു. തെർത്തുല്യൻ (+ 223) പറയുന്നു: പരസ്പരം ഐക്യപ്പെട്ടിരിക്കുന്ന ദൈവമനുഷ്യപ്രകൃതികളാണ് യേശുവെന്ന ഒറ്റവ്യക്തിയിൽ നാം കാണുന്നത് (Adversus, PL, 2,215). ഗ്രിഗറിനസ്യാൻസന്റെ അഭിപ്രായവും വ്യത്യസ്തമല്ല. "യേശുവിൽ ദൈവമനുഷ്യപ്രകൃതികളുണ്ടായിരുന്നു. എന്നാൽ അവ രണ്ടു പുത്രന്മാരോ രണ്ടു ദൈവങ്ങളോ ആയിരുന്നില്ല. രക്ഷകനിൽ രണ്ടു വ്യത്യസ്ത സംഗതികൾ ഉണ്ടായിരുന്നെങ്കിലും അവ രണ്ടു വ്യക്തികളായിരുന്നില്ല" (Epistolae 101 adcledonium I,3, PG 36,285). വി. അഗസ്റ്റീനോസിന്റെ പരാമർശവും ശ്രദ്ധേയമാണ്. "ദൈവമായിരുന്നവൻതന്നെയാണ് മനുഷ്യനായത്. മനുഷ്യനായവൻതന്നെയാണ് ദൈവമായത്. ദൈവമനുഷ്യപ്രകൃതികൾ തമ്മിൽ യാതൊരു വൈരുദ്ധ്യവും അവനിൽ ഇല്ലായിരുന്നു. മറിച്ച് വ്യക്തിത്വത്തിന്റെ (Personhood) ഐക്യമാണുണ്ടായിരുന്നത്" (Sermon 186,1,1, PL 38,999).

## മൊണാർക്കിയനിസം (Monarchianism)

ദൈവത്തിന്റെ ഏകത്വവും അതേസമയം ക്രിസ്തുവിന്റെ ദൈവത്വവും വിശദീകരിക്കാൻ ശ്രമിക്കുന്ന ഒരു സിദ്ധാന്തമാണിത്. ഏ.ഡി. മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഏഷ്യാമൈനറിൽ ജീവിച്ചിരുന്ന *സബേല്ലിയൂസ്* (*Sabellius*) ഈ സിദ്ധാന്തത്തിന്റെ മുഖ്യപ്രണേതാവായി കരുതപ്പെടുന്നു. ദൈവം ഒരുവനേ ഉള്ളൂ. പിതാവായ ദൈവം തന്നെ പുത്രനായി അവതരിച്ചതാണ് യേശുക്രിസ്തു. യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം ദൈവം പരിശുദ്ധാത്മാവായി പ്രത്യക്ഷപ്പെട്ടു, ദൈവം ഒരാൾ മാത്രമാണെന്നു വാദിച്ചതിനാൽ ഏക വ്യക്തിയുടെ ഭരണം എന്നർത്ഥമുള്ള *മൊണാർക്കിയനിസം* എന്ന പേരിൽ ഈ സിദ്ധാന്തം അറിയപ്പെടുന്നു.

പിതാവും പുത്രനും പരിശുദ്ധാത്മാവും ഒരേ ദൈവത്തിന്റെ മൂന്നു ഭാവങ്ങൾ (Modes of Existence) ആണെന്നു വാദിച്ചതിനാൽ ഈ സിദ്ധാന്തത്തെ ഭാവവാദം (*Modalism*) എന്നും ഇതിന്റെ പ്രണേതാവിന്റെ പേരിൽ സബെല്ലിയനിസം (*Sabellianism*) എന്നും

പിതാവു തന്നെ പീഡസഹിച്ചു മരിച്ചു എന്നു വാദിക്കുന്നതിനാൽ പിതൃസഹനവാദം (Patripassianism) എന്നും വിളിക്കാറുണ്ട്. "സബെല്ലിയൂസ് പിതാവിനെ കുരിശിലേറ്റി; പരിശുദ്ധാത്മാവിനെ പറപ്പിച്ചുവിട്ടു" എന്ന തെർത്തുല്ല്യന്റെ പരിഹാസം ഈ സിദ്ധാന്തത്തിന്റെ അർത്ഥശൂന്യത വ്യക്തമാക്കുന്നതാണ്.

## ഒരിജനിസം (origenism)

എ.ഡി. 185-ാം ആണ്ട് അലക്സാൺഡ്രിയായിൽ ജനിച്ച് ക്രിസ്ത്യൻവിശ്വാസം മുറുകെപ്പിടിച്ചു എന്നതിന്റെ പേരിൽ ഡേഷ്യസ് ചക്രവർത്തിയിൽനിന്ന് അനുഭവിക്കേണ്ടിവന്ന പാടുപീഡകളുടെ ഫലമായി 254-ൽ സെസേറിയായിൽവെച്ചു മരിച്ച ഒരിജൻ ക്രൈസ്തവസഭ കണ്ടിട്ടുള്ള അത്യുന്നത ദൈവശാസ്ത്രജ്ഞന്മാരിൽ ഒരാളായിരുന്നു. നിരവധി ദൈവശാസ്ത്രകൃതികൾ അദ്ദേഹത്തിന്റേതായുണ്ട്. പണ്ഡിതനും വിനീതനും ആത്മാർത്ഥതയുള്ളവനും പുണ്യാത്മാവുമായിരുന്ന ഒരിജന്റെ കൃതികളിൽ പാഷണ്ഡതയുടെ സ്വഭാവമുള്ള ചില പരമാർശങ്ങൾ കടന്നുകൂടിയിട്ടുണ്ട്. സത്യത്തിൽ അദ്ദേഹത്തിന് അത്തരം പാഷണ്ഡ ആശയങ്ങൾ ഉണ്ടായിരുന്നുവോ അതോ അദ്ദേഹത്തിന് അത്തരം ആശയങ്ങൾ ഉള്ളതായി വിചാരിച്ച് മറ്റുള്ളവർ എഴുതിയതാണോ എന്നതിനെക്കുറിച്ചും സംശയമുണ്ട്.ഏതായാലും നെസ്തോറിയനിസത്തെ ശപിക്കാൻ 553-ൽ കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ കൗൺസിൽ (അഞ്ചാമത്തെ എക്യുമനിക്കൽ കൗൺസിൽ) ഈ ഒരിജനിസ്റ്റ് പാഷണ്ഡതകളേയും പതിനഞ്ച് "അനാത്ത്മ"കളോടുകൂടി ശപിച്ചു. വിജീലിയൂസ് പാപ്പ അത് സ്ഥിരീകരിക്കുകയും ചെയ്തു. 548ലെ പ്രാദേശിക കൗൺസിലിൽ ഒരിജന്റെ പ്രസ്തുത സിദ്ധാന്തങ്ങളെ അതിനുമുമ്പുതന്നെ ശപിച്ചിട്ടുണ്ടായിരുന്നു.സഭയ്ക്ക് അസ്വീകാരമായ, ഒരിജന്റെ പഠനങ്ങൾ താഴെപ്പറയുന്നവയാണ്.

1. ദൈവത്തിന്റെ സൃഷ്ടികർമ്മം അനന്തമായി തുടർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പുതിയ ലോകങ്ങൾ ഒന്നിനു പിറകെ ഒന്നായി സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.
2. മനുഷ്യന്റെ ആത്മാവ് നേരത്തെതന്നെ ഉള്ളതാണ്. ആ അവസ്ഥയിൽ തെറ്റുചെയ്തതുകൊണ്ട് ശരീരത്തോടെ, ഭൂമിയിൽ ജനിക്കാൻ വിധിക്കപ്പെട്ടതാണ്.
3. മാലാഖമാർക്ക് നല്ല സ്ഫടികം പോലെ സുതാര്യമായ ശരീരമുണ്ട്.
4. നരകം നിത്യമല്ല: പിശാചുക്കളുൾപ്പെടെ നരകത്തിലുള്ളവരെ

ല്ലാവരും ഒരിക്കൽ മോചിപ്പിക്കപ്പെട്ടു പുനരധിവസിപ്പിക്കപ്പെടും.

5. മരണശേഷം ശരീരത്തിന്റെ ഉയിർത്തെഴുനേല്പ് ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഉണ്ടാവില്ല.
6. മാംസംധരിച്ച വചനം പിതാവിന് കീഴ്പ്പെട്ടവനാണ്.
7. അതുപോലെതന്നെ പരി.അരൂപി വചനത്തിന് കീഴ്പ്പെട്ടവനും.

മേല്പറഞ്ഞവകൂടാതെ അദ്ദേഹം വി.ഗ്രന്ഥത്തെ വ്യാഖ്യാനിച്ച രൂപകശൈലിയും വിമർശനവിധേയമായിട്ടുണ്ട്. ഒരിജന്റെ മരണശേഷം അദ്ദേഹത്തിന്റെ മേൽപറഞ്ഞ പഠനങ്ങൾ സഭയിൽ ചൂടുപിടിച്ച ചർച്ചാവിഷയമായി.ഇന്നും അവയിലെ ചില ആശയങ്ങളെങ്കിലും പഠിപ്പിക്കുന്ന ആധുനിക സെക്റ്റുകളുണ്ട്. ഏതായാലും മേൽപറഞ്ഞ സംഗതികൾ എല്ലാംതന്നെ ഒരിജൻ പഠിപ്പിച്ചിട്ടില്ല എന്ന അഭിപ്രായമാണ് ഇന്ന് ദൈവശാസ്ത്രജ്ഞന്മാരുടെ ഇടയിലുള്ളത്.

## എബിയൊണൈറ്റ് (EBIONITE) പാഷണ്ഡത

'എബിയൊണൈറ്റ്' എന്ന ഹീബ്രു പദത്തിന്റെ അർത്ഥം പാവപ്പെട്ടവർ എന്നാണ്. അപ്പസ്തോലന്മാരുടെ കാലത്തുതന്നെ ഉത്ഭവിച്ച് ശക്തിയാർജ്ജിച്ച ഈ യഹൂദക്രിസ്ത്യൻ സെക്റ്റ് ഈ പേരിലറിയപ്പെടുന്നത് തങ്ങൾ പാവപ്പെട്ടവരാണെന്ന് അവർ സ്വയം വിശേഷിപ്പിച്ചിരുന്നതുകൊണ്ടാണ്. ഇവരെക്കുറിച്ചുള്ള വിവരങ്ങൾ, ചരിത്രത്തിൽ വളരെയൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഇക്കൂട്ടരുടെതാണെന്നു വിചാരിക്കപ്പെടുന്ന ഒരു അപ്പോക്രിഫൽ (APOCRYPHAL) ഗ്രന്ഥമുണ്ട്. കൂടാതെ വി. മത്തായിയുടെ സുവിശേഷഗ്രന്ഥം ഇവർ സ്വീകരിച്ചിരുന്നുവെന്ന് ഒരാദ്യകാല എഴുത്തുകാരനും 'സലാമിസി'ലെ (Salamis) മെത്രാനുമായിരുന്ന വി. എപ്പിഫാനിയുസ് (Epiphanius) (C.315 - 403) എഴുതിയിരിക്കുന്നു. മറ്റൊരു ആദ്യകാലഗ്രന്ഥകാരനായ എവുസേബിയൂസ് പറയുന്നത് 'എബ്രായക്കാരുടെ സുവിശേഷം' അവർ സ്വീകരിച്ചിരുന്നുവെന്നാണ്. യാഥാസ്ഥിതികരായ യഹൂദക്രിസ്ത്യാനികൾ എന്ന നിലയ്ക്ക് വി. പൗലോസിന്റെ ലേഖനങ്ങൾ ഇവർ പാടേ തിരസ്ക്കരിച്ചിരുന്നുവെന്നതുറപ്പാണ്.

എബിയൊണൈറ്റുകൾ ക്രിസ്തുവിന്റെ ദിവ്യത്വം അംഗീകരിച്ചിരുന്നില്ല. നസ്രായക്കാരനായ ഈശോ യൗസേപ്പിന്റെയും മറിയത്തിന്റെയും മകനായ ഒരു മനുഷ്യൻമാത്രമായിരുന്നുവെന്നും ജോർദ്ദാ

നിൽവെച്ചു മാമോദീസാസ്വീകരിച്ച അവസരത്തിൽ പരിശുദ്ധാരൂപി ഒരു പ്രാവിന്റെ രൂപത്തിൽ അദ്ദേഹത്തിൽ ആവസിച്ചെന്നും അതിനെത്തുടർന്നു 'പ്രബോധിതനാ' യി (Illumined) എന്നതുമാണ്, ഇവരുടെ പ്രധാനപ്പെട്ട രണ്ടു ദൈവശാസ്ത്രപഠനങ്ങളിലൊന്ന്. മോശയുടെ നിയമങ്ങളും നിർദ്ദേശങ്ങളും അക്ഷരംപ്രതി അനുസരിച്ചാൽമാത്രമേ രക്ഷയുള്ളൂ എന്നതായിരുന്നു എബിയൊണൈറ്റുകളുടെ രണ്ടാമത്തെ ദൈവശാസ്ത്രപഠനം.

അതികർക്കശമായ ഒരു ജീവിതശൈലി സ്വീകരിച്ചുകൊണ്ടും, എല്ലാ ലൗകികസുഖസൗകര്യങ്ങൾ ഒഴിവാക്കിക്കൊണ്ടും അക്ഷരാർത്ഥത്തിൽ ദരിദ്രരായിക്കഴിഞ്ഞിരുന്ന ഈ സെക്റ്റ് അംഗങ്ങൾ അപ്പസ്തോലന്മാരുടെ സഭാസമൂഹത്തോടു ബന്ധപ്പെടാതെയാണ് ജീവിച്ചിരുന്നതെന്നതിന് തെളിവുകളുണ്ട്.

എബിയൊണൈറ്റുകൾ ശക്തിയാർജിച്ച അക്കാലത്തുതന്നെ നാസറീന്മാർ (NAZARENES) തുടങ്ങി വേറേയും യഹൂദക്രിസ്ത്യൻ പാഷണ്ഡസെക്റ്റുകൾ ഉണ്ടായിരുന്നു. അക്കാലത്ത് അപ്പസ്തോലസഭയ്ക്ക് ഭീഷണിയുയർത്തിയിരുന്ന വിവിധ യഹൂദബാന്ധവ സെക്റ്റുകളെക്കുറിച്ചോ അവ തമ്മിൽത്തമ്മിലുള്ള ബന്ധത്തെക്കുറിച്ചോ കൂടുതൽ അറിയാൻമാത്രമുള്ള ചരിത്രരേഖകളില്ല.

*(ഡോ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ)*

# 09

## യേശു പുതിയനിയമേതര സ്രോതസ്സുകളിൽ

"ക്രിസ്ത്യാനികൾ എന്ന വിഭാഗത്തിന്റെ ആരംഭകനായ ക്രിസ്തു, തിബേരിയൂസ് ചക്രവർത്തിയുടെ കാലത്ത് പോന്തിയൂസ് പീലാത്തോസിനാൽ വധിക്കപ്പെട്ടു"(ടാസിറ്റസ് എ.ഡി. 56-120).

ഒന്നാം നൂറ്റാണ്ടിൽ പലസ്തീനായിലെ കൊച്ചു ഗ്രാമത്തിൽ ജനിച്ച ഒരു മനുഷ്യൻ. അവിടെ മുപ്പതു വർഷത്തോളം ഒരു സാധാരണക്കാരനായി ജീവിക്കുന്നു. പിന്നീട് മൂന്നുവർഷത്തിൽ താഴെ മാത്രം അവിടുത്തെ ഗ്രാമങ്ങളിൽ പ്രസംഗിച്ചും പഠിപ്പിച്ചും നന്മ ചെയ്ത് ചുറ്റി നടക്കുന്നു. എന്നാൽ സ്വന്തം ജനം അവനെ കുറ്റംവിധിച്ച് ക്രൂശിൽ തറച്ചുകൊന്നു. യേശുവെന്ന ആ മനുഷ്യൻ ലോകചരിത്രത്തെത്തന്നെ രണ്ടായി പകുത്തു. മാനവചരിത്രത്തെ ഇത്രമാത്രം സ്വാധീനിച്ച മറ്റൊരു മനുഷ്യൻ ഈ ഭൂമിയിൽ ജനിച്ചിട്ടില്ലായെന്ന് ലോകം തിരിച്ചറിയുന്നു.

കാനോനിക സുവിശേഷങ്ങളും മറ്റു പുതിയനിയമ ഗ്രന്ഥങ്ങളും മാത്രമല്ല ചരിത്രത്തിൽ ജീവിച്ച യേശുവിനെക്കുറിച്ചു പരാമർശിക്കുന്നത്. ഇവകൂടാതെ നിരവധി പുരാതനരേഖകളും നമുക്കു ലഭ്യമാണ്. ഈ രേഖകളെ പൊതുവിൽ ക്രൈസ്തവം, അക്രൈസ്തവം

എന്ന് രണ്ടായി തരംതിരിച്ച് കാണാറുണ്ട്. നമ്മൾ ഇവിടെ പുതിയ നിയമത്തിനു വെളിയിലുള്ള സ്രോതസ്സുകളെ നാലായി തരംതിരിച്ചു കാണുകയാണ്.

## റോമൻ എഴുത്തുകാരും – ക്ലാസ്സിക്കൽ കൃതികളും

### 1. താലോസ് (Thallos)

യേശുവിനെക്കുറിച്ച് ആദ്യമായി രേഖപ്പെടുത്തിയത് ക്രിസ്ത്യാനിയല്ലാത്ത റോമാക്കാരനായ താലോസ് ആയിരിക്കണം. ഇദ്ദേഹം ജോസഫൂസ് പറയുന്ന, സമറിയായിൽ താമസിച്ചിരുന്ന അഗസ്റ്റസിന്റെ സെക്രട്ടറി ആയിരിക്കാൻ സാധ്യതയുണ്ട് (Ant. 6.4. 167). ഇദ്ദേഹം ട്രോയിയുടെ പതനം മുതൽ എ.ഡി. 50 വരെയുള്ള ചരിത്രം ഗ്രീക്കു ഭാഷയിൽ മൂന്നു വാല്യങ്ങളായി എ.ഡി. 55-ഓടുകൂടി രചിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മിക്കവാറും എല്ലാ കൃതികളും മറ്റു പുരാതനകൃതികളെപ്പോലെ നഷ്ടപ്പെട്ടുപോയി. എന്നാൽ സെക്സ്റ്റസ് ജൂലിയസ് ആഫ്രിക്കാനൂസ് (sextus Julius Africanus ca. 160-240) എന്ന ചരിത്രകാരൻ തന്റെ ചരിത്രപുസ്തകത്തിൽ (History of the World - ca. 220) താലോസിനെ ഉദ്ധരിച്ചിട്ടുണ്ട്. അതുപോലെതന്നെ ബൈസന്റയിൻ ചരിത്രകാരനായജോർജ്ജിയൂസ് സിൻസെലൂസും (Georgius Syncellus) തന്റെ കൃതിയിൽ (Chronicle ca. 800) താലോസിനെ ഇങ്ങനെ ഉദ്ധരിക്കുന്നുണ്ട്: "യേശുവിന്റെ മരണസമയത്തുണ്ടായ അന്ധകാരത്തെക്കുറിച്ച് ജൂലിയസ് ആഫ്രിക്കാനൂസ് എഴുതുമ്പോൾ ഇങ്ങനെ പറഞ്ഞിട്ടുണ്ട്, താലോസ് അദ്ദേഹത്തിന്റെ മൂന്നാമത്തെ ചരിത്രപുസ്തകത്തിൽ ഈ അന്ധകാരത്തെ സൂര്യഗ്രഹണം എന്നാണു വിളിക്കുക. അത് എന്റെ വീക്ഷണത്തിൽ തെറ്റാണ്."[1]

താലോസ് യേശുവിനെപ്പറ്റി ക്രിസ്ത്യാനികളുടെ ഇടയിലുണ്ടായിരുന്ന വിശ്വാസങ്ങൾക്കെതിരായാണ് എഴുതുന്നത്. യേശുവിന്റെ മരണ സമയത്തെപ്പറ്റിയും മരണസമയത്തുണ്ടായ അന്ധകാരത്തെപ്പറ്റിയും അദ്ദേഹത്തിന് അറിവുണ്ടായിരുന്നിരിക്കണം.

### 2. പ്ലീനി (Pliny the Younger - ca. 61-113)

പ്ലീനി റോമിലെ ഒരു സെനറ്ററും പ്രശസ്തനായ വക്കീലുമായിരുന്നു. അദ്ദേഹത്തിന്റെ "എഴുത്തുകൾ" ( Letters of Young Pliny)

1. The text: "In the third (book) of his histories, Thallos calls this darkness an eclipse of the sun, which seems to me to be wrong" F. Jacoby, *Die Fragmente der griechischen Historiker,* II B, Leiden, Brill, 1962, 1157. F.F Bruce, *Jesus and Christian Origins Outside the New Testament, London,* Hodder&Stoughton, Grand Rapids, Eerdmans, 1974, 29-30.

എന്ന ഗ്രന്ഥം പത്തു വാല്യങ്ങളിലായി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഇതിൽ പത്താമത്തെ പുസ്തകം അദ്ദേഹത്തിന്റെ മരണശേഷമാണ് പ്രസിദ്ധപ്പെടുത്തിയത്. അതിലെ തൊണ്ണൂറ്റാറാമത്തെ കത്ത് ക്രിസ്ത്യാനികളെക്കുറിച്ചാണ്. അതോടൊപ്പം ക്രിസ്തുവിനെപ്പറ്റിയും പ്രതിപാദിക്കുന്നു. അദ്ദേഹം ക്രിസ്ത്യാനികളെ വിചാരണചെയ്യുന്നതിനും ശിക്ഷിക്കുന്നതിനുമുള്ള കാരണങ്ങളാണ് എഴുതുന്നത്. ഈ വിവരണങ്ങളിൽ പ്ലീനി ക്രിസ്തുവിനെപ്പറ്റി മൂന്നു പ്രാവശ്യം പ്രതിപാദിക്കുന്നു. അദ്ദേഹം ഭരിച്ചിരുന്ന ബിത്തീനിയായിൽ അനേകം ക്രിസ്ത്യാനികളുണ്ടെന്നും അവർ പതിവായി പ്രഭാതത്തിനുമുമ്പ് ഒരുമിച്ചുകൂടുകയും ദൈവമെന്നപോലെ ക്രിസ്തുവിനെ സ്തുതിഗീതങ്ങൾ പാടി ആരാധിക്കുകയും ചെയ്തിരുന്നു എന്നുമുള്ള വസ്തുത പ്ലീനി തന്റെ കത്തിൽ രേഖപ്പെടുത്തുന്നു.[2]

പ്ലീനിയുടെ ആക്ഷേപം ഇപ്പോൾ ക്രിസ്ത്യാനികൾ ദൈവമായി ആരാധിക്കുന്ന ക്രിസ്തു ഒരിക്കൽ വെറും മനുഷ്യനായിരുന്നു എന്നതാണ്.

### 3. സുവെത്തോണിയൂസ് (Gaius Suetonius Tranquillus ca. 70-140)

റോമൻ എഴുത്തുകാരനും നിയമജ്ഞനും പ്ലീനിയുടെ സുഹൃത്തുമായിരുന്നു സുവെത്തോണിയൂസ്. കുറച്ചുകാലം അദ്ദേഹം അഡ്രിയാൻ ചക്രവർത്തിയുടെ സെക്രട്ടറിയായിരുന്നു. അദ്ദേഹം രചിച്ച പന്ത്രണ്ടു സീസർമാരുടെ ജീവിതകഥയിൽ (De vita Caesarum) ക്ലോഡിയസ് ചക്രവർത്തിയുടെ യഹൂദരോടുള്ള ചില നടപടികളെക്കുറിച്ച് വിവരിക്കുന്നിടത്ത് ഇങ്ങനെ പ്രതിപാദിക്കുന്നു:

---

2. The text: “ I decided to dismiss any who denied that they are or ever have been Christian when they repeated after me a formula invoking the gods and made offering of wine and incense to your image, which I had orderd to be brought with the images of the gods into court for this reason, and when they reviled Christ (*Christo male dicere*). I understand that no one who is reallya Christian can be made to do these things. they also maintained that the sum total of their guilt or error was no more than the folowing. They had met regularly before dawn on a determined day, and sung antiphonally a humn to Christ as if to a god (*carmenque Christo quasi deo dicere secum invicem*). They also took an oath not for any crime, but to keep from theft, robbery and adultery, not to break any promise, and not to withhold a deposit when reclaimed. (M. Schuster as reproduced by W. Den Boer, Scriptorum Paganorum I-IV Saec. de Christianis Testimonia, Textus Minores 2, ed., Leiden, Brill, 1965).

“ഈ ചക്രവർത്തി (ക്ലോഡിയസ്) ക്രെസ്തൂസിന്റെ (Crestus) പ്രേരണയാൽ കൂടെക്കൂടെ സമരമുണ്ടാക്കിക്കൊണ്ടിരുന്ന യഹൂദരെ റോമാ നഗരത്തിൽനിന്ന് ബഹിഷ്കരിച്ചു.”[3]

എ.ഡി. 49-നും 50-നും ഇടയ്ക്കു നടന്ന ഈ പുറത്താക്കലിനെക്കുറിച്ച് നടപടിപ്പുസ്തകത്തിൽ പറയുന്നുണ്ട്. സുവെത്തോണിയൂസ് ഉപയോഗിച്ചിരുന്ന ക്രെസ്തൂസ് എന്ന നാമം ഹീബ്രുവിലെ മിശിഹാ എന്ന പദത്തിന്റെ ഗ്രീക്ക് ഭാഷാന്തരമായ ക്രിസ്തോസ് ആണെന്ന് വ്യക്തമാണ്.

ക്രിസ്ത്യാനികളായി എന്ന പേരിൽ കുറേ യഹൂദരെ റോമാ നഗരത്തിൽനിന്നു പുറത്താക്കിയ സംഭവത്തെപ്പറ്റി എഴുപതു വർഷങ്ങൾക്കു ശേഷമാണ് സുവെത്തോണിയൂസ് എഴുതുന്നത്. ക്രിസ്ത്യാനികളെക്കുറിച്ച് വ്യക്തമായ ധാരണയില്ലാതിരുന്ന അദ്ദേഹം കരുതിയത് ക്രിസ്തു റോമിൽ സന്നിഹിതനായാണു വിപ്ലവത്തിനു പ്രേരണ നല്കിയതെന്നാണ്.

### 4. കൊർണേലിയൂസ് റ്റാസിറ്റസ് (Cornelius Tacitus)

വിശ്രുതനായ ഒരു റോമൻ ചരിത്രകാരനാണ് റ്റാസിറ്റസ്. അദ്ദേഹത്തിന്റെ പ്രസിദ്ധ കൃതികളിലൊന്നാണ് അനൽസ് (Annales, Historial, Agricula, Germania). ഇദ്ദേഹം ക്രിസ്ത്യാനികളെക്കുറിച്ച് സംസാരിക്കാനുള്ള സാഹചര്യം 64-ൽ റോമിൽ സംഭവിച്ച അഗ്നിബാധയാണ്. നീറോ തന്നെയാണ് നഗരത്തിന് തീ കൊളുത്താൻ കല്പിച്ചത്. എന്നാൽ, തന്നെ ആരും സംശയിക്കാതിരിക്കാൻ അതിന്റെ കാരണക്കാർ ക്രിസ്ത്യാനികളാണെന്ന് നീറോ വരുത്തിത്തീർത്തു. ആ കാരണം പറഞ്ഞ് ക്രിസ്ത്യാനികളെ കഠിനമായ ശിക്ഷകൾക്ക് വിധേയമാക്കിയത് റ്റാസിറ്റസ് വിവരിക്കുന്നുണ്ട്. അദ്ദേഹം ഇങ്ങനെ എഴുതുന്നു: “ക്രിസ്ത്യാനികൾ എന്ന വിഭാഗത്തിന്റെ ആരംഭകനായ ക്രിസ്തു തിബേരിയൂസ് ചക്രവർത്തിയുടെ കാലത്ത് പോന്തിയൂസ് പിലാത്തോസിനാൽ വധിക്കപ്പെട്ടു. അങ്ങനെ താത്കാലികമായി നിയന്ത്രിക്കപ്പെട്ടെങ്കിലും മാരകമായി ഈ അന്ധവിശ്വാസ പ്രസ്ഥാനം ആരംഭിച്ച യൂദായിൽ മാത്രമല്ല, എല്ലാ സ്ഥലത്തുനിന്നുമുള്ള കൊടിയതും ജുഗുപ്സാവഹവുമായ സകല പ്രസ്ഥാനങ്ങളും എത്തപ്പെടുന്ന ഈ നഗരത്തിലും പ്രചാരത്തിലാവുകയും

3. The text: “He (Claudius) expelled the Jews from Rome, since they were always making disturbance because of the instigator Chretus” (*Judaeod impulsore Chresto assidue tumultuatins Roma Expulit*). (M. Ihm, ed., *C. Suetoni Tranquilli Opera,* Teubner Series, Stuttgart, Teubner, 1978, 1:209).

ചെയ്തു."[4]

റ്റാസിറ്റസിന് അറിവുണ്ടായിരുന്ന കാര്യങ്ങൾ ഇവയാണ്.

- ക്രിസ്തു പോന്തിയൂസ് പിലാത്തോസിന്റെ കീഴിൽ വധിക്കപ്പെട്ട ഒരു കുറ്റവാളിയാണ്.
- യൂദായിൽ രൂപംകൊണ്ട ഒരു പുതിയ മതസംഘടനയുടെ സ്ഥാപകനാണ് ക്രിസ്തു. ഈ സംഘടനയിലെ അംഗങ്ങളെ ക്രിസ്തുവിന്റെ പേരുമായി ബന്ധപ്പെടുത്തി ക്രിസ്ത്യാനികൾ എന്നാണ് വിളിച്ചിരുന്നത്.
- ഇവർ നീറോയുടെകാലത്തുതന്നെ റോമൻസാമ്രാജ്യത്തിൽ അങ്ങിങ്ങായി വളർച്ചപ്രാപിച്ചിരുന്നു.

### 5. മാരാ ബാർ സെറാപ്പിയോൻ (Mara bar Serapion)

ഉദ്ദേശം 73-ൽ മാരാ ബാർ (son of) സെറാപ്പിയോൻ എന്നറിയപ്പെടുന്ന ഒരു സെമിറ്റിക് വംശജൻ തന്റെ പുത്രനെ (അദ്ദേഹത്തിന്റെ പേരും സെറാപ്പിയോൻ എന്നാണ്) അഭിസംബോധന ചെയ്തുകൊണ്ട് സുറിയാനി ഭാഷയിൽ എഴുതിയിട്ടുള്ള ഒരു കത്ത് ഇന്ന് ലഭ്യമാണ്. ഇതിന്റെ കൈയെഴുത്തിപ്രതി ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്.[5]

ഇദ്ദേഹം ഒരു ക്രിസ്ത്യാനിയായിരിക്കാൻ സാധ്യതയില്ല. യേശുവിന്റെ പേര് കൃത്യമായി എഴുതാതെ യേശുവിനെക്കുറിച്ചു പറയുക യഹൂദരുടെ "ജ്ഞാനിയായ രാജാവ്" എന്നാണ്. ഈ രാജാവ് സ്വന്തം ജനതയാൽ വധിക്കപ്പെട്ടു. ഉത്ഥാനത്തിലുപരി തന്റെ "പുതിയ നിയമ"ത്തിലൂടെയാണ് ഈ രാജാവ് ഇന്നും ജീവിക്കുന്നത്.

യേശുവിന്റെ പേര് എടുത്തുപറയുന്നില്ലെങ്കിലും ജ്ഞാനിയായ രാജാവ്എന്നുള്ളത് പ്രധാനപ്പെട്ടൊരു ക്രിസ്തുസംജ്ഞയല്ലെങ്കിലും യേശുവിനെത്തന്നെയാണ് അദ്ദേഹം ഉദ്ദേശിച്ചത് എന്നു

---

4. The text: "The founder of this name, Christ, had been executed in the reign of Tiberius by the procurator Pontius Pilate (*Auctor nominis eius Christus Tiberio imperitante per procuratorem Pontium Pilatum supplicio adfectus erat).* Suppressed for a time, the deadly supersition erupted again not only in Judea, the origin of this evil, but also in the city (Rome), where all things horrible and shameful from everywhere come together and become popular. (*J.Jackon. Tacitus*: The Annals XIII-LCL, Cambridge, Harvard University Press, 1956, 282-85).

5. For the Syriac text and English translation see W. Cureton, *Spicilegium Syriacum*, London, Rivington, 1855.

വ്യക്തമാണ്. കാരണം ഒന്നാമതായി ഈ ജ്ഞാനിയായ യഹൂദനെ രാജാവായാണു കാണുന്നത്. രാജാവ് എന്ന സംജ്ഞ യേശുവിന്റെ ജനനവിവരണംമുതൽതന്നെ ഉപയോഗിച്ചുകാണുന്നു. കിഴക്കുനിന്നുള്ള ജ്ഞാനികൾ അന്വേഷിക്കുന്നത് യഹൂദരുടെ രാജാവായി ജനിച്ചവൻ എവിടെയെന്നാണ് (മത്താ 2.1 ff). അതുപോലെ തന്നെ യേശുവിന്റെ വിചാരണയിലും വിധിയിലും ഈ സംജ്ഞയും ആശയവും വളരെ പ്രധാനപ്പെട്ടതാണ് (ജറുസലേമിലെ രാജകീയ പ്രവേശനം, പടയാളികളുടെ പരിഹാസം, പീലാത്തോസിന്റെ മുന്നിലെ വിചാരണ, യേശുവിന്റെ കുരിശിലെ ഫലകത്തിലുള്ള വിധിവാചകം).

രണ്ടാമതായി, ജ്ഞാനിയായ രാജാവിന്റെ മരണവും യഹൂദരാജ്യത്തിന്റെ അന്ത്യവും തമ്മിൽ ബന്ധപ്പെടുത്തിയാണു കാണുന്നത്. യഹൂദരാജ്യത്തിന്റെ അന്ത്യത്തിനു കാരണം അവർ ഈ രാജാവിനെ തിരസ്കരിച്ചു എന്നതാണ്. ജെറുസലേമിന്റെ നാശത്തെയാണ് ഇദ്ദേഹം രാജ്യത്തിന്റെ അന്ത്യമായി വിവരിക്കുന്നത്. പുതിയ നിയമത്തിലും (മത്താ 23:37-39; 24:2; 27:25; മർക്കോ 13:1-2; ലൂക്കാ 19:42 -44; 21:5-6.20-24; 23:28-31) പിന്നീട് ആദ്യകാല സഭാപണ്ഡിതന്മാരും (ജെസ്റ്റിൻ - Apology 32:4-6; 47-49; 53:2-3; Dialogue 25:5; 108:3) ഈയൊരു പ്രമേയം ഇത്തരത്തിൽ അവതരിപ്പിക്കുന്നുണ്ട്.

മൂന്നാമതായി, രാജാവിന്റെ പുതിയനിയമം എന്നതുകൊണ്ടുദ്ദേശിക്കുക ക്രിസ്തീയ സമൂഹത്തിന്റെ സ്ഥാപനമായിരിക്കണം. പ്രത്യേകിച്ച് അതിന്റെ ധാർമ്മിക നിയമസംഹിത. എല്ലാറ്റിനുമുപരി ഇതിൽ വിവരിച്ചിരിക്കുന്ന വ്യക്തിയുമായി സാമ്യമുള്ള, യേശുവല്ലാതെ മറ്റൊരു വ്യക്തിയെയും ചരിത്രത്തിൽ നമ്മൾ കാണുന്നില്ല.

### 6. ലൂഷിയൻ (Lucian of Samosata ca. 115-200)

സെമിറ്റിക് വംശജനായ ഒരു ഗ്രീക്ക് ആക്ഷേപഹാസ്യ എഴുത്തുകാരനാണ് ലൂഷിയൻ. അദ്ദേഹത്തിന്റെ പേരിൽ എൺപതിലധികം കൃതികളുണ്ട്. അദ്ദേഹം രചിച്ച "പെരെഗ്രീനൂസിന്റെ മരണം"( The Death of Peregrinus ca. 165) എന്ന ഗ്രന്ഥത്തിലാണ് യേശുവിനെപ്പറ്റി സൂചനയുള്ളത്. ക്രിസ്ത്യാനികളെ അവരുടെ അജ്ഞതയെ പ്രതി കഠിനമായി പരിഹസിച്ചുകൊണ്ടാണ് ലൂഷിയൻ എഴുതിയിരിക്കുന്നത്. ഒപ്പം ക്രിസ്തുമതത്തിന്റെ സ്ഥാപകനെപ്പറ്റിയും അദ്ദേഹത്തിന്റെ പഠനങ്ങളെപ്പറ്റിയും എഴുതുന്നു.

പെരെഗ്രിനൂസ് ക്രിസ്തുമതാനുയായി മാറി പലസ്തീനായിലെ

ക്രിസ്ത്യാനികളുടെ നേതാവാകുന്നു.[6] പിന്നീട് ആ മതം ഉപേക്ഷിച്ച് വിപ്ലവകാരിയായി. അവസാനം നിരാശനായി ആത്മഹത്യ ചെയ്യുന്നു. ലൂഷിയന്റെ വാദം, പെരെഗ്രീനൂസിന്റെ വിധി മനസ്സാലാക്കി ക്രിസ്തുമതത്തിൽനിന്നും മാറി നിൽക്കണമെന്നാണ്. ക്രിസ്തുമതാനുയായികളുടെ നേതാവിനെപ്പറ്റി അദ്ദേഹം ഇങ്ങനെ എഴുതുന്നു: "ക്രിസ്ത്യാനികളുടെ ആദ്യ നിയമദാതാവും മാന്ത്രികനും കുതാർക്കികനുമായ (Sophist) അവനെ പലസ്തീനായിൽ കുരിശിൽ തൂക്കിക്കൊന്നു".[7]

ലൂഷിയൻ ക്രിസ്ത്യാനികളെ കുറ്റപ്പെടുത്തുന്നതിനായാണ് ക്രിസ്തുവിൽ കുറ്റങ്ങളാരോപിക്കുന്നത്. യേശുവിന്റെ പേരുപറയാതെ "ആ മനുഷ്യൻ," "അവർ ഇന്നും ആരാധിക്കുന്നവൻ," "അവരുടെ ആദ്യ നിയമദായകൻ," "ക്രൂശിതനായ കുതാർക്കികൻ," "സംരക്ഷകൻ" എന്നൊക്കെയാണ് യേശുവിനെപ്പറ്റി എഴുതുന്നത്. ക്രിസ്ത്യാനികളുടെ നിയമങ്ങളും ജീവിതരീതിയും ക്രിസ്തുവിൽനിന്നു വരുന്നതായി അദ്ദേഹം കാണുന്നു. ക്രിസ്ത്യാനികൾക്ക് വിശുദ്ധഗ്രന്ഥങ്ങളുണ്ടെന്ന് ലൂഷിയന് അറിവുണ്ട്. എന്നാൽ അദ്ദേഹം ആ ഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. കാരണം സുവിശേഷങ്ങൾ വായിച്ചിരുന്നെങ്കിൽ തന്റെ ചില പരാമർശങ്ങൾ ഒഴിവാക്കുമായിരുന്നു. ഉദാഹരണത്തിന്, ഗ്രീക്ക് ദൈവങ്ങളെ തള്ളിക്കളയാനാണ് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചത്. പലസ്തീനായിലെ ക്രൈസ്തവനേതാക്കളെ പുരോഹിതൻ എന്നാണു വിളിച്ചിരുന്നത്.

### 7. സെൽസൂസ് (Celsus)

ലൂഷിയന്റെ പെരെഗ്രീനുസിനു തൊട്ടുപുറകെയാണ് ക്രിസ്തുമതത്തെ ആക്ഷേപിക്കാൻ സെൽസൂസ് തന്റെ "യഥാർത്ഥ സിദ്ധാന്തം" ( True Doctrine-175) എന്ന ഗ്രന്ഥം രചിക്കുന്നത്. സെൽസൂസിന്റെ രചന നഷ്ടപ്പെട്ടുപോയെങ്കിലും ഒരിജന്റെ കൃതിയിൽനിന്ന് അതിന്റെ സിംഹഭാഗവും നമുക്കു ലഭിക്കുന്നുണ്ട്. ഒരി

6. The text: "He was second only to that one whom they still worship today, the man in Palestine who was crucified because he brought this new form of initation in o the world" (for the Greek text and English translation of Peregrinus are in A.M. Harmon, Lucian, vol. 5, LCL; Cambridge, ? Harvard Univarsity Press, 1936).

7. The text: "Having convinced themselves that they are immortal and will live forever, the poor wretches despise death and most willingly give themselves to it. Moreover, that first lawgiver of theirs persuaded them that they are all brothes the moment they trasnsgress and deny the Greek gods and begain worshiping that crucified sophist and living by his laws"

ജൻ സെൽസൂസിന്റെ ആക്ഷേപങ്ങൾക്കു മറുപടി നൽകാൻ തന്റെ കൃതിയിൽ അവ പൂർണമായും ഉൾക്കൊള്ളിച്ചിട്ടുണ്ട്.[8]

യേശുവിനെതിരേ ശക്തമായ ആക്ഷേപങ്ങളാണ് സെൽസൂസ് ഉന്നയിക്കുന്നത്. യേശുവിന്റെ മാതാപിതാക്കൾ, ജനനം, ബാല്യകാലം, പരസ്യജീവിതം, ഉത്ഥാനം ഇതെല്ലാം അപമാനകരമായാണ് അദ്ദേഹം ചിത്രീകരിച്ചിരിക്കുന്നത്. സെൽസൂസിന്റെ പരാമർശങ്ങൾ നമുക്ക് നേരിട്ടു ലഭ്യമല്ലാത്തതുകൊണ്ട് അതിന്റെ കൃത്യത നിശ്ചയിക്കാൻ ബുദ്ധിമുട്ടുണ്ട്. കൂടാതെ സെൽസൂസ് ക്രിസ്തുവിനെയും ക്രിസ്തുമതത്തെയും ആക്ഷേപിക്കാനുള്ള കാരണം ചരിത്രപരമല്ല, തത്ത്വശാസ്ത്രപരമാണ്. അദ്ദേഹത്തിന്റെ രചന ക്രിസ്തുമതത്തിനെതിരേയുള്ള ആദ്യകാല യഹൂദരുടെയും വിജാതീയരുടെയും വാദമുഖങ്ങൾ എന്തൊക്കെയായിരുന്നെന്നതിന്റെ വ്യക്തമായ സൂചനയാണ്.[9]

8. Cf. Henry Chadwick, *Origen: Contra Celsum,* Cambridge University Press, 1980; Graham N. Stanton, "*Jesus of Nazareth*: A Magician and a False Prophet Who Deceived God's People? in Jesus of Nazarth: *Lord and Christ,* ed. Joel B. Green and Max Turner, Grand Rapids: Eermans, 1994, 169-71.

9. Celsu's fullest statement about Jesus comes at 1,28, where Origen summarizes Celsu's attack on Jesus. The words that likely derive from Celsus are italicized. "He portrays the Jew having a conversation with Jesus himself, refuting him on many charges. First, *He fabricated the story of his birth from a virgin; and he reproaches him because he came from a Jewish village and from a poor country woman who made her living by spinning. He says that she was driven out by her husband, who was a carpenter by trade, when she was convicted of adultery. Then he says that after she has been driven out by her husband and while she was wandering disgracefully, she secretly bore Jesus. He says that because (Jesus) was poor he hired himself out as a loborer in Egypt, and there learned certain magical powers which the Egyptions are proud to have. He returned full of pride in these powers, and gave himself the title of God."* (Henry Chadwick, Against Celsus 1.28)

## യേശു യഹൂദ കൃതികളിൽ

### 1. ഫ്ളാവിയൂസ് ജോസെഫൂസ് (Flavius Josephus ca. 37-100)

യഹൂദ ചരിത്രകാരനായ ജോസെഫൂസ് ജറുസലേമിലെ പുരോഹിതനായ മത്തിയാസിന്റെ പുത്രനാണ്. റോമാക്കാർക്കെതിരായ യഹൂദവിപ്ലവകാലത്ത് അദ്ദേഹം ഗലീലിയിലെ യഹൂദസേനയുടെ തലവനായിരുന്നു. പിന്നീട് റോമിന്റെ യുദ്ധത്തടവുകാരനായി മാറി. വെസ്പാസിയന്റെ പ്രീതിക്കു പാത്രമാവുകയും ക്രമേണ ഫ്ളാവിയൻ വംശത്തിന്റെ ശമ്പളം പറ്റുന്ന കൊട്ടാരം ചരിത്രകാരനായിത്തീരുകയും ചെയ്തു. അദ്ദേഹത്തിന്റെ "യഹൂദപൗരാണികത്വം" (Antiquities of the Jews) എന്ന കൃതിയിൽ ക്രൈസ്തവരെപ്പറ്റി മൂന്നു പ്രാവശ്യം പ്രതിപാദിക്കുന്നുണ്ട്.

ഒന്നാമത്തേത് സ്നാപകയോഹന്നാനെക്കുറിച്ചും അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ചും പറയുന്നതാണ് (Ant. 18:116119).

രണ്ടാമത്തെ സൂചനയിൽ അദ്ദേഹം ക്രിസ്തുവെന്നു വിളിക്കപ്പെടുന്ന യേശുവിന്റെ സഹോദരനായ യാക്കോബിന്റെ ഭീകര മരണത്തെക്കുറിച്ചു പറയുന്നു.[10] ക്രിസ്തുവെന്നു വിളിക്കപ്പെടുന്ന യേശു എന്നുപറയാൻ കാരണം, യേശുവെന്നു പേരുള്ള അനേകർ അന്ന് ഉണ്ടായിരുന്നതുകൊണ്ട് അവരിൽ ഏതു യേശുവിനെക്കുറിച്ചാണു പ്രതിപാദിക്കുന്നതെന്ന് വ്യക്തമാക്കാനാണ്.

മൂന്നാമത്തെ സൂചനയുടെ ആധികാരികത സംബന്ധിച്ച് പണ്ഡിതന്മാരുടെ ഇടയിൽ ചില തർക്കങ്ങളുണ്ട്. ക്രിസ്തുവിനെപ്പറ്റിയുള്ള ആ വിവരണം ഇങ്ങനെയാണ്: "അക്കാലത്ത് യേശു എന്ന ജ്ഞാനിയായ ഒരു മനുഷ്യൻ-അദ്ദേഹത്തെ മനുഷ്യനെന്നു വിളിക്കാമെങ്കിൽ-ഉണ്ടായിരുന്നു. അദ്ദേഹം അത്ഭുതകരമായ കാര്യങ്ങൾ ചെയ്ത ഒരുവനായിരുന്നു. അദ്ദേഹം സത്യത്തെ സന്തോഷത്തോടെ സ്വീകരിക്കുന്നവരുടെ ഗുരുവായിരുന്നു. അദ്ദേഹം അനേകം ഗ്രീക്കുകാരെയും യഹൂദരെയും തന്നിലേക്ക് ആകർഷിച്ചു. ഈ മനുഷ്യനായിരുന്നു മിശിഹാ. ഞങ്ങളുടെ ഇടയിലെ ചില പ്രമുഖർ അദ്ദേഹത്തിൽ കുറ്റം ചുമത്തിയപ്പോൾ പീലാത്തോസ് അദ്ദേഹത്തെ കുരിശിൽ തറച്ചുകൊന്നു. എന്നാൽ ആദ്യം മുതൽ അദ്ദേഹത്തെ സ്നേഹിച്ചിരുന്നവർ ആ സ്നേഹത്തിൽനിന്ന് പിന്മാറിയില്ല. മൂന്നാ

---

10. The text: "He assembled the sanhedrin of the judges, and brought before it the brother of Jesus called Christ whose name was James, and some others When he had accused them as breakers of the law, he delivered them to be stoned" (Ant 20.9. 100).

ംദിവസം അദ്ദേഹം വീണ്ടും ജീവനുള്ളവനായി അവർക്കു പ്രത്യക്ഷപ്പെട്ടു. ഇതും എണ്ണമറ്റ മറ്റനേകം അത്ഭുതകാര്യങ്ങളും അദ്ദേഹത്തെപ്പറ്റി ദൈവത്തിന്റെ പ്രവാചകന്മാർ പ്രവചിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേരിൽ വിളിക്കപ്പെടുന്ന ക്രിസ്ത്യാനികൾ എന്ന ഗോത്രം ഇന്നുവരെ അപ്രത്യക്ഷമായിട്ടില്ല" ( Ant 18.33. 63-64).

ഇതിന്റെ ആധികാരികതയെക്കുറിച്ചു തർക്കങ്ങളുണ്ടെങ്കിലും മറ്റു പുരാതന ചരിത്രഗ്രന്ഥങ്ങളിൽ കാണാനാവാത്തവിധം യേശുവിനെപ്പറ്റിയുള്ള ഒരു വിവരണം നമുക്ക് നൽകുന്നു. തികച്ചും നിഷ്പക്ഷവും ഏറ്റവും കൃത്യവുമായ ഒരു അക്രൈസ്തവ സ്രോതസ്സായി ഇത് നില നിൽക്കുന്നു.

**2. റബ്ബീനിക് പാരമ്പര്യം**

യേശുവിനെക്കുറിച്ചും ആദ്യനൂറ്റാണ്ടിലെ ക്രിസ്ത്യാനികളെക്കുറിച്ചും വളരെയധികം വിവരണങ്ങൾ പല യഹൂദഗ്രന്ഥങ്ങളിലും രേഖപ്പെടുത്തിയിട്ടുണ്ട്. പലസ്തീനിയൻ താൽമൂദിലും ബാബിലോണിയൻ താൽമൂദിലും യേശുവിനെപ്പറ്റിയും അവിടുത്തെ പ്രവർത്തനങ്ങളെപ്പറ്റിയും പരോക്ഷമായ അനേകം പരാമർശങ്ങളുണ്ട്. ഇതിൽ പലതും യേശുവിനെയും ക്രിസ്ത്യാനികളെയും നിശിതമായി വിമർശിക്കുന്നതും കുറ്റംവിധിക്കുന്നതുമാണ്.

ഇത്തരം വിവരണങ്ങളിൽ ഒന്ന് ഇപ്രകാരം പറയുന്നു: "നസ്രായനായ യേശു ജാലവിദ്യകൾ കാട്ടുകയും അനേകം യഹൂദരെ വഴി തെറ്റിക്കുകയും ചെയ്തു."[11]

---

11. The text: "When King Jannaeus (d. 76 B.C.E) was killing our Rabbis, Rabbi Joshua ben Perahiah and Jesus escaped to Alexandria, Egypt. When peace was restored.. he set off (for home), and came to a certain inn, where he was given a warm welcome. He said, "How lovely is this aksania (inn, innkeeper)"! He (Jesus) replied, "Rabbi, she has narow eyes." "Rabi Jousha said, "You villain, is tha what you are thinking about? So he sounded four hundred trumpets and excommunicated him. Many times Jesus came and pleaded to ne allowed back, but he would not listen. But one day, when Rabbi Jousha was reciting Shema, Jesus approcached him. Deciding to welcome him back, he made a gesture to him. However, Jesus thought he was odering him to leave, and he went and set up a brick and worshiped it. "Repent", he (Rabbi Jousha) told him, but heanswered, "I have learned from you that no chance of repentance is given to one who sins and leads other into sin". And a teacher has said, "Jesus the Nazarene practiced magic and led Israel astray". .. Our rabbis taught: Let the left hand push away, but the right hand always invite back, not like Elisha who pushed Gehazi away with both hands, and not like Jousha ben Perahiah who pushed Jesus away with both hands (b. Sanhedrin 107 b; cf. b. Sotah 47 a)" (Cf. Robert E.Van Voorst, *Jesus Outside the New Testament,* Grand Rapids, Michigan, 111-112)

മറ്റൊരു താൽമൂദിലും സമാനമായ വിവരണം കാണാം. പെസഹാത്തിരുനാളിന്റെ സാബത്തുദിവസം നസ്രായനായ യേശുവിനെ തൂക്കിലേറ്റി. തൂക്കിലേറ്റാനുള്ള കാരണം അവൻ മായാവിദ്യകൾ കാട്ടി എന്നുള്ളതാണ്.[12]

താൽമൂദുകളിലെ ഇത്തരം വിവരണങ്ങളുടെ പ്രധാനലക്ഷ്യം എന്തുകൊണ്ട് യേശു ഒരു പാഷണ്ഡിയായെന്നും എന്തുകൊണ്ടാണ് അവന്റെ പിൻഗാമികൾ ഇന്നും തെറ്റിൽ തുടരുന്നത് എന്നും യഹൂദരെ ഓർമ്മിപ്പിക്കാനാണ്.

### 3. ടൊലെഡോത്ത് യേഷു (The Toledot Yeshu)

റബ്ബീനിക് പാരമ്പര്യത്തിലുണ്ടായിരുന്ന യേശുവിവരണങ്ങളുടെ അടിസ്ഥാനത്തിൽ "യേശുവിന്റെ ജീവചരിത്രത്തിന്റെ പുസ്തകം" (Book of the life of Jesus Heb. Sefer Toledot Yeshu) എന്ന പേരിൽ, പ്രബന്ധരൂപത്തിലുള്ള ഒരു വിവരണം പ്രചരിക്കാൻ തുടങ്ങി. ഇതിന്റെ ലക്ഷ്യം ക്രിസ്തീയവിശ്വാസത്തിന് വിപരീതമായ ഒരു ക്രിസ്തുചരിത്രം അവതരിപ്പിക്കുകയും അങ്ങനെ യഹൂദരെ ക്രിസ്തീയവിശ്വാസം പിൻതുടരുന്നതിൽനിന്നു തടയുകയും ചെയ്യുക എന്നതായിരുന്നു. ഇതിന്റെ ഒരു ഡസനോളം പതിപ്പുകൾ പല പേരുകളിലും പ്രചരിച്ചിരുന്നു.[13]

ഇന്ന് ക്രൈസ്തവപണ്ഡിതന്മാരും അതുപോലെതന്നെ യഹൂദ പണ്ഡിതന്മാരും ഇത്തരം വിവരണങ്ങൾക്ക് കാര്യമായ പ്രാധാന്യം കൽപ്പിക്കുന്നില്ല. കാരണം അവയിലെ ഉള്ളടക്കം ചരിത്രപരമായി സാധുതയില്ലാത്തവയും ഭാവനയിൽ സൃഷ്ടിച്ചെടുത്ത വിശ്വാസികളെ ഏറെ മുറിപ്പെടുത്തുന്നതുമായ വിവരണങ്ങളാണ്.[14]

---

12. The text: "It was taught, on the day beofre the Passover they hanged Jesus, A herald went before him for fourty days (proclaiming), "He will be stoned, because he practiced magic and enticed Israel to go astry. Let anyone who knows anything in his favor come forward and plead for him. But nothing was found in his favor, and they hanged him on the day before the Passover" (b. Sanhedrin 43 a), (Cf. J.Louis Martyn, *History and Theology in the Fourth Gospel*, 2d, ed; Nashville: Abingdon, 1979, 78.

13. Like, "Deeds of the One who was Hanged", "Deeds of That One and His Son", "Deeds of Jesus", etc.

14. Although there is no one definitive version of the *Toledot Yeshu*, the most prominent was published by Johann Wagenseil in 1681. Cf. Johann Christopf Wagenseil, *Tela ignea Santanac*, ("Fiery darts of Satan"), Altdorf: Noricorum, 1681.

## III യേശു കാനോനിക സുവിശേഷങ്ങളുടെ ഉറവിടങ്ങളിൽ

ക്രൈസ്തവ സ്രോതസ്സുകളിൽ ഏറ്റവും പ്രധാനപ്പെട്ടവ പുതിയ നിയമത്തിലെ നാല് കാനോനിക സുവിശേഷങ്ങളും പിന്നെ പൗലോസിന്റെ ലേഖനങ്ങളും നടപടിപ്പുസ്തകവുമാണ്. 1970 മുതൽ പണ്ഡിതന്മാർ കാനോനിക സുവിശേഷങ്ങളുടെ ഉറവിടങ്ങളെ പുതിയനിയമത്തിനു 'പുറത്തുള്ള' സ്രോതസ്സുകളായി പരിഗണിച്ച് പഠനങ്ങൾ നടത്തിവരുന്നു. ഇതിൽ പ്രധാനമായും നാലെണ്ണമാണ് പരിഗണിക്കുക.

### 1. ലൂക്കായുടെ പ്രത്യേക ഉറവിടം - L

മത്തായിയും ലൂക്കായും പ്രധാനമായും രണ്ട് ഉറവിടങ്ങളാണ് ഉപയോഗിച്ചത്, മർക്കോസിന്റെ സുവിശേഷവും ഈശോയുടെ സൂക്ത സഞ്ചയവും (Q). ഇവ കൂടാതെ മത്തായിയും ലൂക്കായും അവർക്കുമാത്രമായി ലഭ്യമായ ഒരു ഉറവിടം ഉപയോഗിച്ചിട്ടുണ്ടാവണം. ഈ ഉറവിടങ്ങളെ L എന്നും (the material peculiar to Luke) M എന്നും (the material peculiar to mathew) വിളിക്കുന്നു. L നെക്കുറിച്ചു പറയുമ്പോൾ അതിന്റെ ഉള്ളടക്കം പ്രധാനമായും യേശുവിന്റെ പഠനങ്ങളാണ്. ഒപ്പം ചില ഉപമകളുമുണ്ട്: നല്ല സമരിയാക്കാരൻ, ധൂർത്തപുത്രൻ, ധനികനായ മനുഷ്യനും ലാസറും തുടങ്ങിയവ അതിൽപ്പെടും. ഇത് പലസ്തീനായിൽവച്ച് യഹൂദക്രിസ്ത്യാനികൾ 40-നും 60-നും ഇടയിൽ എഴുതിയിരിക്കണം.[15]

ഈ ഉറവിടം (L) നല്കുന്ന യേശുവിന്റെ ചിത്രം എന്താണ്? ആദ്യമായി യേശു ദൈവകൃപയുടെ അധികാരമുള്ള പ്രബോധകനാണ്. ദൈവത്തിന്റെ കൃപ പൂർണദാനമാണ്. അത് പാപങ്ങൾ പൊറുക്കുന്നു. തകർന്ന മനുഷ്യനെ സുഖപ്പെടുത്തുന്നു, നഷ്ടപ്പെട്ടതിനെ വീണ്ടെടുക്കുന്നു. ഈ ദൈവകൃപ യേശുവിലൂടെ പ്രകടിതമാകുന്നു. യേശു വന്നത് അന്വേഷിച്ച് കണ്ടെത്താനാണ്. ഈ സന്ദേശം ആദ്യം നൽകപ്പെടുന്നത് ഇസ്രായേലിനാണ്. എന്നാൽ അത് ലോകത്തിലെ എല്ലാ ജനതകൾക്കുംവേണ്ടിക്കൂടിയാണ് (10:30-37; 17:12-18).

L ഉറവിടത്തിന്റെ പ്രത്യക്ഷപ്പെടാത്ത ചില കാര്യങ്ങളും പ്രത്യേക ശ്രദ്ധയർഹിക്കുന്നു. യേശുവിന്റെ വിവിധ മിശിഹാസംജ്ഞകൾ ഉപയോഗിച്ചിട്ടില്ല, സഹിച്ച് മരിക്കുന്ന രക്ഷകനായല്ല യേശുവിനെ ചിത്രീ

15. For a detailed study on the importance and content of L ref. Paffenroth Kim, "Story of Jesus According to L", JSNTS 147, Sheffield, Sheffield Academi Press, 1997.

കരിച്ചിരിക്കുന്നത്, പീഡാസഹനവിവരണം ഇല്ല. ഈ ഉറവിടത്തിലെ വിവരണം സ്നാപകയോഹന്നാനിൽ ആരംഭിച്ച് പീഡാസഹനത്തിനു മുൻപ് അവസാനിക്കുന്നു.

### 2. മത്തായിയുടെ പ്രത്യേക ഉറവിടം - M

മത്തായിയുടെ സുവിശേഷത്തിലെ മലയിലെ പ്രസംഗം (അദ്ധ്യായങ്ങൾ 5-7) സുവിശേഷത്തിന്റെ ഒരു പ്രധാന സവിശേഷതയായി മാറുന്നു. മറ്റു സുവിശേഷങ്ങളിൽ കാണാത്ത യേശുവിന്റെ ചില പഠനങ്ങൾ മത്തായിയിലുണ്ട്. ഈ M ഉറവിടം യഹൂദക്രിസ്ത്യാനികളിൽനിന്നാണ്, എന്നാൽ ആദ്യതലമുറയിലെ ക്രിസ്തീയ സമൂഹത്തിൽ നിന്നല്ല.[16] ഇത് ഏകദേശം 170 വചനങ്ങൾ ഉൾക്കൊള്ളുന്നതും ക്രമമായ ക്രോഡീകരണം നടന്നിട്ടില്ലാത്തതുമായിരിക്കണം.[17]

ഇത് യേശുവിനെക്കുറിച്ചു നൽകുന്ന ചിത്രം പലതാണ്: യേശു തന്റെ സഭ സ്ഥാപിക്കുന്ന അധികാരമുള്ള നേതാവാണ്, അപ്പസ്തോലന്മാരെ മാത്രമല്ല സഭയെയും ഒന്നിച്ചുകൂട്ടുന്നു, തന്റെ ശിഷ്യന്മാരെ യഹൂദരുടെ അടുക്കലേക്കു മാത്രമാണ് അയയ്ക്കുന്നത്, മോശയുടെ നിയമം അതിന്റെ ആരംഭലക്ഷ്യം പൂർത്തീകരിക്കാൻ പുനർവ്യാഖ്യാനം നടത്തുന്നു. ദൈവം അന്ത്യവിധി നടത്തുക നീതിയുടെ അടിസ്ഥാനത്തിലായിരിക്കും, അന്ത്യസമയം അടുത്തുവരുന്നു, യേശു അതിന്റെ പ്രഘോഷകനാണ്.

ഈ M ഉറവിടം ഒന്നിൽകൂടുതൽ ഉറവിടങ്ങൾ ചേർന്നതാകാം (വാമൊഴിയും എഴുതപ്പെട്ടവയും). ഇത് മത്തായിയുടെ സമൂഹത്തെക്കുറിച്ച് വ്യക്തമായ ചില സൂചനകൾ നൽകുന്നുണ്ട്.

### 3. അടയാളങ്ങൾ - നാലാമത്തെ സുവിശേഷത്തിന്റെ പ്രത്യേക ഉറവിടം (Signs Source - SQ)

നാലാമത്തെ സുവിശേഷത്തിൽ അടയാളങ്ങൾക്ക് പ്രത്യേകപ്രാധാന്യം കൊടുക്കുന്നതിൽനിന്നും (അദ്ധ്യായങ്ങൾ 1-11; 20:30-31; 21:24-25) അടയാളങ്ങളുടേതായ ഒരു ഉറവിടം ഉണ്ടാകാമെന്നാണ്

---

16. For a general introduction to M, with history of research, see Fred W. Burnett, “M, Tradition,” in Dictionary of Jesus and the Gospels, ed. Green, McKnight, and Marshall, 511-12.

17. G.D. Kilpatricks, *The Origins of the Gospel of St. Mathew*, Oxford University Press, 1946, esp. 8-36.

പണ്ഡിതമതം (Semeia Quelle).[18] SQ വിന്റെ സാധ്യതയെയും ഉള്ള ടക്കത്തെയും ഫോർട്ടനാ വിശദമായി അവതരിപ്പിക്കുന്നുണ്ട്.[19]

എഴുതപ്പെട്ട ഒരു സ്രോതസ്സാണ് SQ. അതിന്റെ ഉപസംഹാരം യോഹ 20:30-31 ആയിരിക്കണം. അതിൽ യേശുവിന്റെ പരസ്യജീവിതം മുതൽ പീഡാസഹനവും മരണവും ഉത്ഥാനവും വരെയാണു വിവരിക്കുന്നത്. ഇവയുടെയെല്ലാം ലക്ഷ്യം യേശുവിൽ വിശ്വാസമുണ്ടാകുകയെന്നതാണ്. ഈ സുവിശേഷം യഹൂദക്രിസ്ത്യാനികൾ രചിച്ചതായിരിക്കണം. ഇതിന്റെ കാലം കൃത്യമായി നിശ്ചയിക്കാൻ സാധിക്കുന്നില്ല. എങ്കിലും 66-70-ലുണ്ടായ യഹൂദ വിപ്ലവത്തിനു മുൻപായിരിക്കണം.

ഒരു മിഷനറിസുവിശേഷമായിരുന്നു SQ. യഹൂദമതത്തിൽനിന്നു വരുന്നവരോട് യേശു മിശിഹായാണെന്നു സാക്ഷ്യപ്പെടുത്തുകയാണ് അതിന്റെ ലക്ഷ്യം. യേശുവിന്റെ അത്ഭുതങ്ങൾ അടയാളങ്ങളാണ്. പീഡാസഹനവിവരണം ക്രിസ്തുവിജ്ഞാനീയ വിവരണമായി പരിണമിക്കുന്നു. പല ക്രിസ്തുസംജ്ഞകളും നൽകുന്നുണ്ട്- മിശിഹാ, ദൈവപുത്രൻ, ദൈവത്തിന്റെ കുഞ്ഞാട്, യഹൂദരുടെ രാജാവ്. ഇതിൽ പ്രധാനപ്പെട്ടത് മിശിഹാതന്നെയാണ്. SQ യേശുവിന്റെ പരസ്യജീവിതത്തിനാണ് പ്രാധാന്യം കൊടുത്ത് അവതരിപ്പിക്കുന്നത്, പീഡാസഹനത്തിനും ഉത്ഥാനത്തിനുമല്ല.

### 4. ഉറവിടം (Q Source)

ആദ്യകാലഘട്ടങ്ങളിൽ മത്തായിയാണ് ആദ്യമെഴുതപ്പെട്ട സുവിശേഷമെന്നും മർക്കോസും ലൂക്കായും മത്തായിയുടെ സുവിശേഷം അവരുടെ ഉറവിടമായി ഉപയോഗിച്ചിട്ടുണ്ടാവുമെന്നുമാണ് കരുതിയിരുന്നത് എന്നാൽ മർക്കോസാണ് ആദ്യം രചിക്കപ്പെട്ട സുവിശേഷമെന്നാണ് ഇന്ന് പൊതുവായുള്ള പണ്ഡിതമതം. മത്തായിക്കും ലൂക്കായ്ക്കും പ്രധാനമായി രണ്ട് ഉറവിടങ്ങളാണുണ്ടായിരുന്നത് - മർക്കോസും 'Q ഉറവിടവും'[20]

---

18. R. Bultmann, *Das Evangelium des Johannes,* KK; Gottigen: Vandenhoeck & Ruprecht, 1941; English translation, Oxford: Blackwell, 1971; 21st German ed., 1986

19. R.T Fortna, *The Gospel of Signs,* SNTSMS 11; Cambridge: University Press, 1970

20. This theory of synoptic literary relationship is known as the “two-source hypothesis”.

മർക്കോസിന്റെ സുവിശേഷത്തിലില്ലാത്തതും എന്നാൽ മത്താ യിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളിൽ ഉൾക്കൊള്ളിച്ചി രിക്കുന്നതുമായ എല്ലാ സമാന്തരവിവരണങ്ങളെയുമാണ് Q ഉറവിടം എന്നതുകൊണ്ട് അർത്ഥമാക്കുക. അത് യേശുവിന്റെ വചനങ്ങളുടെ ഒരു സമാഹാരമായിരിക്കണം.[21]

പണ്ഡിതന്മാരുടെ ഇടയിൽ മത്തായിയുടെയും (M) ലൂക്കായു ടെയും (L) യോഹന്നാന്റെയും (Signs) പ്രത്യേക ഉറവിടങ്ങളെക്കു റിച്ച് അഭിപ്രായഭിന്നതയുണ്ടെങ്കിലും Q ഉറവിടത്തിന്റെ കാര്യത്തിൽ അങ്ങനെയല്ല. ഇതിന്റെ ഉറവിടം പലസ്തീന ആയിരിക്കണം. എ. ഡി. 40-നും 70-നും ഇടയിൽ ഗ്രീക്കിൽ എഴുതപ്പെട്ട ഈ ഉറവിടം ഇസ്രായേൽജനത്തിനുള്ള ഒരു യഹൂദക്രിസ്ത്യൻ കൃതിയാണ്.

Q അവതരിപ്പിക്കുന്ന യേശുവിന്റെ ചിത്രം ഇതാണ്: യേശു ഒരു പ്രബോധകനാണ്. എന്നാൽ അവന്റെ സ്ഥാനം അതിലും ഉന്നത മാണ്. ദൈവത്തിന്റെ രക്ഷയുടെ സ്വീകരണത്തിനും അങ്ങനെ ദൈവരാജ്യത്തിന്റെ സ്ഥാപനത്തിനുമായി ജനത്തെ ഒരുക്കുന്ന മദ്ധ്യ സ്ഥനും പ്രവാചകരുടെയും പ്രവചനങ്ങളുടെയും പൂർത്തീകരണ വുമാണ് യേശു. അവൻ മനുഷ്യപുത്രനാണ്, ദൈവപിതാവിന്റെ പുത്ര നാണ്, ദൈവികജ്ഞാനമാണ്. Q യേശുവിനെ മിശിഹാ എന്നു വിളിക്കുന്നില്ലെങ്കിലും അതിന്റെ ക്രിസ്തുവിജ്ഞാനീയം വ്യക്തമാ ക്കുന്നത് യേശു മിശിഹാ ആണെന്നാണ്.[22]

രക്ഷയുടെ സമയം യേശുവിൽ സമാഗതമായിരിക്കുന്നു. യേശു വിനെ കേൾക്കുന്നവരും അനുസരിക്കുന്നവരും അനുഗൃഹീതരാ ണ്. അവനെ തിരസ്കരിക്കുന്നവർ ദൈവത്തിന്റെ വിധിക്ക് കാര ണക്കാരാകും. യേശുവിന്റെ ആധികാരികമായ പ്രബോധനം അത്ഭു തങ്ങൾകൊണ്ട് സ്ഥിരീകരിക്കപ്പെടുന്നു. Q വിവരിക്കുന്നത് ഒര ത്ഭുതം മാത്രമാണെങ്കിലും യേശു തന്റെ ദൗത്യത്തിലുടനീളം രോഗി കളെ സുഖമാക്കിയിരുന്നു എന്ന് ആവർത്തിച്ചു പറയുന്നുണ്ട്. യേശു രക്ഷയുടെ പ്രഘോഷണത്തിനായും ദൈവരാജ്യസ്ഥാപനത്തി

21. The siglum ‘Q’ is commonly said to derive from the German *Quelle*, “source”, but this is not at all certain. See John J. Schmitt, “In Search of the Origin of the *Siglum Q*” JBL 100 (1981) 609-11. For the contents of Q cf. Raymond E. Brown, *Introduction to the New Testament*, 118-119.

22. E. Meadors, “The ‘Messianic Implications of the Q Material,” JBL 118 (1999) 255-77.

നായും തന്റെ ശിഷ്യന്മാരെ അയയ്ക്കുന്നു. അന്ത്യവിധിക്കായി മഹോന്നതനായ മനുഷ്യപുത്രൻ മടങ്ങിവരും. [23]

## IV. യേശു പുതിയനിയമത്തിനുശേഷമുള്ള ക്രിസ്തീയ കൃതികളിൽ

### 1. അഗ്രഫാ (The Agrapha)

യേശു തന്റെ പരസ്യജീവിതത്തിൽ പഠിപ്പിച്ചതും പ്രവർത്തിച്ചതുമായ എല്ലാ കാര്യങ്ങളും നാല് കാനോനിക സുവിശേഷങ്ങളിലായി ഉൾച്ചേർത്തിട്ടില്ല. യേശുപാരമ്പര്യത്തിന്റെ ഒരു ഭാഗം മാത്രമേ അവിടെ നമ്മൾ കാണന്നുള്ളൂ. യോഹന്നാൻ തന്റെ സുവിശേഷത്തിൽ ഇത് വ്യക്തമാക്കുന്നുണ്ട്: "യേശു ചെയ്ത മറ്റു പല കാര്യങ്ങളും ഉണ്ട്. അതെല്ലാം എഴുതിയിരുന്നെങ്കിൽ ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകത്തിനു തന്നെ സാധിക്കാതെവരുമെന്നാണ് എനിക്കു തോന്നുന്നത്" (21:25).

സുവിശേഷങ്ങളിൽ ചേർത്തിട്ടില്ലാത്ത യേശുവിന്റെ ചില നീതിവാക്യങ്ങളുടെ സമാഹാരമാണ് അഗ്രഫാ എന്ന പേരിൽ അറിയപ്പെടുന്നത്. ആരംഭകാലത്ത് ഇത് വാമൊഴിയായാണ് കൈമാറിയിരുന്നത്. "അഗ്രഫാ"എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥംതന്നെ "എഴുതപ്പെടാത്ത കാര്യങ്ങൾ"എന്നാണ്. എന്നാൽ ഇവ ഒരു രീതിയിലും എഴുതപ്പെടാത്ത കാര്യങ്ങളായിരുന്നെങ്കിൽ രണ്ടായിരത്തോളം വർഷം അതിജീവിക്കില്ലായിരുന്നു. അപ്പോൾ എഴുതപ്പെടാത്ത കാര്യങ്ങൾ എന്നാൽ കാനോനിക സുവിശേഷങ്ങളിൽ എഴുതപ്പെടാത്ത കാര്യങ്ങൾ എന്നു മനസ്സിലാക്കിയാൽ മതി. ആരംഭകാല ക്രിസ്ത്യൻ എഴുത്തുകാരും സഭാപിതാക്കന്മാരും അവരുടെ ഗ്രന്ഥ

23. Some of the most important studies on Q include David Catchpole, The *Quest for Q*, Edinburgh: Clark, 1993; Richard A. Edwards, A Theology of Q, Philadelphia: Fortress, 1976; Alan Kirk, *The Composition of the Saying Source,* NovTsup 91; Leiden: Brill, 1998; Koester, *Ancient Christian Gospels,* 128-72; idem, "The Saying of Q and Their Image of Jesus," in *saying of Jesus*: *Canonical and Non-Canonical,* ed. William Petersen et al., Nov TSYP 98; Leiden: Brill, 1997, 137-54; John S Kloppenborg, *The Formation of Q,* Philadelphia: Fortress, 1987; idem, *The Shape of Q,* Minneapolis: Fortress, 1994; Burton L. Mack, *The Lost Gospel Q,* San Francisco: Harper Collins, 1993; Edward P. Meadors, *Jesus the Messianic Hearld of Salvation,* WUNT 2/72; *Tubingen: Mohr Siebeck,* 1995; Ronald A. Piper, *Wisdom in the Q Tradition,* SNTSMS 61; Cambridge: Cambridge University Press, 1989; idem, ed., *The Gospel Behing the Gospels*: Current Studies on Q, NovTsup 75; Leiden: brill, 1995; C.M. Tuckett, *Q and the History of Early Christianity* Edinburgh: Clark, 1995.

ങ്ങളിൽ ഇവ രേഖപ്പെടുത്തുകയുണ്ടായി. പുതിയനിയമ ത്തിൽത്തന്നെ ഇതിനുള്ള തെളിവുകൾ കാണാനാവും. ഉദാഹര ണത്തിന് അപ്പ 20:35-ൽ പൗലോസ് പറയുന്ന യേശുവചനം - "സ്വീക രിക്കുന്നതിനേക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്കരം"- സുവി ശേഷങ്ങളിലില്ലാത്ത ഒരു ചൊല്ലാണ്. ഇതിനു സമാനമായ മറ്റു ചില വചനങ്ങളും പുതിയനിയമത്തിലുണ്ട് (1 കോറി 7:10; 9:14; 11:24-25; 1 തെസ 4:1-17). ആരംഭകാല സഭാപിതാക്കന്മാരുടെ ഗ്രന്ഥ ങ്ങളിൽ ഇത്തരം അനവധി അഗ്രഫാ കാണാനാവും.[24] ഉദാഹരണ ത്തിന്:

ഞാനാണ് യഥാർത്ഥ വാതിൽ

(ഹിപ്പോളിറ്റസ്, Refutation 5.8.20).

"വലിയ കാര്യങ്ങൾക്കായി ചോദിക്കുക, ചെറിയകാര്യങ്ങൾ ദൈവം നിന്നോടു ചേർക്കും"

(അലക്സാന്ദ്രിയായിലെ ക്ലെമന്റ്, Stromata 1.24.158).

"ദൈവിക കാര്യങ്ങൾക്കായി ചോദിക്കുക ഈ ലോകകാര്യങ്ങളും നിന്നോട് ചേർക്കപ്പെടും".

(ഒരിജൻ, On Prayer 2).

"എന്നോട് അടുത്തായിരിക്കുന്നവൻ അഗ്നിയുടെ അടുത്താണ്. എന്നിൽനിന്ന് അകലെയായിരിക്കുന്നവൻ ദൈവരാജ്യത്തിൽനിന്ന് അകലെയാണ്"

(ഒരിജൻ, Homilies on Jeremiah 3:3; Gospel of Thomas 82).

"അനേകർ പുറമേ ആടിന്റെ തോലണിഞ്ഞ് എന്റെ നാമത്തിൽ വരും. പക്ഷേ, അകമേ അവർ ക്രൂരരായ ചെന്നായ്ക്കളാണ്".

(ജസ്റ്റിൻ, Dialogue with Trypho 35:3).

"ഭിന്നതകളും പാഷണ്ഡതകളും ഉണ്ടാകും"

(ജസ്റ്റിൻ, Dialogue with Trypho 35:3).

---

24. For recent research. see James H. Charlesworth and Craig A. Evans, "Jesus in the Agrapha and Apocryphal Gospels," in *studying the Historical Jesus: Evaluations of the State of Current Research*, ed. Bruce Chilton and Craig A. Evans, NTTS 19; Leiden: Brill, 1994, 483-91; Joachim Jeremiana, *The Unknown Saying of Jesus*, 2d.; London: SPCK, 1964; Otfried Hofius, "Isolated Sayings of the Lord," in *New Testament Apocrypha*, ed. Wilhelm Schneemelcher, English trans. ed. R. Mcl. Wilson, rev. ed; 2 vols; Cambridge: Jeames Clarke; Louisville: Westminister John Knox, 1991, 1:88-91; idem, "Unknown Sayings of Jesus," in *The Gospel and the Gospels*, ed. Peter Stuhlmacher, Grand Rapids: Eerdmans, 1991, 336-60.

"പ്രലോഭനങ്ങളിലൂടെ കടന്നുപോകാത്ത ഒരുവനും ദൈവരാജ്യം സ്വായത്തമാക്കാൻ സാധിക്കില്ല."

(തെർത്തുല്യൻ, On Baptism 20).

ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെട്ടിട്ടുള്ളതും ഏറ്റം ദുർഗ്രഹവുമായ അഗ്രഫാ ഇതാണ്- "പ്രഗല്ഭരായ പണം കൈമാറ്റക്കാരായിരിക്കുക"

(ഒരിജൻ, A Commentary on John 19:7:12; Homilies 2:51:1; 3:50:2; 18:20:4).[25]

ഏകദേശം 225 അഗ്രഫാ ഉണ്ടെന്നാണ് കണക്കാക്കുന്നത്.[26] ചില അഗ്രഫാ ആധികാരികങ്ങളായി പരിഗണിക്കപ്പെടുമ്പോൾ നല്ലൊരു ശതമാനവും ആധികാരികതയുള്ളവയല്ല.[27]

അടുത്തകാലത്തായി അഗ്രഫായെക്കുറിച്ച് പഠനം നടത്തിയ ജോൺ മയർ പറയുന്നത് നമുക്ക് ഇപ്പോഴുള്ള യേശുവിന്റെ ചിത്രത്തോട് അവ ഒന്നും കൂട്ടിച്ചേർക്കുന്നില്ല എന്നാണ്.[28]

### 2. നാഗ് ഹമ്മാദി രചനകൾ (Nag Hammadi Literature)

1945-ലെ നാഗ് ഹമ്മാദി രചനകളുടെ കണ്ടെടുക്കലോടെ ഗ്നോസ്റ്റിക് രചനകളെക്കുറിച്ചും ആദിമസഭയെക്കുറിച്ചും കൂടുതൽ വ്യക്തമായ അറിവു ലഭിക്കുകയുണ്ടായി.[29] ഗ്നോസ്റ്റിക് രചനകൾ പലതിനും "സുവിശേഷങ്ങൾ" എന്ന പേരാണ് രചയിതാക്കൾ നല്കിയത്. ഈ ഗ്രന്ഥങ്ങളിൽ പലപ്പോഴും യേശുവിന്റെ പീഡാസഹനവിവരണം ഉൾപ്പെടുത്തിയിരുന്നില്ല. അവയുടെ ലക്ഷ്യം ഉയിർത്തെഴുന്നേറ്റ യേശുവിനെപ്പറ്റിയുള്ള രഹസ്യ അറിവ് (gnosis) പകർന്നു നല്കുക എന്നുള്ളതായിരുന്നു. യേശുവിന്റെ ജീവിതവും പ്രബോധനവും മരണവും വിവരിക്കുക എന്നുള്ളത് ഒരു ആവശ്യ

---

25. Many Church fathers comment on this, about sevently citiations or allusions in all cf. John S. Vos, "Das Agraphon 'Seid Kundige Geldwechsler!' bei Origenes," in saying of Jesus: Canonical and Non-Canonical, ed. William Petersen et al., NovTSup 89; Leiden: Brill, 1997,227-302

26. cf. Stroker, *Extracanonical Sayings.*

27. *Joachim Jeremias identified eighteen agrapha that could be authentic sayings of Jesus* but Hoffius narrowed this list to seven.

28. John P. Meier, *A Marginal Jew: Rethinking the Historical Jesus,* 2 Vols, New York: Doubleday, 1991, 1:114.

29. Johannes van Oort, " New Light on Christian Gnosis," L.S 24 (1999) 24.

മായി അവർ കണ്ടിരുന്നില്ല. ഇതിൽനിന്ന് എല്ലാ ഗ്നോസ്റ്റിക്കുകളുടെയും വിശ്വാസത്തിൽ യേശുവിന്റെ മരണത്തിന് പ്രസക്തി ഇല്ലായിരുന്നു എന്നു വരുന്നില്ല. ചില ഗ്രീക്ക് ഗ്നോസ്റ്റിക് കൃതികൾ യേശുവിന്റെ മരണത്തിന് വലിയ പ്രാധാന്യം കൊടുത്തു വിവരിക്കുന്നുണ്ട്.[30] ഈ കൃതികളിൽ യേശുവിന്റെ മരണവും ആദിമക്രൈസ്തവ രക്തസാക്ഷികളുടെ സഹനങ്ങളുമായുള്ള സാധർമ്മ്യം സ്ഥാപിക്കുന്നതു കാണാം.

നാഗ് ഹമ്മാദിയിൽനിന്നു കണ്ടെടുത്ത തോമസിന്റെ സുവിശേഷത്തിൽ 114 യേശുവചനങ്ങളുടെ ഒരു സമാഹാരം നമുക്കു ലഭിക്കുന്നു. ഇവയിൽ മൂന്നിലൊന്ന് ഗ്നോസ്റ്റിക് വചനങ്ങളാണ്. ഇത് എ.ഡി. 70-നും 140-നും ഇടയിൽ എഴുതപ്പെട്ടതായിരിക്കണം. ഈ കാലഘട്ടത്തിനു മുന്നോടിയായി ഒരു വാചികകാലഘട്ടം ഉണ്ടായിരുന്നിരിക്കണം കാനോനിക സുവിശേഷം കഴിഞ്ഞാൽ യേശുവിന്റെ യഥാർത്ഥ വചനങ്ങൾ ഏറ്റവും കൂടുതൽ കണ്ടെത്താൻ കഴിയുന്നത് തോമസിന്റെ സുവിശേഷത്തിലാണ്.[31]

### 3. പുതിയനിയമ അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ (The New Testament Approypha)

അപ്പസ്തോലന്മാരോ അവരുടെ ശിഷ്യന്മാരോ എഴുതിയെന്ന് അവകാശപ്പെടുന്ന ആരംഭകാല ക്രൈസ്തവഗ്രന്ഥങ്ങളാണ് പുതിയനിയമ അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ. ഇവ ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിനും ഒൻപതാം നൂറ്റാണ്ടിനും ഇടയിൽ രചിക്കപ്പെട്ടവയാണ്. ഈ ഗ്രന്ഥങ്ങളുടെ ആധികാരികത അംഗീകരിക്കാനാവില്ലെങ്കിലും യേശുവിനെക്കുറിച്ചും ആദിമക്രൈസ്തവ സഭയെക്കുറിച്ചുമുള്ള പല അറിവുകളും ഇവ പ്രദാനം ചെയ്യുന്നുണ്ട്.

---

30. "Perhaps the most remarkable is in the second or third century *Apocryphon of James*, Where the risen Jesus teaches James, "If you are oppressed by Satan and presecuted and you do his (the Father's) will, I say tha the will love you and make you equal with me... So will you not cease loving the flesh and being afraid of sufferings? Do you not know tha tyou have yet to be mistreated and accured unjustly, and shut up in prison, and condemend unlawfully, and crucified without reason, and buried as I was myself, by the evil one". Do you dare to spare the flesh, you for whom the spirit is an encircling wall? Truly I say to you, none will be saved unless they believe in my cross. Scorn death, therefore, and think of life! Remember my cross and my death, and you will live (4:37-5:35)". Cf. Francis E. Williams in James M. Robinson, ed., The Nag Hammadi Library in English (3rd ed.; San Francisco: Harper & Row 1988) 33.

31. For the Complete text of Thomas cf. David R. Cartlidge and David I. Dungan, ed., *Documents for the study of the Gospe;s,* Augusburg Fortress, 1994.

**ഉപസംഹാരം**

യേശുവിനെക്കുറിച്ചുള്ള പുതിയനിയമേതര ശ്രോതസ്സുകളുടെ പഠനത്തിൽനിന്ന് ഉരുത്തിരിയുന്ന പ്രധാന നിഗമനങ്ങൾ ഇവയാണ്:

- അക്രൈസ്തവ സ്രോതസ്സുകളെല്ലാം യേശുവിനെ ഒരു ചരിത്ര പുരുഷനായി കാണുന്നു.
- അക്രൈസ്തവരായ എഴുത്തുകാർ ആരും തന്നെ യേശുവിന്റെ ജീവിതവും പ്രവർത്തനങ്ങളും വചനങ്ങളും വിശദമായി വിവരിക്കുന്നതിൽ താത്പര്യം കാണിക്കുന്നില്ല.
- എങ്കിലും യേശുവിന്റെ കാലം, കുടുംബം, പരസ്യജീവിതം, മരണം ഇവയെക്കുറിച്ച് വ്യക്തമായ സൂചനകൾ നൽകുന്നുണ്ട്.
- ഇവർ യേശുവിന്റെ പഠനങ്ങളായി അവതരിപ്പിച്ചിരിക്കുന്നതിന്റെ ഉള്ളടക്കം പുതിയനിയമ വിവരണവുമായി ഒത്തുപോകുന്നു. അങ്ങനെ പുതിയനിയമ വിവരണങ്ങൾക്ക് ഒരു തെളിവായി ഇവ മാറുന്നു.
- എല്ലാറ്റിലും ഉപരിയായി, പുതിയനിയമത്തിനു വെളിയിലുള്ള യേശുവിന്റെ പഠനം നമ്മെ നയിക്കുന്നത് പുതിയനിയമത്തിലെ യേശുവിലേക്കുതന്നെയാണ്.

ഡോ. ചാക്കോ പുതിയാപറമ്പിൽ

10

# ക്രിസ്തുവിജ്ഞാനീയത്തിലെ നൂതനാഭിമുഖ്യങ്ങൾ

ക്രിസ്തു ആരാണെന്നും അവിടുന്ന് എന്തു ചെയ്തു എന്നും കണ്ടെത്തുകയാണ് ക്രിസ്തുവിജ്ഞാനീയത്തിൽ. യേശുക്രിസ്തുവിനെക്കുറിച്ചുള്ള വിശ്വാസത്തെ കാലാകാലങ്ങളിൽ വ്യാഖ്യാനിക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്, നടക്കുന്നുമുണ്ട്. എല്ലാ സാഹചര്യത്തിലും കാലഘട്ടത്തിലും യേശുക്രിസ്തു ലോകരക്ഷകനാണ്, ദൈവത്തിന്റെ വെളിപാടാണ്. സാഹചര്യങ്ങളുടെ വ്യതിരിക്തത ക്രിസ്തുവിജ്ഞാനീയത്തിലും പ്രതിഫലിക്കുന്നുണ്ട്. ക്രിസ്തുവിജ്ഞാനീയത്തിലെ നാനാത്വത്തിനു കാരണം ജീവിതസാഹചര്യങ്ങളുടെ വൈവിധ്യമാണ്. സുവിശേഷങ്ങൾതന്നെ ക്രിസ്തുവിജ്ഞാനീയത്തിലെ നാനാത്വത്തെ വ്യക്തമാക്കുന്നു. യോഹന്നാനും മർക്കോസും ലൂക്കായും മത്തായിയും യേശുക്രിസ്തുവിനെ വ്യാഖ്യാനിക്കുന്നത് വ്യത്യസ്ത വീക്ഷണങ്ങളിലൂടെയാണ്. ഇന്നുവരെയുള്ള ക്രിസ്തുവിജ്ഞാനീയചരിത്രം പരിശോധിച്ചാലും വ്യത്യസ്തമായ ഈ അവതരണ വ്യാഖ്യാനരീതികൾ ദർശിക്കാനാകും. പരമ്പരാഗത ക്രിസ്തുവിജ്ഞാനീയമാണ് നൂറ്റാണ്ടുകളായി വിചിന്തനങ്ങളെ സ്വാധീനിച്ചിട്ടുള്ളത്.

പരമ്പരാഗത ക്രിസ്തുവിജ്ഞാനീയത്തിലെ പ്രധാന ചർച്ചാ വിഷയങ്ങൾ താഴെ പറയുന്നവയാണ്.

1) ഒരു അവരോഹണ ക്രിസ്തുവിജ്ഞാനീയമാണത് (descending christology) 'സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി' എന്ന് പ്രസ്താവിച്ചുകൊണ്ടാരംഭിക്കുന്ന ഈ അവതരണത്തിൽ യേശുക്രിസ്തുവിന്റെ ദൈവത്വത്തിനാണ് പ്രാധാന്യം. ദൈവത്തിന് എങ്ങനെ മനുഷ്യനാകാനാകും എന്നതാണിവിടുത്തെ പ്രധാന ചോദ്യം. യേശുക്രിസ്തുവിന്റെ മനുഷ്യസ്വഭാവത്തെ അവതരിപ്പിക്കുന്നതിൽ ഈ ക്രിസ്തുവിജ്ഞാനീയം പൂർണ്ണമായും വിജയിക്കുന്നില്ല.

2) മനുഷ്യാവതാരത്തിൽ കേന്ദ്രീകൃതമാണ് ക്രിസ്തുവിജ്ഞാനീയം. ദുഃഖവെള്ളിയുടെയും ഉയിർപ്പുഞായറിന്റെയും പ്രാധാന്യം ഇത് അവതരിപ്പിക്കുന്നില്ല. യേശു എന്തു ചെയ്തു എന്നതിനല്ല, ആദിമുതലേ അവൻ ആരായിരുന്നു എന്നതിനാണിവിടെ പ്രസക്തി.

3) പരമ്പരാഗത ദൈവശാസ്ത്രം പലപ്പോഴും താത്വിക പ്രശ്നങ്ങളെച്ചൊല്ലിയുള്ളതാണ്. കാൽസിഡോൺ കൗൺസിലിലെ ക്രിസ്തുഭാഷ്യത്തിലും നിറഞ്ഞുനില്ക്കുന്നതു മേല്പറഞ്ഞ കാര്യങ്ങളാണ്.

4) യേശുവിന്റെ ഈ ലോകത്തിലുള്ള ദൗത്യത്തെ കാര്യമായി പരിഗണിക്കാത്ത ഒന്നാണ് പരമ്പരാഗത ക്രിസ്തുഭാഷ്യം.

5) ചരിത്രവും വിശ്വാസവും 'മിത്തും' കെട്ടുപിണഞ്ഞു കിടക്കുന്ന ഒരു സാഹചര്യമാണ് പരമ്പരാഗത ക്രിസ്തുഭാഷ്യത്തിൽ കാണുക. എവിടെയാണ് ചരിത്രം, വിശ്വാസം എന്നു തിരിച്ചറിയുക പലപ്പോഴും ബുദ്ധിമുട്ടാണ്.

6) യേശു എന്ന വ്യക്തിയേയും അവിടുത്തെ ദൗത്യത്തെയും വേർതിരിച്ചുകാണിക്കുന്ന ഒരു സമീപനമാണ് പരമ്പരാഗത ക്രിസ്തുവിജ്ഞാനീയത്തിൽ കാണുക. ക്രിസ്തുവിനെ, അറിയാനുള്ള ഒന്നായി (object of knowledge) ട്ടാണ് പരിഗണിക്കുക.

ക്രിസ്തുവിജ്ഞാനീയത്തിൽ ദൃശ്യമാകുന്ന ആഭിമുഖ്യങ്ങളെ പ്രധാനമായും രണ്ടായി തിരിക്കാം. വേദപുസ്തകാധിഷ്ഠിതാഭിമുഖ്യങ്ങളും ദൈവശാസ്ത്രാഭിമുഖ്യങ്ങളും.

## A. വേദപുസ്തകാധിഷ്ഠിതാഭിമുഖ്യങ്ങൾ

വേദപുസ്തകത്തെ ആധാരമാക്കിയുള്ള സമീപനത്തിൽ 3 തരം ആഭിമുഖ്യങ്ങളാണ് ദൃശ്യമാവുക.

### 1) ചരിത്ര വിമർശനാത്മക സമീപനം (Historico-critical approach)

ആധുനിക ബൈബിൾവ്യാഖ്യാനത്തിന് ഉപയോഗിക്കുന്ന രീതി ഉപയോഗിച്ച് സുവിശേഷങ്ങളിൽ നിന്ന് യേശുവിനെക്കുറിച്ച് തീർപ്പു കല്പിക്കുകയും കാര്യങ്ങൾ കണ്ടെത്തുകയും ചെയ്യുന്ന ഒരു സമീപനമാണിത്. സുവിശേഷങ്ങളിൽ നിന്നും ചരിത്രപുരുഷനായ യേശുവിനെ കണ്ടെത്താനാകും എന്ന് ഉറച്ചുവിശ്വസിക്കുന്നവരാണ് ഈ സമീപനരീതി അനുവർത്തിക്കുന്നവർ. സുവിശേഷങ്ങളുടെ രൂപീകരണത്തിൽ പ്രധാനമായും മൂന്നു ഘടകങ്ങളാണ് ഉണ്ടായിരുന്നത്; (1) Jesus of history; (2) The oral and already partly written traditions that were circulated in the churches after Jesus' resurrection; (3) The editorial work of the Synoptic writers.

യേശുവിന്റെ അടിസ്ഥാന മനോഭാവങ്ങളും, യേശുവിന്റെ വ്യക്തിത്വത്തിന്റെ പ്രത്യേകതകളും, ദൗത്യത്തെക്കുറിച്ച് അവിടുന്ന് എങ്ങനെ പ്രഘോഷിച്ചു എന്നും, അതിനെ എപ്രകാരം ശിഷ്യന്മാർ മനസ്സിലാക്കിയെന്നും മറ്റും ഈ സമീപനരീതിയിലൂടെ കണ്ടെത്താനാകും. എന്നാൽ ഇവിടെ യേശുവിന്റെ ആന്തരികസത്ത എന്തായിരുന്നുവെന്നു കണ്ടെത്തുക പ്രയാസമാണ്. അതുതന്നെയാണ് ഈ സമീപനരീതിയുടെ പോരായ്മയും. യേശുവിന്റെ ദൈവത്വത്തേയും മനുഷ്യത്വത്തേയും ദൈവികവ്യക്തിത്വത്തേയും വ്യാഖ്യാനിക്കുകയാണിവിടെ. യോഹന്നാന്റെ സുവിശേഷത്തിലാണ് ഈ കാര്യങ്ങൾ വ്യക്തമാക്കുന്നത്. എന്നാൽ ആ വചനങ്ങളുടെ ചരിത്രപരതയെ പലരും ചോദ്യം ചെയ്യുന്നുണ്ട്.

### 2) അസ്തിത്വാത്മക സമീപനരീതി

ഇവിടെ യേശുക്രിസ്തു എന്തു പ്രസംഗിച്ചു, എന്തു പ്രവർത്തിച്ചു എന്നതല്ല പ്രധാനം. വചനത്തിലുള്ള വിശ്വാസത്തിന്റെ വെളിച്ചത്തിൽ തീരുമാനമെടുക്കുന്നതാണ് സുപ്രധാനമായ കാര്യം. പുതിയനിയമത്തിലെ വസ്തുതകളെല്ലാം കാലഘട്ടത്തിന്റെ ഭാഷയിൽ വിരചിതമായിരിക്കുന്ന ഇതിഹാസഭാഷ (Mythological langauge) യാണ്. ദൈവത്തിന്റെ ക്ഷണവും അതിന് മനുഷ്യൻ നല്കുന്ന അസ്തിത്വാത്മക തീരുമാനവുമാണ് രക്ഷാകരവെളിപാടിന്റെ പ്രധാന അംശം. ചരിത്ര പുരുഷനായ യേശുക്രിസ്തു ഈ വിശകലനത്തിൽ അപ്രസക്തനാകുന്നു. റുഡോൾഫ് ബുൾട്ട്മാനാണ് ഈ സമീപന രീതിയുടെ മുൻനിരയിൽ.

ഇതിന്റെ പോരായ്മകളിൽ ചിലതാണ്, ചരിത്രപുരുഷനായ യേശു അവഗണിക്കപ്പെടുന്നു എന്നതും ചരിത്രപുരുഷനായ യേശുവും

പ്രഘോഷിക്കപ്പെട്ട യേശുവും തമ്മിൽ തുടർച്ചയില്ല എന്നതും. കൂടാതെ പുതിയനിയമം ഇതിഹാസഭാഷയായി കണക്കാക്കപ്പെടുന്നു. ക്രിസ്തുവിജ്ഞാനീയം മനുഷ്യനെക്കുറിച്ചുള്ള ഒന്നായി തരം താഴ്ത്തപ്പെടുകയും ദൈവത്തോടുള്ള വിശ്വാസിയുടെ ബന്ധത്തിനു മാത്രം പ്രാധാന്യം കല്പിക്കുകയും ചെയ്യുന്നു.

### 3) യേശുവിന്റെ അഭിധാനങ്ങളെ ആസ്പദമാക്കിയുള്ള സമീപനം

യേശുവിന്റെ വ്യത്യസ്തമായ അഭിധാനങ്ങൾക്കാണിവിടെ പ്രാധാന്യം. ദൈവപുത്രൻ, മനുഷ്യപുത്രൻ, മിശിഹാ തുടങ്ങിയ വേദപുസ്തകത്തിൽ പ്രത്യക്ഷപ്പെടുന്ന വിവിധ ശീർഷകങ്ങൾ പഠനവിധേയമാക്കി അതിലൂടെ യേശുവിന്റെ ദൗത്യം മനസ്സിലാക്കുന്ന ഒരു രീതിയാണത്. Oscar Cullmann-ന്റെ Christology of NT ഈ സമീപനത്തിന്റെ ഉദാഹരണമാണ്. ഈ സമീപനം സമഗ്രമായ ഒരു ക്രിസ്തുവിജ്ഞാനീയം നമുക്കു പ്രദാനംചെയ്യുന്നില്ല. അഭിധാനങ്ങൾ ഒരിക്കലും യേശുവിന്റെ മാനുഷികചരിത്രത്തെയും സ്വഭാവത്തെയും പൂർണ്ണമായി ഉൾക്കൊള്ളുന്നില്ല എന്നതാണിതിന്റെ എറ്റവും വലിയ പോരായ്മ.

## B. ദൈവശാസ്ത്ര സമീപനങ്ങൾ

### 1) വിശ്വാസസത്യ-വിമർശനനിലപാട് (Critico-dogmatic approach)

വിശ്വാസസത്യങ്ങളെ വിമർശനബുദ്ധിയോടെ വീക്ഷിക്കുന്ന ഒരു സമീപനമാണിത്. 451-ൽ കാൽസിഡോൺ സൂനഹദോസിൽ നല്കപ്പെട്ട നിർവ്വചനത്തിനപ്പുറത്ത് യേശു എന്ന സത്യത്തെ വിവരിക്കാനാവില്ല എന്നു വാദിക്കുന്ന ദൈവശാസ്ത്രാഭിപ്രായത്തെ ചോദ്യം ചെയ്തതിന്റെ ഫലമായി ഉരുത്തിരിഞ്ഞ ഒന്നാണ് ഈ രീതി. കാൽസിഡോൺ നിർവ്വചനം എല്ലാകാലത്തും എല്ലായിടത്തും സാധുതയുള്ളതാണ് എന്നാണ് പരമ്പരാഗതദൈവശാസ്ത്രജ്ഞന്മാരുടെ വാദം. എന്നാൽ ഇതിനെ എതിർക്കുന്നവർ അഭിപ്രായപ്പെടുന്നത്, വിശ്വാസസത്യങ്ങൾ കാലദേശാനുബന്ധിയാണെന്നും വിശ്വാസസത്യങ്ങളിലെ വൈവിധ്യം ഒരു യാഥാർത്ഥ്യമാണെന്നുമാണ്. സാംസ്കാരികമാറ്റങ്ങൾക്കനുയോജ്യമായി വിശ്വാസസത്യങ്ങൾ പുനർവ്യാഖ്യാനം ചെയ്യേണ്ടിയിരിക്കുന്നു.

**GS 62:** വിശ്വാസവും വിശ്വാസപ്രകാശനരീതിയും തമ്മിൽ വ്യത്യാസമുണ്ടാകാം. എന്നിരുന്നാലും വിശ്വാസത്തിന്റെ അർത്ഥവും അന്തസ്സത്തയും മാറ്റമില്ലാതെ തുടരുന്നു. അർത്ഥം അതേപടി തുടരുമെങ്കിലും വ്യാഖ്യാനിക്കാനുള്ള മാധ്യമങ്ങളിൽ വ്യതിയാനം അനിവാര്യമാണ്. ഇതാണ് വിശ്വാസസത്യങ്ങളെക്കുറിച്ച് പ്രതിപാദിക്കു

മ്പോൾ മനസ്സിലുണ്ടാകേണ്ടത്. എന്നാൽ ഇത് വളരെ സൂക്ഷ്മത ആവശ്യമായ കാര്യമാണ്. പലപ്പോഴും വിശ്വാസസത്യങ്ങളുടെ അർത്ഥം തന്നെ ചോർന്നുപോകുന്നരീതിയിലുള്ളവ്യാഖ്യാനങ്ങളും ഉണ്ടാകുമെന്നത് ഈ സമീപനരീതിയിൽ എത്രമാത്രം ശ്രദ്ധപതി ക്കേണ്ടതുണ്ട് എന്നതിലേക്ക് വെളിച്ചം വീശുന്നു.

### രക്ഷാകരചരിത്ര സമീപനരീതി

ചരിത്രത്തിലെ ദൈവത്തിന്റെ വെളിപാടിന്റെ പശ്ചാത്തലത്തിലും രക്ഷാകര ചരിത്രത്തിന്റെ പശ്ചാത്തലത്തിലും യേശുവിനെ മനസ്സിലാക്കാനും വ്യാഖ്യാനിക്കാനുമുള്ള ഒരു ശ്രമത്തിലാണ് ഈ സമീപനരീതിയുടെ ഉപജ്ഞാതാക്കൾ. രക്ഷാകരചരിത്രവും ലോകചരിത്രവും ഒരുമിച്ചുകാണേണ്ട ഒന്നാണെന്നും യേശുക്രിസ്തു ചരിത്രത്തിലുള്ള ദൈവത്തിന്റെ ഇടപെടലിന്റെ ഭാഗമാണെന്നും മനസ്സിലാക്കിക്കൊണ്ടുള്ള ഒരു വ്യാഖ്യാനമാണീ സമീപനത്തിന്റെ അടിസ്ഥാനം.

### മാനുഷിക സമീപനം (Anthropological Approach)

ക്രിസ്തുവിനെക്കുറിച്ചുള്ള ഏതു വിചിന്തനവും ആരംഭിക്കേണ്ടത് മനുഷ്യനിൽനിന്നാകണം എന്നതാണീ രീതിയുടെ പ്രത്യേകത. മനുഷ്യനിൽനിന്നാരംഭിച്ച് യേശുക്രിസ്തുവിൽ എത്തുന്ന ഈ ആഭിമുഖ്യത്തിൽ രണ്ടു വ്യത്യസ്ത ദിശകൾ കണ്ടെത്താനാകും. പ്രസിദ്ധ ദൈവശാസ്ത്രജ്ഞരായ തെയ്യാർദ് ഷർദ്ദാന്റേയും കാൾറാനറുടേയും സമീപനരീതിയാണിവിടെ വിവക്ഷ. പരിണാമത്തിന്റെ ചാലകശക്തിയും, ലക്ഷ്യവും ക്രിസ്തുവാണ് ഷർദ്ദാന്റെ വീക്ഷണത്തിൽ. ശാസ്ത്രവും മതവും സമന്വയിപ്പിക്കുന്ന ഒരു സമീപനമാണ് തെയ്യാർദ്ദ് ഷർദ്ദാന്റേത്. പദാർത്ഥത്തിൽനിന്നു ജീവനിലേക്കും ജീവനിൽനിന്നും മനുഷ്യനിലേക്കുമുള്ള പരിണാമം അതിന്റെ ലക്ഷ്യത്തിലെത്തുന്നത് ക്രിസ്തുവിലാണ്. പരിണാമത്തിന്റെ ലക്ഷ്യവും ചാലകശക്തിയും യേശുക്രിസ്തുവാണ്. ക്രിസ്തുവിൽ ജനിക്കുക എന്ന പ്രക്രിയയിലാണ് പരിണാമം പൂർണ്ണമാവുന്നത്.

കാൾ റാനറുടെ 'അഭൗമികക്രിസ്തുവിജ്ഞാനീയ'വും പരിഗണന അർഹിക്കുന്നതാണ്. മനുഷ്യനിൽനിന്നാരംഭിച്ച് യേശുവിലെത്തുന്ന ഈ വിശകലനത്തിൽ മനുഷ്യന്റെ അഭൗമികമായ ആഗ്രഹത്തെയാണ് റാനർ പഠിക്കുന്നത് - എല്ലാ മനുഷ്യനിലും അഭൗമികമായ ഒരു ആഗ്രഹമുണ്ട്. ഈ ആഗ്രഹം ഉള്ളതു തന്നെ പ്രസ്തുത ആഗ്രഹത്തെ തൃപ്തിപ്പെടുത്താൻ പര്യാപ്തമായ ഒരു അഭൗമികയാഥാർത്ഥ്യം ഉണ്ട് എന്നതിന്റെ തെളിവാണ്. ആ യാഥാർത്ഥ്യ

മാണ് ദൈവം. മനുഷ്യന് സ്വയമേ തന്റെ ആ അഭൗമികതൃഷ്ണയെ തൃപ്തിപ്പെടുത്താനാവില്ല. ദൈവത്തിനുമാത്രമേ അതു സാധ്യമാകൂ. മനുഷ്യന്റെ ചരിത്രസാഹചര്യങ്ങളിലേക്ക് ഇറങ്ങിവന്ന് അവനോടു സംസാരിക്കുമ്പോൾ മാത്രമാണ് അവന് ശരിയായവിധത്തിൽ ദൈവത്തെ ഉൾക്കൊള്ളാനാകുന്നത്. മനുഷ്യന്റെ അഭൗമികമായ ആഗ്രഹത്തെ തൃപ്തിപ്പെടുത്തുന്നത് മനുഷ്യാവതാരത്തിലൂടെയാണ് എന്ന് റാനർ സമർത്ഥിക്കുന്നു. ഇത് യേശുക്രിസ്തുവിലൂടെയാണ് നിറവേറ്റുക. വേദപുസ്തകത്തിൽ നാം കണ്ടുമുട്ടുന്നു. യേശുക്രിസ്തുവിലാണ് മനുഷ്യന്റെ അഭൗമികമായ പ്രതീക്ഷകൾ യാഥാർത്ഥ്യവൽക്കരിക്കപ്പെടുന്നത്. അങ്ങനെ മനുഷ്യനിൽനിന്നാരംഭിച്ച് യേശുവിനെക്കുറിച്ചുള്ള അറിവിൽ എത്തുന്ന റാനറുടെ ഈ വിശകലനരീതി ബൗദ്ധികമണ്ഡലത്തിൽ ഏറെ സ്വാധീനം ചെലുത്തുന്ന ഒന്നാണ്.

### വിമോചനക്രിസ്തു വിജ്ഞാനീയം

ചരിത്രപുരുഷനായ യേശുവിനു പ്രാധാന്യം നല്കുന്ന ഒന്നാണിത്. ചരിത്രപുരുഷനായ യേശുവിന്റെ പ്രവർത്തനശൈലിയാകണം ക്രിസ്തീയശിഷ്യത്വത്തിന്റെ നിദാനം. യേശുവിന്റെ പ്രവർത്തികൾ, സന്ദേശം, മനോഭാവങ്ങൾ, പരിഗണനകൾ, സാമൂഹ്യപ്രതിബദ്ധത തുടങ്ങിയ കാര്യങ്ങൾക്കാണ് ഇവിടെ മുൻഗണന നല്കുന്നത്. ദാരിദ്ര്യത്തിന്റെയും ചൂഷണത്തിന്റെയും പശ്ചാത്തലത്തിൽ ദരിദ്രരുടെ സമഗ്രവിമോചനത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ വേദപുസ്തകത്തിൽ കണ്ടുമുട്ടുന്ന ചരിത്രപുരുഷനായ ക്രിസ്തുവാണ് നമ്മുടെ മാതൃകയും പ്രേരണയും ശക്തിയുമെന്ന് ഇതിന്റെ ഉപജ്ഞാതാക്കൾ അവകാശപ്പെടുന്നു.

### വനിതാവിമോചന ക്രിസ്തുവിജ്ഞാനീയം

ലോകജനസംഖ്യയിൽ പകുതിയോളം വരുന്ന സ്ത്രീകൾ അടിമത്വത്തിനും ചൂഷണത്തിനും വിധേയരായി, വിവേചനത്തിനധീനരായി കഴിയുന്നതിന്റെ പശ്ചാത്തലത്തിൽ നടത്തുന്ന വിചിന്തനമാണിത്. യേശുവിനെ വിമോചകനായി, പ്രത്യേകിച്ചും വനിതകളുടെ വിമോചകനായി കണ്ടെത്തുന്ന ഒരു ആഭിമുഖ്യമാണിത്. പുരുഷപ്രതീകമായ ഒരു രക്ഷകൻ എങ്ങനെ സ്ത്രീകളുടെ വിമോചകനാകും എന്ന് അന്വേഷിക്കുകയാണിതിന്റെ ഉപജ്ഞാതാക്കൾ.

### മതങ്ങളുടെ നാനാത്വത്തിൽ വിരിയുന്ന ക്രിസ്തുദർശനം

മതങ്ങളുടെ വൈവിധ്യങ്ങളെക്കുറിച്ചുള്ള അറിവ് ഇന്ന് പൂർവ്വാധികം വർദ്ധമാനമായിരിക്കുകയാണ്. ആധുനികമാധ്യമങ്ങളിലൂ

ടെയും ലോകമതങ്ങളെക്കുറിച്ച് എല്ലാവരുംതന്നെ പരിജ്ഞാനമുള്ളവരായിക്കൊണ്ടിരിക്കുന്നു. ലോകജനസംഖ്യയിൽ ഭൂരിഭാഗവും ക്രിസ്തുവിൽ വിശ്വസിക്കാത്തവരാണ് എന്നുള്ള അറിവ് യേശുവിനെക്കുറിച്ചുള്ള വിചിന്തനങ്ങൾക്ക് ആക്കം കൂട്ടുന്നു. യേശുക്രിസ്തു എങ്ങനെ എല്ലാവരുടേയും രക്ഷകനാകുന്നു, യേശുക്രിസ്തുവിന്റെ അനന്യശ്രേഷ്ഠത എങ്ങനെയാണ് മനസ്സിലാക്കേണ്ടത്, ക്രൈസ്തവവിശ്വാസത്തിന്റെ പ്രത്യേകതകൾ എന്തൊക്കെയാണ് തുടങ്ങിയ കാര്യങ്ങളാണ് ഈ സമീപനരീതിയിലെ പ്രധാനചർച്ചാവിഷയങ്ങൾ. ഏഷ്യയുടെ പശ്ചാത്തലത്തിലാണ് ഈ ക്രിസ്തു വിജ്ഞാനീയസമീപനം ഏറെ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. കാരണം പ്രധാന ലോകമതങ്ങളുടെയെല്ലാം ഈറ്റില്ലം ഏഷ്യയാണ്. ഭൂഖണ്ഡത്തിലെ ഭൂരിഭാഗവും അക്രൈസ്തവമതാനുയായികളുമാണ്.

### സമഗ്ര സമീപനം

പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ നിർദ്ദേശിക്കുന്ന സമഗ്രസമീപനത്തിൽ പഴയനിയമത്തേയും പുതിയനിയമത്തേയും ഏകമായി കാണാനാണാവശ്യപ്പെടുന്നത്. ഉടമ്പടിയുടെ പൂർത്തീകരണമാണ് ക്രിസ്തു. തന്മൂലം എല്ലാ പഴയനിയമ പ്രതീക്ഷകളെയും വാഗ്ദാനങ്ങളെയും പുതിയനിയമപൂർത്തീകരണങ്ങളെയും സമഗ്രമായിട്ടാണ് വീക്ഷിക്കേണ്ടത്. ചരിത്രപുരുഷനായ യേശുവും വിശ്വസിക്കുന്ന ക്രിസ്തുവും ഒന്നാണ് എന്ന ബോധ്യത്തോടെ വേണം ക്രിസ്തുവിജ്ഞാനീയപഠനങ്ങൾ നടത്താൻ. ക്രിസ്തുവിന്റെ വ്യക്തിത്വവും രക്ഷാകരദൗത്യവും വിഭിന്നമായിട്ടല്ല ദർശിക്കേണ്ടത്. വ്യക്തിയും രക്ഷണീയകർമ്മവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം അംഗീകരിക്കുമ്പോഴാണ് സമഗ്രസമീപനം യാഥാർത്ഥ്യമാകുന്നത്. അതേസമയം സാംസ്കാരികാനുരൂപണം ക്രിസ്തുവിജ്ഞാനീയത്തിലെ നാനാത്വവും അംഗീകരിച്ചേ മതിയാകൂ. സാംസ്കാരികാനുരൂപണം ക്രിസ്തുവിജ്ഞാനീയത്തിലെ ഒരു നൂതന പ്രവണതയല്ല. സുവിശേഷങ്ങളിൽ ഇതു ദൃശ്യമാണ്. ഈ നാനാത്വം ഇന്നും ക്രിസ്തുവിജ്ഞാനീയത്തിൽ പ്രകടമാണ് എന്ന് അംഗീകരിക്കുന്ന ഒരു സമീപനമാണ് സമഗ്രസമീപനം. യേശുക്രിസ്തു എന്റെ രക്ഷകനാണ് എന്ന ക്രിസ്തു സംഭവത്തിന്റെ സാർവ്വത്രികസ്വഭാവം പരിഗണിച്ചിട്ടുവേണം ക്രിസ്തുവിനെ അവതരിപ്പിക്കാൻ.

സമഗ്രസമീപനരീതിയിൽ ഓർത്തിരിക്കേണ്ട ചില വസ്തുതകളുണ്ട്. ആധുനികക്രിസ്തുവിജ്ഞാനീയത്തിന്റെ ദൗത്യങ്ങളെക്കുറിച്ച് ദൈവശാസ്ത്രജ്ഞനായ വാൾട്ടർ കാസ്പർ നല്കുന്ന നിർദ്ദേശ

ങ്ങൾ പ്രത്യേകം പരിഗണിക്കേണ്ടിയിരിക്കുന്നു:

### ചരിത്രബന്ധിതമായ ക്രിസ്തുവിജ്ഞാനീയം (Historically Determined Christology)

യേശുക്രിസ്തുവിന്റെ ചരിത്രത്തിനു പ്രാധാന്യം നല്കുന്ന ഒരു സമീപനരീതിയാണിന്നാവശ്യം. നസ്രായനായ യേശു ആരായിരുന്നു എന്നുള്ള അന്വേഷണം ക്രിസ്തുവിജ്ഞാനീയത്തിന് അനിവാര്യമാണ്.യേശു ആരായിരുന്നു, അവിടുത്തെ സന്ദേശം എന്തായിരുന്നു, അവിടുത്തെ ജീവിതാന്ത്യം എങ്ങനെയായിരുന്നു തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം നല്കുന്ന ദൗത്യം ആധുനിക ക്രിസ്തുവിജ്ഞാനീയത്തിനുണ്ട്.

മനുഷ്യന്റെ പ്രശ്നങ്ങളുടെയും കാലഘട്ടത്തിന്റെ പ്രത്യേകതകളുടെ വെളിച്ചത്തിലാവണം ക്രിസ്തുവിജ്ഞാനീയ പഠനങ്ങൾ മുന്നോട്ടുപോകാൻ. നിങ്ങൾക്കുള്ള പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സന്നദ്ധരായിരിക്കുവിൻ (1 പത്രോ 3,15). പത്രോസിന്റെ ലേഖനത്തിൽ നല്കുന്ന ഈ നിർദ്ദേശം ക്രിസ്തുവിജ്ഞാനീയത്തിലും പ്രതിധ്വനിക്കേണ്ടിയിരിക്കുന്നു.

യേശുവിന്റെ ചരിത്രവും രക്ഷാകരദൗത്യവും തമ്മിലുള്ള ബന്ധം ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. യേശുവിനെ രക്ഷാകരപ്രവർത്തിയിൽ നിന്നും അടർത്തിയെടുത്തു മനസ്സിലാക്കുന്ന രീതി അപര്യാപ്തമായ ഒന്നാണ്. യേശു ആരായിരുന്നു– ആരാണ് എന്ന ചോദ്യവും യേശു എനിക്കാരാണ് എന്ന ചോദ്യവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. ഈ ബന്ധം പരിഗണിച്ചുവേണം ക്രിസ്തുവിജ്ഞാനീയപഠനങ്ങൾ നടത്തുവാൻ.

ആ കാലഘട്ടത്തിന്റെ പ്രത്യേകത പശ്ചാത്തലങ്ങൾ പരിഗണിച്ചുകൊണ്ടുവേണം ക്രിസ്തുവിജ്ഞാനീയപഠനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ.

***1) ചരിത്രാവബോധം*** (Historical Consciousness)

ക്രിസ്തീയദൈവശാസ്ത്രത്തിന് ചരിത്രത്തിൽ ഇന്ന് ഏറെ പ്രാധാന്യമുണ്ട്. ഇന്നിന്റെ സാഹചര്യങ്ങളെ മാറ്റിനിറുത്തിക്കൊണ്ട് ദൈവശാസ്ത്രവിചിന്തനം സാധ്യമല്ല എന്നു കരുതുന്നവരാണ് ഈ ദൈവശാസ്ത്രജ്ഞന്മാർ.

***2) വൈവിധ്യങ്ങളുടെ വൈഷമ്യമേറിയ അംഗീകരണം***

വൈവിധ്യാവബോധം ചരിത്രാവബോധത്തിന്റെ ഭാഗമാണ്. ഓരോ സംസ്കാരവും അതിന്റെ പശ്ചാത്തലങ്ങളിൽ നിന്നുകൊണ്ടു

കാര്യങ്ങൾ മനസ്സിലാക്കാനും വ്യാഖ്യാനിക്കാനും ശ്രമിക്കുന്നു എന്നു ള്ളത് ഒരു വസ്തുതയാണ്. നാനാത്വം ദൈവശാസ്ത്രത്തിലും പ്രക ടമാണ് എന്ന് വ്യക്തം. എന്നാൽ, ഇതിന്റെ പോരായ്മയും ഓർത്തി രിക്കുന്നത് നല്ലതാണ്. പൗരാണികസത്യങ്ങൾ നഷ്ടമാക്കുകയും നിയതമായ മാനദണ്ഡങ്ങളെ നിരാകരിക്കുകയും ചെയ്യുന്നതിലൂടെ ഇത് അസ്ഥിരതയ്ക്ക് കളമൊരുക്കുന്നു.

### *3) ആഗോളവ്യാപകമാകുന്ന തിന്മകൾ*

മതപരമായ ഏതു ചോദ്യവും ചെന്നെത്തിനില്ക്കുന്നത് രക്ഷ യെക്കുറിച്ചുള്ള ചോദ്യത്തിലാണ്. ഈ ചോദ്യങ്ങളുടെ അടിവേരു കൾ ചെന്നെത്തിനില്ക്കുന്നത് ലോകത്ത് വർദ്ധമാനമായിക്കൊണ്ടി രിക്കുന്ന യുദ്ധം, മരണം, ദാരിദ്ര്യം, സാമൂഹികാസമത്വം, മനുഷ്യോ ചിതമല്ലാത്ത സാഹചര്യങ്ങളിൽ ജീവിക്കേണ്ടിവരുന്ന അവസ്ഥ, സ്ത്രീകളോടുള്ള അതിക്രമങ്ങൾ എന്നിവയിലാണ്. ചരിത്രത്തിലെ നിഷേധാത്മകവശങ്ങൾ പ്രസ്തുത നാടിന്റെയും കാലഘട്ട ത്തിന്റെയും ചിന്താധാരണകളെ നിർണ്ണായകമായി സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

### ഭാവിയിലേക്കുള്ള തുറവി

ജീവിതത്തിന്റെ നിഷേധാത്മകവശങ്ങളോടൊപ്പം ശോഭനമായ ഭാവിയെക്കുറിച്ച് പ്രതീക്ഷവച്ചുപുലർത്തുന്നവരാണ് ഇന്നത്തെ മനു ഷ്യർ. കാര്യങ്ങൾക്ക് ഒരു മാറ്റമുണ്ടാകും എന്ന് പ്രതീക്ഷിക്കുന്നവർ വിമോചനത്തിനായി കാതോർത്തിരിക്കുന്നവർ. ഈ ചരിത്രത്തിൽ നിന്നും പ്രതീക്ഷനല്കാൻ ദൈവശാസ്ത്രത്തിനു കഴിയണം.

### പ്രധാന ചർച്ചാവിഷയങ്ങൾ

യേശു ആരായിരുന്നു? ഈ ചോദ്യം ക്രിസ്തുവിജ്ഞാനീയത്തിൽ അനിവാര്യമാണ് കാരണം, യേശുവാണ് അതിന്റെ വിഷയം. ചരി ത്രാവബോധം യേശുവിനെക്കുറിച്ച് അറിയാത്ത മനുഷ്യന്റെ ആഗ്ര ഹത്തെ ഉത്ക്കടമാക്കുന്നു. അറിവ് എന്നതുകൊണ്ടുദ്ദേശിക്കുക വിശ്വാസത്തിന്റെ അറിവല്ല; ചരിത്രപരമായ അറിവാണ്; ഈ ലോക ത്തിൽ ജീവിച്ചിരുന്ന യേശുവിനെക്കുറിച്ചുള്ള അറിവ്. യേശുവിനെ ക്കുറിച്ചുള്ള കഥകളല്ല, കഥകൾക്കപ്പുറത്തുള്ള യേശുവിനെയാണ് അന്വേഷിക്കേണ്ടത്.

### യേശുവിന്റെ അർത്ഥം

യേശുക്രിസ്തുവിന്റെ അർത്ഥവും പ്രാധാന്യവും കണ്ടെത്തുക എന്നത് ക്രിസ്തുവിജ്ഞാനീയത്തിന്റെ ധർമ്മമാണ്. ഇതിന്റെ സാഹ

ചരിത്രത്തിൽ നാം നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തിവേണം യേശുവിനെ വ്യാഖ്യാനിക്കാനും, യേശു എങ്ങനെ രക്ഷിക്കുന്നു എന്നു മനസ്സിലാക്കുവാനും. മനുഷ്യൻ നേരിടുന്ന നിരവധിയായ പ്രശ്നങ്ങളിൽ അന്യനായി യേശു അനുഭവപ്പെടരുത്. ഗതകാലചരിത്രത്തിൽ കടന്നുപോയ ഒരാളല്ല യേശു. യേശു ഇന്ന് ജീവിക്കുന്നു, എന്റെ പ്രശ്നങ്ങൾക്ക് പ്രതിവിധിയായി.

**യേശുവിന്റെ പദവി**

ദൈവത്തേയും മനുഷ്യനേയും ബന്ധിപ്പിക്കുന്നു എന്നതാണ് യേശുവിന്റെ പദവി--യേശു ദൈവത്തോടും മനുഷ്യരോടും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു, അതായത് യേശുവിന്റെ ദൈവത്വവും മനുഷ്യത്വവും എങ്ങനെയാണ് നാം മനസ്സിലാക്കുന്നത്. യേശുവിന്റെ സത്താപരമായ അർത്ഥം മനസ്സിലാക്കുമ്പോൾ, യേശുവിന്റെ വ്യക്തിത്വത്തിന്റെ മഹാരഹസ്യത്തെ അനാവരണം ചെയ്യാനുള്ള ശ്രമംകൂടി നാം നടത്തേണ്ടിയിരിക്കുന്നു.

*(ഡോ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ)*

# 11

## യേശുക്രിസ്തു – ഒരു ചരിത്രാന്വേഷണം

'യേശുക്രിസ്തു' എന്നു പറയുന്നത്, പലരും തെറ്റിദ്ധരിക്കാറുള്ളതുപോലെ, ഒരു ഇരട്ടപ്പേരല്ല, പ്രത്യുത ഒരു വിശ്വാസപ്രഖ്യാപനമാണ്. യേശു എന്നു പറയുന്ന ചരിത്രപുരുഷനായ ഒരു വ്യക്തി ക്രിസ്തു അഥവാ മിശിഹാ ആണെന്ന് ഏറ്റുപറയുകയാണ് യേശുക്രിസ്തു എന്നു പറയുമ്പോൾ നാം ചെയ്യുക. അതിനാൽ യേശുക്രിസ്തുവിനെപ്പറ്റിയുള്ള ഒരു ചരിത്രാന്വേഷണത്തിൽ മുഖ്യമായി രണ്ടു കാര്യങ്ങളാണ് ചെയ്യാനുള്ളത്: ഒന്ന്, ഇന്ന് നമുക്ക് ലഭ്യമായിരിക്കുന്ന ഉറവിടങ്ങളിൽനിന്ന് ചരിത്രഗവേഷണത്തിന്റെ ഉപാധികളുപയോഗിച്ച് യേശുവെന്ന ചരിത്രപുരുഷനെ കണ്ടെത്തുക; രണ്ട് ഈ ചരിത്രപുരുഷൻ ക്രിസ്തു ആണെന്ന വിശ്വാസം എങ്ങനെ രൂപം കൊണ്ടു വെന്നും അതിന്റെ സാധൂകരണം എന്തെന്നും നിർണ്ണയിക്കുക. സ്വഭാവികമായി, ഈ അന്വേഷണത്തിന് ഉപയുക്തമാകുന്ന ഉറവിടങ്ങൾ, ചരിത്രാന്വേഷണത്തിന്റെ തന്നെ ചരിത്രം, സാധ്യത, മാർഗ്ഗങ്ങൾ, പ്രസക്തി തുടങ്ങിയ കാര്യങ്ങളെപ്പറ്റിയും പരിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു.

### 1. ഉറവിടങ്ങൾ

യേശുവിനെപ്പറ്റി അറിവു നല്കുന്ന അക്രൈസ്തവമായ സമകാലിക ചരിത്രരേഖകൾ ഒന്നുംതന്നെയി

ല്ല. എങ്കിലും, യേശു മരിച്ചതിനുശേഷം നൂറുകൊല്ലത്തിനുള്ളിൽ അവിടുത്തെപ്പറ്റി. പരാമർശിക്കുന്ന ചില യഹൂദചരിത്രരേഖകൾ നമുക്ക് ലഭിച്ചിട്ടുണ്ട്. യേശുവിന്റെ ജീവിതത്തെപ്പറ്റി കാര്യമായ അറിവൊന്നും നല്കുന്നില്ലെങ്കിലും, അവിടുന്നു ജീവിച്ചിരിക്കുന്നുവെന്നതിനുള്ള അനിഷേധ്യമായ തെളിവുകളാണവ.

റ്റാസിറ്റസ് (Tacitus) എന്ന റോമൻ ചരിത്രകാരൻ ക്രി. വ. 110 -ാമാണ്ടോടടുത്ത് എഴുതിയ "അനൽസ്" എന്ന ചരിത്രരേഖയിൽ റോമാനഗരം അഗ്നിക്കിരയാക്കിയതിന്റെ കുറ്റം നീറോ ചക്രവർത്തി ക്രിസ്ത്യാനികളുടെമേൽ ചുമത്തിയെന്നും, തിബേരിയൂസിന്റെ ഭരണകാലത്ത് പ്രൊക്യുറേറ്റർ പന്തിയോസ് പീലാത്തോസ് വധിച്ച ക്രിസ്തുവാണ് ക്രിസ്ത്യാനികൾ എന്ന പേരിന്റെ സ്ഥാപകൻ എന്നും പറഞ്ഞിരിക്കുന്നു. ക്രി. വ. 98-നും 117-നുമിടയ്ക്ക് ഏഷ്യാമൈനറിലുള്ള ബിഥീനിയാ പ്രോവിൻസിന്റെ ഗവർണറായിരുന്ന ജൂണിയർ പ്ലീനി തന്റെ പ്രൊവിൻസിലുള്ള ക്രിസ്ത്യാനികളോടു താൻ പെരുമാറുന്ന വിധം വിവരിച്ചുകൊണ്ടു 111-ാമാണ്ടോടടുത്ത് ട്രാജൻ ചക്രവർത്തിക്ക് എഴുതുകയുണ്ടായി. അതിൽ ക്രൈസ്തവരെപ്പറ്റി അദ്ദേഹം പരാമർശിക്കുന്നതിങ്ങനെയാണ്: ഒരു ദൈവത്തെ പൂജിക്കുന്നതിനെന്നപോലെ, തങ്ങളുടെ ക്രിസ്തുവിനെ പൂജിക്കുന്നതിന് അവര് ഗാനമാലപിക്കുന്നു..... എന്റെ അഭിപ്രായത്തിൽ, ക്രൈസ്തവരുടെ മതം ഒരു അന്ധവിശ്വാസത്തിൽ കൂടുതലൊന്നുമല്ല. ക്രിസ്തുവിനെപ്പറ്റിയുള്ള പരാമർശമായി ചിലർ പരിഗണിക്കുന്ന മറ്റൊരു റോമൻരേഖ ക്രി. വ. 100-ാമാണ്ടിനുശേഷം സുവെറ്റൊൺ എഴുതിയ 'ക്ലൗദിയുസിന്റെ ജീവചരിത്രം' എന്ന പുസ്തകത്തിലെ ഒരു പരാമർശമാണ് ക്ലൗദിയൂസ് ചക്രവർത്തി ക്രി. വ 49-ൽ റോമാനഗരത്തിൽ നിന്ന് യഹൂദരെയെല്ലാം നാടുകടത്തുകയുണ്ടായി (അപ്പ 15,2 കാണുക). ഇതിനു കാരണമായി സുവെറ്റോൺ പറയുന്നത്, 'ക്രെസ്തോസ്' (ക്രിസ്തുസ് = ക്രിസ്തു?) എന്ന വ്യക്തിയുടെ പ്രേരണയാൽ യഹൂദർ നിരന്തരം കലാപങ്ങൾ സൃഷ്ടിച്ചിരുന്നു എന്നത്രേ. 'ക്രെസ്തോസ്' ക്രിസ്തുവിനെയാണു പരാമർശിക്കുന്നതെങ്കിൽ, പേരിന്റെ കാര്യത്തിലെന്നതുപോലെ വസ്തുതകളുടെ കാര്യത്തിലും സുവെറ്റോനു തെറ്റുപറ്റിയതാകാം.

യഹൂദനായ ജൊസഫൂസാണ് യേശു എന്ന വ്യക്തിനാമം ആദ്യമായി പരാമർശിക്കുന്ന ചരിത്രകാരൻ. ക്രി. വ. 93-94-ൽ എഴുതിയ Jewish Antiqduties എന്ന ഗ്രന്ഥത്തിൽ, ക്രി. വ. 66 മുതൽ 70 വരെ നടന്ന യഹൂദ റോമൻ യുദ്ധത്തെ വിവരിക്കുന്നതിനിടയിൽ, ക്രി. വ. 62-ൽ ഹെറോദേസ് രാജാവ് യാക്കോബ് ശ്ലീഹായെ കല്ലെറി

യിച്ചു കൊന്ന കാര്യം (അപ്പ 12,2 കാണുക) ജൊസേഫൂസ് പരാമർശിക്കുന്നുണ്ട്.ക്രിസ്തുവെന്നു പറയപ്പെടുന്ന യേശുവിന്റെ സഹോദരനായ യാക്കാബ്എന്നാണ് യാക്കോബിനെ അദ്ദേഹം വിശേഷിപ്പിക്കുന്നത്.

ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ വിരചിതമായ യഹൂദമതഗ്രന്ഥങ്ങളിൽ (Talmud, /Sahedrin Treatise) യേശുവിനെപ്പറ്റി ചില പരാമർശങ്ങളുണ്ട് (മന്ത്രവാദി, ജാരസന്തതി, ജനങ്ങളെ വഴിപിഴപ്പിക്കുന്നവർ, സജ്ജനദൂഷകൻ, സാബത്തുലംഘകൻ, പെസഹാത്തിരുനാളിനു തലേന്നു കഴുവിലേറ്റപ്പെട്ടവൻ). അവ മതസ്പർശയും മുൻവിധിയും നിറഞ്ഞ അപകീർത്തികരമായ പരാമർശങ്ങളാകയാൽ, ചരിത്രപരമായി അവയ്ക്ക് ഒരു മൂല്യവുമില്ല. എങ്കിലും, യേശുവിന്റെ ചരിത്രപരമായ അസ്തിത്വത്തിനുള്ള തെളിവുകളായി അവയെ കണക്കാക്കാവുന്നതാണ്.

ക്രൈസ്തവമായ ഉറവിടങ്ങളിൽ മുഖ്യമായത് പുതിയനിയമമാണ്. പുതിയനിയമത്തിൽ മുഖ്യമായി നാലു സുവിശേഷങ്ങളിൽനിന്നാണ് യേശുവിന്റെ ജീവിതത്തെയും പ്രവർത്തനങ്ങളെയും മരണത്തെയുംപറ്റിയുള്ള വിവരങ്ങൾ ലഭിക്കുന്നത്. അവയിൽ വി. യോഹന്നാന്റെ സുവിശേഷം പലയിടങ്ങളിലും വികാസം പ്രാപിച്ച ക്രിസ്തുവിജ്ഞാനീയ ചിന്തയുടെ പ്രകാശനമായിത്തീരുന്നതുകൊണ്ട് യേശുവിനെപ്പറ്റിയുള്ള ചരിത്രാന്വേഷണത്തിൽ സമാന്തര സുവിശേഷങ്ങൾക്കാണ് പ്രഥമ സ്ഥാനമെന്നു വ്യക്തമാണല്ലോ. സമാന്തരസുവിശഷങ്ങളാണ് ക്രിസ്തുസംഭവവുമായി കാലികമായി കൂടുതൽ അടുത്തതും. പുതിയ നിയമത്തിലെ മറ്റു പുസ്തകങ്ങൾ ചരിത്രപുരുഷനായ യേശുവിനെപ്പറ്റി പ്രത്യക്ഷമായി അധികമൊന്നും അറിവു നല്കുന്നില്ല. എങ്കിലും യേശുവിന്റെ സഹനത്തെയും (ഫിലി 3,10) കുരിശുമരണത്തെയും (ഗലാ 2,20; 3,1; 1 കൊറി 1,23) സംസ്കാരത്തെയും (1 കോറി 15,4) അതുപോലെതന്നെ അന്ത്യ അത്താഴത്തെയും വി. കുർബ്ബാനയുടെ സ്ഥാപനത്തെയും 1 കോറി 11,23-25) എല്ലാത്തിനെയുംപ്പറ്റി പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ പരാമർശിക്കുന്നുണ്ട്. സുവിശേഷങ്ങൾക്കും മുമ്പ് എഴുതപ്പെട്ടവയാണല്ലോ ഈ ലേഖനങ്ങൾ. ചരിത്രപുരുഷനായ യേശുവിനെ അറിയുന്നതിന് ആദിമസഭയുടെ വിശ്വാസവും ജീവിതവും ആരാധനക്രമങ്ങളുമെല്ലാം നാം അറിഞ്ഞിരിക്കണമല്ലോ. അതിനു പുതിയ നിയമത്തിലെ മറ്റുപുസ്തകങ്ങൾ നമ്മെ സഹായിക്കുന്നതുകൊണ്ട് അവയും പരോക്ഷമായ ഉറവിടങ്ങൾതന്നെ.

യേശു ജീവിച്ചിരുന്ന പാലസ്തീനായുടെയും സമീപപ്രദേശ

ങ്ങളുടെയും മതപരവും രാഷ്ട്രീയവും സാംസ്കാരികവും സാമ്പത്തികവുമായ പശ്ചാത്തലങ്ങളെ പരിചിതമാക്കുന്ന ഒട്ടേറ പഠനങ്ങൾ ഇന്നു ലഭ്യമാണ്. 1947-ൽ ചാവുകടലിനടുത്തുള്ള ഖുമ്രാൻ ഗുഹകളിൽനിന്നു കിട്ടിയിട്ടുള്ള എസ്സീൻ സന്യാസിമാരുടെ ലിഖിതങ്ങൾ, അപ്രമാണികഗ്രന്ഥങ്ങൾ, കോപ്റ്റിക് ഗ്രന്ഥശേഖരം, തോമ്മായുടെ സുവിശേഷം, 'ക്യൂ' അഥവാ 'ലോജിയാ' തുടങ്ങിയവ ഉദാഹരണങ്ങളാണ്. പലസ്തീനാ പ്രദേശത്തു നടത്തിയ ഉൽഖനനങ്ങൾ നല്കുന്ന അറിവുകളും ശ്രദ്ധേയമാണ്.

യേശുവിനെപ്പറ്റി മുഖ്യമായ അറിവുകൾ പ്രദാനം ചെയ്യുന്ന സുവിശേഷങ്ങൾ വിശ്വാസസാക്ഷ്യങ്ങൾ മാത്രമാണല്ലോ. അവയിൽനിന്നു ഒരു 'ചരിത്രപുരുഷ'നെ കണ്ടെത്തുക. എന്നത് ഒരന്വേഷണമാണ്. ഈ പ്രശ്നത്തിലേക്കു കടക്കുന്നതിനുമുൻപ്, 18-ാം നൂറ്റാണ്ടുമുതൽ ജർമ്മൻ പണ്ഡിതന്മാർ നടത്തിയ ആദ്യത്തെ ചരിത്രാന്വേഷണത്തിലേക്ക് ശ്രദ്ധതിരിയുക ഉപകാരപ്രദമായിരിക്കും.

### 2. ആദ്യത്തെ ചരിത്രാന്വേഷണവും അതിന്റെ പരാജയവും

പ്രബോധോദയത്തിന്റെ (Enlightenment) അരൂപിയിൽ, സഭയ്ക്കും ക്രിസ്തീയവിശ്വാസത്തിന്റെ സൈദ്ധാന്തികതയ്ക്കും (dogmatics) എതിരായ ഒരു സംരംഭമായിട്ടാണ് ഈ അന്വേഷണം ആരംഭിച്ചതെന്നു പറയാം. ജർമ്മനിയിലെ ഹാംബുർഗ് യൂണിവേഴ്സിറ്റിയിലെ അധ്യാപകനായിരുന്ന എച്ച്. എസ്. റൈമാറുസിന്റെ ചില കൈയ്യെഴുത്തു രേഖകളിൽ, സുവിശേഷവിവരണങ്ങളിൽ വ്യത്യാസങ്ങളും വൈരുദ്ധ്യങ്ങളുമുണ്ടെന്നും, (ഉത്ഥാനം, പ്രത്യക്ഷപ്പെടൽ) അതിനാൽ അവ ചരിത്രയാഥാർത്ഥ്യങ്ങളാകാൻ സാധ്യതയില്ലെന്നും വാദിക്കുന്നുണ്ട്. യേശു രാഷ്ട്രീയപ്രേരിതനായ ഒരു ജനകീയവിപ്ലവകാരി മാത്രമായിരുന്നെന്നും, വിപ്ലവശ്രമം പരാജയപ്പെട്ടപ്പോൾ റോമൻ അധികാരികൾ അദ്ദേഹത്തെ ക്രൂശിക്കയാണുണ്ടായതെന്നുമായിരുന്നു റൈമറൂസിന്റെ നിഗമനം. നിരാശരായ അനുയായികൾക്ക് തങ്ങളുടെ പഴയ തൊഴിലിലേക്കു തിരിച്ചുപോകാൻ താല്പര്യമില്ലായിരുന്നതിനാൽ, യേശുവിന്റെ മൃതശരീരം മോഷ്ടിക്കുകയും അദ്ദേഹം മരണത്തിൽനിന്നുയിർത്തുവെന്ന വ്യാജപ്രചാരണം നടത്തുകയും ചെയ്തു. യുഗാന്തോന്മുഖരക്ഷകനായി യേശുവിനെ ചിത്രീകരിച്ച്, അവിടുന്ന് തുടങ്ങിവെച്ച സംരംഭത്തിന് ആധ്യാത്മികമായ വ്യാഖ്യാനവും പരിവേഷവും കൊടുക്കുവാൻ അവർക്ക് കഴിഞ്ഞു. അതാണ് ക്രിസ്തുമതത്തിന്റെ ആരംഭമായി റൈമാറൂസ് കാണുന്നത്. ചരിത്രത്തിലെ യേശുവും വിശ്വാസത്തിലെ ക്രിസ്തുവും തമ്മിൽ വ്യത്യാസങ്ങളുണ്ടെന്ന ശരിയായ

ഉൾക്കാഴ്ച റൈമാറൂസിനുണ്ടായിരുന്നെങ്കിലും, ഈ വ്യത്യാസങ്ങളെ വ്യാഖ്യാനിക്കുന്നതിൽ അദ്ദേഹം അമ്പേ പരാജയപ്പെടുകയാണുണ്ടായത്. അദ്ദേഹത്തിന്റെ ആശയങ്ങളെ യോഹാൻ സാലമോ സെമ്ലറെപ്പോലെ പലരും എതിർത്തെങ്കിലും, അദ്ദേഹം ചൂണ്ടിക്കാണിച്ച പ്രശ്നങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനോ തൃപ്തികരമായി അവയോടു പ്രതികരിക്കാനോ അവർക്കാർക്കും കഴിഞ്ഞില്ല.

1836-ൽ D.F. സ്ട്രൗസ് രണ്ടുഭാഗങ്ങളായി പ്രസിദ്ധീകരിച്ച യേശുവിന്റെ ജീവിചരിത്രങ്ങളും, 1863-ൽ ഫ്രഞ്ചുകാരനായ J.E. റെനാൻ പ്രസിദ്ധീകരിച്ച യേശുവിന്റെ ജീവചരിത്രവും, 1900-മാണ്ടിൽ പ്രസിദ്ധീകതമായ ക്രിസ്തുമതത്തിന്റെ അന്ത:സത്ത എന്ന അഡോൾഫ് ഹാർനാക്കിന്റെ ഗ്രന്ഥവും, യേശുവിന്റെ ചരിത്രപരതയിലേക്കുള്ള അന്വേഷണങ്ങളായിരുന്നു.

1906-ൽ ആൽബർട്ട് ഷ്വെറ്റ്സർ എഴുതിയ 'ചരിത്രപുരുഷനായ യേശുവിനുവേണ്ടിയുള്ള അന്വേഷണം' റൈമാറൂസിന്റെ കാലംമുതൽ 18-ാം നൂറ്റാണ്ടിലും 19-ാം നൂറ്റാണ്ടിലും നടന്ന ചരിത്രാന്വേഷണങ്ങളുടെയെല്ലാം വിലയിരുത്തലായിരുന്നു. ഈ വിലയിരുത്തലിനു ശേഷവും ഷ്വെറ്റ്സറും നടത്തുകയുണ്ടായി, ഒരു ചരിത്രാന്വേഷണം. അതിന്റെ ഫലങ്ങൾ മറ്റുള്ളവർ അന്നുവരെ നടത്തിയ അന്വേഷണത്തിന്റെ ഫലങ്ങൾ പോലെതന്നെ വികലമായിരുന്നു.യേശുവിനെ ഒരു യുഗാന്തതീവ്രവാദിയായിട്ടാണ് ഷ്വെറ്റ്സർ കാണുന്നത്. സ്വയം ക്രിസ്തുവായി പരിഗണിച്ചുകൊണ്ട് ആസന്നമായിരിക്കുന്ന ലോകാന്ത്യം അവിടുന്ന് പ്രഘോഷിച്ചു. അന്തിമനാളുകളിലെ കലാപങ്ങളും കലക്കങ്ങളും ത്വരിതപ്പെടുത്തിക്കൊണ്ട് ചരിത്രത്തിന്റെ യുഗാന്തപരിണാമം സാധ്യമാക്കാമെന്നും 'പറുദീസാ'യും ദൈവരാജ്യവും സാക്ഷാത്കരിക്കാമെന്നും അവിടുന്ന് കരുതി. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയാണ് 12 ശിഷ്യന്മാരെ ദൈവരാജ്യം പ്രഘോഷിക്കാൻ അവിടുന്ന് പറഞ്ഞയച്ചത്. പക്ഷെ പ്രതീക്ഷിച്ചതൊന്നും സംഭവിക്കാതെ വന്നപ്പോൾ, തന്റെ മരണത്തിലൂടെ മാത്രമേ ദൈവരാജ്യം സമാഗതമാകുകയുള്ളുവെന്ന് യേശുവിന് ബോധ്യമായി. മരിക്കാൻവേണ്ടി മാത്രമാണ് ഗലീലിയിൽനിന്നു ജറുസലത്തേക്ക് അവിടുന്ന് പുറപ്പെട്ടത്. ദൈവരാജ്യം ഭൂമിയിൽ സാക്ഷാത്കരിക്കുവാൻ ഈ മരണം ദൈവത്തിന്റെമേൽ നിർബന്ധംചെലുത്തുമെന്ന് യേശു കരുതി. എന്നാൽ മരണത്തിന്റെ നിമിഷംവരെ ഒന്നും സംഭവിച്ചില്ല. ദൈവത്തിലർപ്പിച്ച പ്രത്യാശ അർത്ഥശൂന്യമായിരുന്നുവെന്നു മനസ്സിലാക്കിയ യേശു നിരാശയിലാണു മരണമടഞ്ഞത്. ചരിത്രപുരുഷനായ യേശുവിന് ഒരു പ്രസക്തിയുമില്ല.

എന്നാൽ, മനുഷ്യഹൃദയങ്ങളിൽ ജീവിക്കുകയും ലോകത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്ന യേശുവിന്റെ വിരോചിതമായ അരൂപിയും ജീവനെ ആദരിക്കുകയെന്ന അവിടുത്തെ നീതിശാസ്ത്രവും ഇന്നും പ്രസക്തമത്രേ. യേശു പ്രഘോഷിച്ച ദൈവരാജ്യം മനുഷ്യഹൃദയത്തിന്റെ ആന്തരികധാർമ്മികത മാത്രമാണെന്നും ചരിത്രപുരോഗതിയിലൂടെ അതു വളർന്നുകൊള്ളുമെന്നുമുള്ള ലിബറൽ ദൈവശാസ്ത്രജ്ഞന്മാരുടെ ആശയത്തെ തിരുത്തിക്കുറിച്ചതിനും, ഈ ദൈവരാജ്യത്തിന്റെ മറന്നുകിടന്നിരുന്ന ഒരു മാനമായ യുഗാന്തോന്മുഖതയെ വീണ്ടെടുത്തതിനും ഷ്വൈറ്റ്സറോടു നാം കടപ്പെട്ടിരിക്കുന്നു. ചരിത്രത്തിലെ യേശുവിനെ കണ്ടെത്താനുള്ള ശ്രമം പാഴ്വേലയാണെന്നും പരാജയത്തിലെ അത് പര്യവസാനിക്കയുള്ളുവെന്നും അതിനാൽ അത് നിർത്തിവെക്കണമെന്നുമുള്ള ഷ്വൈറ്റ്സറിന്റെ വിധിയെഴുത്ത് അന്നുവരെ നടന്ന ചരിത്രാന്വേഷണത്തിന്റെ പരാജയംതന്നെയാണു വിളിച്ചറിയിക്കുന്നത്. എന്നാൽ പരാജയത്തിന്റെ കാരണം ഈ ചരിത്രാന്വേഷണം പാഴ്വേലയായിരുന്നതുകൊണ്ടല്ല, പിന്നെയോ അതിനുപയോഗിച്ച മാർഗ്ഗങ്ങൾ മാത്രമല്ല അതിലെ ചരിത്രസങ്കല്പംതന്നെ തെറ്റായിരുന്നതുകൊണ്ടാണ്.

### 3. ബുൾട്ട്മാനും 'ഇതിഹാസവിസങ്കേതനവും' (demythologisation)

ചരിത്രപുരുഷനായ യേശുവിനും അവിടുത്തെ ജീവിതത്തിനും പ്രവർത്തനത്തിനുമൊന്നും പ്രസക്തിയില്ലെന്ന ഷ്വൈറ്റ്സറുടെ പ്രഖ്യാപനം ഒന്നാംലോകമഹായുദ്ധത്തിന്റെ ഭയാനകമായ ദുരന്തങ്ങളിലൂടെ കടന്നുപോയ ക്രൈസ്തവലോകത്തിനു മുമ്പിൽ ഒരു വെല്ലുവിളിയായി ഉയർന്നുനിന്നു. യേശുവിനു തുടർന്നും പ്രസക്തിയുണ്ടോ? അവിശ്വസ്നീയമായ ശാസ്ത്രീയ സാങ്കേതിക പുരോഗതിയുടെ ഈ ലോകത്തിൽ എങ്ങനെയാണ് യേശുവിന്റെ സുവിശേഷം തുടർന്നും പ്രഘോഷിക്കുക? പരമ്പരാഗതമായി പ്രഘോഷിക്കപ്പെടുന്ന സുവിശേഷം ജനഹൃദയങ്ങളിൽ എത്തിച്ചേരുന്നുണ്ടോ? സുവിശേഷപ്രഘോഷണത്തിന്റെ വിശ്വസ്നീയത വീണ്ടെടുക്കുന്നതിനും ജനജീവിതത്തെ യഥാർത്ഥത്തിൽ സ്പർശിക്കുന്ന ദൈവവചനമായി അതിനെ പ്രഘോഷിക്കുന്നതിനുംവേണ്ടി റുഡോൾഫ് ബുൾട്ട്മാൻ ആവിഷ്കരിച്ച ഒരു വ്യാഖ്യാനോപാധിയാണ് ബൈബിളിന്റെ 'ഇതിഹാസവിസങ്കേതനം' (demythologisation). ശാസ്ത്രീയ വീക്ഷണമുണ്ടാകുന്നതിനുമുമ്പ് എഴുതപ്പെട്ടിട്ടുള്ള ബൈബിൾ ആശയവിനിമയത്തിനുപയോഗിക്കുന്നത് പലപ്പോഴും ഇതിഹാസങ്ങളെ അഥവാ 'മിത്തു'കളെയാണ്. ഇവയെ സാധാരണ ഭാഷയിലേക്ക്, അഥവാ ശാസ്ത്രത്തിന്റെ ഭാഷ

യിലേക്ക് വിവർത്തനം ചെയ്യേണ്ടിയിരിക്കുന്നു. ഇതാണ് ഇതിഹാസവിസങ്കേതനമെന്നതുകൊണ്ട് ബുൾട്ട്മാൻ ഉദ്ദേശിക്കുന്നത്.

ബൈബിൾ വ്യാഖ്യാനപരവും തത്വശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ മൂന്ന് അടിസ്ഥാനങ്ങളാണ് ബുൾട്ട്മാന്റെ വാദഗതികൾക്കുള്ളത്. ബൈബിൾ വ്യാഖ്യാനപരമായ അടിസ്ഥാനം, ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം ഹെർമൻ ഗുങ്കൽ (Hermann Gunkel) എന്ന ബൈബിൽ പണ്ഡിതന്റെ ഉൾക്കാഴ്ചയിൽ നിന്നുരുത്തിരിഞ്ഞ 'രൂപവിമർശനം' (form criticism) എന്ന ബൈബിൾ വ്യാഖ്യാനോപാധിയാണ്. ഉൽപ്പത്തിപുസ്തകത്തെയും സങ്കീർത്തനങ്ങളെയും വ്യാഖ്യാനിക്കാനാണ് ഗുങ്കൽ മുഖ്യമായും ഇതുപയോഗിച്ചത്. കാറൽ സ്മിഡ്റ്റ്, മാർട്ടിൻ ഡിബേലിയൂസ്, റൂഡോൾഫ് ബുൾട്ട്മാൻ എന്നീ പണ്ഡിതന്മാരാണ് സുവിശേഷങ്ങളെ വ്യാഖ്യാനിക്കാൻ ഇതുപയോഗിച്ചുതുടങ്ങിയത്. സുവിശേഷങ്ങൾ എഴുതപ്പെടുന്നതിനു മുമ്പ് അവയിൽ രേഖപ്പെടുത്തിയിട്ടുള്ള പലതും വിശ്വാസപ്രഖ്യാപനങ്ങൾ, ഉപമകൾ, അത്ഭുത വിവരണങ്ങൾ, യേശുവിന്റെ വചനങ്ങൾ, യേശുവിനെപ്പറ്റിയുള്ള പ്രസ്താവനകൾ, എന്നിങ്ങനെയുള്ള വ്യത്യസ്തരൂപങ്ങളിൽ വിവധ ക്രൈസ്തവസമൂഹങ്ങളുടെ ഓർമ്മയിലും പാരമ്പര്യങ്ങളിലും നിലനിന്നിരുന്നുവെന്നും, സുവിശേഷകന്മാർ അവയെ ക്രോഡീകരിച്ച് അവരുടേതായ ശൈലിയിൽ എഴുതുകയാണുണ്ടായതെന്നുമുള്ള ഉൾക്കാഴ്ചയും, ഈ വിവിധ രൂപങ്ങളെ തിരിച്ചറിയുന്നതിനും അവയുടെ സാമൂഹ്യസാഹചര്യം (Sitz im Leben) നിർണ്ണയിക്കുന്നതിനും മറ്റുമുള്ള പരിശ്രമവുമാണ് രൂപവിമർശനംകൊണ്ടുദ്ദേശിക്കുന്നത്. ഇതിഹാസവിസങ്കേതനത്തിന്റെ തത്വശാസ്ത്രപരമായ അടിസ്ഥാനം, ഹെഡഗ്ഗറിന്റെ (Heidegger) അസ്തിത്വവ്യാഖ്യാന സിദ്ധാന്തത്തെ ബൈബിൾപാഠങ്ങളുടെ വ്യാഖ്യാനത്തിനായി ബുൾട്ട്മാൻ ഉപയോഗിക്കുന്നതാണ്. ദൈവശാസ്ത്രപരമായ അടിസ്ഥാനമാകട്ടെ, ഒരുവശത്ത്, ദൈവവചനപ്രഘോഷണത്തിനു ലൂഥർ കൊടുത്ത ഊന്നലാണെന്നു പറയാം. മറുവശത്ത്, വിശ്വാസത്തിന്റെ ചക്രവാളത്തിൽനിന്നു ബുദ്ധിയെയും യുക്തിയെയും അകറ്റിനിർത്തണമെന്നുമുള്ള കാറൾ ബാർത്തും എമിൽ ബ്രുണ്ണറും, ബുൾട്ട്മാനുമുൾപ്പെടുന്ന ഡയലക്റ്റിക്കൽ ദൈവശാസ്ത്രജ്ഞന്മാരുടെ നിർബന്ധമാണ്. അവരുടെ വീക്ഷണത്തിൽ വിശ്വാസത്തിന്റെ ഉറപ്പു വിശ്വാസംതന്നെയാണ്. അതിനു ചരിത്രപരമോ ശാസ്ത്രീയമോ ആയ യാതൊരു തെളിവും ആവിശ്യമില്ല. ആവിശ്യമില്ലെന്നു മാത്രമല്ല, തെളിവു വിശ്വാസത്തിനു വിഘാതമാണ്. വിശ്വാസത്തിൽ ചരിത്രപുരുഷനായ യേശുവിനു യാതൊരു പ്രസക്തിയുമില്ല. സഭയുടെ പ്രഘോഷണത്തിലാണ്

വിശ്വാസം അടിയുറച്ചിരിക്കുന്നത്.

വിശ്വാസത്തിൽ ചരിത്രത്തിന്റെ തെളിവുകൾക്കോ ചരിത്രപുരുഷനായ യേശുവിനോ യാതൊരു പ്രസക്തിയുമില്ലാത്തതിനാൽ, സുവിശേഷങ്ങളിലെ പാരമ്പര്യങ്ങളെ രൂപവിമർശനത്തിന്റെ സഹായത്തോടെ അപഗ്രഥിച്ച് അവയിലെ 'മിത്തു'കൾ കണ്ടുപിടിക്കുകയും അസ്തിത്വവാദത്തിന്റെ വെളിച്ചത്തിന്റെ വ്യാഖ്യാനിക്കുകയും ചെയ്യുക തന്റെ സുപ്രധാന ദൗത്യമായി ബുൾട്ട്മാൻ കരുതി. ദൈവരാജ്യത്തെപ്പറ്റിയും ലോകാവസാനത്തെപ്പറ്റിയുമുള്ള പുതിയനിയമത്തിലെ വിവരണങ്ങളും പരാമർശങ്ങളുമെല്ലാം. ഇതിഹാസരൂപേണയാണ് എഴുതപ്പെട്ടിരിക്കുന്നത്. സ്വർഗ്ഗവും നരകവും അത്ഭുതങ്ങളും അതിസ്വാഭാവികശക്തികളും ദുഷ്ടാരൂപികളും ശിഷ്ടാരൂപികളുമെല്ലാം 'മിത്തിക്കൽ' ആയിവേണം മനസ്സിലാക്കുവാൻ. അനാദിമുതലുള്ള അസ്തിത്വം (pre-existence), കന്യാജനനം, തുടങ്ങിയ 'മിത്തുകൾ' ക്രിസ്തുനാഥന്റെ പ്രസക്തിയെ വ്യക്തമാക്കുന്ന പ്രതീകങ്ങളത്രേ. രോഗശമനവും പിശാചുക്കളുടെ ബഹിഷ്കരണവുമെല്ലാം 'മിത്തു'കളാണ്. അവയിൽ അതിസ്വാഭാവികമായി ഒന്നുമുണ്ടായിരുന്നില്ല. യേശുവിനെപ്പറ്റി സുവിശേഷങ്ങളിൽ കാണുന്ന സൈദ്ധാന്തികപ്രസ്താവനകൾ (dogmatic statements) എല്ലാം ആദിമസഭയുടെ സൃഷ്ടികളാണ്. അങ്ങേയറ്റം യേശുവിന്റെ സ്വയാവബോധത്തെപ്പറ്റി പറയുവാൻ സാധിക്കുന്നത്, അവിടുന്ന് ഒരു പ്രവാചകനും സന്മാർഗ്ഗോപദേഷ്ടാവും ആയിരുന്നുവെന്നാണ്. താൻ ക്രിസ്തു അഥവാ മിശിഹായാണെന്ന അവകാശവാദമൊന്നും യേശു നടത്തിയിട്ടില്ല. ലോകത്തെ അവസാനിപ്പിച്ചുകൊണ്ട് തന്റെ രാജ്യം സ്ഥാപിക്കുവാൻ ദൈവം ഒരുങ്ങുകയാണെന്ന് യേശു വിശ്വസിക്കുകയും അനുതാപത്തിലും അനുസരണയിലുംകൂടി ഈ സംഭവത്തിനുവേണ്ടി ഒരുങ്ങുവാൻ മനുഷ്യർക്ക് മുന്നറിയിപ്പ് നല്കുകയും ചെയ്തു. യേശുവിന്റെ ജീവിതത്തെയോ വ്യക്തിത്വത്തെയോപ്പറ്റി കൂടുതലെന്തെങ്കിലും കണ്ടുപിടിക്കുക സാധ്യമല്ല. കാരണം ആദ്യത്തെ ക്രൈസ്തവ ഉറവിടങ്ങൾക്ക് അതിലൊന്നും താല്പരമില്ലായിരുന്നു. ഈ ഉറവിടങ്ങൾതന്നെ അപൂർണ്ണങ്ങളും ഇതിഹാസാത്മകങ്ങളുമത്രേ. മറ്റു ഉറവിടങ്ങൾ നമുക്കൊട്ടില്ലതാനും. കേന്ദ്രക്രിസ്തുസംഭവം യേശുവിന്റെ ജീവിതവും പ്രവർത്തനങ്ങളുമല്ല, പ്രത്യുത അവിടുത്തെ ഉയിർപ്പാണ്. ഇതിഹാസാത്മക വിവരണങ്ങളിൽ ചുറ്റിപ്പിണഞ്ഞു കിടക്കുന്നതുകൊണ്ട് ഉയിർപ്പിന്റെ വിശദവിവരങ്ങളൊന്നും നമുക്കറിഞ്ഞുകൂടാ. സഭ ഉയിർപ്പന്റെ സന്ദേശം പ്രഘോഷിക്കുമ്പോൾ ക്രിസ്തുനാഥൻ ഈ പ്രഘോഷണത്തിൽ സന്നിഹിതനാണ്. ഈ പ്രഘോഷണം നമ്മിൽ വിശ്വാസം ജനിപ്പി

ക്കുകയും അകൃത്രിമമായ അസ്തിത്വത്തിലേക്കു നമ്മെ സ്വതന്ത്ര രാക്കുകയും ചെയ്യുന്നു. ഒരുവിധത്തിൽ പറഞ്ഞാൽ സഭയുടെ വിശ്വാ സത്തിലേക്കാണ് യേശുനാഥൻ ഉയർത്തെഴുന്നേല്ക്കുന്നത്.

കേന്ദ്രക്രിസ്തുസംഭവം ഉയിർപ്പാണെന്നും, യേശുവിന്റെ ജീവി തവും പ്രവർത്തനങ്ങളും ഉയിർപ്പിന്റെ വെളിച്ചത്തിൽ വേണം കാണു വാനെന്നും ഉയിർപ്പ് പുതിയ യുഗത്തിന് ആരംഭം കുറിച്ചെന്നുമുള്ള ബുൾട്ട്മാന്റെ ഉൾക്കാഴ്ച ക്രിസ്തുവിജ്ഞാനീയത്തിന് ഒരു മുതൽകൂ ട്ടത്രേ. ചലനാത്മകമായ ഒരു ക്രിസ്തു വിജ്ഞാനീയത്തിന് അതു കളമൊരുക്കി. ക്രിസ്തു (മിശിഹാ), ദൈവപുത്രൻ, നാഥൻ ('Kyrios) ദാവീദിന്റെ പുത്രൻ, മനുഷ്യപുത്രൻ തുടങ്ങിയ ക്രിസ്തുവിജ്ഞാ നീയപരമായ ഉന്നതപദവിനാമങ്ങളും വിശേഷണങ്ങളും ഉയിർപ്പിന് ശേഷമാണ് യേശുവിന് നല്കപ്പെട്ടതെന്ന ബുൾട്ട്മാന്റെ സിദ്ധാന്തം അപ്പ 2,36; റോമാ 1,4 തുടങ്ങിയ ബൈബിൾ ഭാഗങ്ങളെ കൂടുതൽ വ്യക്തമായി മനസ്സിലാക്കുവാൻ നമ്മെ സഹായിക്കും. യേശുവിന്റെ വാക്കുകളും പ്രവർത്തികളും അത്ഭുതങ്ങളുമെല്ലാം ഉയിർപ്പിന്റെ വെളിച്ചത്തിൽ വിവരിക്കപ്പെടുന്നതുകൊണ്ട് വിവേചനബുദ്ധിയോ ടെവേണം അവയെ മനസ്സിലാക്കുവാൻ എന്ന ബുൾട്ട്മാന്റെ നില പാടിലും കുറ്റമാരോപിക്കാനാവില്ല. ബുൾട്ടുമാൻകൂടി സഹകരിച്ചു വികസിപ്പിച്ചെടുത്ത രൂപവിമർശനം ക്രിസ്തുവിജ്ഞാനീയത്തിന് അതുല്യമായ ഒരു സംഭാവനയത്രേ.

എന്നാൽ, ആദിമക്രൈസ്തവർ ഉത്ഥിതനായ യേശുവിലും അവി ടുത്തെ ദ്വിതീയാഗമനത്തിലും ദത്തശ്രദ്ധരായിരുന്നതുകൊണ്ട് ചരി ത്രപുരുഷനായ യേശുവിനെയും അവിടുത്തെ ജീവിതത്തെയുംപറ്റി അറിയാനുള്ള താല്പര്യം അവർക്കില്ലായിരുന്നുവെന്ന ബുൾട്ട്മാന്റെ അഭിപ്രായം അതിശയോക്തി നിറഞ്ഞതാണ്. ഈ താല്പര്യമുണ്ടാ യിരുന്നതുകൊണ്ടാണല്ലോ അവിടുത്തെ വാക്കുകളും ഉപമകളു മൊക്കെ അവർ സസൂക്ഷ്മം ശേഖരിച്ചത്. 'ക്യൂ' ('= Quelle, logia source) എന്നു പറയുന്ന ഉറവിടംതന്നെ അതിനുള്ള വ്യക്തമായ തെളിവാണല്ലോ.

### 4. ചരിത്രാന്വേഷണം പുനരാരംഭിക്കുന്നു

1953-ൽ ഏണസ്റ്റ് കേസെമാൻ ബുൾട്ട്മാന്റെ ചില നിലപാടുകളെ വിമർശിച്ചുകൊണ്ട് "ചരിത്രപുരുഷനായ യേശുവിനെ സംബന്ധിച്ച പ്രശ്നം" എന്ന പ്രബന്ധം അവതരിപ്പിച്ചു. പാരമ്പര്യത്തിലൂടെ മാത്ര മാണ് ചരിത്രസംഭവങ്ങൾ നമുക്ക് ലഭ്യമാകുന്നതെന്നും വ്യാഖ്യാന ത്തിലൂടെ മാത്രമാണ് അവയെ മനസ്സിലാക്കാൻ കഴിയുന്നതെന്നും കേസെമാൻ വാദിച്ചു. നഗ്നയാഥാർത്ഥ്യങ്ങൾ മാത്രമറിഞ്ഞുകൊണ്ടു

കാര്യമില്ല. അവയുടെ ഇന്നത്തെ പ്രസക്തി എന്തെന്നറിഞ്ഞാലെ കാര്യമുള്ളു. അതിനാൽ ആദിമക്രൈസ്തവസമൂഹം നമുക്ക് തന്നത് യേശുവിന്റെ ജീവിതത്തെയും പ്രവർത്തനങ്ങളെയുംപ്പറ്റിയുള്ള 'നഗ്ന യാഥാർത്ഥ്യ'ങ്ങളുടെ ഒരു റിപ്പോർട്ടല്ല. പിന്നെയോ വിശ്വാസത്തിന്റെ വെളിച്ചത്തിൽ തങ്ങൾക്കനുഭവമായിത്തീർന്ന പ്രഘോഷണത്തിലെ ക്രിസ്തുവിനെയാണ്. നമുക്കും ആ ക്രിസ്തു അനുഭവമാകണം. അതിനായി പഴയ വ്യാഖ്യാനങ്ങളുടെയും പഴയ നിർവചനങ്ങളുടെയും പഴയദൈവശാസസ്ത്രത്തിന്റെയും പുറംതോടു പൊളിച്ചു കളയേണ്ടിവരും. പുതിയ വ്യാഖ്യാനങ്ങൾ നല്കേണ്ടിവരും. ഇതു സഭാചരിത്രത്തിലുടനീളം സംഭവിക്കുന്ന പ്രക്രീയയാണ്. ഈ പ്രക്രീയയിലൂടെയാണ് പാരമ്പര്യത്തിന്റെ അന്ത:സത്ത കാത്തുസൂക്ഷിക്കപ്പെടുന്നതും ചരിത്രവസ്തുതകൾ നമുക്ക് പ്രസക്തമായിത്തീരുന്നതും. ക്രൂശിതനായ യേശുതന്നെയാണ് പ്രഘോഷിതനായ ക്രിസ്തുവെന്നത് ആദിമ ക്രൈസ്തവരുടെ ഉറച്ച ബോധ്യമായിരുന്നു. പ്രഘോഷിതനായ ക്രിസ്തുവിനെപ്പറ്റി പറഞ്ഞുകൊണ്ട് യേശുവിന്റെ ചരിത്രം സജീവവും സമകാലികർക്കു പ്രസക്തവുമാണെന്ന യാഥാർത്ഥ്യത്തിനു സാക്ഷ്യംവഹിക്കയാണ് ആദിമ ക്രൈസ്തവർ ചെയ്തത്.

ബുൾട്ട്മാൻ ചെയ്യുന്നതുപോലെ, ചരിത്രപുരുഷനായ യേശുവിനെയും പ്രഘോഷിതനായ ക്രിസ്തുവിനെയും തമ്മിൽ വേർതിരിച്ചാൽ, പ്രഘോഷിതാനായ ക്രിസ്തുവിനെ ഒരു ചരിത്രരഹിത 'മിത്ത്' ആക്കി മാറ്റുകയായിരിക്കും ചെയ്യുക. ആദിമക്രൈസ്തവരെ സംബന്ധിച്ചിടത്തോളം, നസറത്തിലെ യേശുവിനു പകരം ഒരു 'മിത്തി'നെ പ്രതിഷ്ഠിക്കുകയെന്നത് അചിന്ത്യമായിരുന്നു. ചരിത്രപുരുഷനായ യേശുവിൽ ആദിമക്രൈസ്തവർക്ക് ഒരു താത്പര്യവുമില്ലായിരുന്നെങ്കിൽ, എങ്ങനെ നാലു സുവിശേഷങ്ങൾ എഴുതപ്പെടാനിടയായി എന്നതു വിശദീകരിക്കാനാവാത്ത ഒരു കാര്യമായിട്ടാണ് കേസെമാൻ കാണുന്നത്. ഈ സുവിശേഷങ്ങൾ ഉയർപ്പിന്റെ വെളിച്ചത്തിലാണ് എഴുതപ്പെട്ടതെന്നും, ചരിത്രത്തിലെ യേശുവിന്റെ ജീവിതവും പ്രവർത്തനങ്ങളും അവയിൽ നിന്നു വേർതിരിച്ചറിയുക ശ്രമകരമാണെന്നതും ശരിതന്നെ. എങ്കിലും ഈ ചരിത്രാന്വേഷണത്തിന്റെ മുമ്പിൽ കാട്ടുന്ന പരാജയമനോഭാവം അടിയറവു പറച്ചിലും ക്രൂശിതനായ യേശുതന്നെയാണ് ഉത്ഥിതനായ ക്രിസ്തുവെന്ന ആദിമസഭയുടെ ഉറച്ച ബോധ്യത്തെ മനസ്സിലാക്കാൻ കഴിയാതെ പോകുന്നതുകൊണ്ടാണ്. സമാന്തരസുവിശേഷ പാരമ്പര്യങ്ങളിൽ ചിലതെല്ലാം യഥാർത്ഥ ചരിത്ര സത്യങ്ങളാണെന്ന് അംഗീകരിക്കാതിരിക്കാൻ ചരിത്രകാരനു സാധ്യമല്ല. ക്രിസ്തു, മനുഷ്യ

പുത്രൻ, തുടങ്ങിയ ക്രിസ്തുവിജ്ഞാനീയപരമായ ഉന്നതപദവിനാമങ്ങളൊന്നും യേശു അവകാശപ്പെടുകയോ സ്വീകരിക്കയോ ചെയ്തിരിക്കാൻ ഇടയില്ല. എന്നാൽ യുഗാന്തോന്മുഖ ദൈവരാജ്യം തന്നിലൂടെ സമാഗതമാകുന്നുവെന്നും ദൈവത്തിന്റെ ഔദ്യോഗികപ്രതിനിധിയായിട്ടാണ് താൻ സംസാരിക്കുന്നതെന്നുമുള്ള അവബോധം യേശുവിനുണ്ടായിരുന്നുവെന്നും സുവിശേഷങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഈ അവബോധത്തോടു നീതി പുലർത്തുവാൻ പിന്നീട് ശിഷ്യന്മാർ അവിടുത്തേയ്ക്കു നല്കിയ ക്രിസ്തുവെന്ന പേരല്ലാതെ മറ്റൊരുപദമില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. യേശുവിന്റെ പ്രസംഗത്തിൽ വളരെ പ്രത്യേകമായ ചില സവിശേഷതകൾ നമുക്ക് കണ്ടെത്താൻ കഴിയും. ഈ സവിശേഷതകളോട് ആദിമക്രൈസ്തവസമൂഹം അതിന്റെ സാക്ഷ്യവും സന്ദേശവും കൂട്ടിച്ചേർത്തതാണ് സുവിശേഷങ്ങളിലെ പ്രഘോഷിതനായ ക്രിസ്തു. ക്രൈസ്തവസമൂഹത്തിന്റെ പ്രഘോഷണവും യേശുവിന്റെ പ്രസംഗവും തമ്മിലുള്ള ബന്ധവും വിഭിന്നതകളും കണക്കിലെടുത്തുകൊണ്ട്, ഒന്നാമത്തേതുരണ്ടാമത്തേതിന്റെ തുടർച്ചയായി, പ്രഘോഷിതനായ ക്രിസതുനാഥൻ ചരിത്രത്തിലെ യേശുവിന്റെ തുടർച്ചയായി, കാണുകയും അങ്ങിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്കുമാത്രമേ ഈ അന്വേഷണത്തിൽ മുമ്പോട്ടുപോകാനാവുകയുള്ളു.

കേസെമാന്റെ പ്രബന്ധത്തിനു വ്യാപകമായ അംഗീകാരമാണ് ബൈബിൾ പണ്ഡിതന്മാരിൽനിന്നു ലഭിച്ചത്. അവരിൽ പലരും യേശുവിനുവേണ്ടിയുള്ള ചരിത്രാന്വേഷണത്തിനു പുതിയ സംഭാവനകൾ നല്കി. കേസെമാൻ ശ്രദ്ധ കേന്ദ്രീകരിച്ചത് യേശുവിന്റെ വാക്കുകളിലായിരുന്നെങ്കിൽ, ഏണസ്റ്റഫുക്സ് 'യേശുവിനുവേണ്ടിയുള്ള ചരിത്രാന്വേഷണം' (1956) എന്ന പ്രബന്ധത്തിൽ , അവിടുത്തെ പെരുമാറ്റത്തിനും പ്രവർത്തികൾക്കും കൂടുതൽ ഊന്നൽ നല്കി. യേശുവിന്റെ വാക്കുകൾക്കു വരുത്താവുന്നതുപോലെയുള്ള മാറ്റം അവിടുത്തെ പ്രവർത്തികൾക്ക് വരുത്താൻ ആദിമസഭയ്ക്ക് ആവില്ലല്ലോ. ചുങ്കക്കാരും പാപികളുമൊത്തുള്ള പന്തിഭോജനത്തിലും നഷ്ടപ്പെട്ടതിനെ വീണ്ടെടുക്കുന്നതിനുള്ള വ്യഗ്രതയിലുമെല്ലാം ദൈവത്തിന്റെ സ്ഥാനത്തേയ്ക്കാണു യേശു നീങ്ങുന്നത്. പാപികളോടുള്ള ദൈവത്തിന്റെ സ്നേഹം ആധികാരികമായി പ്രഖ്യാപിക്കുക മാത്രമല്ല, അവിടുന്നതു ജീവിക്കയും ചെയ്യുന്നു. ദൈവിക നന്മയുടെ പ്രവർത്തിയിലുള്ള പ്രകാശനം തന്നെയാണു യേശു. മനുഷ്യരുടെയിടയിലെ ദൈവത്തിന്റെ യുഗാന്തോന്മുഖപ്രതിനിധിയാണ് താനെന്ന ആത്മാവബോധമാണ് അവിടുത്തെ പ്രവർത്തികളിൽ തെളിഞ്ഞുനില്ക്കുക. ഈ യേശുവിൽനിന്നു

പ്രഘോഷിതനായ ക്രിസ്തുവിലേക്കുള്ള ദൂരം തുലോം നിസ്സാര മാണല്ലോ. ബുൾട്ട്മാന്റെ പൂർവ്വവിദ്യാർത്ഥികൾ ആരംഭിച്ച പുനര ന്വേഷണത്തിന്റെ ഫലമായി വെളിച്ചംകണ്ട ആദ്യത്തെ പു സ്തകമാണ് 1956-ൽ ഗുന്തർബോർൺകാം പ്രസിദ്ധീകരിച്ച 'നസറ ത്തിലെ യേശു'.

യേശുവിനുവേണ്ടിയുള്ള ചരിത്രാന്വേഷണത്തിനു ഗണനീയമായ സംഭാവനകൾ നല്കിയ മറ്റൊരു പണ്ഡിതനാണ് ജോവാക്കിം ജെറ മിയാസ്. സുവിശേഷങ്ങളിൽനിന്നു യേശുവിന്റെ ജീവചരിത്രമല്ലെ ങ്കിലും, അവ ചരിത്രപുരുഷനായ യേശുവിന്റെ വാക്കുകളുടെയും പ്രവർത്തികളുടെയും ബലിഷ്ഠമായ അടിസ്ഥാനത്തിലാണ് എഴു തപ്പെട്ടിരിക്കുന്നത്. യേശുവിന്റെ യഥാർത്ഥത്തിലുള്ള വാക്കുക്കളു ടെയും പ്രസംഗങ്ങളുടെയും വിശിഷ്യാ ഉപമകളുടെയും പ്രത്യേക സ്വഭാവം കാണിക്കുന്നത്, അവ ആദിമസഭയിൽനിന്നു വന്നതാകാൻ യാതൊരു ന്യായവുമില്ലെന്നാണ്. സുവിശേഷങ്ങളുടെ ഭാഷാപരവും ശൈലീപരവുമായ ആഴമേറിയ പഠനങ്ങളിൽനിന്ന് 'അബ്ബാ' 'ആമ്മേൻ' തുടങ്ങിയ വാക്കുകളും ചില പ്രസ്താവനകളും യേശു വിന്റെ അതേവാക്കുകളായി (ipsissima verba Jesu) ജെറമിയാസ് സ്ഥാപിക്കുന്നു. യേശുവിന്റെ ഉപമകളേപ്പറ്റിയുള്ള അദ്ദേഹത്തിന്റെ പഠനം ഈ ഉപമകളുടെ പശ്ചാത്തലത്തെയും (Sitz im Leben) യേശു ജീവിച്ചരുന്ന സാഹചര്യങ്ങളെയുംപറ്റി ആഴമേറിയ ഉൾക്കാഴ്ചക ളാണു നല്കിയിട്ടുള്ളത്.

### 5. കത്തോലിക്കാദൈവശാസ്ത്രജ്ഞന്മാരുടെ പങ്ക്

ചരിത്രപുരുഷനായ യേശുവിനുവേണ്ടിയുള്ള ആദ്യത്തെ അന്വേ ഷണത്തിലും പുനരന്വേഷണത്തിലും ഇതുവരെ പങ്കുവഹിച്ചത് മുഖ്യ മായും പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞന്മാരായിരുന്നു. ഈ ചരി ത്രാന്വേഷണത്തിന്റെ തുടക്കം സഭയുടെ അധികാരത്തിനും പ്രബോ ധനങ്ങൾക്കും എതിരായിരുന്നതിനാലും ഇതിന്റെ ഫലങ്ങൾ ക്രൈസ്തവവിശ്വാസത്തെത്തന്നെ ചോദ്യംചെയ്യുന്നവയായി കാണ പ്പെട്ടതിനാലും ഇതിനോടുള്ള കത്തോലിക്കാസഭയുടെ നിലപാടു നിഷേധാത്മകമായിരുന്നുവെന്നതിൽ അത്ഭുതപ്പെടാനില്ല. ബൈബി ളിന്റെ ചരിത്രവിമർശന വ്യാഖ്യാനരീതി (historico-critical method) കത്തോലിക്കർക്കും സ്വീകാര്യമാണെന്ന് La Methode historique എന്ന ഗ്രന്ഥത്തിലൂടെ സ്ഥാപിക്കുവാൻ ഫ്രെഞ്ചു ബൈബിൾ പണ്ഡി തനായ M.J. ലാഗ്രാഞ്ചേ ശ്രമിച്ചെങ്കിലും, റോമിന്റെയും സഭയിലെ യാഥാസ്ഥിതികരുടെയും എതിർപ്പിനുമുമ്പിൽ ഈ ശ്രമം പരാജയ പ്പെടുകയാണുണ്ടായത്.

1943-ൽ കാറ്റു മാറിവീശി. 12-ാം പീയൂസ് മാർപാപ്പയുടെ 'Divino Afflante Spiritu' (30-9-1943) എന്ന ചാക്രിക ലേഖനമായിരുന്നു ഈ മാറ്റത്തിനു കാരണം. ബൈബിളിലെ സാഹിത്യരൂപങ്ങളെയും വിവരണരീതികളെയുമെല്ലാം ആഴത്തിൽ പഠിക്കുകയെന്നത് കത്തോലിക്കാ ബൈബിൾ പണ്ഡിതന്മാരുടെ കടമയായി മാർപാപ്പ പ്രഖ്യാപിച്ചു. ചരിത്രവിമർശനവ്യാഖ്യാനത്തിനു കത്തോലിക്കാസഭയിൽ കിട്ടിയ അംഗീകാരമായിരുന്നു ഇത്. രണ്ടാംലോകമഹായുദ്ധത്തിന്റെ ദുരന്തങ്ങൾ കാരണം കാലക്രമേണയാണ് മാർപാപ്പയുടെ പ്രഖ്യാപനം ഫലമണിഞ്ഞുതുടങ്ങിയത്. 1957-ൽ ജർമ്മനിയിൽ പ്രസിദ്ധീകൃതമായ ദൈവശാസ്ത്ര സഭാശാസ്ത്ര ലെക്സിക്കന്റെ (LThK) രണ്ടാംപതിപ്പ് പുതിയ വ്യാഖ്യാനരീതി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രസിദ്ധീകരണമായിരുന്നു. രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ "ദൈവാവിഷ്കരണം" എന്ന പ്രമാണരേഖ ഈ വ്യാഖ്യാനരീതിയെ വീണ്ടും സ്ഥിരീകരിക്കുകയുണ്ടായി. ചുരുങ്ങിയ കാലത്തിനുള്ളിൽ പല കത്തോലിക്കാ ബൈബിൾപണ്ഡിതന്മാരും ഈ വ്യാഖ്യാനരീതിയെക്കുറിച്ചുതന്നെ ആഴമേറിയ പഠനങ്ങൾ നടത്തി. ഈ രീതിയനുസരിച്ചു ബൈബിളിനെ, വിശിഷ്യാ പുതിയനിയമത്തെ, ആകമനമായും ഖണ്ഡങ്ങളായും വ്യാഖ്യാനിക്കുന്ന നിരവധി ഗ്രന്ഥങ്ങളും ഗ്രന്ഥപരമ്പരകളും പ്രസിദ്ധീകൃതങ്ങളായി. ക്രൈസ്തവജീവിതത്തിനും സഭാപ്രവർത്തനങ്ങൾക്കും ആരാധനാക്രമത്തിനും സഹായകമാകുന്ന രീതിയിൽ ബൈബിളിനെ വ്യാഖ്യാനിക്കുന്ന ആനുകാലികങ്ങളും പലയിടത്തും പ്രസിദ്ധീകരിച്ച് തുടങ്ങി.

**6. ചരിത്രത്തിലെ യേശുവിനെ കണ്ടെത്താനുള്ള ചില മാനദണ്ഡങ്ങൾ**

സുവിശേഷങ്ങൾ ചരിത്രറിപ്പോർട്ടുകളല്ല, ഉയർപ്പിന്റെ വെളിച്ചത്തിൽ എഴുതപ്പെട്ട വിശ്വാസസാക്ഷ്യങ്ങളാണെന്നു നാം കണ്ടു. വാഗ്ദാനം ചെയ്യപ്പെട്ട ക്രിസ്തുവും രക്ഷകനുമാണ് യേശുവെന്ന വിശ്വാസത്തിന്റെ ബോധ്യം. അവിടുത്തെ വാക്കുകളെയും പ്രവർത്തികളെയുമെല്ലാം ഈ പ്രത്യേക വെളിച്ചത്തിൽ കാണാനും വ്യാഖ്യാനിക്കാനും പ്രഘോഷിക്കാനും ആദിമക്രൈസ്തവർക്കു പ്രേരകമായി. അതിന്റെ ഫലമാണ് സുവിശേഷത്തിലെ പാരമ്പര്യങ്ങളും വിവരണങ്ങളും. എങ്കിലും അവയിൽനിന്ന് ചരിത്രപുരുഷനായ യേശുവിന്റെ യഥാർത്ഥമായ വാക്കുകളെയും പ്രവർത്തികളെയും കണ്ടെത്തുവാൻ സഹായിക്കുന്ന ചില മാനദണ്ഡങ്ങൾ ബൈബിൾ പണ്ഡിതന്മാർ നിർദ്ദേശിക്കുന്നുണ്ട്.

1). കാലികമായി യേശുവിനോടു കൂടുതൽ അടുത്തതായിരിക്കാനാണ് സാധ്യത. അതിനാൽ അവയിൽ നിന്നുവേണം യേശുവിനുവേണ്ടിയുള്ള ചരിത്രാന്വേഷണം ആരംഭിക്കുവാൻ.

2). പരസ്പരാശ്രിതമല്ലാത്ത പല പാരമ്പര്യങ്ങളിൽ, വിശിഷ്യ അതിപുരാതനങ്ങളായ 'ക്യൂ' പാരമ്പര്യത്തിലും, ഒരു പാഠഭാഗം പ്രത്യക്ഷപ്പെടുന്നെങ്കിൽ, അതു യേശുവിൽനിന്നു വന്നതായിരിക്കാൻ ഏറെ സാധ്യതയുണ്ട്. ഉദാ. ചുങ്കക്കാരും പാപികളുമായുള്ള സഹവാസവും പന്തിഭോജനവും.

3). യഹൂദരുടെ ചിന്താരീതിയിൽനിന്നും ഉത്ഭവിച്ചിരിക്കാൻ ഇടയില്ലാത്ത ഒരു പാഠഭാഗം യേശുവിന്റേതായിരിക്കാനാണ് സാധ്യത. ഉദാ. മർക്കോ 2,27; 7,15. ആദിമക്രൈസ്തവസമൂഹം ഏകരൂപമായിരുന്നില്ലെന്നതും അവരുടെ ചിന്താരീതികളെക്കുറിച്ച് അധികമൊന്നും നമുക്കറിഞ്ഞുകൂടെന്നതും ഈ മാനദണ്ഡത്തിന്റെ ബലം കുറയ്ക്കുന്നുണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

4). യേശുവിനെ വിലയിടിച്ചുകാണിക്കാവുന്ന പ്രസ്താവനകൾ അവിടുത്തെ ഉയർപ്പിലും മഹത്വീകരണത്തിലും വിശ്വസിച്ച ആദിമ ക്രൈസ്തവരിൽനിന്നു വരാനിടയില്ല. അവയെ തേച്ചുമായിച്ചുകളയാതെ പാരമ്പര്യങ്ങൾ കാത്തുസൂക്ഷിക്കയും സുവിശേഷങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നത് അവ യാഥാർത്ഥ്യങ്ങളായതുകൊണ്ടാകണം. ഉദാ. മത്താ 11,19; മർക്കോ 3,21-22; 10,18.

5). പുതിയനിയമം എഴുതപ്പെട്ടത് ഗ്രീക്കുഭാഷയിലാണ്. എങ്കിലും, സുവിശേഷങ്ങളിലെ ചില ഭാഗങ്ങൾ അറമായ ഭാഷയിൽനിന്നു ഗ്രീക്കിലേക്കു വിവർത്തനം ചെയ്യപ്പെട്ടവയാണെന്നു ഭാഷാവിദഗ്ദ്ധന്മാർ ചൂണ്ടിക്കാണിക്കുന്നു. അതുപോലെതന്നെ, 'അബ്ബാ', 'ആമ്മേൻ' തുടങ്ങിയ ചില വാക്കുകൾ അറമായ ഭാഷയിൽത്തന്നെ സുവിശേഷങ്ങൾ സൂക്ഷിക്കുന്നു. ഈ സുവിശേഷഭാഗങ്ങളും വാക്കുകളും വളരെ പുരാതനമാണെന്നു വ്യക്തമാണല്ലോ. അവ യേശുവിൽനിന്നുതന്നെ വന്നതാകാൻ എല്ലാ സാധ്യതയുമുണ്ട്. ആദിമ ക്രൈസ്തവരും അറാമായഭാഷ സംസാരിച്ചിരുന്നുവെന്ന വസ്തുത ഈ മാനദണ്ഡത്തെ കുറെയെല്ലാം ആപേക്ഷികമാക്കുന്നുണ്ട്.

6). സുവിശേഷങ്ങളിലെ ഉപമകൾ പോലെയുള്ള നിയതമായ സാഹിത്യരൂപങ്ങളെ ആദിമസഭ മാറ്റിമറിച്ചുവെന്നു കരുതാൻ വിഷമമാണ്. കൂട്ടിച്ചേർക്കലുകളും വ്യാഖ്യാനങ്ങളും സാധ്യമാണെങ്കിലും, അവയെ നിഷ്പ്രയാസം തിരിച്ചറിയാൻ കഴിയും. ഉദാ. വിതക്കാരന്റെ ഉപമയും കൂട്ടിച്ചേർത്ത വിശദീകരണവും (മർക്കോ 4, 3-20);

വിരുന്നിന്റെ ഉപമ രാജകുമാരന്റെ വിവാഹവിരുന്നിന്റെ ഉപമയാകുന്നു (ലൂക്കാ 14,15-24 = മത്താ 22,1-14). എന്നാൽ ഈ ഉപമകളുടെ ഉൾക്കാമ്പ് യേശുവിൽനിന്നുതന്നെയാണെന്നതിൽ സംശയമില്ല. ഉപമകൾ പൊതുവേ യേശുവിന്റെ പ്രബോധനരീതിയുടെ ഒരു പ്രത്യേകതയായിരുന്നു. അവയുടെ ഒരു നല്ലഭാഗം യേശുവിൽനിന്നാണെന്ന് ഏറെക്കുറെ ഉറപ്പിച്ചുപറയാൻ കഴിയും.

7). നാലു സുവിശേഷകന്മാർക്കും അവരുടേതായ ലക്ഷ്യവും ദൈവശാസ്ത്രവീക്ഷണങ്ങളുമുണ്ടായിരുന്നു. ഈ ലക്ഷ്യത്തിനും വീക്ഷണങ്ങൾക്കും വിരുദ്ധമായ വാക്കുകളോ പ്രവർത്തികളോ അവരുടെ വിവരണങ്ങളിലുണ്ടെങ്കിൽ, അത് ചരിത്രവസ്തുതകളോടുള്ള വിശ്വസ്തതകൊണ്ടാണെന്നു കരുതാവുന്നതാണ്. ഉദാ. ഗ്രീക്കു സംസ്കാരമേഖലകളിൽ അന്നറിയപ്പെട്ടിരുന്ന അത്ഭുതപ്രവർത്തകരെപ്പോലെ (Theios Anes) ഒരാളായി യേശുവിനെ ചിത്രീകരിക്കാൻ സുവിശേഷകന്മാർക്കു വൈമുഖ്യമുണ്ടായിരുന്നെങ്കിലും, അവിടുന്ന് പ്രവർത്തിച്ച അടയാളങ്ങളെ അവർ വിവരിക്കുന്നത് ഈ വിശ്വസ്തത കൊണ്ടായിരിക്കണം.

8). ഒരു പാഠഭാഗം യേശുവിന്റെ പ്രഘോഷണത്തെയും പ്രവർത്തനങ്ങളെയുമെല്ലാം ആകെക്കൂടികാണുമ്പോൾ അതുമായി യോജിച്ച് പോകുന്നതാണെങ്കിൽ, അത് യേശുവിൽനിന്നുതന്നെ വന്നതായിരിക്കാൻ നല്ല സാധ്യതയുണ്ട്. ഉദാഹരണമായി അവിടുത്തെ ദൈവരാജ്യപ്രഘോഷണം, പാപികളോടും പതിതരോടുമുള്ള പക്ഷംചേരൽ, മനുഷ്യരുടെ സ്വാതന്ത്ര്യത്തിനും സുസ്ഥിതിക്കുമെതിരായിനിന്നു നിയമങ്ങളോടുള്ള വിമർശനാത്മകമായ നിലപാട്, തുടങ്ങിയ കാര്യങ്ങൾ. ഇവിടെ ഒരു ദൂഷിതവലയമുണ്ടെന്നകാര്യം വിസ്മരിക്കുന്നില്ല. എങ്കിലും മറ്റു മാനദണ്ഡങ്ങളോടുകൂടി ഇതിനെയും ഒരു സ്ഥിരീകരണമാനദണ്ഡമായി കണക്കാക്കാവുന്നതാണ്.

9). യേശുവിന്റെ പ്രവർത്തികളെ തിരിച്ചറിയാൻ മാനദണ്ഡങ്ങൾ നിർണ്ണയിക്കുക കുറച്ചുകൂടെ വിഷമം പിടിച്ചകാര്യമാണ്. ചില പ്രവർത്തികൾ യേശുവിന്റെ സന്ദേശത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാൻ എളുപ്പമായിരിക്കയും ആദിമസഭയുടെ താല്പര്യങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാക്കാൻ വിഷമമായിരിക്കയും ചെയ്യുന്നെങ്കിൽ, അവ യേശുവിന്റെതന്നെ പ്രവർത്തികളാകാൻ സാധ്യതയുണ്ട്. ഉദാഹരണമായി, പാപികളോടൊത്തുള്ള പന്തിഭോജനവും ചുങ്കക്കാരുടെ വിളിയും (മർക്കോ 2,13-17); സാബത്തിലെ രോഗശാന്തി (മർക്കോ 3,16; ലൂക്കാ 13,10-17; 14,1-6); ദേവാലയശുദ്ധീകരണം (മർക്കോ 11,15-18).

10). യേശുവിന്റെ ചില പ്രസ്താവനകളുടെയും പ്രവർത്തികളുടെയും ഫലമായിരുന്നു അവിടുത്തെ അറസ്റ്റും വിധിയും കുരിശുമരണവും. ഇവ യഹൂദമതത്തിന്റെ നിന്ദനമായും റോമൻ അധികാരത്തോടുള്ള വെല്ലുവിളിയായും തെറ്റിദ്ധരിക്കപ്പെട്ടു. അതാണ് അവസാനം അവിടുത്തെ കുരിശിലേറ്റിയത്. ഈ കുരിശുമരണത്തിൽ നിന്നു പുറകോട്ടുനോക്കുമ്പോൾ, സുവിശേഷത്തിലുള്ള പലവാക്കുകളും ചെയ്തികളും യേശുവിന്റേതുതന്നെയാണെന്നു അനുമാനിക്കാൻ കഴിയും. ഉദാഹരണമായി, നിയമത്തോടുള്ള അവിടുത്തെ നിലപാട്, സാബത്തിന്റെ ലംഘനം, പാപികളോടും, സമുദായഭ്രഷ്ടരോടുമുള്ള മമത, ദേവാലയശുദ്ധീകരണം, തുടങ്ങിയ കാര്യങ്ങൾ. ഇവിടെയും ഒരു ദൂഷിതവലയമുണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

ഈ മാനദണ്ഡങ്ങളൊന്നും തെറ്റിന് അതീതമല്ല. ഇവയിൽ ഏതെങ്കിലുമൊന്നുപയോഗിച്ച് തീർച്ചയായ ഒരു നിഗമനത്തിലെത്താൻ ഒരിക്കലും ആവില്ല. ഓരോ മാനദണ്ഡമുപയോഗിക്കുമ്പോൾ കിട്ടുന്ന ഫലവും ആകമാനഫലമായും താരതമ്യം ചെയ്തു തിരുത്തേണ്ടിയിരിക്കുന്നു. വിശ്വാസത്തിന്റെ വെളിച്ചത്തിൽ ചരിത്രത്തിന്റെയും ശാസ്ത്രത്തിന്റെയും മാനദണ്ഡങ്ങളുപയോഗിച്ചുള്ള അന്വേഷണം മാത്രമേ ഫലമണിയുകയുള്ളൂ. അതേസമയം യഥാർത്ഥ വിശ്വാസത്തിന് ചരിത്രത്തെയും ശാസ്ത്രത്തെയും ഭയപ്പെടേണ്ടയാവശ്യമില്ല. സ്കില്ലബെക്സ് പറയുന്നതുപോലെ, ശാസ്ത്രീയചരിത്രത്തെ അവമതിക്കയോ അവഗണിക്കയോ ചെയ്യുന്നത് ഒരു വിശ്വാസിയുടെ പദവിക്ക് ഒരിക്കലും യോജിച്ചതല്ല. ചരിത്രത്തോടും ശാസ്ത്രത്തോടും കൂറുപുലർത്തിക്കൊണ്ടു വിശ്വസിക്കുകയും; വിശ്വസിച്ചുകൊണ്ട് ചരിത്രാന്വേഷണം നടത്തുകയുമാണ് വിശ്വാസി ചെയ്യേണ്ടത്. അങ്ങനെയുള്ള ചരിത്രാന്വേഷണത്തിന്റെ ഫലമായി യേശുവിന്റെ ചില വചനങ്ങളും പ്രവർത്തികളും അവിടുത്തെ ജീവിതത്തിലെ ചില സുപ്രധാന സംഭവങ്ങളും ഇന്നു പൊതുവേ അംഗീകരിക്കപ്പെടുന്നുണ്ട്. അവ അവിസ്മരണീയമായ മുഹൂർത്തങ്ങളുൾക്കൊള്ളുന്നതും അവിടുത്തെ വ്യക്തിത്വത്തിന്റെ ഏതോ രഹസ്യത്തെപ്പറ്റി സൂചനകൾ നല്കുന്നതുമായ ഒരു ബാഹ്യരേഖാചിത്രംപോലെയാണെന്നു പറയാം. അതിലേക്കു ശ്രദ്ധതിരിക്കുന്നതു പ്രയോജനകരമായിരിക്കും.

**7. ചരിത്രാന്വേഷണത്തിലൂടെ വ്യക്തമാകുന്ന ബാഹ്യരേഖാചിത്രം**

പാലസ്തീനായിലെ ഗലീലിയിലുള്ള നസറത്ത് എന്ന കൊച്ചു ഗ്രാമമായിരുന്നു യേശുവിന്റെ സ്വദേശം. യൗസേപ്പും മറിയവുമാണ്

മാതാപിതാക്കളായി അറിയപ്പെട്ടത്. ബേത്‌ലഹേമിലെ ജനനമെന്ന പോലെതന്നെ മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളിലെ ശൈശവബാല്യകാലവിവരണങ്ങളിൽ പറയുന്ന മറ്റു സംഭവങ്ങളും ചരിത്രസ്മരണകളെന്നതിനേക്കാൾ ദൈവശാസ്ത്രപ്രേരിതമായ ചിന്തകളത്രേ. യെഹോശുവാ (=യാഹ്‌വേയാണ് രക്ഷ) എന്ന പേരിന്റെ ലോപിച്ച രൂപങ്ങളാണ് 'യോശുഅ' എന്നതും. ഗലീലയിൽ പേരുകളുടെ അവസാനത്തെ 'അ'കാരം വിട്ടുകളയുക പതിവായിരുന്നു. അങ്ങനെ മറിയവും യൗസേപ്പും അവിടുത്തെ വിളിച്ചിരുന്ന പേര് യേശു എന്നായിരുന്നു. അക്കാലത്ത് യഹൂദരുടെയിടയിലുണ്ടായിരുന്ന ഒരു സാധാരണ പേരായിരുന്നു ഇത്. ബി.സി. 7-നും 4-നുമിടയ്ക്കാണ് യേശു ജനിച്ചത്. ബി.സി. 4 എന്നത്രേ പലരും അഭിപ്രായപ്പെടുന്നത്. അറാമായിക് ആണ് അവിടുന്ന് സംസാരിച്ചിരുന്ന ഭാഷ. പഴയനിയമഭാഷയായ ഹീബ്രുവും വശമുണ്ടായിരുന്നിരിക്കണം. സംസാരത്തിലും പ്രസംഗങ്ങളിലും ഉപയോഗിച്ച പ്രതീകങ്ങളും ഉപമകളും വെച്ചുനോക്കിയാൽ, മധ്യനിലയിലുള്ള ഒരു സാധാരണ കുടുംബായിരുന്നു അവിടുത്തേതെന്നു പറയാം. മതപരമായി യേശു യഹൂദനായിരുന്നു. പ്രാർത്ഥന, സിനഗോഗുശുശ്രൂഷ, ജറുസലേം തീർത്ഥയാത്ര, പെസഹാവിരുന്ന് തുടങ്ങിയ മതപരമായ അനുഷ്ഠാനങ്ങളിൽ അവിടുന്നു പങ്കെടുത്തിരുന്നു.

സ്നാപകയോഹന്നാൻ ആരംഭിച്ച യുഗാന്തോന്മുഖപ്രഘോഷണവും അനുതാപത്തിന്റെ ജ്ഞാനസ്നാനവുമായി യേശു ഐക്യദാർഢ്യം പ്രകടിപ്പിച്ചുവെന്നതും യോഹന്നാനിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ചുവെന്നതും എല്ലാ സുവിശേഷകരും സാക്ഷ്യപ്പെടുത്തിയിട്ടുള്ള ചരിത്രവസ്തുതകളത്രേ. താമസിയാതെ 'ദൈവരാജ്യ'ത്തിന്റെ പ്രഘോഷകനായി ജനതാമദ്ധ്യത്തിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് തന്റെ പരസ്യജീവിതം യേശു ആരംഭിക്കുന്നു. പരസ്യജീവിതത്തിൽ തന്നോടൊപ്പമായിരിക്കുന്നതിനും ദൈവരാജ്യപ്രഘോഷണത്തിൽ പങ്കുചേരുന്നതിനുമായി ഒരു ചെറിയ ശിഷ്യഗണത്തെ അവിടുന്ന് ഒരുക്കുകയുണ്ടായി. അവരോടൊത്തു ഗലീലിയിലെ പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചുറ്റിസഞ്ചരിച്ചുകൊണ്ടാണ് തന്റെ ദൗത്യം നിർവ്വഹിക്കാൻ അവിടുന്ന് ആരംഭിച്ചത്. സമരിയായിലേക്കും അതിർത്തിദേശത്തെ ചില വിജാതീയ പട്ടണങ്ങളിലേക്കും ഒന്നുരണ്ടു യാത്രകൾ ശിഷ്യരോടൊത്തു നടത്തുകയും തിരുനാളുകൾക്കു ജറുസലേമിലേക്കു പോകുകയും ചെയ്തിരിക്കാമെങ്കിലും, ഗലീലിയായിരുന്നു മുഖ്യമായ അവിടുത്തെ പ്രവർത്തനരംഗം. യോഹന്നാന്റെ സുവിശേഷത്തിൽ പരസ്യജീവിതം ജറുസലേം കേന്ദ്രീകരിച്ചായിരിക്കുന്നത് ജറുസലേമിന്റെ ദൈവശാസ്ത്ര

പരമായ പ്രാധാന്യം യോഹന്നാനെ സ്വാധീനിച്ചതുകൊണ്ടായിരിക്കണം.

എത്രകാലം പരസ്യജീവിതം ദീർഘിച്ചുവെന്നു വ്യക്തമായി പറയുക സാധ്യമല്ല. യോഹന്നാന്റെ സുവിശേഷമനുസരിച്ച് അതു രണ്ടരമുതൽ മൂന്നുകൊല്ലംവരെ എടുത്തിരിക്കണം. എന്നാൽ സമാന്തര സുവിശേഷങ്ങളനുസരിച്ച് ഏതാണ്ട് ഒന്നരക്കൊല്ലമായിരുന്നു പരസ്യജീവിതത്തിന്റെ ദൈർഘ്യം. പരസ്യജീവിതത്തിലെ പല സംഭവങ്ങളും കാലാനുസൃതമായിട്ടല്ല, ദൈവശാസ്ത്രവീക്ഷണത്തോടെയാണു സുവിശേഷകന്മാർ ക്രമീകരിച്ചിരിക്കുന്നത്. പാപികളും ചുങ്കക്കാരുമായുള്ള സമ്പർക്കവും ഫരിസേയരുമായുള്ള വാഗ്വാദങ്ങളും അത്ഭുതകരമായ രോഗശാന്തികളും ഉപമകളിലൂടെയുള്ള ബോധനവും നിയമത്തോടുള്ള വിർശനാത്മകമായ നിലപാടുകളുമെല്ലാം ചരിത്രവസ്തുതകൾതന്നെയാണെന്നതിൽ സംശയമില്ല. പരസ്യജീവിതത്തിന്റെ അന്തിമഘട്ടത്തിൽ, മതനേതാക്കളോടും പെസഹാത്തിരുനാളിനു തടിച്ചുകൂടുന്ന ജനാവലിയോടും ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കുവാൻ യേശു ജറുസലേമിൽ എത്തിയിരിക്കണമെന്നത് ഏറെക്കുറെ തീർച്ചയാണ്. ജറുസലേം പട്ടണത്തിലേക്കുള്ള ആഘോഷപൂർവ്വകമായ പ്രവേശനവും ദേവാലയത്തിന്റെ ശുദ്ധീകരണവും ചരിത്രവസ്തുതകളാണെന്നതിൽ മിക്ക വ്യാഖ്യാതാക്കളും യോജിക്കുന്നു. യഹൂദമതനേതൃത്വമാണ് യേശുവിനെ അറസ്റ്റുചെയ്തതും രാഷ്ട്രീയവിപ്ലവകാരിയായി ചിത്രീകരിച്ച് റോമാക്കാർക്ക് ഏല്പിച്ചുകൊടുത്തതും. യഹൂദ ന്യായാധിപസംഘത്തിനു മുമ്പിലെ കുറ്റവിചാരണ (മർക്കോ 14,53-65) അതേപടിചരിത്രസാക്ഷ്യമാകാനിടയില്ലെങ്കിലും, പീലാത്തോസിനു മുമ്പിൽ ബോധിപ്പിക്കേണ്ട കുറ്റപത്രം തയ്യാറാക്കാൻ അവർ ഒന്നിച്ചുകൂടി ആലോചന നടത്തിയിരിക്കണം. ആഘോഷപൂർവ്വകമായ ജറുസലേം പ്രവേശനവും ദേവാലയ ശുദ്ധീകരണവും മറ്റും അവരുടെ കുറ്റാരോപണത്തിനു റോമൻ പ്രൊക്യുറേറ്ററായിരുന്ന പന്തിയോസ് പീലാത്തോസിന്റെ മനസ്സിൽ സത്യത്തിന്റെ പ്രതീതിയുളവാക്കിയെന്നുവേണം വിചാരിക്കുവാൻ. റോമൻ ഭരണത്തിനെതിരെ വിപ്ലവം നയിച്ച്, നഷ്ടപ്പെട്ട യഹൂദരാജ്യഭരണം പുന:സ്ഥാപിക്കുവാൻ ശ്രമിച്ചതിന്റെ ഫലമായി ക്രൂരമായ കുരിശുമരണമേറ്റുവാങ്ങിക്കഴിഞ്ഞിരുന്നു പല വിപ്ലവകാരികളും. അങ്ങനെയുള്ള ഒരു വിപ്ലവകാരിയായിട്ടാകണം പീലാത്തോസ് യേശുവിനെയും കണ്ടത്. യേശുവിന്റെ കുരിശുമരണം എല്ലാവരുംതന്നെ അംഗീകരിക്കുന്ന ചരിത്രസത്യമാണ്. രാഷ്ട്രീയവിപ്ലവകാരികൾക്കു റോമാക്കാർ നല്കിയിരുന്ന ശിക്ഷയായിരുന്നു ഇത്. കുരിശിന്റെ മുകളിൽ തറ

ച്ചിരുന്ന കുറ്റപത്രവും (യഹൂദരുടെ രാജാവായ നസ്രായനായ യേശു) ചരിത്രസത്യമാണെന്ന് മിക്ക പണ്ഡിതന്മാരും അഭിപ്രായപ്പെട്ടു.

**8. ചരിത്രാന്വേഷണത്തിന്റെ പ്രസക്തി**

അവസാനമായി, ഒരു ചോദ്യം അവശേഷിക്കുന്നു. യേശുവിനുവേണ്ടിയുള്ള ചരിത്രാന്വേഷണത്തിനു പ്രസക്തിയുണ്ടോ? ചരിത്രപുരുഷനായ യേശുവും പ്രഘോഷിതനായ ക്രിസ്തുവും യേശുക്രിസ്തു എന്ന ഒരേയൊരു വ്യക്തിതന്നെയാണെങ്കിൽ, പ്രഘോഷിതനായ ക്രിസ്തുവിലൂടെ മാത്രമേ ഇന്നത്തെ മനുഷ്യർക്ക് യേശുവിനെ അറിയാനും മനസ്സിലാക്കാനും സാധിക്കയുള്ളുവെങ്കിൽ, പ്രഘോഷിതനായ ക്രിസ്തു മതിയെന്നുവച്ച് അവിടുന്നിൽ വിശ്വാസമർപ്പിക്കയല്ലേ വേണ്ടൂ, എന്തിനു ശ്രമകരമായ വ്യാഖ്യാനരീതികളും സങ്കീർണ്ണങ്ങളായ മാനദണ്ഡങ്ങളുമുപയോഗിച്ച് ഒരു ചരിത്രാന്വേഷണം നടത്തണം? ഈ അന്വേഷണം ആവശ്യമാക്കുന്ന പല കാരണങ്ങളുണ്ട്. ഒന്നാമതായി, ക്രൈസ്തവവിശ്വാസം ചരിത്രപുരുഷനായ യേശുവിൽ അധിഷ്ഠിതമാണ്. ഈ ചരിത്രപുരുഷനെ ഒഴിച്ചുനിർത്തിയാൽ ക്രൈസ്തവവിശ്വാസത്തിന് അടിത്തറയേ ഉണ്ടായിരിക്കയില്ല. ബുൾട്ട്മാനെ വിമർശിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ശിഷ്യന്മാർ പറഞ്ഞതുപോലെ, ചരിത്രപുരുഷനായ യേശുവിൽ അടിസ്ഥാനമില്ലാതെ പ്രഘോഷിക്കപ്പെടുന്ന ക്രിസ്തു വെറുമൊരു കെട്ടുകഥയോ അസ്ഥിയും മാംസവുമില്ലാത്ത വെറുമൊരു ആശയമോ മാത്രമായിരിക്കും. അത്തരമൊരു ക്രിസ്തുവിൽ ആർക്കും വിശ്വാസമർപ്പിക്കാനാവില്ല. സുവിശേഷകന്മാരെ സംബന്ധിച്ചിടത്തോളം ചരിത്രത്തിനും ചരിത്രപുരുഷനായ യേശുവിനും പ്രസക്തിയുണ്ടായിരുന്നു. അതുകൊണ്ടാണ് അവർ ക്രൂശിക്കപ്പെട്ട യേശുവിനെത്തന്നെ മഹത്വീകരിക്കപ്പെട്ട ക്രിസ്തുവായി കാണുന്നത്; മഹത്വീകരിക്കപ്പെട്ട ക്രിസ്തുവിനെ ഒരിക്കലും ചരിത്രപുരുഷനായ യേശുവിൽനിന്നും വേർതിരിക്കാതിരുന്നതും. യേശുവിന്റെ മരണവും ഉയിർപ്പും പ്രഘോഷിച്ചപ്പോൾ, ഈ മരണത്തിന്റെ ചരിത്രപശ്ചാത്തലവും കാരണവും അറിയാൻ കേൾവിക്കാർക്കു താല്പര്യമുണ്ടായിരുന്നു. അതുകൊണ്ടാണ് ചരിത്രപുരുഷനായ യേശുവിനെപ്പറ്റി പലകാര്യങ്ങൾ സുവിശേഷങ്ങളിൽ എഴുതപ്പെടാൻ ഇടയായത്. വെറും ഏതെങ്കിലും ഒരു വ്യക്തിയെ അല്ല ദൈവം ഉയർപ്പിച്ചത്. പിന്നെയോ ദൈവത്തിന് സ്വയം സമ്പൂർണ്ണമായി സമർപ്പിച്ച് ദൈവേഷ്ടം സദാ നിറവേറ്റിക്കൊണ്ട് മനുഷ്യരുടെ സമഗ്രമോചനത്തിനും സമ്പൂർണ്ണരക്ഷയ്ക്കുമായി ജീവിതം നിശ്ശേഷം ചെലവ

ഴിച്ച യേശുവെന്ന ചരിത്രവ്യക്തിയാണ്. അതറിഞ്ഞാലെ ഉയർപ്പിന്റെ രഹസ്യം നമുക്കു മനസ്സിലാകുകയുള്ളു. അതിനാൽ, ഈ ചരിത്രാന്വേഷണം ഒരാവശ്യമായിത്തീരുന്നു.

വി. യോഹന്നാൻ തന്റെ സുവിശേഷവും ലേഖനങ്ങളുമെഴുതിയത്, ജ്ഞാനവാദം, ഡോസറ്റിസം തുടങ്ങിയ പാഷണ്ഡതകൾ സഭയിൽ കടന്നുകൂടുകയും ചരിത്രപുരുഷനായ യേശുവിനെയും അവിടുത്തെ മനുഷ്യത്വത്തെയും നിഷേധിക്കയും ചെയ്ത സാഹചര്യത്തിലാണല്ലോ. ഈ പാഷണ്ഡതകൾക്കെതിരെയാണു യോഹന്നാൻ എഴുതുന്നത്: "ദൈവത്തിന്റെ ആത്മാവിനെ നിങ്ങൾക്ക് ഇങ്ങനെ തിരിച്ചറിയാം: യേശുക്രിസ്തു ശരീരം ധരിച്ചു വന്നു എന്ന് ഏറ്റുപറയുന്ന ആത്മാവ് ദൈവത്തിൽനിന്നാണ്. യേശുവിനെ ഏറ്റുപറയാത്ത ആത്മാവ് ദൈവത്തിൽനിന്നല്ല" (1 യോഹ 4,2-3). "വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു" (യോഹ 1,14) എന്ന വാക്യവും യേശു ലോകത്തിലേക്കു വന്ന യഥാർത്ഥ ചരിത്രമനുഷ്യനാണെന്ന സത്യം സ്ഥിരീകരിക്കുന്ന ഒന്നാണ്. ജ്ഞാനവാദം പോലെയുള്ള പാഷണ്ഡതകൾ കാലാകാലങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും സഭയ്ക്കുള്ളിലും വെളിയിലും പ്രത്യക്ഷപ്പെടാറുണ്ട്. താത്വികമായി യേശുവിന്റെ മനുഷ്യത്വത്തെ നിഷേധിക്കുന്നില്ലെങ്കിലും, പ്രായോഗികമായ ഏകസ്വഭാവവാദം (monophysitism) ഇന്നും സഭാജീവിതത്തിൽ പ്രത്യക്ഷപ്പെടുന്ന ഒരു പ്രതിഭാസമാണ്. വിശ്വാസപ്രമാണത്തിൽ യേശു യതാർത്ഥ മനുഷ്യനാണെന്ന് ഏറ്റുപറയുമെങ്കിലും, പ്രായോഗികമായി അവിടുത്തെ ദൈവത്വത്തിൽ മാത്രം സർവ്വ ശ്രദ്ധയും കേന്ദ്രീകരിച്ച്, അവിടുത്തേക്ക് ആരാധനാസ്തുതിസ്തോത്രങ്ങളർപ്പിക്കുന്നതിലാണ് പല വിശ്വാസികളും ധരിച്ചുവച്ചിരിക്കുന്നത്. നിയമത്തോടും സാമൂഹ്യവ്യവസ്ഥിതികളോടുമുള്ള ചരിത്രപുരുഷനായ യേശുവിന്റെ വിമർശനാത്മകമായ നിലപാടുകളോ പാവപ്പെട്ടവരോടുള്ള പക്ഷംചേരലോ പാപികളോടും ചുങ്കക്കാരോടുമൊത്തുള്ള പന്തിഭോജനമോ ശിഷ്യന്മാരുടെ പാദംകഴുകലോ അധികമൊന്നും ശ്രദ്ധാവിഷയമാകാറില്ല. അതിനാൽ രാഷ്ട്രീയ സാമൂഹിക സാമ്പത്തിക മേഖലകളിൽ യേശുവിന്റെ സുവിശേഷത്തിനുള്ള പരിവർത്തനശക്തിയെ ദേവാലയങ്ങളിലെ വിരിക്കുള്ളിലേക്ക് ആവാഹിച്ച് ഒതുക്കി നിർത്തുവാൻ ബുദ്ധിമുട്ടുണ്ടാകുന്നില്ല.

ജ്ഞാനവാദംപോലെതന്നെ, ആദിമസഭയ്ക്കു നേരിടേണ്ടിവന്ന മറ്റൊരു പ്രലോഭനമായിരുന്നു, യേശുവിന്റെ മരണത്തെയും ഉയർപ്പിനെയും ഹെല്ലനിസ്റ്റിക് സാംസ്കാരികമണ്ഡലങ്ങളിൽ അന്നു വ്യാപ

കമായിരുന്ന "രഹസ്യാത്മകമത"ങ്ങളിലെ (Mystery cult) "രക്ഷക പുരാണ"ത്തോട് (redeemermyth) അനുരൂപപ്പെടുത്തി, തദനുസരണമുള്ള ആരാധനാനുഷ്ഠാനങ്ങളിലൂടെ രക്ഷനേടാനുള്ള അഭിവാഞ്ചര. ആദിമസഭയുടെ ക്രിസ്തുവിജ്ഞാനീയത്തെ ഈ രക്ഷകപുരാണം സാരമായി സ്വാധീനിച്ചിരുന്നുവെന്നത്രേ ബുൾട്ട്മാന്റെ അഭിപ്രായം. യേശുക്രിസ്തുവിലുള്ള വിശ്വാസം രക്ഷകപുരാണകഥനത്തിൽനിന്നു കാതങ്ങൾ ആകലെയാണെന്നു നമുക്കറിയാം. അതേസമയം ചരിത്രപുരുഷനായ യേശുവിന്റെ ജീവിതവും മരണവും അവഗണിച്ചാൽ, ഇവ തമ്മിലുള്ള അകലം വെറും നിസ്സാരമായി ത്തീരുകയും ചെയ്യും. യേശുക്രിസ്തുവിനെ ഇങ്ങനെയുള്ള ഒരു 'രക്ഷകൻ' ആക്കാലനുള്ള അപകടം സഭയിൽ എന്നും ഒളിഞ്ഞുകിടക്കുന്ന ഒന്നാണ്. നാം അതിനു ദൃക്സാക്ഷികളുമാണ്. ഈ അപകടം ഒഴിവാക്കുന്നതിന് ചരിത്രപുരുഷനായ യേശുവിനെയും അവിടുത്തെ ജീവിതത്തെയും പ്രവർത്തനങ്ങളെയും ലക്ഷ്യങ്ങളെയും നിലപാടുകളെയുമെല്ലാം വ്യക്തമായി അറിഞ്ഞിരിക്കുക ആവശ്യമാണ്.

ലോകത്തിലെന്നപോലെതന്നെ സഭയിലും കാലാകാലങ്ങളിൽ പ്രബലമായിത്തീരുന്ന പ്രത്യയശാസ്ത്രങ്ങളുണ്ട്. ചില വിഭാഗങ്ങളുടെ പ്രത്യേക താല്പര്യങ്ങളെയായിരിക്കും അവ പ്രതിനിധാനം ചെയ്യുന്നത്. സ്ഥലകാലബന്ധമായ ചില തത്വങ്ങളെയോ സിദ്ധാന്തങ്ങളെയോ നിരുപാധികമായ നിത്യസത്യങ്ങളായി കാണാനുള്ള പ്രവണതയാണ് പ്രത്യയശാസ്ത്രങ്ങൾക്കുള്ളത്. മനുഷ്യനിർമ്മിതങ്ങളായ നിയമങ്ങളെയും സഭയിൽ കാലാന്തരത്തിൽ രൂപംകൊണ്ട പാരമ്പര്യങ്ങളെയും ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും യാതൊരു വിട്ടുവീഴ്ചയുമില്ലാതെ മുറുകെപ്പിടിക്കുന്ന ഈ പ്രവണതയുടെ അക്രൈസ്തവികതയെ മനസ്സിലാക്കുന്നതിനും തിരുത്തുന്നതിനും ചരിത്രപുരുഷനായ യേശുവിനെയും അവിടുന്ന് പ്രഘോഷിച്ച സുവിശേഷത്തിന്റെ അന്ത:സത്തയെയുംപറ്റി ആഴമേറിയ അവബോധം നമുക്കുണ്ടായിരിക്കണം.

ലോകത്തോടുള്ള ദൈവത്തിന്റെ പൂർണ്ണവും അന്തിമവുമായ വചനമാണ് യേശു (ഹെബ്രാ 1,2). ക്രൈസ്തവവിശ്വാസത്തിന്റെയും ജീവിതത്തിന്റെയും പരമമായ നിയമവും മാനദണ്ഡവുമാണ് അവിടുന്ന് (norma normans, non normata = normating and normated norm). സ്ഥലകാലസാഹചര്യങ്ങൾ എല്ലാം മാറിവരുമ്പോഴും യേശു ഈ പരമമായ മാനദണ്ഡമായി തുടരുന്നു.

ചരിത്രപുരുഷനായ യേശുവും പ്രഘോഷിതനായ ക്രിസ്തുവും ഒന്നുചേരുന്ന ക്രിസ്തുസംഭവമാണ് ക്രൈസ്തവവിശ്വാസത്തിന് ആധാരം. ചരിത്രപുരുഷനായ യേശുവിനെ പ്രഘോഷിതനായ ക്രിസ്തുവിൽനിന്നോ പ്രഘോഷിതനായ ക്രിസ്തുവിനെ ചരിത്ര പുരുഷനായ യേശുവിൽനിന്നോ മാറ്റിനിർത്താനാവില്ല. പ്രഘോഷിതനായ ക്രിസ്തുവിനെ മാറ്റിനിർത്തി, ചരിത്രപുരുഷനായ യേശുവിനെ മാത്രം പരിഗണിച്ചാൽ, ചരിത്രത്തിലെ മറ്റ് പല മഹത്വ്യക്തികളെപ്പോലെ ഒരു മഹത്വ്യക്തി മാത്രമായിരിക്കും യേശുവും. തിന്മയുടെ അപ്രതിരോധ്യശക്തികൾക്കെതിരെ പൊരുതിത്തകർന്ന് അവസാനം കഴുമരത്തിൽ ജീവിതമവസാനിച്ച ഒരു വ്യക്തി. ആ വ്യക്തിക്ക് ക്രൈസ്തവവിശ്വാസത്തിന്റെ അടിത്തറയാകാനോ പ്രത്യാശയുടെ പ്രതീകമാകാനോ ഒരിക്കലും സാധിക്കയില്ല. ചരിത്രപുരുഷനായ യേശുവിനെ മാറ്റി നിർത്തി പ്രഘോഷിതനായ ക്രിസ്തുവിനെ മാത്രം സ്വീകരിച്ചാൽ, ക്രൈസ്തവവിശ്വാസത്തിന്റെ അടിത്തറ ഒരു 'മിത്ത്' അഥവാ കെട്ടുകഥ മാത്രമാണെന്നുവരും. അതൊരിക്കലും ശരിയല്ലല്ലോ. ചരിത്രപുരുഷനായ യേശുവും പ്രഘോഷിതനായ ക്രിസ്തുവും ഒന്നുചേർന്നു ക്രൈസ്തവവിശ്വാസത്തിന്റെ അടിത്തറയായി എന്നും നിലകൊള്ളണം; നിലകൊള്ളുകയും ചെയ്യും.

കഴിഞ്ഞകാലങ്ങളിൽ, പ്രഘോഷിതനായ ക്രിസ്തുവിനായിരുന്നു സഭാജീവിതത്തിലും ദൈവശാസ്ത്രത്തിലും ആരാധനാക്രമത്തിലുമെല്ലാം മുൻതൂക്കം. ചരിത്രപുരുഷനായ യേശുവിനെയും, അവിടുത്തെ പ്രഘോഷണത്തിന്റെ പ്രവർത്തനങ്ങളുടെയും അന്തഃസത്തയായ ദൈവരാജ്യത്തെയും ആഴത്തിലറിയാനുള്ള പരിശ്രമങ്ങൾ അധിക്കമാന്നും നടന്നിട്ടില്ല. ദൈവസാസ്ത്രത്തിലും ആരാധനാക്രമത്തിലും സഭാജീവിതത്തിലുമെല്ലാം അതു സാരമായ കോട്ടങ്ങൾ വരുത്തിയിട്ടുണ്ടെന്നു സമ്മതിച്ചേതീരു. ഈ ന്യൂനത പരിഹരിക്കാനുള്ള തീവ്രമായ യത്നം സഭയിൽ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

*(സിപ്രിയൻ ഇല്ലിക്കമുറി OFM)*

# 12

## ഓംകാരത്തിൽനിന്ന് ഒമേഗയിലേക്ക്

"വരാനിരിക്കുന്നവൻ നീ തന്നെയോ? അതോ, ഞങ്ങൾ മറ്റൊരുവനെ കാത്തിരിക്കണമോ"? (മത്താ 11:4)

"അവൻ എവിടെയാകുന്നു" (മത്താ 2:4).

"യേശുവിനെ കാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നു; ഞങ്ങൾക്ക് അവനെ കാണിച്ചുതരുമോ"? (യോഹ 19:21).

സുവിശേഷങ്ങളിൽ യേശുവന്വേഷകരുടെ അധരങ്ങളിൽ വിടരുന്ന മൂന്നുചോദ്യങ്ങളാണ് മേൽപറഞ്ഞവ. ഇന്ത്യൻ ക്രിസ്തുവിജ്ഞാനീയത്തെപ്പറ്റിയുള്ള ചിന്തയിൽ ഈ മൂന്നുചോദ്യങ്ങളും പ്രസക്തമാണ്. ആദ്യചോദ്യം യേശുവിന്റെ പഠനങ്ങളെ അംഗീകരിക്കുകയും ദൈവീകതയെ നിരാകരിക്കുകയും ചെയ്യുന്ന ഹൈന്ദവചിന്തകരെ പ്രതിനിധീകരിക്കുമ്പോൾ രണ്ടാമത്തെ ചോദ്യം ഭാരതക്രൈസ്തവരുടെ ക്രിസ്ത്വന്വേഷണത്തെ പ്രതിഫലിപ്പിക്കുന്നതാണ്. മൂന്നാമത്തെ ചോദ്യമാകട്ടെ ഇന്നാട്ടിലെ നിസ്വരും നിസ്സാഹയരുമായവരുടെ കണ്ഠങ്ങളിൽനിന്നുയരുന്നതാണ്. മേൽപറഞ്ഞ ത്രിവിധചിന്താധാരകളുടെ അപഗ്രഥനമാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം.

പാശ്ചാത്യർ പഠിപ്പിച്ചവയുടെ ഭാഷാന്തരീകരണം മാത്രമായിരുന്നു ഇദപര്യന്തം ഇന്ത്യൻസെമിനാരി വിദ്യാർത്ഥികളും സാമാന്യജനങ്ങളും പഠിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തുവിജ്ഞാനീയം. അംഗീകൃതമായൊരു ഇന്ത്യൻക്രിസ്തുവിജ്ഞാനീയം നിലവിലില്ലെന്നുമാത്രമല്ല അതിനുവേണ്ടിയുള്ള ഔദ്യോഗിക സംരഭങ്ങൾപോലുമില്ല എന്നതാണ് സത്യം. ഉള്ളതാവട്ടെ, ഏതാനും ഒറ്റപ്പെട്ട ശ്രമങ്ങൾമാത്രം. പാശ്ചാത്യപാണ്ഡിത്യത്തിനന്യമായതൊക്കെ പാഷണ്ഡതയായി പരിഗണിക്കപ്പെടുന്ന പരിതോവസ്ഥയിൽ ഇന്ത്യൻ ക്രിസ്തുവിജ്ഞാനീയത്തിന്റെ മുന്നിലുള്ള ചക്രവാളങ്ങൾപോലും ഇരുണ്ടതാണ്. ഗ്രീക്കുചിന്തയെ ഉപജീവിച്ച് ക്രിസ്തുദർശനം രൂപപ്പെടുത്താൻ ആദിമസഭ കാണിച്ച തന്റേടമാണ് ഇന്ത്യൻചിന്തയെ ഉപജീവിച്ച് ക്രിസ്തുദർശനം നടത്താൻ ഭാരതീയർക്കുണ്ടാവേണ്ടത്. ഇത്തരത്തിലുള്ള മൂന്ന് സംരഭങ്ങളുടെ വിശകലനമാണിവിടെ നടത്തുന്നത്. പാശ്ചാത്യ-പൗരസ്ത്യ ചിന്താരീതികളുടെ വ്യത്യാസം കണക്കിലെടുത്തെങ്കിൽ മാത്രമേ പാശ്ചാത്യരീതിയിൽ പരിശീലിപ്പിക്കപ്പെട്ട മനസ്സുകൾക്ക് ഇന്ത്യൻദർശനം മനസ്സിലാകൂ.

## I. ഹൈന്ദവരുടെ ക്രിസ്തുവിജ്ഞാനീയം

യേശുക്രിസ്തുവിനെക്കുറിച്ച് അക്രൈസ്തവരായ ഭാരതീയർ ചിന്തനീയങ്ങളായ പല പരാമർശങ്ങളും നടത്തിയിട്ടുണ്ട്. ഒരു ദൈവസാസ്ത്ര ചിന്താധാരയുടെ പരിപ്രേഷ്യത്തിൽ ഒതുക്കാനാവാത്ത വിധം വൈരുദ്ധ്യങ്ങൾ നിറഞ്ഞതാണ് പ്രസ്തുത ചിന്താധാരകളിൽ പലതും. അവയുടെ വസ്തുനിഷ്ഠമായ വിശകലനം വിസ്താരഭയംമൂലം അസാധ്യമാണെന്നിരിക്കെ പ്രസ്തുത ചിന്താധാരകളിലൂടെ ഒരു ഓട്ടപ്രതിക്ഷണം മാത്രമേ ഇവിടെ ലക്ഷ്യമാക്കുന്നുള്ളൂ. ഇന്ത്യൻ ദേശീയതയുടെ പ്രചാരകനും പ്രവാചകനുമായ രാജാറാം മോഹൻറോയി ബ്രഹ്മസമാജത്തിന്റെ പ്രയോക്താക്കളായ കേശവ് സുന്ദർസെൻ, പി.സി. മസൂന്ദാർ, നവീനാദ്വൈതത്തിന്റെ വക്താക്കളായ ശ്രീരാമകൃഷ്ണപരമഹംസൻ, സ്വാമി വിവേകാനന്ദൻ, ശ്രീ. എസ്. രാധാകൃഷ്ണൻ; രാഷ്ട്രപിതാവായ മഹാത്മാഗാന്ധി എന്നിവരുടെ ചിന്തകളിൽ വിരിഞ്ഞ ക്രിസ്തുദർശനത്തിന്റെ വിശകലനമാണിവിടെ വിവക്ഷിക്കുന്നത്.

### *രാജാറാം മോഹൻറോയ്*

യുക്തയുടെ സ്പടികകണ്ണാടിയിലൂടെ മതാത്മകതയെ കടത്തിവിട്ട് വിശ്വാസവിശ്ലേഷണം നടത്തിയ സത്യാന്വേഷിയായിരുന്ന

രാജാറാമിന്റെ ക്രിസ്തുദർശനങ്ങൾ പലതും പാശ്ചാത്യ മിഷിനറി മാരുമായുള്ള വാദപ്രതിവാദത്തിന്റെ പശ്ചാത്തലത്തിലാണ് ഇതൾ വിടർത്തുന്നത്. പ്രധാനമായും, ബംഗാളിലെ ബാപ്റ്റിസ്റ്റുസഭാംഗ മായ ഡോ. ജോഷ്വാ മാർഷ്മാൻ എന്ന പാശ്ചാത്യ പണ്ഡിതനുമാ യിട്ടായിരുന്നു അദ്ദേഹത്തിന്റെ വാദപ്രതിവാദം.

ആത്മസാക്ഷാത്കാരത്തിലേക്കുള്ള വഴികാണിച്ചുതന്ന മഹാ നായ ഗുരുവായി രാജാറാം യേശുവിനെ അംഗീകരിക്കുന്നു. സകല സൃഷ്ടികൾക്കും മുമ്പേയുള്ളവനും സകലത്തിലും ആദ്യജാതനും മനുഷ്യാവതാരത്തിനു മുമ്പ് ഉണ്ടായിരുന്നവനുമാണ് യേശു എന്ന് അദ്ദേഹം സമ്മതിക്കുന്നുണ്ട്. എന്നാൽ യേശു ദൈവമായിരുന്നു എന്ന് വിശ്വസിക്കാൻ അദ്ദേഹം തയ്യാറല്ല. ആദ്യജാതനെങ്കിലും യേശു ഒരു സൃഷ്ടിയാണെന്ന് അദ്ദേഹം വാദിച്ചു. താൻ പിതാ വിന് അതീനനാണെന്ന് യേശുതന്നെ പറയുന്ന വചനങ്ങൾ യേശു വിന്റെ ദൈവികതയുടെ നിരാസനത്തിന് നിദർശനങ്ങളായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു:

“യേശുതന്നെ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട് താൻ പിതാവിനെ ക്കാൾ താഴ്ന്നവനാണെന്ന് (യോഹ 17:5, 6:24, 9:35-37; 17:1-2, 1:34-42). പിതാവിൽനിന്ന് ലഭിച്ചതാണ് തന്റെ ദൗത്യമെന്നും താൻ പിതാ വിനെ അനുസരിക്കേണ്ടവനാണെന്നും യേശു പറയുന്നു. പിതാവ് തന്നെക്കാൾ വലിയവനാണെന്ന് യേശു പറയുന്നതിൽനിന്നും യേശു ദൈവമല്ലെന്ന് അനുമാനിക്കാം.” താനും പിതാവും ഒന്നാ ണെന്ന് യേശു പറയുമ്പോൾ അസ്തിത്വത്തിന്റെ ഐക്യമല്ല ഇച്ഛാ ശക്തിയുടെ ഐക്യമാണ് വിവക്ഷിക്കുന്നത് എന്നാണ് അദ്ദേഹ ത്തിന്റെ വാദം (Unitty of Will; not Identitiy of being). പാപപരിഹാ രാർത്ഥമുള്ള ബലിയായിരുന്നു യേശുവിന്റെ മരണം എന്ന ആശ യവും അദ്ദേഹത്തിന് അസ്വീകാര്യമായിരുന്നു. ത്രിത്വത്തിലെ രണ്ടാ മത്തെ ആളാണ് മനുഷ്യാവതാരം ചെയ്ത ക്രിസ്തുവെന്ന ക്രൈസ്ത വദർശനം ഏകദൈവവിശ്വാസത്തിന് എതിരാണെന്ന് അദ്ദേഹം വാദിച്ചു.

രാജാറാമിന്റെ ആശയങ്ങളെ എതിർത്തുകൊണ്ട് ദൈവശാസ്ത്ര വിജിന്തനം നടത്തിയ പ്രമുഖരായിരുന്നു ലാൽ ബാഹാരിഡെയും നെഹെമിയാ ഗോറെഹും.

### *കേശവ് സുന്ദർ സെൻ*

എല്ലാ മനുഷ്യരിലും ദൈവികതയുടെ ആവിഷ്കാരമുണ്ടെന്ന ഉപനിഷദർശന (ഈശോ 1,1) മായിരുന്നു സുന്ദർസെന്നിന്റെ ചിന്ത

യുടെ പ്രതിമാനം. യേശുവിൽ ദൈവിതയുടെ പൂർണ്ണമായ ആവി ഷ്കാരം നിലവിലുണ്ടെന്ന് അദ്ദേഹം കരുതി. ദൈവവുമായുള്ള ഗാഢബന്ധംമൂലം യേശു പൂർണ്ണതയുള്ള മനുഷ്യനായിരുന്നു. ഈ ഗാഢബന്ധം സാമീപ്യംമൂലമാണെന്നും സത്താപരമല്ലെന്നും വാദി ച്ചുകൊണ്ട് യേശുവിന്റെ ദൈവികതയെ അദ്ദേഹം നിഷേധിച്ചു. ക്രൈസ്തവ മിഷിനറിമാരുടെ മതപരിവർത്തനത്തെ എതിർത്ത അദ്ദേഹം "ക്രിസ്തുവിന്റെ ഹൈന്ദവസഭ" (**Hindu Church of Christ**) എന്ന നവീന ആശയം പകരമായി മുന്നോട്ടുവച്ചു. ആശയ തലത്തിൽനിന്ന് പ്രായോഗികതലത്തിലേക്ക് നയിച്ചുകൊണ്ട് പ്രസ്തുതദർശനത്തിന് അദ്ദേഹം ജീവൻ നല്കി. 1866 ൽ അദ്ദേ ഹവും അനുയായികളും യേശുവിന്റെ ദർശനം അംഗീകരിക്കുന്ന ഹൈന്ദവസമൂഹം സ്ഥാപിച്ചു. യഥാർത്ഥ യോഗിയായി (true Yogi) യേശുവിനെ പരിഗണിച്ച സുന്ദർസെൻ മതപരിവർത്തനത്തെക്കു റിച്ചുയർത്തിയ ചോദ്യങ്ങളിന്നും പ്രസക്തമാണ്. 'ഹൈന്ദവസഭ'യെ കൂടുതൽ അറിയാൻ ഈ ചോദ്യങ്ങൾ ഉപകരിക്കും.

1. അക്രൈസ്തവസംസ്കാരങ്ങളോടും മതങ്ങളോടുമുള്ള ക്രൈസ്തവമതത്തിന്റെ നിലപാട് എന്താണ്?
2. ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ അക്രൈസ്തവമതങ്ങ ളുടെ പങ്ക് എന്താണ്?
3. ഹിന്ദുക്കളുടെ പരിവർത്തനമാണോ, ഹിന്ദുമതത്തിന്റെ പരി വർത്തനമാണോ ഭാരതക്രൈസ്തവർലക്ഷ്യമാക്കുന്നത്?
4. ഒരു ഹിന്ദുവിനെ ക്രിസ്തുവിലേക്കു നയിക്കാൻ ഹിന്ദുമത ത്തിനാവുകയില്ലേ?
5. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിലൂടെ ഒരു ഹൈന്ദവന് ക്രിസ്തുവിനെക്കുറിച്ച് പുതുതായി എന്തെങ്കിലും ലഭിച്ചുന്നുണ്ടോ?
6. ഹിന്ദുമതത്തിൽതന്നെയുള്ള നന്മയിലേക്കുള്ള നവീകരണത്തെ ക്കുറിച്ച് ക്രിസ്തുമതത്തിന്റെ അഭിപ്രായമെന്താണ്?
7. ഹൈന്ദവ-ക്രൈസ്തവർ എന്ന ആശയം എന്തുകൊണ്ട് സ്വീക രിച്ചുകൂടാ?

ക്രിസ്തുവിനെ മാർഗ്ഗദർശിയായി അംഗീകരിച്ച സുന്ദർസെൻ ക്രിസ്തുമതത്തിന്റെ സംവിധാനങ്ങളെ അംഗീകരിക്കാൻ വിസമ്മ തിച്ചു. സുന്ദർസെന്നിന്റെ ശിഷ്യനായിരുന്ന പി. സി. മൊസൂന്ദാറും ഇതേപാതയിലാണ് ചിന്തിച്ചിരുന്നത്.

### *ബ്രഹ്മോ ബാന്ധവ് ഉപാധ്യായ*

ക്രിസ്തുവിനെക്കുറിച്ച് പഠിക്കുകയും ക്രിസ്ത്യാനിയാവുകയും

ചെയ്ത ഭാരതീയ ചിന്തകനാണ് ഉപാധ്യായ. ശ്രീരാമകൃഷ്ണന്റെ ശിഷ്യനും സ്വാമി വിവേകാനന്ദന്റെ സഹപാഠിയുമായിരുന്ന ഉപാധ്യായ സച്ചിദാനന്ദദർശനത്തിന്റെ പശ്ചാത്തലത്തിൽ ക്രിസ്തുദർശനം നടത്തിയ വ്യക്തിയാണ്. സച്ചിദാനന്ദ (Sat- Cit-Ananda) ത്തിലെ രണ്ടാമത്തെ ഘടകമായ ചിത്താണ് (Cit) വചന (Logos) മായ യേശു എന്ന് അദ്ദേഹം കരുതുന്നു. വേദങ്ങളെ ഇന്ത്യയുടെ പഴയനിയമ ഗ്രന്ഥങ്ങളായി പരിഗണിക്കണമെന്നും ഭാരതീയ സന്യാസജീവിതശൈലി ക്രൈസ്തവസന്യാസികൾ സ്വീകരിക്കണമെന്നും അദ്ദേഹം വാദിച്ചു. കേശവ് സുന്ദർസെന്നിന്റെ 'ഹൈന്ദവസഭ' എന്ന ആശയം അദ്ദേഹത്തെ ആകർഷിച്ചിരുന്നു. ഒരു ഹൈന്ദവകത്തോലിക്കനായി സ്വയം പരിചയപ്പെടുത്തുന്ന ഉപാധ്യായ പറയുന്നു:

"ജന്മംകൊണ്ട് എല്ലാ ഭാരതീയരും ഹിന്ദുക്കളാണ്. മരണംവരെ അങ്ങനെയായിരിക്കുകയും ചെയ്യും.എന്നാൽ നാം ദ്വിജരായതിനാൽ കൗദാശിക ജന്മത്തിലൂടെ യേശുവുമായി കാലദേശങ്ങളെ അതിജീവിക്കുന്ന ബന്ധത്തിലേർപ്പെടുന്നു".

വ്യത്യസ്തമായ ഇന്ത്യൻ ദർശനശാഖകളിൽ ക്രിസ്തുമതത്തിന്റെ എല്ലാ ദർശനങ്ങളും കണ്ടെത്താനാകുമെന്ന് ഉപാധ്യായ വിശ്വസിച്ചു: എല്ലാം ഉത്ഭവിച്ചത് പരമമായ സത്തയിൽ (eternal essence) നിന്നാണ് (വേദാന്തദർശനം), മനുഷ്യാവതാരവും ദൈവത്തിന്റെ കൃപാവരവും രക്ഷയ്ക്ക് അനുപേക്ഷണീയമാണ് (വൈഷ്ണവദർശനം), അനുഷ്ഠാനവിധികൾ (Sacramental rites) ശുദ്ധീകരണോപാധികളാണ് (സാംഖ്യദർശനം). ചുരുക്കിപ്പറഞ്ഞാൽ, "ശാരീരിക മാനസികഘടനയിൽ നാം ഹൈന്ദവരും അമർത്യമായ ആത്മാവിന്റെ ഘടനയിൽ നാം ക്രൈസ്തവരുമാണ് ". അതുകൊണ്ടാണ് എല്ലാം ഭാരതക്രൈസ്തവരും ഹൈന്ദവ-ക്രൈസ്തവരാണ് എന്ന് അദ്ദേഹം വാദിച്ചത്. ക്രിസ്തു ദൈവമാണെന്ന് അദ്ദേഹം വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു.

### *ശ്രീരാമകൃഷ്ണനും വിവേകാനന്ദനും*

അനുഭവമാണ് ഈശ്വരസാക്ഷാത്കാരത്തിനുള്ള മാധ്യമമെന്നും എല്ലാ മതങ്ങളും ഈശ്വരനിലേക്കുള്ള വഴികളണെന്നുമുള്ള മതേതരവാദമായിരുന്നു ശ്രീരാമകൃഷ്ണന്റേത്. എല്ലാ നദികളും സമുദ്രത്തിലെത്തുന്നു; സമുദ്രത്തിലെത്തിയാൽ നദിയില്ല. സമുദ്രം മാത്രമേ ശേഷിക്കുന്നുള്ളൂ എന്നതുപോലെ, മതദർശനങ്ങൾ അന്തിമ വിശകലനകത്തിൽ അപ്രസ്ക്തമാണെന്ന് അദ്ദേഹം പഠിപ്പിച്ചു. മതം അദ്ദേഹത്തിന് ആത്മ സാക്ഷാത്ക്കാരമാണ് (Individual realisation). ക്രിസ്തുവിനെ 'ഇഷ്ടദേവനായി' ഭജിച്ചിരുന്ന ജുഹൂമല്ലിക് എന്ന

ഹിന്ദു സന്യാസിയിൽനിന്നാണ് രാമകൃഷ്ണൻ ക്രിസ്തുവിനെക്കുറിച്ച് പഠിച്ചത്. ആത്മസാക്ഷാത്ക്കാരത്തിനുള്ള അനവധി സാധനകളിൽ (മാർഗ്ഗങ്ങളിൽ) ഒന്നായി അദ്ദേഹം ക്രിസ്തുമതത്തെയും കണ്ടു.

അദ്വൈതവേദാന്തത്തെ ലോകത്തിന്റെ അതിരുകളോളം പ്രചരിപ്പിച്ച സ്വാമി വിവേകാന്ദൻ അദ്വൈതപശ്ചാത്തലത്തിൽതന്നെയാണ് ക്രിസ്തുദർശനവും ഉൾക്കൊണ്ടത്. ദ്വൈതവാദവും വിശിഷ്ടാദ്വൈതവും അദ്വൈതവും ഒരേ ചിന്തയുടെ വളർച്ചയിലെ ത്രിവിധ ഘടകങ്ങളാണെന്നും അദ്ദേഹം വിശ്വസിച്ചു. അദ്വൈതത്തിലേക്കുള്ള വളർച്ചയുടെ പടികളിലൊന്നായി ക്രിസ്തു മതത്തെ അദ്ദേഹം കരുതി. ശങ്കരാചാര്യരുടെ അദ്വൈതസിദ്ധാന്തത്തിലെ 'ജീവൻമുക്ത'രിൽ (ജീവിച്ചിരിക്കുമ്പോൾതന്നെ ബ്രഹ്മസാക്ഷാത്കാരം നേടിയവർ) ഒരുവനായിട്ടാണ് വിവേകാന്ദൻ ക്രിസ്തുവിനെ കാണുന്നത്. താരതമ്യപഠനം അപ്രസക്തമാണെന്ന് അദ്ദേഹം പറയുന്നുണ്ടെങ്കിലും ക്രിസ്തുവിനേക്കാൾ വലിയ "ജീവൻമുക്ത" ബുദ്ധനാണെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. "ജീവിതസാഗരത്തിൽനിന്നുയർന്നുവരുന്ന ഈശ്വരന് കാലദേശങ്ങൾക്കനുസൃതമായി നൽകപ്പെടുന്ന നാമരൂപങ്ങളാണ് കൃഷ്ണൻ, ബുദ്ധൻ, ക്രിസ്തു തുടങ്ങിയവ"രെന്ന് അദ്ദേഹം പറഞ്ഞു.

യേശു ഒരു യഥാർത്ഥ യോഗിയാണെന്നും തന്റെയുള്ളിൽ നിറഞ്ഞുനിൽക്കുന്ന ബ്രഹ്മചൈതന്യത്തെപൂർണ്ണമായും തിരിച്ചറിയുകയും ബ്രഹ്മവും (പിതാവും) ഒന്നാണെന്ന് കണ്ടെത്തുകവഴി 'ജീവൻമുക്തക്തി' നേടിയവനാണെന്നും വിവേകാന്ദൻ വിശ്വസിച്ചു. ഈ അദ്വൈതദർശനത്തിന്റെ വെളിച്ചത്തിൽ യേശുവിന്റെ മരണം പാപപരിഹാരബലിയാകുന്നില്ല. "ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെകുഞ്ഞാട്" (യോഹ 1:29) എന്ന വിശേഷണത്തെക്കുറിച്ച് വിവേകാന്ദൻ പറയുന്നു:

"ലോകത്തിന്റെ പാപം നീക്കുക എന്നാൽ പൂർണ്ണതയിലേക്കുള്ള വഴികാണിക്കുക എന്നാണ് അർത്ഥം. ദൈവം ക്രിസ്തുവായത് മനുഷ്യന് അവന്റെ യഥാപ്രകൃതി കാണിച്ചുകൊടുക്കാനാണ് അഥവാ ഓരോ മനുഷ്യനും ദൈവമാണെന്ന് പഠിപ്പിക്കാനാണ്". അദ്വൈതദർശനത്തിൽ ധാർമ്മികാപഗ്രഥനം അപ്രസക്തമായതിനാൽ ധാർമ്മികതയുടെ വക്താവായി യേശുവിനെ കാണാൻ അദ്ദേഹത്തിനു താൽപര്യമില്ല. ദ്വൈതചിന്തയിലാരംഭിച്ച് വിശിഷ്ടാദ്വൈതത്തിലൂടെ വളർന്ന് അദ്വൈതത്തിൽ പൂർണ്ണതപ്രാപിക്കുന്നതാണ് യേശുദർശനമെന്ന് വിവേകാനന്ദൻ വിലയിരുത്തുന്നു.

***ഡോ.രാധാകൃഷ്ണൻ***

നവീനാദ്വൈതവേദാന്തത്തിന്റെ പ്രചാരകനായിരുന്ന ഡോ രാധാകൃഷ്ണൻ യേശുവിനെ "മിസ്റ്റിക് ക്രിസ്തു" എന്നാണ് വിശേഷിപ്പിച്ചിരുന്നത്. അദ്ദേഹംതന്നെ ഈ വിശേഷണത്തെ വിശദമാക്കുന്നുണ്ട്.

"ആന്തരചൈതന്യത്തിൽ വിശ്വസിച്ചിരുന്ന യോഗി ആയിരുന്നു യേശു... അതായത്, ആചാരാനുഷ്ഠാനങ്ങളെ അവഗണിക്കുകയും നൈയാമിക ഭക്തകൃത്യങ്ങളെ നിസംഗതയോടെ വീക്ഷിക്കുകയും ചെയ്തവനാണ് യേശു".

യേശുദർശനത്തിന്റെ സിരാകേന്ദ്രങ്ങളായ ഉത്ഥാനം, ദൈവരാജ്യം, നിത്യജീവൻ എന്നിവയെ അദ്വൈതദൃഷ്ടിയിൽ വിശദമാക്കാൻ ശ്രീ. രാധാകൃഷ്ണൻ ശ്രമിക്കുന്നുണ്ട്. ഉത്ഥാനം എന്നത് മൃതശരീരങ്ങളുടെ ഉയിർപ്പല്ല. സ്വാർത്ഥതയിൽ നിന്ന് പരാർത്ഥതയിലേക്കും ഇരുളിൽനിന്ന് വെളിച്ചത്തിലേക്കും അസത്യത്തിൽനിന്ന് സത്യത്തിലേക്കുമുള്ള പ്രയാണമാണ്. ദൈവരാജ്യം 'ബ്രഹ്മലോക'മാണെന്നും മനുഷ്യഹൃദയങ്ങൾ തമ്മിലുള്ള ഐക്യമാണ് അതിന്റെ പ്രതിമാനമെന്നും അദ്ദേഹം വിശ്വസിച്ചു. ബ്രഹ്മചൈതന്യം എല്ലാവരിലും എല്ലാമായിത്തീരുന്നതാണ് നിത്യജീവിതമെന്നു കരുതുന്ന രാധാകൃഷ്ണന് യേശുവിന്റെ ജീവിതം ചരിത്രസംഭവമായിരുന്നില്ല. ആത്മീയതയുടെ പാതയിൽ മുന്നേറുമ്പോൾ ആത്മാവിലുണ്ടാകുന്ന വളർച്ചയുടെ പൂർണ്ണതയാണ് ക്രിസ്തുത്വം (Christhood) എന്നും ഇത് എല്ലാ ആത്മാക്കൾക്കും പ്രാപ്യമാണെന്നും അദ്ദേഹം വിശ്വസിക്കുന്നു.

***മഹാത്മാഗാന്ധി***

മറ്റേതൊരു ഭാരതീയ ചിന്തകനേയുംകാൾ ആഴത്തിൽ ക്രിസ്തുദർശനത്തിന്റെ മർമ്മം കണ്ടറിഞ്ഞ വ്യക്തിയായിരുന്നു മഹാത്മാഗാന്ധി. യേശുവിന്റെ ഗിരിപ്രഭാഷണവും ഗീതോപദേശവും സമാനസ്വഭാവമുള്ളതായി കണ്ട ഗാന്ധി തന്റെ ദർശനത്തിന്റെ ആധാരശിലകളായ സത്യവും അഹിംസയും സ്വദേശിയും രൂപപ്പെടുത്തിയത് ഗീതയുടേയും ഗിരിപ്രഭാഷണത്തിന്റേയും സ്വാധീനത്താലാണെന്ന് ഏറ്റുപറഞ്ഞിട്ടുണ്ട്. ഗീതയുടെ ഉത്തമപുരുഷന്റെ (Perfect man) എല്ലാ ലക്ഷണങ്ങളും യേശുവിൽ കണ്ടെത്തിയ ഗാന്ധി മനുഷ്യകുലത്തിന് അനുകരിക്കാവുന്ന ഉത്തമമാതൃകകളിലൊന്നായി യേശുവിനെ ചൂണ്ടിക്കാട്ടി. വിവേകാനന്ദനും രാധാകൃഷ്ണനും ചിന്തിച്ചതിന് വിരുദ്ധമായി യേശുവിനെ ഒരു ധാർമ്മിക പ്രതീക

മായി (Moral figure) ട്ടാണ് ഗാന്ധി കണ്ടെത്.

യേശുദർശനങ്ങൾ ഗാന്ധിയെ ഹഠാദാകർഷിച്ചിരുന്നെങ്കിലും യേശുവിന്റെ ചരിത്രപരതയിൽ അദ്ദേഹത്തിന് തെല്ലും താല്പര്യമില്ലായിരുന്നു. ഗാന്ധിതന്നെ പറയുന്നു:

"ചരിത്രപുരുഷനായ ക്രിസ്തുവിൽ എനിക്കു തെല്ലും താല്പര്യമില്ല. യേശു എന്ന വ്യക്തി ജീവിച്ചിരുന്നോ ഇല്ലയോ എന്നത് എനിക്കു വിഷയമല്ല. സുവിശേഷങ്ങളിൽ വിവരിച്ചിരിക്കുന്നവ ആരുടെയെങ്കിലും ഭാവനയിൽ രൂപംകൊണ്ടതാണെങ്കിലും ഞാനത് കാര്യമാക്കുന്നില്ല".

വ്യക്തിയെക്കാളേറെ തത്വത്തെ മാനിക്കുന്ന ഗാന്ധിയൻ ദർശനത്തിന്റെ സവിശേഷതയാണ് ഈ സമീപനവും. മാത്രമല്ല, യേശു ദൈവപുത്രനാണെന്ന് ഗാന്ധി ഒരിക്കലും വിശ്വസിച്ചിരുന്നില്ല.

"യേശു ദൈവത്തിന്റെ ഏകപുത്രനാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഏകജാതനിൽ വിശ്വസിക്കുന്നവനു മാത്രമേ നിത്യജീവനുള്ളൂ എന്നും ഞാൻ വിശ്വസിക്കുന്നില്ല. ദൈവത്തിന് മക്കളുണ്ടെങ്കിൽ നാമെല്ലാവരും ദൈവത്തിന്റെ മക്കളാണ്. യേശു ദൈവമാണെങ്കിൽ നാമെല്ലാവരും ദൈവങ്ങളാണ്".

മനുഷ്യനു ചെന്നെത്താവുന്ന പൂർണ്ണതയുടെ സാകല്യം യേശുവിലുണ്ടെന്നു വിശ്വസിക്കുകയും യേശുദർശനങ്ങൾക്ക് അതിമാത്ര പ്രാധാന്യം നല്കുകയും ചെയ്തിട്ടും യേശുവിന്റെ ദൈവികതയെ ഗാന്ധി നിരാകരിച്ചു. അതുകൊണ്ടുതന്നെ ക്രിസ്ത്യൻ മിഷനറിമാരുടെ മതപരിവർത്തനങ്ങളെ ഗാന്ധി മനസ്സാ എതിർത്തിരുന്നു.

## II. ഭരതക്രൈസ്തവരുടെ ക്രിസ്തുവിജ്ഞാനീയം

യേശുവിനെ കണ്ടിട്ട് നിസംഗതയോടെ കടന്നുപോകാൻ ആർക്കുമാവില്ല എന്നതിന്റെ നിദർശനങ്ങളാണ് ഭാരതഹൈന്ദവ ചിന്തകരുടെ യേശുദർശനങ്ങൾ. ഭാരതക്രിസ്ത്യാനികളും തികച്ചും ഭാരതീയമായ ഒരു ക്രിസ്തുവിജ്ഞാനീയത്തിന്റെ രൂപീകരണത്തിനുവേണ്ടി അക്ഷീണം യത്നിച്ചിരുന്നു. ഗ്രീക്കു തത്വചിന്തയുടെ ചുവടുപിടിച്ച് അവതരിപ്പിക്കപ്പെട്ട ക്രിസ്തുവിജ്ഞാനീയത്തിന്റെ സ്വഭാവം, പ്രകൃതി, വ്യക്തി തുടങ്ങിയ സങ്കല്പങ്ങളും ഭാഷാന്തരീകരണംപോലും അസാധ്യമായ "ഹൈപോസ്റ്റാറ്റിക് യൂണിയനും" "ഹോമോഊസിയാ"യുമൊക്കെ ഭാരതീയ മനസ്സിന് അജീർണ്ണഹേതുകങ്ങളായിരുന്നു. അതുകൊണ്ടുതന്നെ ഈ നാടിന്റെ സമ്പന്നമായ ദാർശനിക പശ്ചാത്തലത്തിൽ നിന്നുകൊണ്ട് സ്വതന്ത്രമായൊരു

ക്രിസ്തുവിജ്ഞാനീയം കരുപ്പിടിപ്പിക്കാനാണവർ ശ്രമിച്ചിരുന്നത്. ക്രിസ്തുവിജ്ഞാനീയം പദാനുപദം വിശ്വാസസത്യമായി മുൻകൂട്ടി നിർവ്വചിക്കപ്പെട്ടു കഴിഞ്ഞതിനാലും മൂന്നാംലോകത്തിന്റെ ദർശനങ്ങളെ പരമ്പരാഗതമായി മൂന്നാംകിടയായി പലപാശ്ചാത്യ 'പണ്ഡിതരും' കരുതുന്നതിനാലും ഭാരതക്രൈസ്തവരുടെ ക്രിസ്തുവിജ്ഞാനീയം ഏറെ ശ്രദ്ധിക്കപ്പെടാതെപോയി. അവയിൽ പലതും പാശ്ചാത്യദർശനങ്ങളെ നിഷ്പ്രഭമാക്കാൻ പോരുന്നവയായിരുന്നിട്ടും, അംഗീകാരത്തിനു പകരം തിരസ്കരണമാണ് പലപ്പോഴും ലഭിച്ചത്. തന്നെയുമല്ല, ഔദ്യോഗികമായി തെറ്റിദ്ധരിക്കപ്പെടുകയും ശിക്ഷണത്തിനുപോലും വിധേയമാക്കപ്പെടുകയുമുണ്ടായി.

ഋഗ്വേദത്തിൽ സവിസ്തരം പ്രതിപാദിച്ചിരുന്ന പ്രചാപതിയായി യേശുവിനെ അവതരിപ്പിച്ച കെ. എം. ബാനർജിയും മൂൻപ് സൂചിപ്പിച്ചതുപോലെ സച്ചിദാനന്ദത്തിലെ 'ചിത്' (Cit) ആയി യേശുവിനെ മനസ്സിലാക്കിയ ബ്രഹ്മോബാന്ധവ് ഉപാധ്യായയുമായിരുന്നു ഈ രംഗത്ത് പുതുവഴി വെട്ടിത്തുറന്നവർ. ഈ രംഗത്ത് ഏറ്റവും ഈടുറ്റ സംഭാവന നല്കിയത് അയ്യാദുരൈ യേശുദാസൻ അപ്പസ്വാമി എന്ന CSI മെത്രാനാണ്. ഭാരതീയ പുരാണങ്ങളിലെ അവതാരങ്ങളുടെ പശ്ചാത്തലത്തിൽ മനുഷ്യാവതാരത്തെ വിശദീകരിച്ച അപ്പസ്വാമിയുടെ പാതയിൽത്തന്നെയാണ് വി. ചക്കരൈയും ക്രിസ്തുദർശനം നടത്തിയത്. സംഖ്യാദർശനത്തിന്റെ ചുവടുപിടിച്ച് യേശുവിനെ 'ആദിപുരുഷനായും' 'ശക്തി'യായും അവതരിപ്പിച്ച പി. ചെഞ്ചയ്യ പരമ്പരാഗതക്രിസ്തുവിജ്ഞാനീയത്തെ അംഗീകരിച്ചുകൊണ്ടുതന്നെ ഇന്ത്യൻക്രിസ്തുവിജ്ഞാനീയം രൂപപ്പെടുത്താൻ സഹായിച്ച വ്യക്തിയാണ്. നാദബ്രഹ്മമായി ഈശ്വരനെ കണ്ടിരുന്ന ഭാരതീയചിന്തയുടെ പശ്ചാത്തലത്തിൽ "നിത്യമായ ഓംകാര" മായി യേശുവിനെ അവതരിപ്പിച്ചത് എസ്. യേശുദാസനാണ്. നാലാമത്തെ സുവിശേഷത്തിന്റെ ഉപോദ്ഘാതത്തെ പ്രതിമാനമാക്കിയാണ് അദ്ദേഹം തന്റെ ചിന്ത അവതരിപ്പിക്കുന്നത്. റെയ്മണ്ട് പണിക്കർ ഇന്ത്യൻ ക്രിസ്തുവിജ്ഞാനീയത്തിൽ പ്രാതസ്മരണീയനായ പ്രതിഭയാണ്. ഇന്ത്യൻ സംസ്കാരത്തിലുടനീളം അദൃശ്യനും അജ്ഞാതനുമായി നില്ക്കുന്ന ക്രിസ്തുവിനെ കണ്ടെത്തിയതാണ്, അദ്ദേഹത്തിന്റെ ഏറ്റവും വലിയ സംഭാവന. മിഷൻ പ്രവർത്തനം യേശുവിനെ നല്കലല്ല ഭാരതീയന്റെ ഉള്ളിലുള്ള യേശുവിനെ ചൂണ്ടിക്കാണിച്ചുകൊടുക്കുന്നതാണെന്ന് അദ്ദേഹം കരുതി.

## III. ഇന്ത്യൻ ക്രിസ്തുവിജ്ഞാനീയം നൂതനാഭിമുഖ്യങ്ങൾ

ഇന്ത്യൻചിന്തകരും ഇന്ത്യൻക്രൈസ്തവരും ഇന്ത്യൻക്രിസ്തുവിജ്ഞാനീയം രചിക്കാൻ ശ്രമിച്ചത് വേദോപനിഷത്തുകളുടെ സാങ്കേതികപദാവലിയിലൂടെയാണ്. പാശ്ചാത്യമിഷനറിമാർ ഹിന്ദുമതത്തിന്റെ പരിമിതികളും പരാധീനതകളും എടുത്തുകാട്ടാനായി ക്രിസ്തുദർശനങ്ങളെ ഉപയോഗിച്ചപ്പോൾ ക്രിസ്തുദർശനത്തിന്റെ അനന്തസാധ്യതകൾ പ്രകാശിപ്പിക്കാനുള്ള മാധ്യമമായി ഹൈന്ദവ ദർശനങ്ങളെ ഉപയോഗപ്പെടുത്തുകയായിരുന്നു ഇന്ത്യൻചിന്തകർ. എന്നാൽ 1960 കളിൽ വളർന്നുവന്ന ദളിത് പ്രസ്ഥാനങ്ങൾക്ക് ഇത്തരത്തിലുള്ള ദൈവസാസ്ത്ര വിശകലനം അസ്വീകാര്യമായിരുന്നു. കാരണം ദളിതരെ സംബന്ധിച്ചിടത്തോളം നൂറ്റാണ്ടുകളായി അവരെ അടിച്ചമർത്താൻ സവർണ്ണമേധാവിത്വം വിദഗ്തമായി ഉപയോഗിച്ചിരുന്ന സങ്കേതങ്ങളായിരുന്നു വേദോപനിഷത്തുകൾ. ഈ പുതിയ ചിന്താഗതി ഇന്ത്യൻ ക്രിസ്തുവിജ്ഞാനീയത്തെയും സാരമായി സ്വാധീനിച്ചു. സംസ്കൃതപദാവലിയും ഹൈന്ദവസങ്കേതങ്ങളും ദൈവശാസ്ത്രസരണിയിൽനിന്ന് ഗളഹസ്തം ചെയ്യപ്പെടുകയും 'മർദ്ദിതരുടെ വിമോചനം' ഇന്ത്യൻ ക്രിസ്തുവിജ്ഞാനീയത്തിന്റെ അനുപേക്ഷണീയഘടകമായി മാറുകയും ചെയ്തു.

ഇന്ത്യയിലെ കൊടിയ ദാരിദ്ര്യത്തിന്റെ പശ്ചാത്തലത്തിലാണ് ഇന്ത്യൻ ക്രിസ്തുവിജ്ഞാനീയം വിചിന്തനം നടത്തുന്നത്. "യേശു ആരാണ്?" എന്നചോദ്യം ഇന്ത്യയിലെ പട്ടിണിപ്പാവങ്ങൾക്കും ചികിത്സാമാർഗ്ഗമില്ലാത്ത രോഗികൾക്കും ദൈവശാസ്ത്രപരമായ ഒരു ചോദ്യമല്ല. അവരെ സംബന്ധിച്ചിടത്തോളം ജീവനും മരണത്തിനും മധ്യേനിന്നുയരുന്ന ചോദ്യമാണിത്. തകർന്നടിഞ്ഞ ഒരു മനുഷ്യപ്രകൃതിയാണിവിടെ രക്ഷകനെ തേടുന്നത്. ഇവിടെ രക്ഷയുടെ ആദിതാളം ഭൗതീകതയലാരംഭിക്കേണ്ടതുണ്ട്. രക്ഷകനെതേടുന്ന ജനമാണിത്. അവനെ കണ്ടെത്താത്തവർ...അവൻ ആരാണ് എന്ന ചോദ്യം കണ്ടെത്തിയശേഷം ചോദിക്കേണ്ട ചോദ്യമാണ്. ഈ അർത്ഥത്തിലാണ് ദാരിദ്ര്യത്തിന്റെ നടുവിലാണ് ഇന്ത്യൻ ക്രിസ്തുവിജ്ഞാനീയം ആരംഭിക്കേണ്ടത് എന്നുപറയുന്നത്.

ഈ ചുവടുമാറ്റത്തിന് നാന്ദികുറിച്ചത് 1964-ൽ ജബൽപൂറിൽ നടന്ന ഇന്ത്യൻദൈവശാസ്ത്രസമ്മേളനമായിരുന്നു. പ്രസ്തുത സമ്മേളനം ധീരമായ ചില പരാമർശങ്ങൾ നടത്തി.

1. ക്രിസ്തുവിജ്ഞാനീയത്തിലെ നിർവ്വചിക്കപ്പെട്ട വിശ്വാസസത്യങ്ങൾ ഉപരിവിചിന്തനത്തെ തടസ്സപ്പെടുത്തുകയല്ല, അനന്തസാധ്യതകൾക്കു മാതൃകയാവുക മാത്രമാണ്. അതായത് സാർവ്വത്രി

കവും പദാനുപദവുമായ വിശ്വാസസത്യമില്ല.

2. പുതിയനിയമത്തിൽ യേശുവിന്റെ അഭിധാനങ്ങൾ ക്രിസ്തു വിജ്ഞാനീയത്തിലെ സാധ്യതകൾ മാത്രമാണ്. മറ്റൊരു ഭാഷ യിൽപറഞ്ഞാൽ പുതിയനിയമത്തിന് നിയതമായൊരുക്രിസ്തുവി ജ്ഞാനീയം ഇല്ല.

3. യേശു ആരാണ്? എന്ന ചോദ്യത്തിന് എല്ലാ കാലത്തേക്കും പ്രസക്തമായ ഉത്തരം നല്കാൻ ആർക്കും സാധ്യമല്ല.

4. പ്രാദേശിക ദൈവശാസ്ത്രം പാശ്ചാത്യദൈവശാസ്ത്രത്തിന്റെ ഭാഷാന്തരീകരണമല്ല. ഇന്ത്യയിലെ ജീവിതത്തിന്റെ ദൈന്യതകളോ ടുള്ള യേശുവിന്റെ പ്രതികരണമായിരിക്കണം ഇവിടുത്തെ ക്രിസ്തു വിജ്ഞാനത്തിന്റെ കാതൽ.

തുടർന്ന്, വിമോചനദൈവശാസ്ത്രത്തിന്റെ സ്വാധീനം കൂടി ശക്തമായപ്പോൾ ഇന്ത്യൻ ക്രിസ്തുവിജ്ഞാനീയം ഇടതുപക്ഷ ത്തേക്കു ചായുകയാണെന്ന ആശങ്ക പലരും പ്രകടിപ്പിച്ചു തുടങ്ങി. ഇതിനു കാരണവുമുണ്ട്: ഇന്ത്യൻ ജനസമൂഹത്തിന്റെ ഉന്നമനത്തിനു വിഘാതമായി നില്ക്കുന്നത് ജാതിവ്യവസ്ഥയായതിനാൽ ജാതിര ഹിതസമൂഹ (casteless society) മെന്ന സങ്കല്പം ഇന്ത്യൻ ദൈവ ശാസ്ത്രജ്ഞന്മാർ മുന്നോട്ടുവച്ചു. വർഗ്ഗരഹിതസമൂഹം (classless society) എന്ന മാർക്സിയൻ സങ്കല്പവുമായി ഇതിനു സാമ്യവുമു ണ്ടായിരുന്നു. എന്നാൽ ഈ സാമ്യം കേവലം ആപേക്ഷികമായി രുന്നു. സെബാസ്റ്റ്യൻ കാപ്പനെപ്പോലുള്ള ഇന്ത്യൻ ദൈവശാസ്ത്ര ജ്ഞന്മാരുടെ ഈടുറ്റ ഗ്രന്ഥങ്ങൾ പുറത്തുവന്നു തുടങ്ങിയതും ഇന്ത്യയ്ക്ക് സ്വന്തമായൊരു ദൈവശാസ്ത്രവിചിന്തനരീതിയു ണ്ടെന്നു പുറംലോകം അറിഞ്ഞു തുടങ്ങിയതും ഈ കാലഘട്ടത്തി ലാണ്. ഇവരുടെ വീക്ഷണത്തിൽ ഇന്ത്യൻ ക്രിസ്തുവിജ്ഞാനീയ ത്തിന്റെ പ്രസക്തി എന്നത് ക്രിസ്തുദർശനത്തിന് ഇന്ത്യയുടെ ദൈന്യാവസ്ഥയുടെ ഉന്നമനത്തിനായി എന്തുചെയ്യാനാകും എന്ന തിനെ ആശ്രയിച്ചാണിരിക്കുന്നത്.

### *സംസാര ചക്രത്തിൽനിന്നുള്ള മോചനം*

ഭാരതീയമനസ്സിന്റെ ഏറ്റവും വലിയ നിസ്സഹായതയാണ് സംസാ രചക്രത്തിലുള്ള വിശ്വാസം. ജനിക്കാനും വേദനിക്കാനും മരിക്കാനും വീണ്ടും ജനിക്കാനും വിധിക്കപ്പെടുന്ന സംസാരചക്രത്തിൽനിന്ന് ആർക്കും മോചനമില്ലെന്നും താനിന്നായിരിക്കുന്ന നികൃഷ്ടാവ സ്ഥയും അധഃകൃതപ്രകൃതിയും ഈശ്വരേഷ്ടമാണെന്നും അതി നാൽ നിസ്സംഗതയോടെ ഈ സഹനങ്ങൾ ഏറ്റുവാങ്ങാനല്ലാതെ എതിർക്കാൻ തനിക്കവകാശമില്ലെന്നാണ് അവൻ വിശ്വസിക്കുന്ന ത്. ചാതുർവർണ്ണ്യവും മനുസ്മൃതിയുമൊക്കെ ഈ വിശ്വാസത്തിന്റെ

ബാക്കിപത്രങ്ങളാണ്.

ചരിത്രം ചാക്രികമല്ലെന്നും മുന്നോട്ടുഗമിക്കുന്നതാണെന്നും ആർക്കും ആരെയും അടിമകളാക്കിവയ്ക്കാനാവില്ലെന്നുമുള്ള നിതാന്ത സത്യമാണ് ക്രിസ്തുദർശനത്തിന്റെ അന്തസ്സത്ത. ഈജിപ്തിലെ അടിമത്തംമുതലുള്ള സകല അടിമത്തങ്ങളേയും വി. ഗ്രന്ഥം എതിർത്തിട്ടുണ്ട്. അടിമയാകാൻ ആരും ദൈവത്താൽ വിധിക്കപ്പെട്ടിട്ടില്ല എന്ന സന്ദേശമാണ് യേശു നല്കിയത്. എല്ലാ അടിമത്തത്തിൽനിന്നും മനുഷ്യരെ മോചിപ്പിക്കാനാണ് യേശു വന്നത്. യേശുദർശനത്തിന്റെ ഈ വിമോചകസ്വഭാവമാണ് ഭാരതത്തിലെ ക്രിസ്തുദർശനത്തിന്റെ അടിസ്ഥാന ഭാവമായി മാറേണ്ടത്. ഈ പരിവർത്തനത്തിനു നാന്ദികുറിക്കാൻ അപ്പോൾമാത്രമേ ക്രിസ്തുദർശനം പ്രാപ്തമാവൂ. "ദളിത് ദൈവശാസ്ത്ര"ത്തിനു പിന്നിൽ ശക്തിപ്രാപിക്കുന്ന ചിന്താധാരയും ഇതുതന്നെയാണ്.

***മുക്തിയും അതിജീവനവും***

മുക്തിയെക്കുറിച്ച് ഭാരതീയർക്കുള്ള സങ്കല്പം ക്രിസ്തുദർശനത്തിൽനിന്നും ഭിന്നമാണ്. സംസാരചക്രത്തിൽനിന്നും ചരിത്രത്തിന്റെ പിടിയിൽനിന്നുള്ള രക്ഷപ്പെടലാണ് മുക്തി. അതുകൊണ്ടുതന്നെ ചരിത്രത്തെ സ്വാധീനിക്കാനോ നവീകരിക്കാനോ പരിവർത്തനവിധേയമാക്കാനോ ഉള്ള ദൗത്യം ഭാരതീയമനസ്സുകൾക്കന്യമാണ്. വരാനിരിക്കുന്നവയ്ക്ക് നിലവിലുള്ളതായി യാതൊരു ബന്ധവുമില്ലെന്ന ചിന്താഗതി ഭാരതീയരെ പരലോകദൃക്കുകളാക്കി മാറ്റി. വർദ്ധിച്ച കായബലത്തിനു നടുവിലും അലസതയും ദാരിദ്ര്യവും ഇവിടെ വളരുന്നതിന്റെ കാരണമാണിത്.

ഇവിടെയാണ് യേശുദർശനത്തിന്റെ പ്രസക്തി. ദൈവരാജ്യം വരാനിരിക്കുന്നതല്ല വന്നുകഴിഞ്ഞതാണെന്നും മനുഷ്യവത്കരണത്തിന്റെ തുടർച്ചയാണ് ദൈവവത്കരണമെന്നും യേശു പഠിപ്പിച്ചു. പുതിയ ആകാശവും പുതിയ ഭൂമിയും നിലവിലുള്ള ആകാശവും ഭൂമിയുമായി ബന്ധമുള്ളതാണ്. ഈ ലോകത്തിലെ തിന്മയെ വിട്ടുപേക്ഷിച്ച് നന്മയെ മുറുകെപ്പുണർന്നുകൊണ്ടാണ് സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശിക്കുന്നത്. അതുകൊണ്ടുതന്നെ ചരിത്രത്തിൽനിന്നുള്ള രക്ഷപ്പെടലല്ല ചരിത്രത്തിന്റെ അതിജീവനം (transcension) ആണ് യേശുദർശനത്തിൽ മുക്തി. 'രക്ഷയെക്കുറിച്ചുള്ള ഋണാത്മദർശനം മാറ്റിയാൽത്തന്നെ ഭാരതീയരുടെ അധകൃതാവസ്ഥ പകുതി മാറും' എന്ന് അംബേദ്കർ പറഞ്ഞത് ഈ പശ്ചാത്തലത്തിലാണ്. ഇന്ത്യൻ ക്രിസ്തുവിജ്ഞാനീയം ലക്ഷ്യമാക്കേണ്ട രണ്ടാമത്തെ പടിയാണിത്.

### *ധർമ്മവും ധാർമ്മികതയും*

ഇന്ത്യൻ ചിന്താഗതിയനുസരിച്ച് ധാർമ്മിക നിയമങ്ങൾ പ്രാപഞ്ചികനിയമങ്ങളോട് ബന്ധപ്പെട്ടവയാണ്. ഓരോ വ്യക്തിയും ജാതിധർമ്മവും കുലധർമ്മവും സ്വധർമ്മവും നിർവ്വഹിക്കുന്നതിലൂടെമാത്രമേ പ്രപഞ്ചം സുഗമമായി മുന്നോട്ടു പോകൂ. അതായത്, ധാർമ്മികനാവുക എന്നതിന്റെഅർത്ഥം ആചാരങ്ങൾക്ക് വിധേയനാവുക എന്നതാണ്. അപരൻ 'തത്വമസി' യാണെന്നു ചിന്തിച്ചപ്പോഴും അപരനെ അവനായിരിക്കുന്ന അവസ്ഥയിൽ അംഗീകരിച്ചു സ്നേഹിക്കാൻ ഭാരതീയർ പരാജയപ്പെടുകയായിരുന്നു. ജാതിചിന്തയ്ക്കു വെളിയിൽവന്ന് സാർവ്വത്രിക സാഹോദര്യം പ്രചരിപ്പിക്കാൻ ഇന്നും ഭാരതീയർക്ക് കഴിയാറില്ല. സ്നേഹദർശനം ഇന്ത്യൻ ചിന്താഗതിക്ക് അന്യമാണ്.

ഈ പശ്ചാത്തലത്തിലാണ് യേശുവിന്റെ ധർമ്മസംഹിതകൾ പ്രസക്തമാവുന്നത്. സ്നേഹത്തിന്റെ ധാർമ്മികശക്തിയിലൂടെനിന്നു മാത്രമേ ധർമ്മാധിഷ്ടിതമായ ഇന്ത്യൻ വ്യവസ്ഥിതിക്ക് ഉണർന്നെഴുന്നേൽക്കാനാവൂ.

### *ആത്മസാക്ഷാത്ക്കാരവും സമൂഹരക്ഷയും*

ഇന്ത്യൻചിന്തയിൽ രക്ഷയുടെ സാമൂഹികഭാവം അപ്രസക്തമാണ്. ഓരോ മനുഷ്യനും രക്ഷിക്കപ്പെടുന്നത് ഒരുവന്റെ വ്യക്തിപരമായ പുണ്യപൂർണ്ണതയിലൂടെയാണ്. അപരനുമായി അതിനു ബന്ധമൊന്നുമില്ല. ഇത് സമൂഹത്തെ അവഗണിക്കാൻ ഒരുവനെ പ്രേരിപ്പിക്കുന്നു. തത്വമസി എന്ന ചിന്തയിലൂടെ എല്ലാവരും ബ്രഹ്മാവതാരങ്ങളാണെന്നും പഠിപ്പിക്കുന്നുണ്ടെങ്കിലും ഈ അതിഭൗതിക സമത്വം സാമൂഹികാസമത്വത്തിലേക്കാണ് ഭാരതത്തെ നയിച്ചത്. (റാം മനോഹർ ലോഹ്യ ഈ വൈരുദ്ധ്യത്തെക്കുറിച്ച് ആഴത്തിൽ പഠിച്ചിട്ടുണ്ട്).

രക്ഷയുടെ സാമൂഹികമാനം യേശുദർശനത്തിന്റെ അനന്യശ്രേഷ്ഠതയാണ്. അപരനോടുള്ള ഉത്തരവാദിത്വങ്ങളുടെ നിർവ്വഹണമാണ് ക്രിസ്തുവിന്റെ വീക്ഷണത്തിൽ രക്ഷയുടെ പ്രതിമാനം (മത്തായി 25:30-45). ഭാരതക്രിസ്തുവിജ്ഞാനീയം ശ്രദ്ധകേന്ദ്രീകരിക്കേണ്ട മറ്റൊരു മേഖലയാണിത്.

സാധാരണക്കാരനെ നിസ്സഹായനാക്കുന്ന പരിതസ്ഥിതികളുടെ പരിവർത്തനമാണ് ക്രിസ്തുദർശനം ലക്ഷ്യമാക്കുന്നത്, അഥവാ ലക്ഷ്യമാക്കേണ്ടത്. മുകളിൽനിന്നുള്ളതോ (descending Christology) താഴെനിന്നുള്ളതോ (ascending Christology) ആയ ക്രിസ്തുവിജ്ഞാനീയം ഭാരതത്തിൽ അപ്രസക്തമാണ്. ഇവിടെ പാർശ്വങ്ങ

ളിൽനിന്നുള്ള ക്രിസ്തുവിജ്ഞാവവനീയമാണ് (A Christology from Sides) പ്രസക്തം. കാരണം സമൂഹത്തിന്റെ പുറംമ്പോക്കുകളിലേക്ക് മാറ്റിനിറുത്തപ്പെട്ടവരിൽനിന്നുയിർക്കൊള്ളുന്നതാണ് ഈ ക്രിസ്തു വിജ്ഞാനീയം.

**ഉപസംഹാരം**

ഇന്ത്യൻ ക്രിസ്തുവിജ്ഞാനീയത്തിന്റെ ചരിത്രത്തിലൂടെ കണ്ണോടിക്കുമ്പോൾ, അക്രൈസ്തവരായ ഭാരതീയർ യേശുവിനെ മാഹാനായൊരു ഗുരുവും മാർഗ്ഗദർശ്ശിയുമായി കാണാൻ തയ്യാറാണ്. പക്ഷെ, യേശു ദൈവപുത്രനാണെന്നു വിശ്വസിക്കാൻ അവർ തയ്യാറല്ല. വേദോപനിഷത്തുകളുടെ ചുവടുപിടിച്ച് ക്രിസ്തുദർശനം നടത്തിയിരുന്ന ഇന്ത്യൻ ക്രൈസ്തവരും പലപ്പോഴും ഇതേപാതയിലാണ് ചരിച്ചിരുന്നത്. യേശുവിന്റെ ഏകതാനത ഇന്ത്യൻ ക്രിസ്തുവിജ്ഞാനീയത്തിൽ അസന്നിഗ്ദമായി സ്ഥാപിക്കപ്പെട്ടിട്ടില്ല എന്നതാണ് സത്യം. ഇവിടെ പ്രസക്തമായൊരു ചോദ്യമുണ്ട്. ഓരോ ഭാരതീയനെയും അവൻ ആചരിക്കുന്ന വിശ്വാസത്തിൽ ആഴപ്പെടുത്തുകയാണ് സുവിശേഷവത്കരണം ലക്ഷ്യമാക്കുന്നതെങ്കിൽ, അതായത്, ഹിന്ദുവിന് കൂടുതൽ നല്ല ഹിന്ദുവും മുസ്ലീമിനെ കൂടുതൽ നല്ല മുസ്ലീമും ആക്കുകയാണെങ്കിൽ യേശുമാർഗ്ഗത്തിന്റെ അനന്യതയെവിടെ? ഇന്ത്യൻ ക്രിസ്തുവിജ്ഞാനീയം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയുമിതാണ്.

യേശു എന്നുപറയുമ്പോൾ നാം അർത്ഥമാക്കുന്നത് എന്താണെന്നതിനെ ആശ്രയിച്ചാണ് ഈ പ്രശ്നത്തിനുത്തരം പറയാനാകുന്നത്: ആദിയിൽ ഉണ്ടായ വചനത്തെയാണോ, (യോഹ 1:3-5,9) മനുഷ്യാവതാരം ചെയ്ത യേശുവിനെയാണോ (ഫിലി 2:6-11), ഉത്ഥാനംചെയ്ത് ചരിത്രത്തിനതീതനായിത്തീർന്ന ക്രിസ്തുവിനെയാണോ (നടപടി 10), അഥവാ യുഗാന്ത്യത്തിലെ ക്രിസ്തുവിനെയാണോ (എഫേ 1:23). ഇവയെല്ലാം ഒരേ വ്യക്തിതന്നെയാണെങ്കിലും വെളിപാടിന്റെ ഭിന്നതലങ്ങളാണ്. അതുകൊണ്ടാണ് റെയ്മണ്ട് പണിക്കർ പറഞ്ഞത്: "യേശു സത്യമായും ക്രിസ്തുവാണ് എന്നാൽ ക്രിസ്തുവെന്നത് യേശു മാത്രമല്ല". ചരിത്രപുരുഷനായ യേശുവിന്റേതെന്നതിനേക്കാൾ യുഗാന്ത്യത്തിൽ, "എല്ലാവരിലും എല്ലാമായിത്തീരുന്ന ക്രിസ്തു"വിന്റെ ഏകതാനതയാണ് ഇന്ത്യൻപശ്ചാത്തലത്തിനു പ്രസക്തമെന്നതാണ് ഭാരതീയക്രിസസ്തുവിജ്ഞാനീയത്തിന്റെ നിലപാട്. യേശുവിന്റെ രക്ഷയുടെ സാർവ്വത്രികത സഭയുടെ സാർവ്വത്രികതയ്ക്കുപരിയാണെന്നു സാരം.

*(ഡോ.ജോസഫ് പാംപ്ലാനി)*